

Portrait of Human Condition

1993-'94

When our **ALMA MASTER** pens has
annals in letters of PLATINUM,
we extend our whole - hearted wishes.

**LAKSHMI COLLEGE**
N.PARAVUR - Phone 43065

Please wait for the opening of our
New branch on the outskirts of U.C. College.



എത്രവിശാലം കവാടം
നരകത്തിലെത്ര മുഖങ്ങൾ
പരിചിതർ ; മിത്രങ്ങൾ
സ്വസ്ഥത തേടിച്ചിതറഞ്ഞ ഉട്ടോപ്പിയെ
ഒറ്റിപ്പിടിച്ചു
കവിത ചൊല്ലുന്നു ഞാൻ....



അല്ലയോ സമ്പന്നരെ, നിങ്ങൾക്ക് സംഭവിക്കുവാൻ പോകുന്ന ദുരിതങ്ങളോർത്ത് കരയുകയും അലമുറയിടുകയും ചെയ്യുക.നിങ്ങളുടെ സമ്പത്ത് ദ്രവിച്ചുകഴിഞ്ഞു. കുപ്പായങ്ങൾ ചിതലരിച്ചു. നിങ്ങളുടെ സ്വർണ്ണവും വെള്ളിയും തുരുമ്പിക്കുന്നു. ആ തുരുമ്പ് നിങ്ങൾക്കെതിരെ സാക്ഷ്യമായിരിക്കും. അത് അഗ്നി പോലെ നിങ്ങളുടെ മാംസം ദഹിപ്പിക്കും. അവസാന നാളുകൾക്കായി നിങ്ങൾ സമ്പത്ത് കുന്നുകൂട്ടിയിരിക്കുന്നു. നിങ്ങളുടെ വയലുകളിൽ വിളവുകൊയ്ത വേലക്കാരിൽ നിന്നും ചതിവിൽ പിടിച്ചു വച്ച കൂലി നിലവിളിക്കുന്നു.

കൊയ്ത്തുകാരുടെ വിലാപം സൈന്യങ്ങളുടെ കർത്താവിന്റെ ചെവിയിൽ എത്തിക്കഴിഞ്ഞു. നിങ്ങൾ ഭൂമിയിൽ സുഖഭോഗങ്ങളിലും ആഹ്ലാദത്തിലും മുഴുകി ജീവിച്ചു. കശാപ്പുദിനത്തിലേക്കായി നിങ്ങളുടെ ഹൃദയങ്ങളെ കൊഴുപ്പിച്ചു.

ബൈബിൾ വരികളിൽ......



മ… [illegible]യുടെ
തുടിപ്പുകളിൽ
ഒരുഭ്രാന്തതാളം
മുഴങ്ങിയവർഷമായിരുന്നു
കടന്നുപോയത്.
കൂട്ട ആത്മഹത്യകളുടെ
പേക്കിനാവുകൾ വേട്ടയാടിയ
വർഷം.
ജീവിതത്തിന്റെ തീവരമ്പിൽ
നിസ്സഹായരായി മരണത്തിന്
സ്വയം ബലിയായവർ
ആ ഓർമ്മകൾ
ഒരു ചോദ്യമുണർത്തുന്നു.
അടുത്ത ഇര ആരാണ്?

— —

ഈ സ്മരണികയുടെ
ഓരോ വിയർപ്പുതുള്ളിയും
അവർക്കായി
സമർപ്പിക്കുന്നു.



മുഖച്ചിത്രക്കുറിപ്പ്

ഒരു പ്രകൃതിദൃശ്യമാണല്ലോ നാം കാണുന്നത്.
സൂക്ഷ്മമായി നോക്കിയാൽ, അതിനുള്ളിൽ
'വരച്ച' ഒരുചിത്രം കാണാം..

പഞ്ചേന്ദ്രിയങ്ങളിലൂടെ നാം സഞ്ചയിക്കുന്ന
അറിവുകൾ, നമ്മുടേതു മാത്രമായ കൂട്ടിച്ചേർക്കലുകളിലൂടെയാണ്
നമ്മിലുള്ളത്. ഓരോ മനസ്സും ഇപ്രകാരമാവുമ്പോൾ
ആ മനസ്സുകളുടെ കൂട്ടായ്മ സംസ്കാരമാകുന്നു.
അതാണ് ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും
വൈവിധ്യം.

മറുവശത്തും ഒരു ചിന്തയുടെ നൂൽപ്പാലമുണ്ട്.
മാധ്യമങ്ങൾ നമുക്കു മുന്നിലേക്ക്
കാഴ്ചകളും വാർത്തകളും എറിഞ്ഞ് തന്നുകൊണ്ടിരിക്കുകയാണ്.
പക്ഷേ ഏത് ദുഷ്ടതയേയും ക്രൂരതയേയും
സൗന്ദര്യം മറപിടിച്ച് അവർ മറച്ചുപിടിക്കുന്നു.
ഗുരുതരമാർന്ന വിഷയങ്ങളെ ലഘുവാക്കി തകർക്കുന്നു.
നമ്മൾ എന്തു കാണണമെന്നും, കേൾക്കണമെന്നും
തീരുമാനിക്കാനുള്ള അവകാശം അവർ പിടിച്ചടക്കിയിരിക്കുന്നു.
ഏതു സുമനസ്സും നിസ്സഹായതയുടെ
ചെറുവെള്ളപാച്ചിലിലേക്ക് എടുത്തെറിയപ്പെടുന്നു.
ആധുനികപരസ്യങ്ങളും ഇതുപോലെതന്നെ.
നമ്മുടെ സ്വപ്നങ്ങളിൽ മുഴുവൻ അവരുടെ ഉല്പന്നങ്ങളല്ലോ....?
ഇതത്രേ ആധുനിക വ്യവസായ വിപണനതന്ത്രം.
കാഴ്ചയെ കരുതിയിരിക്കുക
വാർത്തയ്ക്കുനേർക്ക് ചോദ്യത്തിന്റെ മിന്നൽവാളെറിയുക



അതു ഞാൻ പാട്ടിലത്
പൂവുകളത് ചെവിട്ടോർക്കുന്നു
കാറ്റിലാണത് വരുന്നത്
കാറ്റിന്റെ സംജ്ഞകൾ പരിചിതം
നിങ്ങളറിയാത്തത് പൂവുകളറിയും

വരുന്നവർക്കൊക്കെ വരാം
ഇഷ്ടം പോലെ പങ്കുവെയ്ക്കാം
ഇവിടെ ഇഷ്ടം പോലെ മരങ്ങളുണ്ട്
ഏതു വേണമെങ്കിലും തിരഞ്ഞെടുക്കാം
എന്റേതു മാത്രം മാറ്റിവയ്ക്കുക

അതൊരു സ്വകാര്യ സ്വത്താണ്.

# യൂണിയൻ ക്രിസ്ത്യൻ കോളേജ്
# ആലുവ
# കോളേജ് മാഗസിൻ '94


എഡിറ്റോറിയൽ ബോർഡ്

സ്റ്റാഫ് എഡിറ്റർ - ഡോ. തോന്നയ്ക്കൽ നാരായണൻ
സ്റ്റുഡന്റ് എഡിറ്റർ - ഉണ്ണികൃഷ്ണൻ
സബ് എഡിറ്റർ - ഗോപകുമാർ,
ജോർജ്ജ് ഉമ്മൻ
ബിനിൽ കോശി
മജ്നു



**Principal**

Prof: C.J. Thomas

MUTHOOT BANK
ALUVA

MUTHOOT BANKERS
K.A.P COMMERCIAL CENTRE,
R.S.ROAD, ALUVA,
ALLEPTED DEPOSITS ON
ATRACTING TERMS OF INTEREST
& ADVANCE AGAINST GOLD ORNA
MENTS RS.2200/- PER SOVEREIGN.

INSTITUTE OF MATHEMATICS
MANJAPRA ROAD
OPP. PROTIMA SPORTS
ANGAMALY

We offer tutions for :
Maths - P.D.C., B.Sc.,M.Sc.
Physics - P.D.C, B.Sc.,M.Sc.
Chemistry - P.D.C, B.Sc., M.Sc.
Statistics - P.D.C, B.A.,B.Com.
Accountancy-P.D.C., B.Com., M.Com
English - P.D.C, D.C.



വന്ധ്യമേഘങ്ങൾ നിറഞ്ഞ ആകാശത്തിലെ
മഴമേഘമായിരുന്നു നമ്പ്യാർ സാർ
മുൾക്കാടുകൾക്കിടയിലെ ചന്ദനമരം
വെറിപിടിച്ച മത്സരത്തിന്റെ ലോകത്തിലെ
നിർമ്മമനായ യാത്രികൻ
അന്ധനായ രാജാവിന് യുദ്ധഭീകരതകൾ
പറഞ്ഞു കൊടുത്ത സഞ്ജയൻ
തണലില്ലാത്തനിലത്തിൽ കരിയുന്ന മനസ്സുകൾക്ക്
ഒരു കുളിർ നിഴൽ..... മാമരം
ദുർമനസ്സുകൾ ചെങ്കോലുകൾ നേടിയപ്പോൾ
ശിഷ്യരെന്ന പതിനായിരങ്ങളെ നേടിയ
ചന്ദനമനസ്സ്
അങ്ങേകിയ സുഗന്ധം
നന്ദിയോടെന്നുമോർക്കും കാറ്റ്
ഈ കല്പടവുകളിലും
നന്ദിയും സ്നേഹവും വിളയുന്നമനസ്സുകളിലും
കളങ്കമില്ലാത്ത സ്നേഹസ്പർശത്തോടെ
ഗുരോ, അങ്ങ് എന്നുമുണ്ടാവും
ഗുരോ പ്രണാമം.





മരണസ്മരകൾ ചമയ്ക്കുന്നു
വിജയൻചേട്ടൻ
രേഖ
ബസി

യാത്രയയപ്പ്-
പാക്കോസാർ
പൗലോസ് സാർ
ഉമ്മൻ സാർ



## എൻ. ഇ. ബലറാം

സമാധിസ്ഥാനങ്ങളിൽനിന്ന്
ജനപഥങ്ങളിലേക്ക് ഇറങ്ങി വന്ന
സാത്വികനായ വിപ്ലകാരി
മലയാളിയുടെ ചിന്താസരണിയിൽ
വിജ്ഞവിചാരത്തിന്റെ മുന്നറിയിപ്പുപോലെ
അദ്ദേഹം സജീവമായിരുന്നു
നഷ്ടപ്പെട്ടത് നന്മ നിറഞ്ഞ നേതാവിനെയാണ്



## കേരളീയൻ

നട്ടെല്ലുറപ്പോടെ വെള്ളക്കാരന്റെ കോടതി
യിൽ
ഭാരതീയനോടൊപ്പം കേരളീയനും ജനിച്ചു
സ്വാതന്ത്ര്യസമരത്തിന്റെ തീ വഴികളിൽ
യൗവനമർപ്പിച്ച ആത്മാഭിമാനികളിൽ
കേരളീയനുമുണ്ടായിരുന്നു.
ഓർമ്മയുടെ ആൽബത്തിലേക്ക്
കേരളീയനെന്ന
നിസ്വവിപ്ലവകാരിയും.



പ്രൊഫ. എം. പി. മന്മഥൻ

ഓരോ മലയാളിയും
ഈ ഗാന്ധിയൻ സ്വപ്നങ്ങളോട്
നീതി കെട്ട അന്ധത നടിച്ചവരായിരുന്നു.
ദുശ്ശാസന വേഷങ്ങളുടെ കൂത്താട്ടങ്ങളിലും
മന്മഥൻ സാർ തെളിഞ്ഞു കത്തുന്ന
നിറവിളക്കായിരുന്നു.
നമ്മുടെ കാമ്പസിന്റെ മൂല്യവത്തായ ഭൂതകാലത്തിലെ
ആത്മശുദ്ധിയുടെയും, അർപ്പണത്തിന്റെയും
വെളുത്ത വാവ്.



ബക്കർ

മലയാളസിനിമയിലെ ഒരു കൈവഴിയിലെ
ഗുരുസാന്നിധ്യമായിരുന്നു ബക്കർ.
മലയാളിക്കു മുന്നിൽ നിരത്തിയ ഫ്രെയിമുകളിൽ
വീറും വിപ്ലവവും
പിന്നെ പീഡനങ്ങളുടെ വസന്തകാലവുമുണ്ടായിരുന്നു
മുമ്പേ പിറന്ന വാക്കു പോലെ
പീഡനങ്ങൾക്കു മേൽ കലാപനിനവ് പൂവിപ്പിച്ച
അനുഭവങ്ങളുടെ താക്കീത്.
മുമ്പേ പറന്ന ചിന്തയുടെ പക്ഷി
ബക്കർ കടന്നു പോയത്
നമ്മുടെ കാഴ്ചയുടെ നഷ്ടം.



കളിക്കളങ്ങളുടെ
പച്ചപ്പിന് മീതേ
ചിതറിവീണ
ചുവപ്പ്-
'എസ്കോബാർ'

**ഫെഡറിക്കോ ഫെല്ലിനി**

ഫ്രെയിമുകളിൽ വർണ്ണശബളമായ മായാജാലം നിറച്ച് നിറംകെട്ട ജീവിതങ്ങളേയും, തെരുവിലെ നിണനദിയേയും, അവഗണിച്ചവർക്കിടയിൽ, സാമൂഹ്യാവബോധത്തിന്റേയും ഉത്തരവാദിത്തത്തിന്റേയും നിയോഗമായിരുന്നു ഫെല്ലിനിക്ക്. ഫ്രെയിമുകളിൽ സത്യം നിറഞ്ഞതും, സ്വപ്നങ്ങൾ പത്തിവിടർത്തിയാടിയതും ഫെല്ലിനിയുടെ സിനിമകളിൽ ആയിരുന്നു. കാലം മറക്കാത്ത പലതും അവശേഷിപ്പിച്ച് അദ്ദേഹം കടന്നു പോയി.

**മാലി -**

മലയാളകഥയ്ക്കും സാഹിത്യത്തിനും, എവിടെയോ നഷ്ടമായ മുത്തശ്ശിത്താളം ഒരു ആത്മബോധമായികൂടെകൊണ്ടുനടന്ന പ്രതിഭയായിരുന്നു മാലി.
പഞ്ചതന്ത്രവും, മറ്റിതിഹാസങ്ങളും, ചേതോഹരമായി മലയാളചേതനയ്ക്ക് നല്കിയ ആ കൈവഴിയും, നഷ്ടമായി.



തസ്ലീമാ നസ്രീൻ

വാക്കിൻെറ പൊരുളെന്തായാലും, വാക്കിന് നേർക്ക്
ഉപയോഗിക്കേണ്ടത് വാളല്ല. കഴിഞ്ഞകാലത്തെ മതപുരോഹിത
ന്മാരുടെ വിചാരണകൾ ഒഴിഞ്ഞുപോയി എന്ന് ധരിച്ച
മനുഷ്യർക്ക് തെറ്റി. പുതിയ ധാടികളോടെ അപക്രൂരമായി
തിരിച്ചുവരികയാണ്. എല്ലാ മാന്യന്മാരുടെ മനസ്സിലും
മതഭ്രാന്തി മൗലികവാദങ്ങൾ മാത്രമേ കാണുന്നുള്ളു. പ്രവൃത്തി
പലതാണെങ്കിലും അവരുടെ അടിസ്ഥാനബോധമിതാണ്.
'ലജ്ജ ലജ്ജിപ്പിച്ചതാരെയെന്ന് നമുക്കറിയാം (!)
എന്തുവന്നാലും തീക്ഷ്ണമായ വാക്കിനും അഭയമുണ്ട്.
ആ അഭയമാണല്ലോ തസ്ലീമ നസ്രീന് ലഭിച്ചതും.

## ലത്തൂർ മുതൽ സൂറത്ത് വരെ.....

ശവഗന്ധം നിറഞ്ഞ കാറ്റ്
നമ്മുടെ ശിരസ്സിനു മേൽ താണ്ഡവമാടുന്നു.
പ്രകൃതിയുടെ പ്രതിക്രിയകൾ
മരണവരങ്ങൾ നല്കി വിളയുകയാണോ ?...
അതോ ദൈവങ്ങളുടെ കഠിനരോഷമോ ?...
ദൈവങ്ങളുടെ പേരിൽ തലപോയവർ
        അംഗഹീനരായവർ
        അനാഥരായവർ
        കുടിയിടം നഷ്ടപ്പെട്ടവർ
ആ സേതുഹിമാചലം എത്രപേർ ?...
കാത്തിരിക്കുന്നത് ഒരു മരണത്തിനുവേണ്ടിയാണല്ലോ
മഹാമാരിയിൽ മനുഷ്യരൊടുങ്ങുമ്പോൾ
ദൈവസ്നേഹത്തിന്റെ മഹാമാരിയിൽ
പ്രേതങ്ങൾ പെരുകുമ്പോൾ
കൂട്ടുകാരാ നീ ചോദിച്ചുപോകുന്നില്ലേ
ഇവിടെ എല്ലാമെത്ര വികൃതമാണ്.
ഇവിടെ ജീവിപ്പാൻ മനസ്സ് കല്ലാകണമത്രേ
ആഴപ്പരപ്പുകളിൽ സത്യാർത്ഥം തേടിയുള്ള
അലച്ചിൽ വ്യർത്ഥമത്രേ...
മരിച്ചവരാരും മണിമന്ദിരവാസികളല്ല
ഈ ഭൂമിയുടെ പുത്രർ.
കലാപങ്ങൾക്കും മഹാമാരികൾക്കും
ഇന്ധനമായവരാര് ?
ഇരയായവരാര് ?
ഉത്തരമൊന്നേയുള്ളൂ
ഈ ഭൂമിയുടെ അരുമസന്താനങ്ങൾ.
മണിമേടകളിലെ തലച്ചോറുകളിൽ
പുതിയ സമീപനത്തിന്റെ
ലാഭചിന്തകളാണ്
ഒന്നും നന്മയെണ്ണാത്തവർ
എല്ലാത്തിനോടും ആമയുടെ
പ്രതികരണമായിരുന്നില്ലേ നിനക്ക്
ഇതൊന്നും നിന്റെ കാര്യമല്ലെന്നല്ലേ ചിന്ത
നിന്റെ ശരീരത്തിനകത്ത്
നീ ശ്വസിച്ച്മരിക്കുകയാണല്ലേ
നിനക്ക് ഒന്ന് പൊട്ടിത്തെറിക്കുകയെങ്കിലും ചെയ്തുകൂടേ
അതിനും കഴിയില്ലെങ്കിൽ
ഒരു നെടുനിശ്വാസമെങ്കിലും.........

## Statement of Ownership

| | | |
|---|---|---|
| Staff Editor | : | Prof.C.J. Thomas |
| | : | Principal<br>U.C.College<br>Aluva |
| Student Editor | : | Unnikrishnan<br>U.C.College<br>Aluva |
| Staff Adviser | : | Dr.Thonnakkal Narayanan |


ഫോട്ടോഗ്രാഫി രംഗത്ത് നൂതന
ആവിഷ്കാരവുമായി

**കീർത്തി സ്റ്റുഡിയോ**

**U.C. College Aluva**
**&**
**Kodungalloor**

*Specialists in:*

- Colour & Black & White Photography
- Videography.

TEENS

TAILORS

Palace Road Aluva



ആരാണ് എന്റെ കാൽപ്പാടുകൾ
മായിച്ചുകളയുന്നത്.......

# ബഷീർ എന്ന ഒറ്റമരം

പ്രൊഫ: എം. എൻ. വിജയൻ

ഈ നൂറ്റാണ്ടിന്റെ ആദ്യത്തെ ദശകങ്ങളിൽ, കേരളത്തിലെ യുവാക്കൾ മൗലികമായ ചില ചോദ്യങ്ങൾ ചോദിച്ചു കൊണ്ടിരുന്നു. യുദ്ധത്തിനു തൊട്ടുമുമ്പും പിമ്പുമുള്ള കാലങ്ങളിൽ ഈ പ്രവണത ഏറെ രൂക്ഷവും ആയിരുന്നു. ദാരിദ്ര്യത്തെക്കുറിച്ചുള്ള ഉണർവാകണം ഇതിനു മുഖ്യമായ കാരണം. ലോകത്തിൽ ഭക്ഷണവും സ്നേഹവും നീതിയും ആരോഗ്യവും തീരെ കുറഞ്ഞുവരുന്നതായി അവർക്ക നുഭവപ്പെട്ടിരുന്നു. ചുറ്റും താലോലിക്കപ്പെടുന്ന ധർമ്മത്തിന് അധർമ്മത്തിന്റെ ചുവയുണ്ടെന്നും ഉണ്ണികൾ കുടിച്ചു കൊണ്ടിരിക്കുന്നത് പൂതനയുടെ പാലാണെന്നും പലരും വിളിച്ചു പറഞ്ഞു. വ്യവസ്ഥകളുടെ പിതൃത്വത്തേയും മാതൃത്വത്തേയും ആണ് അവർ ചോദ്യം ചെയ്തിരുന്നത്. കുടുംബത്തിലെ നീതിയെക്കുറിച്ചു മാത്രമല്ല രാഷ്ട്രീയവും മതപരവും ആയ നീതിയെക്കറിച്ചും ഈ സംശയങ്ങൾ നീണ്ടുപോയിരുന്നു. ഇതിൽ ദൈവത്തിന്റെ നീതിയും പെടും. നിയമങ്ങളായ നിയമങ്ങളെല്ലാം ചോദ്യംചെയ്യപ്പെടുകയും അവയുടെ നിയന്താവുപോലും യഥാർത്ഥമായി സംശയിക്കപ്പെടുകയും ചെയ്തിരുന്ന ഇക്കാലത്താണ് ബഷീർ യുവാവായിരുന്നത്. നാലും കൂടിയ ഈ വഴിയിൽ നിന്നുകൊണ്ട് *ശബ്ദങ്ങളിലെ* നായകൻ കഥാകൃത്തിനോട് ചോദിക്കുന്നു:

'ഞാനൊന്ന് ചോദിക്കട്ടെ?' ഈശ്വരനുണ്ടോ?
'വേണമെങ്കിൽ ഉണ്ട്......എന്റെ ഈ മുപ്പത്തിനാലാമത്തെ വയസ്സിൽ ഇങ്ങനെയാണ് തോന്നുന്നത്.'

ഇരുപത്തൊമ്പതു വയസ്സുള്ള പിരിഞ്ഞ പട്ടാളക്കാരനാകട്ടെ അങ്ങനെ തോന്നാൻ ന്യായമൊന്നുമുണ്ടായിരുന്നില്ല. തന്റെ കാരണക്കാരെന്നു കരുതുന്ന അച്ഛനമ്മമാരെ അയാളറിയുന്നത് തന്നെ ചോരക്കുഞ്ഞായിരിക്കെ ഉപേക്ഷിച്ചവരെന്നാണ്. ഈ നാൽക്കവലയിലും അവരില്ലെന്ന് അയാൾ അറിഞ്ഞു കഴിഞ്ഞു

അനന്തതയിൽ ഏകാകിയാക്കപ്പെട്ട ഈ മനുഷ്യന്റെ ഛായ ബഷീറിന്റെ മിക്ക കഥാപാത്രങ്ങൾക്കുമുണ്ട്. ബഷീർ എന്ന കഥാപാത്രത്തിനും ഉണ്ട്.



'പോടാ, പോ. നീ രാജ്യൊക്കെ ചുറ്റി ഒന്നു പടി ച്ചിട്ടു വാ. മനസ്സിലായോ ഇല്ല!'

'പോ' ആ ശബ്ദം ലോകത്തിന്റെ അററം വരെ മജീദിനെ ഓടിക്കാൻ പര്യാപ്തമായിരുന്നു.

*ബാല്യകാലസഖി*യിലെ ഈ രംഗം ഓർമ്മയുടെ അറകളിലും മററിടങ്ങളിലും ബഷീർ വീണ്ടും സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ലോകത്തിന്റെ അററം മാത്രമല്ല എന്തിന്റെയും അററം എവിടെയെന്ന ജീവന്മരണചിന്തയിലേക്ക് ബഷീർ എടുത്തെറിയപ്പെടുന്നു. ഉത്തരം കിട്ടാത്ത അഭിസന്ധികളിൽ ചെന്നുമുട്ടാത്ത ഒരു കഥയും ബഷീർ എഴുതിയിട്ടില്ല. അവ ട്രാജി - കോമിക് വിഭജനങ്ങളെ പരിഹസിക്കുന്നു: സുഖദുഃഖങ്ങളുടെ വരമ്പുകളെ മുക്കിക്കളയുന്നു. തെരുവുകൾതോറും അലയുന്നവൻ അനുഭവങ്ങൾക്കു പേരിടുന്നില്ല.

ആട്ടിയോടിക്കപ്പെട്ട്, അലഞ്ഞുതിരിഞ്ഞ്, പിടിച്ചടക്കിയ പുതിയ രാജ്യങ്ങളിൽ അഭിഷിക്തനായിത്തീരുന്ന സുൽത്താൻ ഒരു ഈഡിപ്പൽ വൃത്തം പൂർത്തിയാക്കുന്നു എന്ന് നമുക്കിന്നറിയാം. ഗിൽഗമേഷിനെപ്പോലെ, കർണ്ണനെപ്പോലെ, രാമനെപ്പോലെ, ക്രിസ്തുവെപ്പോലെ അയാൾ തന്റെ രാജ്യം സ്ഥാപിക്കുന്നു. ഇന്നത്തെ നായകനു സഞ്ചരിക്കുവാനുള്ള ലോകങ്ങൾ വ്യത്യസ്തങ്ങളാണ് എന്നേയുള്ളു. അയാൾ സ്ഥാപിക്കുന്ന രാജ്യവും നീതിയും രീതിയും അതുപോലെ തന്നെ പുതിയതായിരിക്കുകയും ചെയ്യുന്നു. താൻ നേടിയ ഭൂഭാഗത്തിൽ ബഷീർ പുതിയലോകത്തിന്റെ കമ്പുകളും വിത്തുകളും നടുന്നു. കുരങ്ങനെയും പാമ്പിനെയും പുള്ളിനേയും കടവാതിലിനെയും ഭൂമിയുടെ മററവകാശികളേയും കണ്ടെത്തുകയും ചെയ്യുന്നു. ആരാണ് ഭൂമിയുടെ അവകാശി എന്നും ആരാണ് അനുഭവത്തിന്റെ അവകാശി എന്നുമുള്ള ചോദ്യങ്ങൾക്ക് ഇന്നു ലഭിക്കുന്ന ഉത്തരങ്ങളെല്ലാം തെറ്റാണെന്ന് ബഷീറിന്നറിയാം. സാഹിത്യത്തിലും ഈ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരങ്ങളല്ല നിലനിന്നിട്ടുള്ളത്. ജീവിതത്തിന്റെ ചെറിയ ഒരു ഛേദം മാത്രമേ നമ്മുടെ സാഹിത്യത്തിലേക്ക് എന്നും കടന്നുവന്നിട്ടുള്ളു. അനുഭവങ്ങളുടെ ഒരു പുതിയ വൻകര തന്നെ ബഷീർ സാഹിത്യത്തിലേക്ക് കൊണ്ടുവന്നു. കാടായിത്തീർന്ന ഒറ്റ മരത്തിന്റെ ആത്മകഥയായണ് ബഷീറിന്റെ സാഹിത്യം.

'എനിക്ക് ഒരുപാടനുഭവങ്ങളുണ്ട്.'. 'മുട്ടുനീറുന്ന കുറെയധികം അനുഭവങ്ങളും പേനയും അല്ലാതെ മറ്റുള്ളതൊന്നും ഉണ്ടായിരുന്നില്ല'. എന്നെല്ലാം ബഷീർ പലപാട് പറഞ്ഞിട്ടുള്ളതാണ്. സഞ്ചാരമായിരുന്നു ഒരനുഭവം. ആരാണ് ഇരിക്കപ്പൊറുതി കിട്ടാത്തവിധം ബഷീറിനെ വേട്ടയാടി വേദനിപ്പിച്ചു കഥകളിലും കഥകളിലും എത്തിച്ചത്? സംസ്കാരത്തിന്റെ എണ്ണമറ്റ മടിത്തടങ്ങളിലേക്ക്, എന്നും സ്നേഹം ചെലുത്തുന്ന ആയിരം മുലക്കണ്ണുകളിലേക്ക് നിർദ്ദയമായ ഏതു നിയോഗമാണ് ഈ മുതിർന്ന കുഞ്ഞിനെ

എടുത്തെറിഞ്ഞുകൊണ്ടിരുന്നത്? എന്റെ കണക്കുകളെല്ലാം തെറ്റായിരുന്നുവെങ്കിലും എനിക്കെന്നും അപാരമായ ഭാവനയുണ്ടായിരുന്നുവെന്നു ബഷീർ *ബാല്യകാലസഖി*യിൽ ഓർക്കുന്നുണ്ട്. മാനത്തോളം വളർന്ന മാണിക്യകൊട്ടാരം കെട്ടുന്ന അറബിക്കഥകളിലെ ഭാവന. വീട്ടിലും ജയിലിലും നരകത്തിലും - താൻ പോകുന്നിടത്തെല്ലാം പൂന്തോട്ടങ്ങളുണ്ടാക്കിപ്പോകുന്ന സൃഷ്ടിവൈഭവം. 'ഞാനാണ് പൂവ്, ഞാൻ തന്നെയാണ് തോട്ടവും' എന്ന് ബഷീർ ഒരിടത്ത് പറഞ്ഞിരിക്കുന്നു. കൈവെള്ളയിൽ പൊള്ളുന്ന കനലിനേയും പൂവാക്കിത്തീർക്കുന്ന കലാകാരനാണ് താനെന്ന് അദ്ദേഹം അനുഭവങ്ങളോട് പറഞ്ഞുകൊണ്ടേയിരിക്കുന്നു. ഇതാണ് ബഷീർ ദേവിയോടും പറഞ്ഞുകൊണ്ടിരുന്നത്. അനുരാഗത്തിന്റെ ദിനങ്ങളിൽ 'ഞാനൊരു കലാകാരനാണ്' എന്നു ബഷീർ ആവർത്തിക്കുന്നുണ്ട്. വിവാഹപ്പിറ്റേന്ന് കാമുകിയുടെ കണ്ണടകളിൽ ചുംബിച്ചിട്ട് 'ദീർഘസുമംഗലീ ഭവ' എന്നുവരെ ആശിർവദിക്കുവാൻ ബഷീറിനു കഴിയുന്നത്, കലയുടെ, കണ്ണടയുടെ ഈ ചെറു ദൂരം കൊണ്ടാകണം. ജീവിച്ചിരിക്കെത്തന്നെ ബഷീർ ഒരു കഥയായി, കഥകളായിത്തീരുന്നതിന് കാരണമിതാണ് എന്നു ഞാൻ കരുതുന്നു. ചങ്ങമ്പുഴക്കുപോലും ചെറിയ തെളിവിൽ മാത്രമെ ഇങ്ങനെ സംഭവിച്ചിരുന്നുള്ളു.

'ഭാവനയൊന്നുമില്ല, ഒന്നും കൂട്ടിച്ചേർത്തിട്ടില്ല' എന്ന സത്യവാങ്മൂലത്തോടെ അവതരിപ്പിക്കുന്ന അനുരാഗത്തിന്റെ ദിനങ്ങൾ യാഥാർത്ഥ്യത്തിന്റെ അഗാധമായ മറ്റൊരു തലമാണ് ഭാവനയെന്നു കേരളീയരെ ബോദ്ധ്യപ്പെടുത്തുന്നുണ്ട്. ചാലുകളും തോടുകളും തീർത്ഥങ്ങളും ശ്മശാനഘട്ടങ്ങളുമായി പേരിട്ടു വിവരിക്കപ്പെടുന്ന അനുഭവത്തിന്റെ നദിയെ ബഷീർ അതിന്റെ സ്വാഭാവികമായ ശൈഥില്യത്തിലേക്കും കാലുഷ്യത്തിലേക്കും ധീരമായി ഇറക്കിനിർത്തുന്നു. അനുരാഗത്തിന്റെ ആത്മീയതയെ ബഷീർ ശരീരകോശങ്ങളിലേക്ക് കൊണ്ടുവരുന്നു. 'തന്റെ വിഷാദകാവ്യ'ത്തോട് നല്ല ഭക്ഷണം കഴിക്കണം എന്നുപദേശിക്കുക മാത്രമല്ല, കൊക്കോകശാസ്ത്രത്തിൽ നിന്നുള്ള ഔഷധ ചാർത്തുകൂടി എത്തിച്ചു കൊടുക്കാൻ ബഷീർ മറക്കുന്നില്ല. കാമുകിയുടെ കണ്ണുകളിലും ചുണ്ടുകളിലും ചുംബിക്കുവാൻ മാത്രമല്ല അവളുടെ ഓർമ്മയിൽ ഭക്ഷണത്തെപ്പോലും മറക്കുവാനും ബഷീറിനു കഴിയുന്നുണ്ട്. അനുഭവത്തിന്റെ ഈ ദ്വന്ദ്വം ആണ്, സങ്കീർണ്ണതയാണ് സ്നാനശുദ്ധരായ നിരൂപകർക്കു മനസ്സിലാകാതെ വരുന്നത്. കലയിലെ പരിചയക്കുറവുകൊണ്ടും ശീലത്തിന്റെ പിരിമുറുക്കം കൊണ്ടുമാകാം ഇത്. ആശാന്റെ ആത്മീയ സ്നേഹത്തിൽ വന്നെത്തുന്ന ശരീരസാന്നിദ്ധ്യത്തെ നല്ലവരായ നമ്മുടെ അദ്ധ്യാപകർ വ്യാഖ്യാനിക്കാതെ ഒഴിഞ്ഞുമാറുന്നു. സിദ്ധാന്തങ്ങളെ സത്യം കൊണ്ടു വികലമാക്കിക്കൂടാ !

അധ്യാപകർക്കും നിരൂപകർക്കും സാധ്യമായ ഈ ആന്ധ്യം ഒരു യഥാർത്ഥകലാകാരന് അപ്രാപ്യമാകുന്നു. അയാൾക്കു ജീവിതത്തെ ഒരു പച്ച മാങ്ങയെപ്പോലെ പുളിയോടെ, നെല്ലിക്കയെപ്പോലെ ചവർപ്പോടെ കടിച്ചു തിന്നേ പറ്റൂ. ഈ തിരക്കിൽ എവിടെയോ വച്ചു വാസവദത്തയെപ്പോലെ അയാൾ നിർവൃതിയുടെ, സ്വാതന്ത്ര്യത്തിന്റെ, ആനന്ദത്തിന്റെ അനർഘ നിമിഷം മിന്നിമറയുന്നതായറിയുന്നു. തന്റെ മുറികളൊന്നും പൂട്ടാതെയാണ് താൻ ഇറങ്ങിപ്പോന്നതെന്ന്, തന്റെ ഒരായുധം പോലും നശിപ്പിച്ചിട്ടിയറവെച്ചിരിക്കുന്നുവെന്ന്, നിസ്വനും നിരായുധനുമായ തന്റെ മുന്നിൽ പ്രപഞ്ചം കഴുകിത്തെളിഞ്ഞ പുതിയ ഒരനുഭവമായിത്തീരുന്നു എന്ന് - താൻ സ്നേഹിക്കുകയാണിപ്പോൾ ചെയ്യുന്നത്- അയാൾ ഉണർന്നിരിക്കുന്നു.

> 'ആദ്യമായും അവസാനമായും പ്രേമം എന്തെന്ന് അപ്പോൾ അനുഭവപ്പെട്ടു. ആകാശമെല്ലാം കഴുകി പുതുഛായങ്ങൾ ഇട്ടതുപോലെ കെട്ടിടങ്ങൾ, മനുഷ്യർ, പക്ഷികൾ, വാഹനങ്ങൾ എല്ലാം ഒരു പുതുവെളിച്ചത്തിൽ തെളിഞ്ഞു. ആരറിഞ്ഞു നിയതി ഈ ദിവ്യമായ അനുഭൂതി എനിക്ക് ഒരുക്കിവെച്ചിരുന്നുവെന്ന് '

ഔദ്യോഗികമായി അശ്ലീലതമമെന്നംഗീകരിക്കപ്പെട്ട കൃതിയിൽ നിന്നാണ് നാമിപ്പോൾ ഉദ്ധരിക്കുന്നത്. അതിനെ സാധൂകരിക്കുവാൻ ഇതുകൂടി കേൾക്കുക

> 'ഒമ്പതരമണിക്ക് ദേവിയെ കാണാൻ പോയി. ഒടുവിലത്തെ പോക്ക്. വഴിക്കു പല പെണ്ണുങ്ങളും ആഗ്രഹത്തോടെ എന്നെ നോക്കി, ഞാനും നോക്കി'

അനുരാഗത്തിന്റെ അന്തിമമായ വിപര്യയത്തിലും അതിന്റെ വൈകാരിക വർണഭേദങ്ങൾ ബഷീറിന് നഷ്ടപ്പെട്ടിട്ടില്ല. വെള്ളമുണ്ടുടുക്കുന്നവരും മൂക്കിനു നേരെ നടക്കുന്നവരുമായ മലയാളികൾക്ക് ഇത് അനുഭവത്തിന്റെ പുതിയ വർണ്ണശാസ്ത്രമാണ്. അപ്പം പോലെയും അഴിച്ചിട്ടും അറ്റം കെട്ടിയും മാറുന്ന മുടിയുടെ ശൈലി, വികാരത്തിന്റെ ശൈലിയെത്തന്നെ മാറ്റുന്നതായി ബഷീർ കാണുന്നുണ്ട്. സംശയം കൊണ്ടും അസൂയകൊണ്ടും അഭിമാനം കൊണ്ടും മാത്രമല്ല മറ്റുള്ളവരുടെ സാന്നിദ്ധ്യം കൊണ്ടും സ്നേഹത്തിന്റെ രസവർണ്ണങ്ങൾ അട്ടിമറിക്കപ്പെടുന്നു. ബ്രാഹ്മണ

യുവതിയുടേയോ സാവിത്രിയുടേയോ കൊഴുത്ത മാറിടം കൊണ്ടോ പുളിച്ച ചിരി കൊണ്ടോ തിരുത്തപ്പെടുകയും ചെയ്യുന്നു. ദേവി സഹോദരനായി എഴുതിയ കത്ത് മനഃപൂർവം അറിയാതെ കൊടുത്തപ്പോൾ അതുവായിച്ച ബഷീറിനെന്താണ് തോന്നിയത്:

'ദേവിക്ക് ആ എഴുത്തു ഞാൻ കാണണമെന്നുണ്ടായിരുന്നു. ധാരാളം വിവാഹാലോചനകൾ നിരസിച്ചിട്ടാണ് എന്നെ സ്വീകരിക്കുന്നതെന്നു കാണിക്കണം- എങ്കിലും ഇങ്ങനെ നുണ പറഞ്ഞിട്ടു വേണമോ?'

ഈ വീണ്ടുവിചാരമാണ് നമ്മയ്ക്ക് മറുപുറമുണ്ടെന്ന ബോധത്തിലേക്കു ബഷീറിനെകൊണ്ടെത്തിക്കുന്നത്. ആദ്യാനുരാഗത്തിന്റെ പരാജയം നമ്മെ അനുരാഗത്തിൽനിന്ന് മാന്യമായ ഒരകലത്തിലേക്ക്, അമാന്യമായ അകലങ്ങളിലേക്കു നീക്കി നിർത്തുന്നു. ഇതുനോവലിൽ സംശയത്തിന്റേതായ മറ്റൊരു ഘനമാനം സൃഷ്ടിക്കുന്നു- ദേവി തന്നെ സ്നേഹിക്കുന്നു എന്നുമാത്രമല്ല തനിക്കു മുമ്പും സ്നേഹിച്ചിരുന്നു എന്ന അറിവ് സ്നേഹത്തെ കേവലമല്ലാതാക്കിത്തീർക്കുന്നു. ദേവിയുടെ വിയർപ്പിനു കാമോദ്ദീപകമായ സുഗന്ധം മാത്രമല്ല, ഗന്ധകത്തിന്റേയും ചെവിപ്പീളയുടേയും മണം കൂടിയുണ്ട്. സ്നേഹത്തിനു മാത്രമല്ല, ധർമ്മങ്ങൾക്കും നീതികൾക്കും എവിടെ വച്ചോ ജീർണ്ണിച്ചതിന്റെ വാടയടിക്കുന്നു എന്ന അറിവാണ് ബഷീറിനെ ഒരിക്കലും പൊരുത്തപ്പെടാത്ത മനുഷ്യനാക്കി ത്തീർക്കുന്നത്. പിന്നെപ്പിന്നെ ദുർഗന്ധമായിത്തീരുന്ന ഒരു സുഗന്ധമാണ് ജീവിതം എന്നു ബഷീർ അറിയുന്നു.

ജീവിതത്തിന്റേയും വികാരങ്ങളുടേയും ഐറണിയെക്കുറിച്ചു *ബാല്യകാലസഖി*യിൽ അറിയാൻ തുടങ്ങുന്നതേയുള്ളു. സ്നേഹത്തിനു നഖത്തിന്റേയും പല്ലിന്റേയും മൂർച്ചയുണ്ടെന്നു മജീദ് മനസ്സിലാക്കുന്നുണ്ട്

'ഞാനൊന്നും ചെയ്തില്ലേലും
ബാപ്പായും ഉമ്മായും ചൂമ്മാ എന്നെ
അടിക്കുകേം ചീത്തപറയുകേം ചെയ്യും
'സഹതാപവും നീതിയും തനിക്കുള്ളതല്ല.

പിന്നീടവൻ ഏഴോ പത്തോ കൊല്ലക്കാലം സഞ്ചരിച്ചത് ലോകത്തിന്റേയുംഅനുഭവങ്ങളുടേയുംഅറ്റങ്ങളിലായിരുന്നു. മനുഷ്യർ പാർക്കുന്ന എല്ലാ ലോകങ്ങളിലും ബഷീർ സഞ്ചരിച്ചു എന്നുപറയാം. വെൺകളിയിട്ട വീടുകളിൽ പാർക്കുന്ന നിരൂപകന്മാർക്ക് ഈലോകങ്ങളിൽ മിക്കതും അപരിചിതവും അതുകൊണ്ട് അശ്ലീലവും ആയിരുന്നു. അതവരുടെ കുറ്റമല്ല, കുറവുമാത്രമാണ്. അവർ ഗോസായിമാരുടേയോ ആൺവേശ്യകളുടേയോ പോക്കറ്റടിക്കാരുടേയോ യോഗികളുടേയോ സൂഫികളുടേയോ ലോകങ്ങൾ കണ്ടവരല്ല. അനുരാഗത്തിന്റെ കൊടുമുടികൾപോലും കണ്ടിട്ടുണ്ടെന്നു പറയുന്നത് ശരിയാകണമെന്നില്ല.

ഒരു വേട്ട നായയെ പോലെ തന്നെ പിൻതുടരുന്ന നിയോഗത്തിന്റെ നീതിയെന്തെന്നു ബഷീർ പലപ്പോഴും തിരിഞ്ഞുനിന്നു ചോദിക്കുന്നുണ്ട്. താൻ ചെയ്ത തെറ്റെന്തെന്ന് യഹോവയോട് തിരക്കുന്ന ഇയ്യോബിനെപ്പോലെ - ഉത്തരമില്ലാത്ത ഈ ചോദ്യത്തിന് അസംഖ്യം ഉത്തരങ്ങളുണ്ട്. അവയിൽ സെമെറ്റ് ഉത്തരങ്ങളുമുണ്ട്. പഠിച്ചിട്ട് തിരിച്ചെത്തിയ ബഷീറിന്റെ കൈയ്യിൽ ഇതിന്റെ ഉത്തരമുണ്ടോ ? എനിക്കങ്ങനെ തോന്നുന്നില്ല. ' ഉത്തരമില്ലാത്തകുറെ ചോദ്യങ്ങൾ ഉണ്ടല്ലോ. അതെല്ലാം അന്വേഷിച്ചുകൊണ്ടേയിരിക്കുക ' എന്നു ബഷീർ ഇപ്പോഴും പറയുന്നതിന്റെ പൊരുൾ മറ്റൊന്താണ്. ഉത്തരമില്ലാത്ത തന്റെ കഥകളെല്ലാം , സമസ്യകളെല്ലാം ഒടുവിൽ ഒരു സ്വർണ്ണപ്പാത്രം കൊണ്ടു മൂടാൻ പിന്നെപ്പിന്നെ ബഷീർ തീർച്ചയാക്കിയതെന്തിനാണ് ? ലോകാഃ സമസ്താ സുഖിനോ ഭവന്തു- കമിഴ്ത്തിയ കൈത്തലം കൊണ്ടു പ്രശ്നങ്ങളെ ശാന്തമാക്കുന്ന അനുഗ്രഹം.

അതുകൊണ്ട് അലഞ്ഞുതിരിഞ്ഞു വീട്ടിൽ വല്യ ഇക്കാക്കയായി തിരിച്ചെത്തുകയും വിശ്രമിക്കുകയും തണലിൽ ആടിനെപ്പോലെ അയവിറക്കുകയും ചെയ്യുന്ന *പാത്തുമ്മായുടെ ആടി*ലെ ബഷീർ മറ്റൊരാളാണെന്നു ഞാൻ കരുതുന്നു. ആടുകളുടെ തനിമയായ ഉൽക്കണ്ഠ, ഭയം, ചടുലത ഇവയൊന്നും ഈ ആടിനില്ല - അപ്പോഴേക്കും അനുഭവങ്ങൾ domesticate ചെയ്യപ്പെട്ടിരിക്കുന്നു. അപ്പോഴേക്കും ജീവിതം ഒരു പുനഃസ്മൃതിയായിത്തീർന്നിരിക്കുന്നു. 'ശാന്തതയിൽ സമാഹരിക്കപ്പെടുന്ന ഓർമ്മ'. അതുകൊണ്ട് *ബാല്യകാലസഖി*'യിലോ *അനുരാഗത്തിന്റെ ദിനങ്ങളി*ലോ കാണാത്ത പുതിയൊരു നർമ്മ ബോധം *പാത്തുമ്മായുടെ ആടി*ലുണ്ട്. ' ഇതൊരു തമാശക്കഥയാണ്. എങ്കിലും എഴുതുമ്പോൾ ഞാനാകെ വെന്തു നീറുകയായിരുന്നു. വേദന മറക്കണം - 'എഴുതുക' എന്ന് ഇക്കാര്യം ബഷീർ മുഖവുരയിൽ പറഞ്ഞിരിക്കുന്നു. അപ്പോഴേക്കും നമുക്കേതാണ്ടു ദഹിക്കുംവിധം ബഷീർ അനുഭവങ്ങളെ പാകപ്പെടുത്തിയിരിക്കുന്നു. യുദ്ധത്തിന്റെ പിൻനിലാവിലിരുന്നുകൊണ്ടാണ് ബഷീർ *ശബ്ദങ്ങ*ളെഴുതിയത്. ചരിത്രത്തിന്റെ ഉന്മാദമാണ് യുദ്ധം എന്നു നാം യുദ്ധത്തിനു ശേഷമേ അറിയുന്നുള്ളു ആരുടേയോ ആവശ്യം കഴിഞ്ഞപ്പോൾ പിരിച്ചുവിടപ്പെട്ടവനാണ് *ശബ്ദങ്ങളിലെ* പട്ടാളക്കാരൻ.

'നിങ്ങളെ പിരിച്ചുവിട്ടതാണോ ?'

'അതെ.'

'എന്താ കാരണം ?'

'യുദ്ധം ജയിച്ചു.'

യുദ്ധം ജയിച്ചപ്പോൾ അയാൾക്ക് ഗൊണോറിയയും വഴിയമ്പലവുമാണ്. അയാൾ ജീവിതത്തിന്റെ മറ്റൊരു പുറംപോക്കിൽ എത്തിച്ചേർന്നിരിക്കുന്നു. യോഗികളെപ്പോലെ രാത്രി ഉണർന്നിരിക്കുന്നവരുടെ മറുലോകം.

ഈ ലോകത്തിന്റെ മുഖം കാണുവാൻ മാന്യനായ മനുഷ്യൻ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. തന്റെ നിഴൽ അവനെ നടുക്കുന്നുണ്ടാകണം. വേശ്യകളിലും ആണുങ്ങളുണ്ടെന്നും അവർക്കു ഹിജഡകളെന്ന പര്യായമുണ്ടെന്നും പഠിപ്പിക്കുകയല്ല ശബ്ദങ്ങളുടെ അർത്ഥം.

ഗുരുനാഥന്മാർക്കും സഹപാഠികൾക്കും വൈദിക സ്ഥാപനങ്ങൾക്കും അതു പുതിയ അർത്ഥതലങ്ങൾ നൽകുന്നു. 'ആചാര്യാൽ പാദമാദത്തേ'. ആദ്യം ഗുരുവിൽനിന്നും പിന്നീട് ബ്രഹ്മചാരികളിൽ നിന്നുമാണ് ഇതിലെ മാണവൻ തന്റെ വിദ്യകൾ അഭ്യസിക്കുന്നത്. വിദ്യയിൽ എങ്ങനെ ആ വിദ്യ അടക്കം ചെയ്യപ്പെട്ടിരിക്കുന്നു എന്ന സത്യം ഇങ്ങനെ പറഞ്ഞു കേൾക്കുവാൻ ധർമിഷ്ഠന്മാർ ഇഷ്ടപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ *ശബ്ദങ്ങൾ*, ഒരർത്ഥത്തിൽ നമ്മുടെ സാംസ്കാരിക ചരിത്രവും കൂടിയാണ്. ജീവിതത്തിൽ നിന്നു വാറ്റിയെടുത്ത സംസ്കാരത്തിന്റെ സുഗന്ധമാണ് ഒരു മാന്യസ്ത്രീയ്ക്ക് തന്റെ ആകർഷണവും ഒരു യുവാവിന് തന്റെ സ്വപ്നവും ഒരാൺവേശ്യയ്ക്ക് സ്വന്തം ദുർഗന്ധത്തിൽ നിന്നും മോചനവും നൽകുന്നത്. നമ്മുടെ നാഗരികത ഗന്ധങ്ങളുടെ നാഗരികതയാണെന്ന് ബഷീറിനറിയാം. ഗന്ധങ്ങൾ രഹസ്യങ്ങളെ ഭേദിച്ചു നമ്മുടെ ഉള്ളുകള്ളികൾ പുറത്തുവിടുന്നു. ഗന്ധങ്ങൾ സംസ്കാരങ്ങളെ പ്രശസ്തമാക്കുകയും ചിലപ്പോൾ ഒറ്റിക്കൊടുക്കുകയും ചെയ്യുന്നു.

*ബാല്യകാലസഖി* പണ്ടേ പഴകിക്കഴിഞ്ഞ പ്രണയത്തിന്റെ മറ്റൊരു ഭാഷ്യം മാത്രമാണെന്ന് ഇന്നു തോന്നാവുന്നതാണ്. നിരൂപണത്തിലെ ഓർമ്മക്കുറവു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. അനുരാഗത്തിന്റെ നിറങ്ങളെ കുറിച്ച് നമ്മുക്കിന്നുള്ള ബോധം സൃഷ്ടിച്ചതുതന്നെ രമണനും *ബാല്യകാലസഖി*യും അടക്കമുള്ള ഏതാനും കൃതികളാണ്. സ്നേഹത്തിന്റെ പുതിയ 'അടയാളങ്ങൾ കേരളീയർക്കു നൽകുകയാണ് ഈ കൃതികൾ ചെയ്തത്. സ്നേഹത്തിന് എത്ര വർണ്ണങ്ങളുണ്ട് എന്ന് *ബാല്യകാലസഖി* പതുക്കെ പറയുന്നു, ഉറക്കെ കേൾപ്പിക്കുകയും ചെയ്യുന്നു. സ്നേഹം ക്രൂരവും ദീനവും അനാഥവും ത്യാഗോജ്ജ്വലവും ആണ് എന്നും ചിലപ്പോഴതു ശൂന്യതയിലേയ്ക്ക് ആവിയായിപ്പോകുന്ന ഒരു കണ്ണുനീർ തുള്ളിയാണെന്നും നിങ്ങൾക്കൊടുവിൽ മനസ്സിലാകുന്നു. കൊടിയവേനലിലും ഉണങ്ങാത്ത ഒരു ചെമ്പരത്തിയായി അതു *ബാല്യകാലസഖി*യിൽ പൂത്തു നിൽക്കുന്നു.

സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്നു മാത്രമേ കഥാനുഭവത്തിലും തീവ്രതയുണ്ടാക്കാൻ കഴിയൂ.

ബഷീറിന്റെ ആനക്കഥയിൽ പ്രണയം വ്യക്തികളുടെ സ്വകാര്യമായ അനുഭവത്തിൽ നിന്നുയർന്നു സമുദായത്തെ തന്നെമാറ്റിത്തീർക്കുന്ന ഒരു നവോത്ഥാനവികാരമായി തീരുന്നുണ്ട്. നരകത്തിന്റെ ദ്വീപിൽ സ്വർഗ്ഗം പണിയുകയാണ് ഇവിടെ സ്നേഹത്തിന്റെ നിയോഗം. ഓർമ്മകളിൽ, ഭൂതകാലത്തിൽ കുരുങ്ങിപ്പോയ ഒരു തലമുറയും പ്രകൃതിയെപ്പോലെ സ്വച്ഛവും നിഷ്ക്കളങ്കവുമായ മറ്റൊരു തലമുറയും ഇതിൽ കാണാം. 'കത്തിക്കരിഞ്ഞു പൊടിഞ്ഞ് ധൂളിയായിരിക്കുന്ന പുരാതനചരിത്ര'ത്തിൽ നിന്നാണ് നിസ്സാർ അഹമ്മദ് ' ശോഭനമായ ഒരു ഭാവി' യുണ്ടാക്കാൻ ശ്രമിക്കുന്നത്.. ചന്തുമേനോന് *ഇന്ദുലേഖ*യിലും ആശാന് *ചണ്ഡാലഭിക്ഷുകി*യിലും ഇത്തരം സാമുദായികസ്വപ്നങ്ങൾ ഉണ്ടായിരുന്നു എന്നു നമുക്കറിയാം. സ്നേഹം ചിലപ്പോൾ ചരിത്രത്തിന്റെ ചാലകശക്തിയായി മാറുന്നു.

തന്റെ യൗവനത്തിൽ പ്രബലമായിരുന്ന ഏകലോകാശയവും മനുഷ്യ സാഹോദര്യബോധവും ബഷീറിനെ ഏറെ സ്വാധീനിച്ചിട്ടുണ്ട് എന്നതിനു സംശയമില്ല. ' ഞാൻ എല്ലാ ജാതിയിലും പെട്ട സ്ത്രീകളുടെ മുല കുടിച്ചിട്ടുണ്ട്' എന്നും 'എല്ലാ ജാതിക്കാരുമായും രമിച്ചിട്ടുണ്ട്' എന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നുണ്ടല്ലോ. ശ്രീമാന്മാർ അതെല്ലാം അശ്ലീലമാണെന്നേ കണ്ടുള്ളൂ. ആഹാരവും രതിയും മനുഷ്യൈക്യത്തിന്റെ മൗലികഘടകങ്ങളാണെന്നു നാം തിരിച്ചറിയുന്നത് മിശ്രഭോജനം, മിശ്രവിവാഹം എന്നെല്ലാം പറയുമ്പോൾ മാത്രമാണ്. എല്ലാ മുലകളിലും മുലപ്പാലാണ് എന്നഅറിവാണ് ബഷീറിന്റെ മനുഷ്യ സാഹോദര്യ ബോധത്തിന്റെ അടിത്തറഎന്നും പറയാം. ഭക്ഷണത്തിനും ശരീരബന്ധത്തിനും ചിലപ്പോൾ ചരിത്രം അധികാർത്ഥങ്ങൾ നൽകുന്നു. അത്തരം ഒരു സന്ദർഭത്തിലാണ്

ചണ്ഡാലിതൻ മെയ് ദ്വിജന്റെ ബീജ-
പിണ്ഡത്തിനൂഷരമാണോ?

എന്ന് കുമാരനാശാൻ എടുത്തു ചോദിച്ചത്. ബീജം ജാതിയെ ജൈവജാതിയാക്കിത്തീർക്കുന്നു. അപ്പോൾ മനുഷ്യനു ജാതി ഒന്നേയുള്ളൂ.

എങ്കിലും. *പ്രേമലേഖനത്തിലെ* സാറാമ്മയ്ക്കും കേശവൻ നായർക്കും യാത്രയ്ക്കിടയിൽ ഒരു നിമിഷമെങ്കിലും തോന്നിയത് അങ്ങനെയല്ല. ജാതിയും മതവും നാടും തൊഴിലും മറന്നു പ്രണയബദ്ധരായി ഓടിപ്പോകുമ്പോഴും ആത്മാവിൽ എവിടെയോ സാറാമ്മ സാറാമ്മയും കേശവൻ നായർ കേശവൻ നായരുമായിരുന്നു.

> കേശവൻ നായർ ചായയ്ക്ക് ഓർഡർ ചെയ്തു. കാപ്പിമതിയെന്നു സാറാമ്മ പറഞ്ഞു. രണ്ടുപേർക്കും ദേഷ്യം വന്നു. ഒടുവിൽ കേശവൻ നായർ ഒരു ചായയും സാറാമ്മ ഒരു കാപ്പിയും കുടിച്ചു. സൂര്യനും വളരെ ഭംഗിയായി സന്തോഷത്തോടെ ഉദിച്ചു.

മനുഷ്യനു സാദ്ധ്യമായ പലതൊഴിലുകളിൽ ഒന്നാണ് കലയെന്ന ജീവിത സമത്വബോധം നമ്മുടെ എഴുത്തുകാരിൽ ഇല്ലെന്നുതന്നെയാണ് പറയേണ്ടത്. അവരിപ്പോഴും വെളിപാടിന്റെ തത്ത്വശാസ്ത്രത്തിൽ കുരുങ്ങിക്കിടക്കുന്നു. ഏകാഗ്രതയും ജാഗ്രതയും കവിതയുണ്ടാക്കാനും ചായയുണ്ടാക്കാനും ആവശ്യമാണെന്നു 'ധ്യാനിബുദ്ധ'ന്മാർക്കറിയാം. സമുദായത്തിനാവശ്യമായ ചില സാധനങ്ങൾ ഉണ്ടാക്കുന്ന തൊഴിലാളിയാണ് കലാകാരൻ എന്നു ആനന്ദകുമരസ്വാമി ഇക്കാര്യം മറ്റൊരു തരത്തിൽ പറഞ്ഞിട്ടുണ്ട്. മറ്റൊന്നിലും പരിശീലനം ഇല്ലാത്തതുകൊണ്ടാണ് പരിശീലനം ആവശ്യമില്ലാത്ത സാഹിത്യം താൻ സ്വീകരിച്ചതെന്നു ബഷീറും പറഞ്ഞുവെച്ചിട്ടുണ്ട്.അല്ലെങ്കിൽ താനൊരു കാവൽക്കാരനോ പാചകക്കാരനോ പത്രാധിപരോ പോക്കറ്റടിക്കാരനോ മാജിഷ്യനോ ആകുമായിരുന്നു. തന്റെ ഇനത്തിൽപെട്ട ഒരു തൊഴിലാളിയുടെ കഥയാണ് ബഷീർ *കഥാബീജ*ത്തിൽ നാടകമാക്കുന്നത്. ഇതുപോലെ മുച്ചീട്ടുകളിക്കാർക്കും പൂട്ടുകച്ചവടക്കാർക്കും വേശ്യകൾക്കും സന്യാസിമാർക്കും പുസ്തകപ്രസാധകർക്കും രാഷ്ട്രീയപ്രവർത്തകർക്കും അവരുടെ കഥകളും അവരുടെ ഭാഷകളും ഉണ്ട്. ജാതികൾക്കും മതങ്ങൾക്കും പ്രദേശങ്ങൾക്കും അവരുടെ ജീവിതശൈലികളും പുരുഷാർത്ഥങ്ങളും ഉണ്ട്. അവർ ഒറ്റയ്ക്കും ഒന്നിച്ചും ജീവിതം ഉൽപ്പാദിപ്പിക്കുകയും ഭാഷ നിർമ്മിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഇവരെല്ലാം ഭാഷയുടെയും ഭൂമിയുടെയും അനുഭവത്തിന്റെയും അവകാശികളാണ്. ഈബോധത്തിനു സാഹിത്യത്തിന്റെ സ്വരൂപത്തെത്തന്നെ മാറ്റിത്തീർക്കുന്ന പ്രാധാന്യമുണ്ട്. *ബാല്യകാലസഖി*യുടെ നിർമ്മാണകാലത്ത് മാന്യമായ സാഹിത്യഭാഷയോടൊപ്പം- ഉയരുകയാണ്തന്റെ കർത്തവ്യമെന്നു ബഷീറും കരുതിയിരുന്നു.' ബാലഭാസ്കരൻ കുന്നിന്റെ ഉച്ചിയിൽവന്നു മന്ദഹാസപൂർവ്വം ചെരിവിലെ ഗ്രാമത്തെ പൊൻപ്രഭയിൽ മുക്കുകയാണ്' എന്നെഴുതുന്നത് ഒരു രീതിയാണ്. അവിടെനിന്നു ബഷീറിന്റെ യഥാർത്ഥമായ ലോകത്തിലേക്ക് ഏറെ ദൂരമുണ്ട്. അപ്പോൾ ബഷീർ പറയുന്നതെന്തോ അതു മലയാളഭാഷയായിത്തീരുന്നു. ജീവിക്കുന്നതെല്ലാം കഥയാണെന്നും പറയുന്നതെല്ലാം ഭാഷയാണെന്നും ഉള്ള തിരിച്ചറിവ് ബഷീറിന്റെ ലോകങ്ങൾക്ക "അവസാനിക്കാത്ത വിസ്താരമുണ്ടാക്കിക്കൊടുത്തു. തന്റെ കുഞ്ഞ് ഹഗ്ഗ് ചോദിക്കന്നതും അപ്പോൾ ഭാഷയും ജീവിതവും ആകുന്നു. ഭാഷഅതിന്റെ വറ്റാത്ത നൈസ്സർഗികപ്രവാഹത്തിൽ എത്തിച്ചേർന്നിരിക്കുന്നു എന്നറിയാമായിരുന്നതുകൊണ്ടാണ് പോൾ ഇതു ജീവിതത്തിൽ നിന്നു വലിച്ചുചീന്തിയ ഏടാണ് എന്ന് എടുത്തുപറഞ്ഞത്. സ്വന്തം അനുഭവങ്ങളാണ്, പൊള്ളലുകളും മുറിവുകളുമാണ് യഥാർത്ഥമായ കലയുടെ ഉറവിടം എന്ന റൊമാന്റിക് (ക്ലാസിക്‌വിരുദ്ധ) സങ്കൽപ്പമാണ് *ബാല്യകാലസഖി* അവതരിപ്പിക്കുന്നത്. ചന്തുമേനോനോ സിവിയോ ഇങ്ങനെ കരുതിയിരുന്നില്ല. ലോകത്തേയും കാലത്തേയും വർണ്ണിക്കുവാൻ നിയുക്തരായ കാണികൾ മാത്രമായിരുന്നു അവർ. ബഷീറിന്റെ കൃതികൾ മെലിഞ്ഞുപോകുവാൻ കാരണം അനുഭവങ്ങളോടുള്ള നിശിതമായ കൂറാണെന്ന് ഇന്നു നാം മനസ്സിലാക്കുന്നു.

ഞാനാണ് കഥ. ഞാനെഴുതുന്നത് ഭാഷയും. ഇതൊരാത്മാഭിമാനമാണ് അഹന്തയാണ് എന്നു നിങ്ങൾക്കുപറയാം. പക്ഷേ ബഷീറിന്റെ കൃതികളിൽ തനിക്കേറ്റ തല്ലപ്പാടുകളാണ് സ്നേഹം. തനിക്കുകിട്ടിയ ചവിട്ടും തെറിയുമാണ് സ്വാതന്ത്ര്യസമരം. താനലഞ്ഞനാടുകളാണ് ലോകം. തന്റെ അനുഭവങ്ങളുടെ സാകല്യമാണ് തത്ത്വചിന്ത.ബഷീർ ചരിത്രത്തെ തന്നെക്കൊണ്ടളക്കുന്നു. കൃതികൾ കൊണ്ടടയാളപ്പെടുത്തുന്നു. ഉണർന്നു ജീവിക്കുന്ന ഒരു കലാകാരന്റെ ആത്മകഥയാണ് ചരിത്രം. ഇങ്ങനെ പിഴുതെറിയപ്പെട്ട ചില മനുഷ്യർ ഒറ്റയ്ക്കു കാലത്തിന്റെ താപനില രേഖപ്പെടുത്തുകയും വിളിച്ചറിയിക്കുകയും ചെയ്യുന്നു എന്നതുകൊണ്ടാകാം ബഷീർ സംഘടനകളിൽനിന്നു നിരന്തരമായി ഒഴിഞ്ഞുനിന്നത്. ലോകത്തിന്റെ അറ്റങ്ങൾ വരെ ഓടാൻ നിയുക്തനാണ് താനെന്നബോധമായിരുന്നു തനിക്ക്. എവിടേയും കൂട്ടം കൂടിനിന്നുകൂട. എവിടേയും സ്ഥിരമായിതാമസിക്കാനും വയ്യ. അതുകൊണ്ടു ബഷീർ സ്ഥലങ്ങളിൽ നിന്നു സ്ഥലങ്ങളിലേക്കും തൊഴിലിൽ നിന്നു തൊഴിലിലേക്കും എന്നും പുതിയ അനുഭവങ്ങളിലേക്കും സഞ്ചരിച്ചു. സ്വന്തം ജീവിതം റിപ്പോർട്ട് ചെയ്യുമ്പോൾ അതുകൊണ്ടു, ബഷീർ അനേകം ജന്മങ്ങളുടെ ജീവിതതലങ്ങളുടെ കഥപറയുന്നു. രാഷ്ട്രീയവും സന്യാസവും പോക്കറ്റടിയും സ്വവർഗസംഭോഗവും വരെ- ഒരു

പാപകകൃതികൾക്കർഹമായ അവതാരിക എഴുതിയ നോവലിസ്റ്റു ബഷീറാ ആകു- കാന്താരിയും ഉപ്പും ചേർന്ന രസനയുടെ തീവ്രതകളിലേക്ക് ഏഴാം സ്വർഗത്തിലേക്കെന്നപോലെ അദ്ദേഹം സഞ്ചരിക്കുന്നു. ചൊറിയും അതിന്റെ ധ്യാനരൂപമായ വരട്ടുചൊറിയും ആത്മീയതയെ ശരീരത്തിലേക്കെത്തിക്കുന്ന ബഷീർ തന്നെയാണ് മതിലുകളിൽ അനുരാഗത്തെ അശരീരിയാക്കിത്തീർക്കുന്നത്. മതിലുകളാൽ നിരോധിക്കപ്പെട്ട സ്നേഹം തികച്ചും ഒരു കൊതിയായിത്തീരുന്നു. ദേശങ്ങളിൽ തടവിലാക്കപ്പെട്ട മനുഷ്യർ ആശയങ്ങളുടെ ലോകം നിർമ്മിക്കുന്നതുപോലെ ജയിലുകളിലെ ജീവികൾക്ക് ഓർമ്മയും ഭാവനയും ഭക്ഷണമായിത്തീരുന്നു.- നിങ്ങൾ അവിടെ വച്ച് ചരിത്രവും ആത്മകഥയും ഭാവഗാനവും നിർമ്മിക്കുന്നു. പുറത്തു കടക്കുമ്പോൾ സ്വാതന്ത്ര്യം ഒരു പ്രാരബ്ധമായി മാറുകയും ചെയ്യുന്നു. ഇത്താണ് യാഥാർത്ഥ്യത്തേക്കാൾ ഭാവന സത്യമായിത്തീരുന്ന അവസ്ഥ.

ആശയലോകത്തിന്റെ വകതിരിവുകളാണ് ബഷീറിന്റെ കൃതികളെ ശ്രദ്ധേയമാക്കുന്നതെന്നല്ല ഇതിന്റെ അർത്ഥം- ബഷീറിന്റെ ആഖ്യാനരീതിയുടെ കൗശലം മലയാളത്തിലെ മറ്റൊരെഴുത്തുകാരനും നേടിയിട്ടില്ല. വായനക്കാരനെ ഇതിവൃത്തത്തിന്റെ ഏതിടവഴിയിലേക്കും കൂട്ടിക്കൊണ്ടുപോകാൻ കഴിയുന്ന മോപ്പസാങ്ങിന്റേയും ശ്വാസംമുട്ടുന്ന അന്തരീക്ഷങ്ങൾ നിർമ്മിക്കാൻ കഴിയുന്ന ചെഖോവിന്റേയും കൗശലങ്ങൾ ബഷീറിൽ ഒന്നിക്കുന്നുണ്ട്. *ശബ്ദങ്ങളിലും മതിലുകളിലും സ്വർണമാലയിലും അമ്മയിലും പൂവൻപഴത്തിലും* ഇതു തെളിഞ്ഞു കാണാം നമ്മുടെ ഏതെഴുത്തുകാരനേക്കാളും സ്ഫുടമായി സൂക്ഷ്മമായി നർമ്മമധുരമായി ബഷീർ ജീവിതരംഗങ്ങളെ കാണുന്നു. യഥാർത്ഥ ജീവിതത്തിലുള്ള താൽപ്പര്യം കൊണ്ട് ആത്മകഥാരീതിയുടെ ശൂന്യതയേയും വൈരസ്യത്തേയും ജയിക്കാനും അദ്ദേഹത്തിനു കഴിയുന്നുണ്ട്. ബഹിർമുഖരായ മറ്റെഴുത്തുകാരെക്കാൾ വൈചിത്ര്യം, എന്തുകൊണ്ടോ, ബഷീറിന്റെ സാഹിത്യത്തിലുണ്ട്. ഒരു ജീവിതം കൊണ്ടു ബഷീർ ഉഴുതുമറിച്ച നിലങ്ങൾ, കീഴടക്കിയ കൊടുമുടികൾ ഏതു വലിയ വായനക്കാരനേയും അത്ഭുതപ്പെടുത്താതിരിക്കുകയില്ല. ബഷീറിനു വലിയ റേഞ്ചുണ്ട് എന്നുച്ചരിച്ച് നിങ്ങൾ തൃപ്തിപ്പെട്ടുകൊള്ളുക.

എങ്കിലും നാളത്തെ ലോകം ശബ്ദങ്ങളുടെ സ്രഷ്ടാവ് എന്നനിലയിൽ ബഷീറിനെ ഓർക്കാതിരിക്കുകയില്ല. *ബാല്യകാലസഖിയുടേയോ പാത്തുമ്മായുടെആടിന്റേയോ* ലോകങ്ങളിലേക്കു മറ്റെഴുത്തുകാർക്ക് എത്തിനോക്കാൻ കഴിഞ്ഞു എന്നുവരാം. ജീവിതവ്യവസ്ഥയുടെ സകലമാനങ്ങളേയും ചോദ്യം ചെയ്യുന്ന *ശബ്ദങ്ങളുടെ* മിതത്വവും ശക്തിയും ആവർത്തിക്കാൻ കഴിയുന്നതല്ല. ഇതിലെ



പന്ത്രണ്ടധ്യായവും ചേർന്നു നിർമ്മിക്കുന്ന കിടിലം കൊള്ളിക്കുന്ന ജീവിതശിൽപ്പത്തിനു തുല്യമായി മലയാളത്തിൽ മറ്റൊന്നും എടുത്തു കാട്ടുവാനില്ല. ഭൂമിയുടെ ചോരയെപ്പോലെ ഒരു യുദ്ധക്കളം മഹാഭാരത രംഗങ്ങളെ വെല്ലുന്ന കരുത്തോടെ ബഷീറിനു മാത്രമേ സംഘനനം ചെയ്യാൻ കഴിയൂ.

ഒരീറ്റപ്പുലിയുടെ വാത്സല്യം ക്രോധമാണ് എന്ന് ഇതിലെ അമ്മയുടെ ചവിട്ടേറ്റ പട്ടാളക്കാരനറിയാം. തനിക്കു തെറ്റി എന്നറിയുമ്പോൾ തുണിത്തുമ്പഴിച്ച് നാലണ അയാളുടെ മടിയിലിട്ടു കൊടുക്കുന്ന അമ്മയുടെ കൃതജ്ഞത നമ്മുടെ കവികൾക്കൊന്നും സങ്കൽപ്പിക്കാൻ കഴിയാത്തതാണ്. പിറ്റേന്നു രാവിലെ അയാൾ കയ്യിലെടുക്കുന്ന ചൂടുള്ള നാലണക്ക് രാമായണത്തിലെ ഭരദ്വാജ സൽക്കാരത്തിൽ അടയാളമായി അവശേഷിച്ച വാടിയ പൂമാലയുടെ ഛായയാണുള്ളത്. ഒരു ദുഃസ്വപ്നസത്യത്തിന്റെ അടയാളമായി അതു ബാക്കിയായിരിക്കുന്നു.

നാഗരികതയുടെ പ്രത്യയശാസ്ത്രങ്ങളെയെല്ലാം ശിഥിലമാക്കുന്ന ജീവിതാവസ്ഥകളാണ് ശബ്ദങ്ങളിൽ മുഴങ്ങുന്നത്. നമ്മുടെ സംസ്കാരം ഒരു സ്ഫോടനം കൊണ്ടു തകർക്കുവാൻ പോന്ന കരുത്ത് അതിലെ രംഗങ്ങൾക്കുണ്ട്. ആത്മഹത്യയിൽക്കൂടി പോലും രക്ഷ നേടുവാൻ കഴിയാതെ ജീവിതം അനുഭവിച്ചു തീർക്കുവാൻ വിധിക്കപ്പെട്ട ഒരനാഥനിൽ നമ്മുടെ മൂല്യവ്യവസ്ഥകളെല്ലാം ചോദ്യം ചെയ്യപ്പെടുന്നു. നാം *ശബ്ദങ്ങളെ* ഭയപ്പെടുന്നത് അതു നമ്മുടെതന്നെ തകരുന്ന *ശബ്ദങ്ങളായതുകൊണ്ടാണ്.*

# മലയാളത്തിന്റെ ശുകൻ

ഡോ.തോന്നയ്ക്കൽ നാരായണൻ



ഇനിയുമാ മാവിൻ ചുവട്ടിലെത്തുകിൽ
കഥ പറയുന്ന ശുകനുണ്ടോ, പറ-
ന്നവനെവിടേയ്ക്കോമറഞ്ഞു, കാണുവാ-
നരുതിനിയാർക്കുമവനെ; യാമധു
വചന മീ മാവിന്നിലകൾ പാടുന്നു-
ണ്ടമൃത ബിന്ദുവായലിയുന്നു കാറ്റി-
ലവന്റെ നാവിൽ നിന്നുതിർന്നാരക്ഷര
സഹസ്ര ജ്യോതിസ്സിൻ കിരണങ്ങൾ; കണ്ണീ-
രണിഞ്ഞു കൈകൂപ്പിയതേറ്റുവാങ്ങുവാ
നണിനിരക്കുന്നു പതിവുപോൽ ഞങ്ങൾ.
മതിലുകൾക്കങ്ങേപ്പുറത്തു വീണിട്ടും
മനസ്സിലും പനീർക്കുല വിടർത്തിയോൻ
പ്രപഞ്ചമീ മാവിന്നിലത്തുമ്പിൽ തൂങ്ങി-
ത്തുളുമ്പിടും ഹിമ കണത്തിലാക്കിയോൻ
വരണ്ടമണ്ണിന്റെ കിനാവുകൾ നിത്യ
വസന്തരാഗമായ് പൊഴിച്ചവൻ, വർണ്ണ
വരകളിൽ ജീവസ്വനക്ഷത്രങ്ങൾ
കൊളുത്തി വിശ്വവിശ്രുതിയണിഞ്ഞവൻ
എവിടെ ? യീമാവിൻ ചുവട്ടിൽ കാലടി
പതിഞ്ഞു കാൺമൂഹാ ! മറയ്ക്കില്ല കാല
പ്രവാഹമീ സത്യവചസ്സിൻ മുദ്രക-
ളൊരിക്കലും, യുഗപുരുഷനായ് പാടി
പ്പറന്നുപോയോരീ ശുകനെ കാണുവാൻ
തളിരണിയാതെ തരിച്ചുനില്ക്കയാ-
ണിതാമാവും മണൽത്തരിയും ഭക്തരാ-
യണയുമായിരങ്ങളും വിഫലമായ്.



പുരാണങ്ങളും ഇതിഹാസകഥകളും പഠിച്ചു മറ്റുള്ളവരെ പറഞ്ഞു കേൾപ്പിച്ച മഹർഷിയാണ് വ്യാസപുത്രനായ ശുകൻ. നമുക്ക് ബഷീറിനും ആ സ്ഥാനം നൽകാം.

# അയാകുച്ചോയിലെ യുദ്ധാനന്തരം ഒരമ്മയുടെ മൊഴി

ഈ രാജ്യമിപ്പോൾ നമ്മുടേതാണെന്ന്
മദ്യപിച്ചുകൊണ്ടിരുന്നകുറെ പട്ടാളക്കാർ
എന്നോടു പറഞ്ഞു
എന്റെ മക്കൾക്കായി ഞാൻ കാത്തിരിക്കേണ്ടതില്ലെന്നും
അവർ പറഞ്ഞു.
അതുകൊണ്ട്
ഈ മരക്കസേരകൾക്കു പകരമായി
അല്പം എണ്ണയും റൊട്ടിയും വാങ്ങണം.
ഈ ഭൂമി ചത്ത എറുമ്പുകളോളം കറുത്തതാണ്.
പട്ടാളക്കാർ അതു നമ്മുടേതെന്നു പറഞ്ഞു
എങ്കിലും മഴ തുടങ്ങുമ്പോൾ
മരിച്ചുപോയ എന്റെ ആൺമക്കളുടെ
ചെരുപ്പുകളും നീളൻ കുപ്പായങ്ങളും
എനിക്കു വിൽക്കേണ്ടിവരും.
ഒരു ദിവസം ഞാൻ നീളൻ കുഞ്ചിരോമമുള്ള
ഒരു കോവർകഴുതയെ വാങ്ങി
കറുത്ത മണ്ണുള്ള എന്റെ പാടത്തേക്കിറങ്ങും
ഈ വിശാലമായ ഇരുണ്ട മണ്ണിന്റെ
ഫലമിറുക്കുവാൻ.

**അൻറോണിയോ സിസ്നെറോസ് (പെറു)**



പ്രൊഫ. ഇ. നാരായണൻ നമ്പ്യാർ

നമ്മുടെ കോളെജിലെ അദ്ധ്യാപക ശ്രേഷ്ഠരിൽ പ്രമുഖരായ രണ്ട് മഹത് വ്യക്തികളായിരുന്നു ശ്രീ കുറ്റിപ്പുഴ കൃഷ്ണപിള്ളയും, ശ്രീ. ഈ. നാരായണൻ നമ്പ്യാരും. കുറ്റിപ്പുഴ സാറിനെ തന്റെ ഗുരുവായി വരിക്കുകയും അദ്ദേഹത്തിന്റെ ആശയങ്ങളെ മനസ്സാ പുണരുകയും ചെയ്തിട്ടുള്ള നമ്പ്യാരുസാർ കുറ്റിപ്പുഴ ദിനങ്ങൾ ആചരിക്കുമ്പോൾ അതിലൊരു തീർത്ഥാടകനെപ്പോലെ പങ്കെടുക്കാറുണ്ടായിരുന്നു. 1991 ആഗസ്റ്റ് 11-ാം തിയതി തൃശ്ശൂരിൽ വെച്ച് കൂടിയ അങ്ങനെയൊരു യോഗത്തിൽ കുറ്റിപ്പുഴസാറിനെ സ്മരിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിന്റെ ഭാഗങ്ങളാണ് ഇവിടെ ഞങ്ങൾ പ്രസിദ്ധീകരിക്കുന്നത്. ഇതിലൂടെ എന്നേക്കുമായി നഷ്ടമായ ആ ഗുരു സമീപ്യം അനുഭവിക്കുവാൻ നമുക്കു കഴിയട്ടെ.

# കുറ്റിപ്പുഴ സാർ

......കുറ്റിപ്പുഴ കൃഷ്ണപിള്ള സാറിനേയും കുറ്റിപ്പുഴ ചന്ദ്രനേയും അനുസ്മരിച്ചുകൊണ്ട് ഇതുപോലുള്ള യോഗങ്ങൾ മുമ്പും ഇവിടെ നടന്നിട്ടുണ്ട്. അപ്പോഴൊക്കെ ഒരു തീർത്ഥയാത്രയിൽ പങ്കുകൊള്ളാനെന്നപോലെ.... വാസ്തവത്തിൽ 1962, ജൂൺ 14-ാം തിയതി ആലുവ യുസി കോളേജിൽ ഒരു സാധാരണ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. എനിക്ക് അതിനുശേഷമുണ്ടായ സൗഭാഗ്യങ്ങളിൽ ഏറ്റവും മികച്ചവയിൽ ഒന്ന് എന്ന് ഞാൻ വിശ്വസിക്കുന്നത് പ്രൊഫ. കുറ്റിപ്പുഴയുമായുള്ള സൗഹൃദമാണ്. ഞാൻ കുറ്റിപ്പുഴ എന്ന് ഒരിക്കലും പറയാറില്ല. കുറ്റിപ്പുഴ സാർ എന്നു മാത്രമേ പറയാറുള്ളു. അന്ന് അദ്ദേഹം യു.സി. കോളേജിലെ അദ്ധ്യാപകനായിരുന്നില്ല. രണ്ട് വർഷം മുമ്പ് അതേ കോളേജിൽ നിന്ന് അദ്ധ്യാപക ജോലിയിൽ നിന്ന് അദ്ദേഹം വിരമിച്ചിരിക്കുകയായിരുന്നു. പക്ഷേ അദ്ദേഹം തന്റെ കലാലയമായി തന്നെ കണക്കാക്കിയ യൂണിയൻ ക്രസ്ത്യൻ കോളേജിൽ നിത്യ സന്ദർശകനായിരുന്നു. കുറെ വർഷങ്ങളോളം. അപ്പോഴൊക്കെ സ്റ്റാഫ്റൂമിൽ വരികയും അവിടെയുള്ള അദ്ധ്യാപകരുമായി സൗഹൃദം നിലനിർത്തുകയും ചെയ്യുക പതിവായിരുന്നു. കുറ്റിപ്പുഴ സാറിനെക്കുറിച്ച് ആലുവായിലെത്തുന്നതിന് മുമ്പുതന്നെ എത്രയോ ആദരവോടുകൂടി മാത്രം നോക്കികണ്ട ഒരു സാഹിത്യ വിദ്യാർത്ഥിയായിരുന്ന എനിക്ക് അദ്ദേഹവുമായി സൗഹൃദം സ്ഥാപിക്കുന്നത് എന്തെന്നില്ലാത്ത താല്പര്യവും ആവേശവുമായിരുന്നു. ആ താല്പര്യവും ആവേശവുമാണ് വാസ്തവത്തിൽ എന്നെ അദ്ദേഹത്തിന്റെ ഒരു ആരാധകനാക്കി മാറ്റിയത്. കുറ്റിപ്പുഴസാറിന് തീരെ ഇഷ്ടമുള്ള വാക്കുകളല്ല ഈ ആരാധകനെന്നൊക്കെയുള്ള പദങ്ങൾ. പക്ഷേ ഞാൻ അദ്ദേഹത്തിന്റെ ആരാധകനായിരുന്നു. ഇന്ന് കേരളത്തിൽ രാഷ്ട്രീയവും, സാമൂഹികവുമായ മണ്ഡലങ്ങളിൽ വിരാജിക്കുന്ന വിവിധ വ്യക്തികൾ - ശ്രീ. പി.കെ. വാസുദേവൻ നായർ, പി. ഗോവിന്ദപിള്ള, മലയാറ്റൂർ രാമകൃഷ്ണൻ, രണ്ടു മൂന്നുവർഷം മുമ്പ് മരിച്ചുപോയ ശ്രീ എം.എം. ചെറിയാൻ - അതുപോലെ നിരവധി ശിഷ്യഗണങ്ങൾ അദ്ദേഹത്തെക്കുറിച്ച് ആദരവോടുകൂടി പറയുന്ന കാര്യങ്ങളൊക്കെ കേട്ട് വളർന്ന് എന്നെപ്പോലെയുള്ള അന്നത്തെ യുവാക്കൾക്ക്, അദ്ധ്യാപകർക്ക് കുറ്റിപ്പുഴസാറിനോട് എന്തെന്നില്ലാത്ത

ആദരവ് തോന്നിയിരുന്നു എന്നുള്ളതിൽ അസ്വാഭാവികമായിട്ടൊന്നുമില്ല. പക്ഷേ ദൂരെ നിന്നും അത്ഭുതാദരങ്ങളോടെ വീക്ഷിച്ച വ്യക്തി ഏറ്റവും സ്നേഹസമ്പന്നമായ ഒരു ഹൃദയത്തിന്റെ ഉടമസ്ഥനാണ് എന്ന് അറിയാൻ കഴിഞ്ഞത് അതിന്നുശേഷം മാത്രമായിരുന്നു. അദ്ദേഹം എത്രയോ തവണ ഞങ്ങളോടൊപ്പം വൈകുന്നേരങ്ങളിൽ നടക്കുവാൻ വരുമായിരുന്നു. മൂന്നു, നാലു വർഷത്തിന്നുശേഷം ഞാൻ വിവാഹിതനായതോടുകൂടി ഞങ്ങൾ ഒരു കൊച്ചു വീട്ടിൽ, വാടക വീട്ടിൽ, താമസിക്കുമ്പോൾ പതിവായി സയാഹ്ന സവാരിക്കിറങ്ങുമ്പോഴൊക്കെ ഒന്നുകിൽ നടക്കാൻ പോകുന്ന വഴിക്ക് വീട്ടിൽ കയറി ഒരു മുക്കാൽ മണിക്കൂറെങ്കിലും, ഒരു മണിക്കൂറെങ്കിലും ചിലവഴിക്കാതെ അദ്ദേഹം പോകുമായിരുന്നില്ല. അദ്ദേഹം എന്തൊക്കെ വിഷയങ്ങൾ സംസാരിച്ചു എന്നതിനെക്കുറിച്ച് വ്യക്തമായ ധാരണ ഇന്നും എനിക്കുണ്ട്. അദ്ദേഹം സ്പർശിക്കാത്ത വിഷയങ്ങളൊന്നുമുണ്ടായിരുന്നില്ല. ചില സൂചനകൾ കൊടുത്താൽ മതി. സാറ് ശ്രീനാരായണഗുരുവുമായിട്ട് അടുത്തതെങ്ങനെയായിരുന്നു എന്നു പറഞ്ഞാൽ ഏറ്റവും സരസമായി അദ്ദേഹം അതൊക്കെ പറഞ്ഞുതരും. സംഭാഷണചതുരൻ എന്നുള്ളവാക്ക് കൃഷ്ണപിള്ള സാറിനെപ്പോലെ മറ്റു വല്ലവർക്കും യോജിക്കുമോ എന്നെനിക്കറിഞ്ഞുകൂട. അദ്ദേഹത്തോടൊപ്പം ഞാൻ എത്രയോ വൈകുന്നേരങ്ങളിൽ നടന്നു മൈലുകൾതാണ്ടി സംസാരിച്ചുപോയിട്ടുണ്ട്. ആലുവാനഗരത്തിലെത്തും. ചിലപ്പോൾ മാർത്താണ്ഡവർമ്മ പാലത്തിന്റെ അടുത്തുള്ള ഒരു സ്ഥലത്ത് ഞങ്ങൾ രണ്ടുപേരും ഇരുന്ന് ഇരുട്ടാവുന്നതുവരെ സംസാരിച്ചിരുന്ന അനുഭൂതികൾ എന്റെ ഹൃദയത്തിൽ എന്നുമെന്നും പച്ചപിടിച്ച ഓർമ്മകളായി നിലനില്ക്കുന്നു. എന്നെ ജീവിതത്തിന്റെ വെളിച്ചത്തിലേക്ക് നയിച്ച ഏതാനും സുന്ദരമുഹൂർത്തങ്ങളായിരുന്നു അവ എന്നുള്ളതിൽ യാതൊരു സംശയവുമില്ല. അങ്ങനെ അദ്ദേഹവുമായി അടുപ്പം സമ്പാദിച്ച്, അദ്ദേഹത്തിന്റെ സ്നേഹം നേടാനുള്ള സൗഹൃദം എനിക്കും എന്റെ കുടുംബത്തിനും ഉണ്ടായി.

ഞങ്ങളുടെ കൊച്ചു മകൻ - ഇന്ന് എൻജിനീയറിങ്ങ് കഴിഞ്ഞ ആ മകൻ - അന്ന് ഒരു വയസ്സുള്ള കുട്ടിയായിരുന്നു. കുറ്റിപ്പുഴസാർ വരുമ്പോഴെക്കും സാറിന്റെ വടിയുമെടുത്ത് ഞങ്ങളുടെ സോഫയിൽ കൊണ്ടുവന്ന്, സാറിരിക്കുന്ന സ്ഥലത്തുവെക്കും. പിന്നീട് കളിക്കാനങ്ങുപോകും. അവന്റെ ഓരോ കാര്യത്തിലും ശ്രദ്ധയോടുകൂടി താല്പര്യപൂർവ്വം അന്വേഷിച്ച് അദ്ദേഹം എന്തൊക്കെ ചെയ്തിരുന്നു എന്നൊക്കെ ഏറ്റവും സ്നേഹത്തോടുകൂടി ഞങ്ങൾ ഓർക്കാറുണ്ട്.........

കുറ്റിപ്പുഴ സാർ. 1970 ഡിസംബർ 30-ാം തിയതിയാണെന്ന് ഞാൻ ഓർക്കുന്നു. അന്ന് കൃസ്തുമസ്സ് അവധിക്ക് ഞാൻ എന്റെ നാട്ടിൽ - കണ്ണൂരിനടുത്ത് പഴശ്ശിയിലായിരുന്നു. പത്രത്തിൽ വായിച്ചറിഞ്ഞു. അദ്ദേഹത്തിനിതാ രോഗം ബാധിച്ച് ബോധരഹിതനായി അങ്കമാലി ആശുപത്രിയിലാണെന്ന്. അടുത്ത ദിവസം തന്നെ ഞങ്ങൾ പുറപ്പെട്ടു. ആശുപത്രിയിൽ ചെന്നപ്പോൾ കണ്ടത് അദ്ദേഹത്തിന്റെ ആത്മീയ സന്തതികളായി ജോസും മറ്റുംഅദ്ദേഹത്തെ ശുശ്രൂഷിച്ചു നില്ക്കുന്ന കാഴ്ചയാണ്.

അദ്ദേഹം എന്നുമെന്നും പറയാറുണ്ടായിരന്ന ആയാസരഹിതമായ മരണം അദ്ദേഹത്തിനു ലഭിച്ചില്ല എന്നുള്ളത് വലിയ ഒരു വൈചിത്ര്യമായി തോന്നാമെങ്കിലും അദ്ദേഹത്തിനു - ഭാര്യയും കുട്ടികളും കൂടിയ കുടുംബം ഇല്ലാതിരുന്നിട്ടും അദ്ദേഹം ആശുപത്രിയിൽ കിടന്ന 41 ദിവസവും അദ്ദേഹത്തിന് ഏറ്റവും നല്ല പരിചരണം കൊടുക്കുവാൻ അദ്ദേഹത്തിന്റെ ആത്മീയ സന്തതികൾക്ക് കഴിഞ്ഞു. അത് തവപ്രൊഫ. ഇ. നാരായണൻ നമ്പ്യാർ . വാസ്തവത്തിൽ ഞങ്ങളെപ്പോലെയുള്ളവർക്ക് എന്തെന്നില്ലാത്ത ആവേശവും വികാരവായ്പും ഉളവാക്കുന്നതായിരുന്നു.

.........കുറ്റിപ്പുഴസാറിന്റെ ഏറ്റവും ഉജ്ജ്വലമായ വ്യക്തിത്വത്തെ അടുത്തു മനസ്സിലാക്കാൻ കഴിഞ്ഞതിന്റെ പേരിൽ, ആവേശം കൊള്ളുന്ന് - അഭിമാനം കൊള്ളുന്ന ഒരെളിയ വ്യക്തി എന്ന നിലയിൽ ഇത്തരം അവസരങ്ങൾ ലഭിക്കുന്നത് ഏറ്റവും അനർഘമായ ഒരു അനുഭൂതിയായി ഞാൻ കണക്കാക്കുന്നു. അദ്ദേഹത്തിന്റെ ധീരോദാത്തമായ സ്വതന്ത്രചിന്തയേയും, നിഷ്കളങ്കതയേയും, സ്ഫുടത നിറഞ്ഞ ഭാഷാശൈലിയേയും, അതുപോലെ അദ്ദേഹം സാഹിത്യരംഗത്തും, ചിന്താരംഗത്തും, മുന്നോട്ടുവെച്ച ആത്മാർത്ഥത എന്നുള്ള ഗുണവും എല്ലാം ഇന്ന് നമ്മുടെ ഇടയിൽ ഏറ്റവും ആവശ്യമുള്ള ആദർശരംഗങ്ങളാണ് എന്ന് പറയാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

.........കുറ്റിപുഴസാറിന്റെയും ശ്രീചന്ദ്രന്റെയും ആദർശങ്ങൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിനുവേണ്ടി അന്ധവിശ്വാസവും അനാചാരവും തളർത്തിയിട്ടില്ലാത്ത മനസ്സുകൾക്ക് കഴിയട്ടെ എന്നാശംസിച്ചുകൊണ്ട്, എനിക്ക് ഈ അവസരം തന്നതിന് വിനയം നിറഞ്ഞ ഭാഷയിൽ നന്ദിപറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. നമസ്കാരം.

# ദൈന്യം



മനോഹരസ്വപ്നം; സുഭഗയാമിനി
പ്രണയതാരക പിറന്നു, നേരമായ്
കവിതയാൽ നിന്നെ പുണർന്നിടാൻ, മെയ്യ്
പുളകങ്ങൾ ചാർത്തി സമാശ്വസിപ്പിയ്ക്കാൻ.

പരമപാപിയായ്, ക്ഷയിച്ചകീടമായ്
വഴിപിഴച്ചു ഞാൻ നടന്നു നീങ്ങവേ,
ഇടിഞ്ഞ ഭിത്തിമേൽ, കിരാതപാടവം
അനക്കമേറ്റു പോയ് നിനച്ച സാന്ത്വനം

മുഖപ്രസാദവും, തനുപ്രകാരവും
പരസ്പരം നമ്മൾ മറന്നു പാടവേ,
സുരാഗ നാളുകൾ പഴിച്ചു തള്ളവേ,
നഖക്ഷതമേറ്റു തളർന്നു വീഴവേ,
പിടഞ്ഞ പക്ഷിതൻ കരിഞ്ഞ ഗന്ധമായ്,
മഴയുമൊത്തു നാം ഇടഞ്ഞു കാറ്റുപോൽ!

വലഞ്ഞു കേഴു,മൊരമർത്ത്യരൂപമേ,
നിനക്കു രക്ഷകൻ, മുടിഞ്ഞവനിവൻ.
കനത്ത ദണ്ഡനം, സുഹൃത്തെനിക്കിനി;
നിമിഷഭോഗവും, അഗതിമേഘലവും
നനഞ്ഞരാത്രിയും ദുരന്ത ചിന്തയും.

മധുരമത്തനായ്,മഹാപ്രവാഹമായ്,
അണയുവാൻ കൊതിച്ചമർന്ന, ദുർബലൻ.
അനഘരാഗവും, ബലികുടീരവും,
വിധിക്കു കാമിനി!,രമിച്ചുപോയിതോ?

ഒടുവിൽ, എന്റേതായുദിച്ചതാരവും,
പൊലിഞ്ഞു; വർണ്ണവും സുഖപ്രതീക്ഷയും.
നിറച്ച പാണിയിൽ രുണമിരച്ചുവോ?
കിളികൾ ദീനതചുമന്നു പോവുന്നു................

ഹാരിദിൻ .എ. എസ്.
ഒന്നാം വർഷ പി. ഡി. സി.

# UNIVERSAL

## COLLEGE OF ADVANCED STUDIES

Karikkamuri, Ernakulam South Ph : 369398.

### MEDICAL / ENGINEERING
### HI-TECH MULTIMEDIA ENTRANCE COACHING

Admission in full swing for
- Entrance Oriented II year PDC/Std. XII
- Entrance Oriented I year PDC/Std. XI
- Exclusive Science Tution + Entrance Coaching
- Long Term Entrance
- Elite Engineering

Classes only on Saturdays, Sundays and Holidays.
Registration started for Long Term coaching September Batch
(Mainly for Degree Students)

**Also registration started for : Short Term Entrance Coaching to be started immediately after PDC Examination 1995**

**HIGH-LIGHTS**
- Computerised Enterence Test
- Separate Classes for IIT for Elite Batch
- Expert Faculty
- OHP aided classes
- Monthly Test Paper
- Regular Progress Reports

ഗാട്ട്, I. M. F........

ചക്കയാണോ, തേങ്ങയാണോ, മാങ്ങയാണോ
എന്നറിയാത്തവർ തെരുവിൽ കലപിലകൂട്ടി
ഒരു ദുരന്തത്തിന്റെ വരവിനെ
തമാശയാക്കുന്നു.
കരളുപിളർത്തി കുലംകെടുത്താനെത്തുന്ന
വെള്ളക്കാരന്റെ പുതിയ പകിടകളി.
നൂറ്റാണ്ടുകളുടെ പ്രാക്തന ജൈവസ്മൃതികളോടെ
നാടിൻ നെടുംതൂണുപോലെ നില്ക്കുന്ന
നിത്യഹരിതവനനീലിമകൾ മുഴുവൻ
ഡാം കെട്ടി നശിപ്പിക്കുന്നത്
വെള്ളക്കാരന്റെ വികാസതന്ത്രം.
ജീവിതം കൊണ്ട് ചരിത്രവും സംസ്കാരവും
സൃഷ്ടിച്ച, നമ്മുടെ പാരമ്പര്യത്തിനു നേർക്ക്
മദയാനകളാണ് കടന്നുവരുന്നത്.
ഇവർകുലംമുടിക്കും
ഇവർമാത്രമോ ?....
അപ്പാച്ചിയും ടെസ്റ്റ് ക്രിക്കറ്റും
ബ്യൂട്ടിപാർലറുകളുമായി ചീഞ്ഞുനാറുന്ന
നെറികെട്ട് ഉറങ്ങുന്ന,
ബോധമറ്റ ഈ സൂകരജന്മങ്ങളും
കുലംമുടിക്കാനുണ്ടായവർ
ഇതൊക്കെ പറഞ്ഞിട്ടെന്തുകാര്യം
തിന്നണം, ഉറങ്ങണം, സുഖിക്കണം.
കണ്ണുള്ളവരെല്ലാം കാണാറില്ലല്ലോ ?
മുഖത്ത് അടികൊണ്ടതിനുശേഷം അത്
ഒരു അടിയായിരുന്നെന്ന് തിരിച്ചറിയുന്ന
ആധുനിക കൾസ്യൂമർകൾട്ടുകൾ
നമ്മുടെ രാജ്യത്തിന് നാശംവിതയ്ക്കുന്നവർ
ഇവർക്കറിയില്ലല്ലോ നട്ടെല്ലുനിവർത്തിനിന്ന്
വെള്ളക്കാരന്റെ കഴുമരമേറിയവരെ.....!
ഇവിടെ വീണ ജീവരക്തത്തിന്റെ കഥയും
ഇവർക്കറിയില്ല ......
പകരം ...അപ്പാച്ചി, ജാക്സൺ, ബാബാസേഗൾ
സെപ്റ്റിക് ടാങ്കുകളിൽ മാത്രം
ജീവിതത്തിന്റെ തിരുശേഷിപ്പുകൾ ഉള്ള
ഈ മൂഢജന്മങ്ങൾ വെള്ളക്കാരന്റെ പുതിയ



I. M. F. ഗാട്ടുഭീഷണികളേക്കാൾ ഭയാനകം.
ഇവരാണല്ലോ തുറന്ന സമീപനത്തിന്റെ
മെഗാഫോണുകൾ.
നമ്മുടെ ചുറ്റും അവരാണ് തിമിർക്കുന്നത്.
പ്രതീക്ഷയുടെ പോലും ആലംബമറ്റ
ദുരിതകാലത്തിൽ, പാടവരമ്പുകളിൽ
നിന്നുയരുന്ന നെടുനിശ്വാസങ്ങൾ ഇവർക്കറിയേണ്ട.
ഫാക്ടറിപ്പടികളിൽ അടഞ്ഞ ഒച്ചയിൽ
ദീനവിലാപങ്ങളുയർന്നാലും ഇവർക്കറിയേണ്ട....
ഗാട്ട് I. M. F. ഒന്നും സാരമില്ലന്നേ, വെറും തോന്നലാ !
ഓ ! അതൊക്കെവലിയ കാര്യങ്ങൾ. അതിനൊക്കെ
നേരമെവിടെ ?
എല്ലാവരും ഒന്നോർക്കുക.
തോന്നല് മാറും
ഒരുനേരം വരും
ആലംബമറ്റ നട്ടെല്ലുള്ള യുവത
തങ്ങളുടെ ക്ഷോഭം സ്ഫോടനങ്ങളായി വിളയിക്കുമ്പോൾ
ഗതികെട്ട അനാഥപ്രേതങ്ങൾ പോലെ
ശ്മശാനഗതിയിൽ ലോകം നടക്കുമ്പോൾ
ഒരു സ്ഫോടനത്തിൽ നിന്റെ, മനോഹരവും ഏറെനാൾ
നിറം കൊടുത്ത് സൂക്ഷിച്ചതുമായ കോമളഗാത്രം
എപ്പോൾ വേണമെങ്കിലും ചിതറിത്തെറിക്കാം
അങ്ങിനെ
ഒരുനേരംവരും
തോന്നല് മാറും
ഇപ്പോ.... നീ·നിന്റെ വൺഡേമാച്ചുകളും
പരമ്പരകളും, റോക്കും, റാപ്പും, തുടരുക.
പ്രതിഫലം ഇപ്പോൾ വെള്ളക്കാരൻ തരും
ബാക്കി കാലം തരും....
അഡ്വാൻസായി
മൂഢന്മാരേ
ഈ FOREIGN AIDS സ്വീകരിച്ചാലും



ബാബു. എ. ആർ
രണ്ടാംവർഷ മലയാളം.

# വികസനത്തിന്റെ വികല വഴികൾ

-ശിവൻ.സി.കെ.-

വികസനമെന്നാലെന്ത്? ഒറ്റ ശ്വാസത്തിൽ ഉത്തരങ്ങളെത്തുന്നു. അണക്കെട്ടുകൾ, കോൺക്രീറ്റ് ബഹുനിലകെട്ടിടങ്ങൾ, ഫാക്ടറികൾ അങ്ങനെയങ്ങനെ.............

വികസനത്തെ ഇത്തരം മനുഷ്യത്വഹീനമായ നിർവചനങ്ങളിലേക്ക് ഒതുക്കിയത് നമ്മുടെ തലതിരിഞ്ഞ ജനാധിപത്യബോധമാണ്. ഈ ബോധത്തിലേക്ക് നമ്മളെത്തിയത് പാശ്ചാത്യരാജ്യങ്ങളെ അന്ധമായി അനുകരിക്കാനുള്ള അധമബോധത്തിൽ നിന്നാണ്. എന്തിനുമേതിനും പടിഞ്ഞാറോട്ട് നോക്കികളായി നമ്മൾ തരം താഴുന്ന ദയനീയമായ കാഴ്ചയാണ് സമകാലീന ഇന്ത്യൻ ദൃശ്യം.

ഇതിനെതിരെ ആശയരംഗത്ത് ശക്തമായ ചെറുത്തുനിൽപ്പിന് കളമൊരുക്കേണ്ട ബുദ്ധിജീവികൾ ഉപ്പിന് ഉപ്പുരസം നഷ്ടപ്പെട്ടത് പോലെ പൂജ്യത്തിലും താഴ്ന്ന ഏതോ ശീതീകരണികളിൽ അവരുടെ തലച്ചോർ സൂക്ഷിച്ചിരിക്കുകയാണ്. അവരെല്ലാം 'ജീവിക്കുന്ന തൂണുകൾ' എന്ന പരിഹാസ്യമായ നോക്കുകുത്തി അവതാരങ്ങളായും പ്രകൃതിയോടിണങ്ങി ജീവിച്ച നമ്മുടെ പൈതൃകത്തിന്റെ വിശാലമായ ആകാശത്തെ ദുർഗന്ധപൂരിതമാക്കുന്ന തരത്തിൽ ചീഞ്ഞളിഞ്ഞ ശരീരവും മനസ്സുമായി നിരന്തരം പല്ലിളിക്കുന്നു.

ഈ അക്ഷരങ്ങളുടെ എതിർപ്പിന്റെ ധ്വനി നിങ്ങളുടെ മനസ്സിൽ നിരവധി ചോദ്യങ്ങളുയർത്തുന്നുണ്ടാവാം.
ഇതല്ലാതെ മറ്റെന്താണ് വികസനം?
ഇന്നത്തെ ആവശ്യത്തിന് പകരംനിർദ്ദേശമെന്ത്?
തീർച്ചയായും എല്ലാ എതിർപ്പുകൾക്കു മേലെയും മറുപടി പറയാൻ എതിർക്കുന്നവർ ബാധ്യസ്ഥരാണ്.

അടുത്ത കാലത്ത് വികസനപദ്ധതികളുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ചില വിവാദങ്ങളുടെ വെളിച്ചത്തിൽ നമുക്ക് ഇതിനു ഉത്തരം തെരയാം. പഞ്ചവത്സരപദ്ധതികൾ, അതിന്റെ ഭാഗമായി ഉടലെടുത്ത അണക്കെട്ടുകൾ, ഊർജ്ജപ്രതിസന്ധി, പരിസ്ഥിതി പ്രശ്നങ്ങൾ ഇവയുടെ കാര്യത്തിൽ പൂയംകുട്ടിയെ അടിസ്ഥാനമാക്കി നമുക്ക് ചർച്ച ചെയ്യാം.

## പൂയംകുട്ടി

പൂയംകുട്ടി ജലവൈദ്യുതി പദ്ധതിക്ക് അനുമതി കിട്ടിയതോടെ കേരളം വീണ്ടുമൊരു ഊർജ്ജ വിവാദത്തിൽ എത്തിയിരിക്കയാണല്ലോ? കേരളം വൈദ്യുതിക്ഷാമം നേരിടുന്നു എന്നുള്ള കാര്യത്തിൽ തർക്കമില്ല. ഇന്ന് കേരളത്തിലെ വൈദ്യുതി ഉൽപ്പാദനത്തിൽ അമ്പതിലേറെ ശതമാനവും ഗാർഹികാവശ്യങ്ങൾക്കാണ് ചെലവഴിക്കുന്നത്. തുച്ഛമായ ഒരു ഭാഗം (10%ൽ താഴെ) മാത്രമേ വ്യാവസായികാവശ്യങ്ങൾക്കായി നീക്കി വെച്ചിട്ടുള്ളു. വൈദ്യുതി ഒഴിച്ചുകൂടാനാവാത്ത ഒരു ഉപഭോക്തൃ വസ്തുവായി മാറിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തിലെ വൈദ്യുതി ക്ഷാമത്തിന് ഒറ്റമൂലിയായി ജനങ്ങളെ വ്യാമോഹിപ്പിച്ചുകൊണ്ടാണ് പൂയംകുട്ടി ജലവൈദ്യുതി പദ്ധതിക്ക് അനുമതി നൽകുന്നത്. നാല് വർഷം കൊണ്ട് പൂർത്തിയാവുന്നതും 420 മെഗാവാട്ട് ശേഷിയുള്ളതും വർഷം പ്രതി 200-240 കോടി യൂണിറ്റ് ഉത്പാദിപ്പിക്കാവുന്നതുമായ കായംകുളം താപനിലയത്തിന് പകരമായാണ് പൂയംകുട്ടി ഉയർത്തിക്കാണിക്കുന്നത്. പക്ഷേ, പത്തുവർഷത്തിലേറെ ഇതിന്റെ നിർമ്മാണത്തിനാവശ്യമാണ്. അതുപോലെ 240 മെഗാവാട്ട് ശക്തിയും വെറും 65 കോടി യൂണിറ്റ് ഉത്പാദനശേഷിയുള്ള. അതിനാൽ പൂയംകുട്ടി പദ്ധതിക്ക് മുൻഗണന നൽകുന്നതിലെ ഉദ്ദേശ്യം ശുദ്ധമല്ല എന്ന് കാണാം. കാട്ടിലെ മരമാണ് വൈദ്യുതിയല്ല, അവരുടെ മുഖ്യലക്ഷ്യം.
പരിസ്ഥിതി സംരക്ഷണം സാമ്രാജ്യത്വ ഗൂഢാലോചനയാണെന്ന് അവർ പ്രചരിപ്പിക്കുന്നു. വീണ്ടുവിചാരമില്ലാതെ 'വികസനവികാരത്തിന്' മുൻഗണന നൽകി പൂയംകുട്ടി പദ്ധതിയെ വിലയിരുത്താൻ ശ്രമിച്ചാൽ അത് ഗുണത്തേക്കാളേറെ ദോഷമാണ് ചെയ്യുക.

ഒൻപത് അണക്കെട്ടുകളടങ്ങിയ പല ഘട്ടങ്ങളിലായി നിർമ്മാണം പൂർത്തീകരിക്കാനുദ്ദേശിക്കുന്നതാണ് പൂയംകുട്ടി പദ്ധതി. ഈ പദ്ധതി ഉയർത്തിവിടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ എന്തൊക്കെയാണ്? അതിനുവേണ്ടി കേരളത്തിന്റെ ഭൂമിശാസ്ത്രത്തെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതുണ്ട്.

ഏതൊരു സംസ്ക്കാരത്തിന്റേയും വളർച്ചയുടെ അടിസ്ഥാനമാകുന്നു നദികൾ. കേരളത്തിൽ വലുതും ചെറുതുമായ നാൽപ്പത്തിരണ്ടോളം നദികളുണ്ട്. പിന്നെ എണ്ണമറ്റ തോടുകളും. ഇവയിൽ പ്രധാനപ്പെട്ടത് ഭാരതപ്പുഴയുംപെരിയാറും പമ്പയും. നീളം കുറവാണെങ്കിലും കുത്തിയൊഴുക്കുള്ളതാണ് ഇവയിൽ പലതും. ഇത്രയധികം നദികൾ ഈ ചെറിയ പ്രദേശത്ത് ഉണ്ടായത് ഭൂമിശാസ്ത്രപരമായ ചില സവിശേഷതകളാലാണ്. മ കൂടുതലുള്ള ഒരുനാടാണല്ലോ നമ്മുടേത്. വർഷത്തിൽ ശരാശരി 250 സെ.മീ. മഴ പെയ്യുമെന്നാണ് കണക്ക്. മറ്റൊരു കാരണം കേരളത്തിന്റെ കിഴക്ക് കിടക്കുന്ന സഹ്യാദ്രിയാണ്. സമുദ്രനിരപ്പിൽനിന്ന് ഏകദേശം 2000 മീ. ഉയരമുണ്ട് ഈ പർവ്വതനിരകൾക്ക്. എന്നാൽ സഹ്യപർവ്വതം മുതൽ പടിഞ്ഞാറുള്ള സമുദ്രം വരെകേരളത്തിന്റെ ശരാശരി വീതി നൂറ് നൂറ്റമ്പതോ കിലോമീറ്ററുകളാണ്. അതായത്, വളരെയധികം ഉയരങ്ങൾ താണ്ടി വരുന്ന നമ്മുടെ നദികൾ കൂടിയാൽ 200 ഓ 2 ഓ കി. മീ. ദൂരം മാത്രമേ നീളത്തിൽ സഞ്ചരിക്കുകയുള്ളൂ.

ഇത്രയധികം കുത്തൊഴുക്കുള്ള നദികളിൽ മണ്ണൊലിപ്പ് തടഞ്ഞുനിറുത്തുന്നത് നമ്മുടെ വനമേഖലയാണ്. പെരിയാറും പമ്പയും കൂടുതൽ ദൂരവും കാടുകളിലൂടെയാണ് സഞ്ചരിക്കുന്നത്. മരങ്ങൾ ഈ നദികളുടെ തീരത്തെ മണ്ണൊലിപ്പ് തടഞ്ഞുനിറുത്തുന്നതിനാലാണ് ഈ നദികളിൽ ഇന്നും വെള്ളമുള്ളത്. ഭാരതപ്പുഴ വറ്റിവരണ്ടുപോകാൻ കാരണം അത് കൂടുതലും ജനവാസകേന്ദ്രങ്ങളിലൂടെ സഞ്ചരിക്കുന്നതിനാലാണ്. ഭാരതപ്പുഴയുടെ ജീവനാഡി അതിന്റെ പോഷക നദിയായ ചാലിയാറാണ്. ആ പ്രദേശത്തെ വനംകൊള്ളക്ക് ശേഷം മണ്ണൊലിപ്പ് പൂർത്തിയായി; നിള ഇല്ലാതെയായി.

പെരിയാറിന്റെ രണ്ടുപ്രധാനപ്പെട്ട പോഷകനദികളാണ് പൂയംകുട്ടിയാറും ഇടമലയാറും. വനനിബിഡമായ പ്രദേശം താണ്ടിയാണ് ഇവ വരുന്നത്. ഇവ രണ്ടും പെരിയാറ്റിൽ വന്നുചേരുമ്പോഴേക്കും രണ്ടു കിലോമീറ്ററെങ്കിലും താഴെ എത്തിക്കഴിഞ്ഞു. തൂക്കായ കുത്തിയൊഴുക്കാണിതുവരെ. അതുകൊണ്ടുതന്നെ ഈ രണ്ടു നദികളുടെയും വൃഷ്ടിപ്രദേശം തൊടാൻ പാടില്ലാത്തതാണ്. അവിടെ നടക്കുന്ന ഏതു പ്രവർത്തനവും ആ ഭാഗത്തെ താഴേക്ക് എത്തിക്കും. ഈ രണ്ടു ആറുകളിലാണ് പൂയംകുട്ടി പദ്ധതിയുടെ അണക്കെട്ടുകൾ സ്ഥാപിക്കപ്പെടുന്നത്.

നിയന്ത്രണമില്ലാത്ത മരം വെട്ടൽ മാത്രമേ അടിയന്തിരമായി നടക്കുകയുള്ളൂ. വൈദ്യുതി ക്ഷാമത്തിന് പരിഹാരം എന്നുപറഞ്ഞ് തുടങ്ങുന്ന ഈ പദ്ധതിയിൽ നിന്ന് ഒരു യൂണിറ്റ് എങ്കിലും ഉൽപ്പാദിപ്പിക്കണമെങ്കിൽ പത്ത് വർഷമെങ്കിലും വേണമെന്ന് സർക്കാർ തന്നെ പറയുന്നു. പരിസ്ഥിതി സംരക്ഷണം വേണോ ? വൈദ്യുതി വേണോ ? ഈ ഭീഷണിയാണ് അധികൃതർ ജനങ്ങളുടെ മുമ്പിൽ വെക്കുന്നത്. പരിസ്ഥിതി സംരക്ഷണത്തിന് വേണ്ടി ഒന്നും ചെയ്യില്ല എന്നു തന്നെയാണ് അവരുടെ നിലപാട്. 1985ൽ പരിസ്ഥിതി ക്ലിയറൻസ് കിട്ടിയിട്ടും അന്ന് നിർദ്ദേശിക്കപ്പെട്ട ഒരു പഠനവും നടന്നിട്ടില്ല.

പൂയംകുട്ടി മേഖലയിൽ തലങ്ങും വിലങ്ങും ഒഴുകുന്ന നദികൾക്കിടക്ക് കിടക്കുന്ന കരപ്രദേശം മുറ്റിയ കാടും കാട്ടാനകളുടെ താവളവുമാണ്. ഈറ്റക്കാടുകൾ ഇനി കേരളത്തിൽ അവശേഷിച്ചിട്ടുള്ളത് അവിടെ മാത്രമാണ്. അതു നശിച്ചാൽ പരമ്പരാഗത പനമ്പുനെയ്ത്തു തൊഴിലാളികൾ പട്ടിണിയാവും.

പരമ്പരാഗത പ്രദേശത്തുനിന്നും ഗിരിജനങ്ങളെ കുടിയിറക്കേണ്ടിവരും. ആയുസ്സിൽ നിന്നുള്ള കുടിയിറക്കായി ഇതു മാറും. കരയിൽ പിടിച്ചിട്ട മീനിന് എന്തായുസ്സ് അല്ലേ? വൈദ്യുതികൊണ്ടുള്ള ഗുണങ്ങൾ അനുഭവിക്കുന്നത് ഒരു കൂട്ടരും അതിനുവേണ്ടിയുള്ള ദുരിതങ്ങൾ അനുഭവിക്കുന്നത് മറ്റൊരുകൂട്ടരും എന്ന നീചമായ വികസന സ്വപ്നങ്ങളിലേക്കല്ലേ ഇതു നയിക്കുക ?

## പെരിയാർ ബേസിൻ

ഭൂശാസ്ത്രപരമായി വളരെ പ്രാധാന്യമുള്ള പ്രദേശമാണ് പെരിയാർ ബേസിൻ. പെരിയാറിന്റെ ഉത്ഭവസ്ഥാനമായ പീരുമേട് മുതൽ വടക്ക് മലയാറ്റൂർ കാടുകളുടെ അടിഭാഗം ചേർന്ന് അർദ്ധവൃത്താകൃതിയിൽ വ്യാപിച്ചുകിടക്കുന്നു പെരിയാർ ബേസിൻ. ഈ പ്രദേശത്തിന്റെ മുക്കാലും അണക്കെട്ടുകൾ കൊണ്ടു നിറഞ്ഞു കഴിഞ്ഞു. തെക്കേയറ്റത്തു പെരിയാറണ, വടക്ക് കുണ്ടളയും, പടിഞ്ഞാറ് ഇടമലയാറണയും - കോടിക്കണക്കിന് ക്യൂബിക് മീറ്റർ വെള്ളം കെട്ടിനിർത്തിയിരിക്കുകയാണിവിടെയൊക്കെ. ഇടുക്കിയുടെ പ്രാന്തപ്രദേശങ്ങളിൽ ഭൂചലനം അനുഭവപ്പെട്ട പശ്ചാത്തലത്തിൽ ഇത്രയൊക്കെ വെള്ളം താങ്ങുവാൻ ആ പ്രദേശത്തിന് കഴിവുണ്ടോ എന്ന് പഠിക്കാതെ ഇനിയും അണക്കെട്ടുകൾ ഉണ്ടാക്കുന്നത് ശരിയാണോ? പെരുമ്പാവൂർ, ആലുവ, പറവൂർ, എറണാകുളം ഭാഗത്തുള്ളവർക്ക് ഒരു നിത്യഭീഷണിയായിരിക്കും നമ്മുടെ പവർ മേഖലയായ പെരിയാർ ബേസിൻ എന്ന കാര്യത്തിൽ സംശയം വേണ്ട.

ഇവിടെ പൂയംകുട്ടി പദ്ധതി ഒരു പ്രതീകമായി മാറുകയാണ്. പൂയംകുട്ടിയെപ്പോലെ വലിയ പദ്ധതികളല്ലേ നമ്മെ വലിയ വിദേശ കടങ്ങളിലെത്തിച്ചത്? നൂറ്റാണ്ടുകൾ കൊണ്ട് രൂപമെടുത്ത നൈസർഗിക വനഭൂമികൾ ഇല്ലാതായതും കൊടും വരൾച്ചയുടെ പിടിയിലേക്ക് നമ്മെ വലിച്ചെറിഞ്ഞതും ജലവൈദ്യുത പദ്ധതികളായിരുന്നില്ലേ? ജലവൈദ്യുത പദ്ധതികളേക്കാൾ കൂടുതൽ ലാഭകരവും കൂടുതൽ കാര്യക്ഷമവുമായ മറ്റു ഊർജ്ജ ഉറവിടങ്ങളില്ലേ? ഈ പദ്ധതികൾ മൂലം തകരാറിലാവുന്ന പ്രകൃതിയുടെ സന്തുലിതാവസ്ഥക്ക് എന്ത് പരിഹാരങ്ങളാണ് അത്തരം ആശയക്കാർക്ക് മുന്നോട്ട് വെക്കാനുള്ളത്? ചോദ്യം വീണ്ടും അവശേഷിക്കുന്നു.

എന്നിട്ടും എന്തിന് പൂയംകുട്ടി?


*WITH BEST COMPLIMENTS FROM :-*

**DEPAUL COMPUTER ACADEMY**

ANGAMALY SOUTH - 683 573

PHONE :NO.04856-52106

A well equipped Computer Education Centre offering short term and longterm courese with LAN facility,DTP,CAD,CD-ROM,UNIX etc.

"OUR PAY BACK IS THE PROFESSIONAL EXCELLENCE OF OUR STUDENTS"

# അനാഹരിതീയം

ഇന്നലെ ടി.വി.യിൽ
മഴ നനയുന്ന കുട്ടിക്ക്
അമ്മ പല നിറങ്ങളിലുള്ള കുട നൽകുന്നു....
കുടയുള്ളപ്പോൾ മഴയില്ലാത്തതുകൊണ്ട്
അവൻ വെള്ളത്തിലേക്കിറങ്ങിപ്പോയി :
ഞാൻ കോളേജിലേക്കും...
മുൻ ബെഞ്ചിലിരിക്കുന്ന കണ്ണടവച്ച പെൺകുട്ടിക്കും
പിന്നിലിരുന്നു കൂവുന്ന ആൺകുട്ടിക്കും
ഇടയിലെ ശീതസമരം
അടുത്തിരിക്കുന്ന കുട്ടിയുടെ നുണക്കുഴി
ചെറിയൊരു മയക്കം
ഗുണപാഠമറിയുന്നതിൻമുമ്പേ
ക്ലാസ്സു കഴിഞ്ഞു....

കവിതയുടെ ഉറവിടങ്ങളെക്കുറിച്ചു സംസാരിക്കുമ്പോൾ
ആത്മഹത്യയെക്കുറിച്ചു തെല്ലെങ്കിലും പറയാതെ വയ്യ...
തെളിഞ്ഞ മഴയും
മഞ്ഞ വെളിച്ചവും
നീലമാധ്യമവും മറ്റും
തെറ്റിദ്ധരിക്കപ്പെട്ട മരണരൂപങ്ങളാണ്.
എന്നിൽ നിന്ന് നിന്നിലേക്കോ
നിന്നിൽ നിന്ന് എന്നിലേക്കോ
എത്തപ്പെടുന്നതിൻ മുമ്പേ
അത് അതല്ലാതാവുന്നു...
യഥാർത്ഥത്തിൽ
നിന്റെ കൃഷ്ണമണിക്കും
എന്റെ വിട്ടുപോയ വാക്കിനുമിടയിലെ
ഓരോ നിമിഷവും നാം
ആത്മഹത്യയിലേക്കുറ്റു നോക്കുന്നു......

ദയവായി ഇനിയെങ്കിലും
ഞങ്ങളെ ഇങ്ങനെ നോക്കാതിരിക്കുക.
ബസ്സുകളിൽ നിന്നും ബസ്സുകളിലേക്കും
പുസ്തകങ്ങളിൽ നിന്നും പുസ്തകങ്ങളിലേക്കും
കൈമാറ്റം ചെയ്യപ്പെടുന്നവർ മാത്രമാണ്
ഞങ്ങൾ.
പരസ്പരം കൈമാറുന്ന ആമ്പൽപ്പൂവും കാൽക്കുലേറ്ററും
ഇങ്ങനെയൊക്കെ ഞങ്ങളും പ്രണയിക്കട്ടെ...

ഈ വരണ്ട കാറ്റുമായിട്ടുള്ള ഒരേയൊരു ബന്ധം
ഞങ്ങൾ ഇതുകൂടി ശ്വസിക്കുന്നു എന്നതു മാത്രമാണ്.
നഗരത്തിൽ അലഞ്ഞുതിരിയുന്നത്,
ഞങ്ങൾക്കും ആരെയെങ്കിലും ചുംബിക്കണമല്ലോ...
കാരണം
നിങ്ങളുടെ ഈ നോട്ടം
ഞങ്ങളെ ലോകത്തിൽ നിന്നു തന്നെ
അടർത്തി മാറ്റുന്നു.

കൂട്ടുകാരന്,
ഓട്ടോഗ്രാഫിൽ എഴുതിയ കള്ളത്തരങ്ങൾക്ക്
മാപ്പുതരിക
നഗരത്തിലെ ഗതാഗത തടസ്സം
അജ്ഞാതന്റെ സന്ദേശമാണ്;
അടുത്തുതന്നെ ആരെങ്കിലും മരണപ്പെടുകയോ
കൂട്ടമായി കൊല്ലപ്പെടുകയോ ചെയ്യുന്നു..
നിനക്കെങ്കിലുമറിയാമല്ലോ
നഗരത്തിലെ പണം പണയം വ്യവസ്ഥകൾ
ഒരു ഘോഷയാത്രയാണ്
അതു നമ്മെ സുന്ദരമായി കൊള്ളചെയ്യുന്നു...
ഇന്നുതന്നെ
ആ പുസ്തകം നീ കീറിക്കളയുക..

പരാവർത്തനം ചെയ്യപ്പെടുന്ന ഉത്കണ്ഠകളിലും
നിശ്വാസങ്ങളിലും എനിക്കു താൽപ്പര്യമില്ല..
നിനക്കറിയാം എന്താണ് വേണ്ടതെന്ന്
എനിക്കറിയില്ല;
നിനക്കെന്താണിഷ്ടമെന്ന്...
മുകളിൽ നിന്നുള്ള കാഴ്ചകൾക്ക് തികച്ചും
അയഥാർത്ഥമായ ഒരു തലമുണ്ട്
പ്രതലത്തിനും മാധ്യമത്തിനുമിടയിലൂടെ
ഒരു വിഭ്രാന്തി പോലെ
നിങ്ങൾ കടന്നു പോവുന്നു..
എന്നിട്ടും
ഭാഷയിൽ നമുക്കുള്ള വിശ്വാസം
ഏറ്റവും പുരാതനമായ പ്രണയം
നീ പറഞ്ഞു നിർത്തിയ കഥയിൽ അവസാനിക്കുന്നു...

ഗോപകുമാർ. എം. ജി.
രണ്ടാം വർഷ പ്രീ ഡിഗ്രി

PRIYANKARI READYMADES
PARAVOOR

*With best compliments from*
PRIYANKARI READYMADE
MALEICKAL BUILDINGS
MAIN ROAD N.PARAVOOR.

SPENCER'S COLLEGE
ANGAMALY

CLASSES FOR
P.D.C. DEGREE TUTIONS
(all subjects including sub and main)
ENGLISH GRAMMER &
SPOKEN ENGLISH.



കേരളത്തിന്റെ ഹരിതസമൃദ്ധികളിൽനിന്ന്
നെറികേടിന്റെ 'ഹരിതവിപ്ലവം' ചവിട്ടിമെതിച്ച് നശിപ്പിച്ച
വിത്തുകളെ ഓർക്കുന്നോ.......?

ആര്യൻ, കുറ്റാര്യൻ, പൂവന്നാര്യൻ, ചെറ്റാര്യൻ, ചെമ്പാൻ, അന്ന ചെമ്പാൻ, കല്ലുണ്ടചെമ്പാൻ, എലിച്ചെമ്പാൻ, ഊർക്കിപ്പി ചെമ്പാൻ, കോതമ്പു ചെമ്പാൻ, ചെമ്പാവ്, മുളകുചെമ്പാവ്, ജീരകചെമ്പാവ്, കുങ്കുമചെമ്പാവ്, പൂങ്കുചെമ്പാവ്, *ചാൽക്കുറുക, ചാണാക്കുറുക, വെറ്റുകുറുക, അരിക്കുറുക, കറുത്തകുറുക, *മുണ്ടോൻ, മുതിരമുണ്ടോൻ, കുട്ടുമുണ്ടോൻ, ഓട്ടുമുണ്ടോൻ, *കാളി, ആര്യൻകാളി, കരികാളി, തനിക്കാളി *പാണ്ടി, ചെറുപാണ്ടി, ഓർപ്പാണ്ടി, മുട്ടക്കാര്യ, മലയുടമ്പൻ, കാടകഴുത്തൻ, പൊക്കാളി, വിരിപ്പ്, വെള്ളക്കാര്യ, എളക്കാര്യ, മട്ടക്കാര്യ, *വെള്ളിക്കുറിഞ്ഞി, കരിങ്കുറിഞ്ഞി, കോഴിവാലൻ, ചെന്നെല്ല്, കരിമ്മണെല്ല്, വെണ്ണെല്ല്, വെള്ളക്കോഴിവാലൻ, മോടൻ, ചെറുമോടൻ, പറമ്പൻ, ചെറിയപറമ്പൻ, *അരിയൻ, അരിക്കാലി, അരിക്കുറുക, അയനി, ആനക്കൊമ്പൻ, *ഈന്തുവിരട്ടി, മനിടിയൻ, ഓണവട്ടൻ, കട്ടിവിത്ത്, കരിങ്കൽവിത്ത്, കരിമ്പാല, കഴുമ, *കോഴിവാള, ചെമ്പളം, ചിറ്റേണി, ചേരത്താലി, *നവര, തിരുപ്പൂതിരി, പൂകര, പൂമ്പോള, മഞ്ഞ, മൺകൊമ്പ്, മുണ്ടേയില്ലി, മൂവാലി, മേശത്തരി, വട്ടന്, വൈലിത്തുവ, സീതാഭോഗം, സർണ്ണാലി...........................!

പകരം വന്നതോ വിഷം വളമായും, കീടനാശിനിയായും നമ്മുടെ മണ്ണിന്റെ കന്യകാത്വം കുടഞ്ഞെറിഞ്ഞ് കോലം കെടുത്തിയ സായിപ്പിന്റെ വളത്തിനും കീടനാശിനിക്കും വ്യവസായമായി വളർന്നുള്ള വിത്തുകൾ

ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ
പതിതരേ നിങ്ങൾ തൻ പിൻമുറക്കാർ

കനകമയ സ്വപ്നങ്ങൾ

കതീരുതിരും പവൻമാറ്റ്

# തെറ്റയിൽ ജ്വല്ലറി

സബ്ജയിൽ റോഡ്

ആലുവ

# Twilight Hours

Shyam Bajaj was India's most famous actor, an actor who had many awards and critical acclaim, who had many box-office hits to his credits. But, only a few people knew that he was a highly unsatisfied man, never at peace with himself. Fewer people knew his humble beginning.

Shyam was left at the door of the orphanage by his uniwed mother just six days after his birth. It was Father Joe who gave him shelter and care. At the orphanage, he grew up under Fr. Joe's watchful eyes. Even at a very young age, he mimicked other people's actions and voices very effectively. In his final year at the school, Shyam won the prize for the best outgoing student, from the hands of Mr. Arun Bajaj, India's leading actor. At that moment, Shyam Kumar was reborn as Shyam Bajaj, without Mr. Bajaj (Sr.) being aware of it.

At the age of 17, Shyam had to leave the orphanage like others of his age. Through the thick and thin of life, Shyam did not lose his vision of becoming one of Bombay's successful actors. Shyam was a daily visitor to the studies that adorned the city. At last, one of the Director's experimenting with a new theme, decided to try Shyam. Shyam had to play the role of a young man stricken with cancer, in love with his nurse. A new heroine, Aarthi, was introduced as the nurse. Shyam had to share off his head. He did many sacrifices to attain perfection in his role. Slowly, he was drawn towards the quite, unassuming Aarthi. But she did not allow that relation to grow beyond friendship.

The film was released with a bang Shattering all previous records, it created a new star in its wake-Shyam Bajaj. Producers, Directors and friends began to form queues outside his house. The new-found stardom, money and status did not affect his behaviour. He always remembered Fr. Joe's advice and fondly paid respect to him, once in a while.

Shyam came to be known as Mr.Bajaj as the other Mr.Bajaj had already passed away. He chose his roles with real care. He had many box-office hits. Even though he increased his charge, he was never free from his work. When Shyam was in the orphanage, he had often thought that money was the greatest reward in the world. But with all the money he had now, he understood

that he could never buy peace. He was never at peace with himself. He set for himself higher and higher standards. He began working with India's world famous directors initially, he had to work hard to come up to the expectations of his directors. Later, he found the roles less challenging. But awards kept coming his way. At the age of thirty four, he was India's most successful actor and most eligible bachelor.

Many of Shyam's female collegues and costars had some designs on him. He was shocked to find the level to which they stooped to trap him in marriage. Shyam knew all of them were after his wealth. He could not understand why people attached such importance to wealth. Even though Shyam was the highest paid actor, he donated a part of his earnings, to the orphanage, and some trusts. He instituted some scholarships and awards for the upeoming artists and talented students. But at the pinnacle of his career, Shyam felt desperate and lonely. He began to depend heavily on alcohol. His thoughts started to rom around suicide. Once in a rare moment of contemplation, he thought of Aarthi and about faith, which had catapulted him into stardom and her into oblivion. He wondered were she was. But now he had very few friends those were with whom he could discuss his forthcoming films. But with none of them, he could talk about his loneliness. But there was always Fr. Joe with whom he could open his heart.

Once on his way to Fr.Joe's orphanage, Shyam was likely drunk. Suddenly he saw a small boy darting across the road. Shyam stepped hard on the brakes and the car just avoided hitting the boy. But the boy was injured by falling on the road. Suddenly the boy's mother came forward and lifted the boy from the road.

She could not control her tears. Shyam offered to take them to the hospital.
As they were inching the way through the rush our traffic, Shyam glanced at the boy's mother. He could not believe his eyes. It was Aarthi. She had faded away from the film world, after being a one-film actress. Shyam introduced himself and asked her about her life. She had married an office executive. But he had died two years ago, leaving her and her boy alone to face the tough world. Now she was working as a drama teacher in a school for a petty salary. Suddenly, Shyam found that his dreams were coming true in the twilight hours of his life. He new it was for Aarthi that he had been waiting, all these years. Aarthi, knowing Shyam very well from his pre-star days, knew the nice person behind the glamorous facade. She was willing to share her life with him. That evening, the twilight hours gave a new meaning to Shyam and Aarthi'lives.

SUNITHA RAJAN
URUMBATH
III B.Sc MATHS.

# ചരിത്രത്തിലെ ചോരപ്പാടുകൾ

*ഹാരിസ്. കെ. എ.*
*ഒന്നാം വർഷ എക്കണോമിക്സ്*

അഞ്ചൂറ് വർഷങ്ങൾക്കുമുമ്പ് ഒരു ഒക്ടോബർ 12നാണ് ക്രിസ്റ്റോഫർ കൊളംബസ് അമേരിക്ക കണ്ടുപിടിച്ചത്. 1492ൽ ഒരു നവലോകം കണ്ടെത്താൻ അന്ന് കൊളംബസ് നടത്തിയ സാഹസികശ്രമങ്ങളെ ചരിത്രം ആദരവോടും ആരാധനയോടും ആവേശത്തോടുമാണ് കൊണ്ടാടുന്നത്. വാഴ്ത്തു പാട്ടാലാപിക്കുന്നത്. കൊളംബസിനെ സ്മരിക്കാനും അദ്ദേഹത്തിന്റെ ധീരശ്രമങ്ങളെ ഉദ്ഘോഷിക്കാനും അമേരിക്ക സർക്കാർ തലത്തിൽ തന്നെ പരിപാടികൾ നടത്താറുണ്ട്. 'അമേരിക്കോ വെസ്പുച്ചി' എന്ന മഹാനാണ് അമേരിക്ക ആദ്യമായി കണ്ടെത്തിയത് എന്നും അതു കൊണ്ടാണ് ആ നാടിന് അമേരിക്ക എന്ന പേര് കിട്ടിയതെന്നും മറ്റൊരു ഭാഷ്യം. നമുക്ക് ആ ചരിത്രപാതയിൽ നിന്ന് വഴിമാറി കൊളംബസിലേക്ക് തന്നെ വരാം.

കൊളംബസ് അമേരിക്ക കണ്ടെത്തിയ സാഹസത്തിന്റെയും അതിലേറെ സന്തോഷത്ത[illegible]യും ചരിതം ചമക്കുന്നവർ എവിടെയോ ചില താളുകൾ ഒഴിച്ച[illegible]ക്കയാണെന്ന വസ്തുത പലർക്കുമറിയില്ല. കൊടിയ പീഡനത്തിന്റെയും ക്രൂരമായ താഡനത്തിന്റെയും ശോകസങ്കുലമായ കഥയാണത്. അമേരിക്ക കണ്ടെത്തിയതിന്റെ അഞ്ചൂറാം വർഷം ആഘോഷിക്കുന്ന ഘട്ടത്തിൽ ലോകജനതക്ക് വിശേഷിച്ചും അമേരിക്കൻ യുവാക്കൾക്ക് ആ എഴുതാപ്പുറം വായിക്കാനവസരം ലഭിച്ചിരിക്കയാണിപ്പോൾ.

ഒരു സ്പാനിഷ് സഞ്ചാരിയായിരുന്ന കൊളംബസ് യഥാർത്ഥത്തിൽ ഒരു പുതുലോകം കണ്ടെത്തുക എന്ന മഹോന്നതമായ ലക്ഷ്യത്തോടെയൊന്നുമായിരുന്നില്ല ആ യാത്ര തിരിച്ചത്. സ്വർണ്ണവേട്ടയായിരുന്നു കൊളംബസിന്റെ ലക്ഷ്യം. കരീബിയൻ കടലിൽ പശ്ചിമേന്ത്യൻ ദ്വീപ് സമൂഹത്തിൽപ്പെട്ട ഹിസ്ബാനിയാലാ ദ്വീപിലാണ് ആദ്യം അദ്ദേഹം എത്തിപ്പെട്ടത്. ഒരു യൂറോപ്യന്റെ 'അമേരിക്ക കണ്ടെത്തൽ' തുടങ്ങുന്നത് അങ്ങനെ അവിടം മുതൽക്കാണ്. ഹിസ്ബാനിയാലാ ദ്വീപിലെത്തിയ കൊളംബസ് ആദ്യത്തെ രണ്ടാഴ്ചകളിലെഴുതിയ ഡയറിയിൽ എഴുപത്തിയഞ്ചിടങ്ങളിൽ സ്വർണ്ണത്തെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. സ്വർണ്ണമോഹം മനസ്സിനെയാകെ ഗ്രഹിച്ചിരുന്ന കൊളംബസ് പക്ഷേ, ഒരു ദൈവവിശ്വാസിയായിരുന്നു. കണ്ടിടത്തൊക്കെ അദ്ദേഹവും പരിവാരവും കുരിശുണ്ടാക്കി നട്ടുവെച്ചു. അതോടൊപ്പം ഒട്ടേറെ കഴുമരങ്ങളും നാട്ടി. എട്ടു വർഷങ്ങൾക്കകം ഇങ്ങനെ 340 കഴുമരങ്ങളദ്ദേഹം ദ്വീപിൽ നാട്ടുകയുണ്ടായി. ഇവിടെ താമസിച്ചിരുന്നചുവന്ന ഇന്ത്യാക്കാരെന്ന് കൊളംബസ് വിളിച്ച ആളുകൾ ഉപയോഗിച്ചിരുന്ന ചിലസ്വർണ്ണ തുവലുകൾ അവരുടെ കൈവശം കണക്കിലേറെ സ്വർണ്ണം കണ്ടേക്കുമെന്നതിന്ന നിഗമനത്തിൽ കൊണ്ടെത്തിച്ചു. ഇത് തുടർന്ന് ഒരു നിശ്ചിത സമയപരിധിക്കകം അവർ സൂക്ഷിച്ചിരുന്ന സ്വർണ്ണമത്രയും തന്റെ മുമ്പിൽ അടിയറവു വെയ്ക്കണമെന്ന് കർശനനിർദ്ദേശം നൽകി. നിർദ്ദേശം

പാലിക്കാൻ കഴിയാതെ 'പോയവരുടെ കരചരണങ്ങൾ നിഷ്ക്കരുണം കൊളംബസും സംഘവും ഛേദിച്ചു.'കൊളംബസിന്റെ സ്വർണ്ണമോഹം പൂർത്തീകരിക്കാൻ കഴിയാത്ത അനവധിപേർ അയാളുടെ ക്രൂരകൃത്യങ്ങളിൽ നിന്ന് രക്ഷകിട്ടാനായി മലകേറി' പാഞ്ഞൊളിച്ചു.' ആ 'മഹാൻ' അവരെയും വിട്ടില്ല. വേട്ടനായ്ക്കളെ വിട്ട് വേട്ടയാടുകയാണ്ആകണ്ടുപിടിത്തക്കാരൻ ചെയ്തത്. അവിടെനിന്നും രക്ഷപെട്ടവർ നിരാശ്രയം പൈദാഹവും പട്ടിണിയും രോഗവും കാരണം ചത്തൊടുങ്ങി. ഇനിയും ആയിരക്കണക്കിൽ ചുവപ്പിന്ത്യന്മാർ കൊളംബസിന്റെ മൃഗീയചെയ്തികൾക്കിരയാവാതിരിക്കുവ് കാട്ടിലെ വിഷവിത്തുകൾ പറിച്ചു തിന്ന് സ്വയം ജീവൻ വെടിഞ്ഞു. ഹാർവാർഡ് സർവകലാശാലയിലെ ചരിത്രഗവേഷകനായ സാമുവൽ എലിയറ്റ് മാരിസൺ കൊള്ബസിന്റെ ചരിത്രം എന്ന തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളാണിവ.

'അമേരിക്ക എന്ന ആ ഭൂഖണ്ഡത്തിലെ ആദിമവാസികൾ ഏതാണ്ട് മൂന്ന് ലക്ഷത്തിലേറെയായിരുന്നു. 1494നും 1496നും ഇടക്ക് ഇവരിൽ മൂന്നിലൊരു ഭാഗം ആൾക്കാരെ കൊളംബസ് സംഘം വധിച്ചുകളഞ്ഞിരുന്നു. 1508ൽ ഏറെക്കുറെ 6000പേരെ അവിടെ അവശേഷിച്ചിരുന്നുള്ളൂവെന്ന് മാരിസൺ ചൂണ്ടിക്കാണിക്കുന്നു. 1548ൽ അവിടെ 500 ചുവപ്പിന്ത്യക്കാരെങ്കിലും അവശേഷിച്ചിരുന്നുവോ എന്നകാര്യം സംശയമാണെന്ന് സ്പാനിഷ് ചരിത്രകാരനായ ഫെർണാണ്ടസ് ഡി ഓവിഡോ എഴുതുന്നു.' ഹിസ്ബാനിയാലാ ദ്വീപിൽ നിന്നും സ്വർണ്ണം തേടിയുള്ളതന്റെ വേട്ട കൊളംബസ് വ്യാപിപ്പിച്ചത് ബഹാമസ് ദ്വീപിലേക്കായിരുന്നു. കൊളംബസ് അവിടെ ചെന്നെത്തിയപ്പോൾ ബഹാമസ് ദ്വീപിലെ ചുവപ്പിന്ത്യക്കാർ കുശാലായ സ്വീകരണമാണ് നൽകിയത്. അരാപക്സ്, തായ്നോസ് എന്നീപേരുകളിലാണ് ഇക്കൂട്ടർ അറിയപ്പെട്ടിരുന്നത്. പക്ഷേ കൊളംബസിന് തെറ്റി. താൻ ഏഷ്യയിലാണിറങ്ങിയിരിക്കുന്നത് അദ്ദേഹം നിനച്ചത്. അതുകൊണ്ട് തന്നെയാണ് അദ്ദേഹം ഇവരെ ഇന്ത്യാക്കാരെന്നു വിളിച്ചത്. അമേരിക്കയിലെ ആദിമവാസികൾക്ക് ചുവപ്പിന്ത്യക്കാർ എന്ന പേര് വരാനിടയായതിങ്ങനെയാണ്. അവിടത്തുകാർ കൊളംബസിനും സംഘത്തിനും വൈവിദ്ധ്യമാർന്നതും മനോഹരങ്ങളുമായ ഒരുപാട് പാരിതോഷികങ്ങൾ നൽകി സന്തോഷിപ്പിച്ചു. അവരുടെ ഹൃദയവിശാലതയും ഉദാരമനസ്കതയും കൊളംബസിനെ നന്നായാകർഷിച്ചു. അവരെക്കുറിച്ച് ഡയറിയിൽ കൊളംബസ് ഇങ്ങനെ കുറിച്ചിട്ടു 'വളരെ ശാന്തപ്രകൃതക്കാരാണവർ. ഉദാരമാനസ്സർ. അവർക്കായുധങ്ങളില്ല. ഞാനവരെ ഒരു കത്തി കാണിച്ചു. കൗതുകത്തോടെയാണ് അവർ അത് നോക്കിക്കണ്ടത്. അതെടുത്ത് പ്രയോഗിക്കേണ്ടതെങ്ങനെയെന്നുപോലും അവർക്കറിയില്ല. കത്തിയുടെ വായ്ത്തലയിൽ തൊട്ട് അവർ സ്വയം മുറിവുണ്ടാക്കി. അത്രയ്ക്ക് ശുദ്ധന്മാരാണവർ. ഈലോകത്തെ ഏറ്റവും നല്ല മനുഷ്യരവരാണ്'

'കൊല,കൊള്ള ഇത്യാദിയിലൊന്നും അവർ പരിചിതരായിരുന്നില്ല. അവർ പരസ്പരം സ്നേഹിച്ചു കഴിഞ്ഞു. ലോകത്തിൽ തന്നെ ഏറ്റവും ഹൃദ്യമായ സംസാരമാണവരുടേത്. സദാ പുഞ്ചിരിച്ച മുഖം......' ഇങ്ങനെയൊക്കെ അവരെ പ്രശംസിച്ച കൊളംബസ് ആ ജനസമൂഹത്തിന്റെ ശുദ്ധഗതി കണക്കിന് മുതലെടുത്തുകൊണ്ട് അവർക്ക് ആവുന്നത്ര ദ്രോഹം ചെയ്യുകയാണുണ്ടായത്. സ്പെയിനിലെ ചില കവികൾക്ക് കൊളംബസ് എഴുതിയ കത്തിൽ നിന്ന് ഏതാനും വാചകങ്ങൾ.' ഈ ജനം വളരെ ധാരാളിത്തക്കാരാണ്. എന്ത് ചോദിച്ചാലും നിരസിക്കില്ല. ഉടനെ തരും. അവരെ നല്ല ജോലിക്കാരായി ഉപയോഗിക്കാവുന്നതാണ്.'വേണ്ടത്ര തങ്കം സ്വീകരിച്ച് സ്പെയിനിലെ രാജാവിനേയും രാജ്ഞിയേയും തന്നെ സ്വർണ്ണം ശേഖരിക്കാനയച്ച മുതലാളിമാരേയും തൃപ്തിപ്പെടുത്താൻ കഴിയാതെ വന്ന കൊളംബസ് അവരെ കൂടുതൽ തൃപ്തരാക്കാൻ തന്റെ നാട്ടിലേയ്ക്ക് മറ്റൊരു വസ്തു കൂടി കയറ്റി അയച്ചു. അടിമകളെ! റെഡ് ഇന്ത്യൻ അടിമകളെ! കൊളംബസും സംഘവും 1200 ചുവപ്പിന്ത്യക്കാരെ വളഞ്ഞു. അവരിൽ 500 പേരെ ബലാൽക്കാരമായി കപ്പലിൽ പിടിച്ചിട്ട് അറ്റ്ലാന്റിക് സമുദ്രത്തിലൂടെ * കടത്തി. ആ തിക്ക് തിരക്ക് ബഹളത്തിനിടയിൽ200 പേർ ചത്തൊടുങ്ങി. ഒട്ടുവളരെപ്പേർ കൊടും ശൈത്യവും രോഗവും കൊണ്ട് മരണപ്പെട്ടു. കൊളംബസിന് ശേഷം അദ്ദേഹം കണ്ടെത്തിയ ലോകത്തേക്ക് ചെന്ന് ഹിസ്ബാനിയോലായിലും അതിനു ചുറ്റുമുള്ള ദ്വീപ് സമൂഹങ്ങളിലും 40 വർഷക്കാലം ജീവിച്ച് പിൽക്കാലത്ത് സ്പെയിനിലെ പ്രശസ്ത അഭിഭാഷകൻ എന്ന് പേരെടുത്ത മതപണ്ഡിതൻ കൂടിയായ ലോഡ് കാഡസ് റെഡ് ഇന്ത്യക്കാരുടെ തകർച്ച എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നു.

'സ്പെയിനിലെ ഭടന്മാർ റെഡ് ഇന്ത്യക്കാരെ നേർക്കുനേരെ നിർത്തി അവരെ കത്തികൊണ്ട് കുത്തിനോവിച്ച് നേരം പോക്കി. വേട്ടപ്പട്ടികളെ വിട്ട് അവരെ ഓടിച്ചു പിടിച്ചു. ജീവനുവേണ്ടി ഓടുന്നവരെ ആ ഭ്രാന്തൻ പട്ടികൾ വീണേടത്തിട്ട് കടിച്ചു കീറി കൊല്ലുന്നതും നോക്കി അവർ ആർത്തുല്ലസിച്ചു. റെഡിന്ത്യൻ അടിമകളുടെ കുഞ്ഞുങ്ങളെ തല കീഴായി പിടിച്ച് തല പാറക്കല്ലിലിടിച്ച് അവ പൊട്ടിച്ചിതറുന്ന രംഗം കണ്ട് കൈ കൊട്ടിച്ചിരിച്ചു. ഒരു കൊച്ച് തെറ്റ് ചെയ്താൽ പോലും അവർക്ക് ശിരഛേദമായിരുന്നു ശിക്ഷ. അല്ലെങ്കിൽ കഴുമരത്തിൽ തൂങ്ങണം. തീയിലിട്ട് അവരെ ചുട്ടുകൊല്ലുകയും ചെയ്തിരുന്നു. ധാരാളം റെഡിന്ത്യൻ വനിതകൾ ബലാൽസംഗം ചെയ്യപ്പെടുകയുണ്ടായി'

കൊളംബസിന്റെ നവലോകം കണ്ടെത്തലിന്റെ പിന്നിൽ നടന്ന മനുഷ്യത്വഹീനവും ബീഭൽസവും കിരാതവുമായ ഇത്തരം സംഭവങ്ങൾ മിക്ക ചരിത്രകാരന്മാരും ബോധപൂർവ്വം മറച്ചു വെച്ചിരിക്കുകയാണെന്ന് വേണം സംശയിക്കാൻ. ആ കൊടിയ ക്രൂരതകൾ ഒന്നൊന്നായി ഇപ്പോഴാണ് ലോകം അറിയുന്നത്. പാഠപുസ്തകങ്ങളിലൂടെ കൊളംബസിന്റെ വീരധീര പരാക്രമങ്ങൾ വായിച്ച്കോൾമയിർ കൊണ്ട അമേരിക്കൻ വിദ്യാർത്ഥികൾ, ഇപ്പോൾ തുറക്കപ്പെട്ട അധ്യായം വായിച്ച് വിറങ്ങലിച്ച് നിൽക്കുകയാണ്. ഈ സംഭവങ്ങളൊക്കെ കൂടുതൽ വിശദീകരിക്കുന്ന പുതിയ ഗ്രന്ഥങ്ങൾ ഈയിടെയായി ധാരാളം പുറത്തിറങ്ങിക്കൊണ്ടിരിക്കയാണ്. ചരിത്രത്തിൽ ഇങ്ങനെ എത്ര നായകന്മാർ.........................,

# വിധിപ്പകർച്ച


ശ്രീലത. എ. പി
ഒന്നാം വർഷ മലയാളം


ചോരപ്പാടിനു നടുവിലെ കറുത്ത കണ്ണും
കഴുത്തിലെ ആയുസ്സിന്റെ വളയങ്ങളും
കീറിപ്പറിഞ്ഞ ഈ സന്ധ്യയും
എന്നെ കാണിക്കുന്നതെന്തിന്?
അതായിരുന്നില്ലല്ലോ ഞാൻ ചോദിച്ചത് !

നിന്റെ കയ്യിലൊരു മാഞ്ചാടിയുണ്ടോ?
വളപ്പൊട്ടുണ്ടോ,
മാനം കാണാത്ത മയിൽപീലിയുണ്ടോ?
ഉണ്ടെങ്കിൽ
നീ ഒരു കയറിൽ തൂങ്ങുക.

സ്വപ്നങ്ങൾക്ക് അതിരുകളിട്ടതാരാണ്?
ചേലത്തുമ്പിലെ കസവുകര പോലെ
പക്ഷേ കിലുക്കിക്കുത്തിന്റെ തകരപാത്രങ്ങളിൽ
ഉയരുന്നത് ഓണപ്പാട്ടല്ലല്ലോ

നീയെന്തിനാണ് ലെച്ചുപോയ
കുമിളകളെക്കുറിച്ച് പറയുന്നത്
എന്റെ ചോദ്യമതായിരുന്നില്ലല്ലോ .....?

നിന്റെ ഹൃദയത്തിൽ ഒരു തുടിയുണ്ടോ?
ഉടപ്പിറന്നവൾ ചാർത്തിയ അങ്കക്കുറിയുണ്ടോ?
അമ്മ ഊതിയൂതി തെളിച്ച കനൽ
നിന്റെ കയ്യിലുണ്ടോ ?
എങ്കിൽ......
ഈ നിലക്കാത്ത ഒഴുക്കിന്നരികിൽ നിന്ന്
ധീരുത്വത്തോടെ 'ഹരാകിരി' നടത്തുക

കാർഷിക പുരോഗതിയ്ക്ക്

PACHILA® AGMARK

**പച്ചില മാർക്ക്**

# വളങ്ങൾ

കനത്ത വിളവ്! കൂടുതൽ ലാഭം!
തുടർച്ചയായി ലഭിക്കുവാൻ

**പച്ചില മാർക്ക്**

## മഗ്നീഷ്യം സൾഫേറ്റ്

ഇലമഞ്ഞപ്പ്, ഇലവാട്ടം, കുമ്പടയൽ, വളർച്ച മുരടിപ്പ്
എന്നിവയെ ഇല്ലാതാക്കി കനത്തവിളവ് തുടർച്ചയായി നൽകുന്നു.

**പച്ചില മാർക്ക്**

## NPK കൂട്ടുവളങ്ങൾ

തെങ്ങ്, നെല്ല്, വാഴ തുടങ്ങിയ ഓരോ വിളകൾക്കും അനുയോജ്യമായ
ചേരുവകളിൽ തയ്യാറാക്കുന്ന മികച്ച NPK കൂട്ടുവളങ്ങൾ

കുറഞ്ഞ ചിലവിൽ കൂടുതൽ വിളവിന്

## ഗ്രീൻമീൽ (7:10:5) സമ്പൂർണ ജൈവ വളം

മണ്ണിന്റെ ഫലപുഷ്ടി നിലനിർത്താൻ, ജൈവാംശങ്ങളുടെ കുറവ്
പരിഹരിക്കാൻ! കൂടുതൽ വിളവ് കുറഞ്ഞ ചിലവിൽ ലഭിക്കുന്നു.

***മികച്ച വിളവിന് മികവൊത്ത ജൈവ വളം***

AFIL

**Alwaye Fertiliser Industries Private Limited**

Alwaye-683 105

# Academy of Travel & Tourism Management

**(A division of Akbar Travels of India)**

**IIIrd Floor, M. G. Road, Ravipuram, Cochin-15.**

Phone : 368612

JOB OPPORTUNITIES IN AIRLINES

## DIPLOMA IN TRAVEL AND TOURISM MANAGEMENT

Academy of Travel & Tourism imparts Professional Training As per IATA and UFTAA Syllabus. In addition to this, the course is well designed to cover personality development, sales Techniques and sales reporting.

**OBJECTIVE OF THE COURSE**

1. WORLD GEOGRAPHY
2. TRAVEL TERMINOLOGY
3. ASPECTS OF TRAVEL & TOURISM MGT
4. DOCUMENTATION
5. FARE CONSTRUCTION
6. TICKETING
7. RESERVATION
8. AIR PORT OPERATIONS
9. COMPUTER RESERVATION
10. SALES TECHNIQUES
11. SALES REPORTING

Computraised Reservation & Airticketing



**Practical training will be given in various branches of Akbar Travels of India.**

Guidance By

Airlines Members

DURATION: 4 MONTHS
ELIGIBILITY : PDC/COMPLETED ( ANY SUBJECT )
FEES : 3000/-

Now you have the Unique opportunity to join with an institute having most modern facilities and an array of brilliant masters from the industry. Join with us and ensure your Smooth take off to a bright future!!

**SPONSORED BY**




IATA
Approved

# സ്വരസ്ഥാനങ്ങളുടെ ചരിത്രം



""Let me say to all music lovers: don"t come to concert only as guardians of cherished traditions. Don"t cling to a standard of beauty by which you assess a work, for it may not be what you really feel-..... Every one"s in his own time and within the frame work of that time " -

*-Hanns Eisloer*

അനാദിയായ കാലത്തിന്റെ പ്രവാഹ ക്രമത്തെ സ്വാംശീകരിച്ച കലയാണ് സംഗീതം. ഭൂത-വർത്തമാന ഭാവികളായി വിവരിക്കപ്പെടുകയും, വർത്തമാനത്തിന്റെ ഇടക്കണ്ണിലൂടെ ഭൂത-ഭാവികളെ ദ്യോതിപ്പിക്കുകയും ചെയ്യുന്ന കാലത്തെപ്പോലെ, സംഗീതവും വർത്തമാനാവസ്ഥയിലൂടെ ഭൂതത്തെ പിൻതുടരുകയും ഭാവിയിലേക്ക് വളരുകയും ചെയ്യുന്നു. കാലത്തിൽ ഒരു നിശ്ചല ബിന്ദുവിനെ കണ്ടെത്താനാവാത്തതുപോലെ സംഗീതത്തിലും (ഭൂത-ഭാവികളോട് കണ്ണിചേരാത്ത) ഒരു നിശ്ചല ബിന്ദുവിനെ നമുക്ക് കണ്ടെത്താനാവില്ല. ഒരർത്ഥത്തിൽ കലകളിൽ കാലാനുസാരിത്വം ഏറ്റവുമധികം പുലർത്തുന്നത് സംഗീതമാണ് എന്ന് പറയാം.

## കലയും കാലവും

കാലം എന്ന ഘടകത്തിന്റെ സാന്നിദ്ധ്യം പേറാത്ത കലാരൂപങ്ങളില്ല. ഒരു ചിത്രം (ശില്പവും) കാലത്തിലെ ഒരു നിശ്ചല മുഹൂർത്തത്തെ അവതരിപ്പിക്കുമ്പോൾ സംഗീതം ആവിഷ്കരിക്കുന്നത് കാല പ്രവാഹത്തെയാണ്. നിശ്ചലമായ ദൃശ്യാവസ്ഥ ചലനത്തെ ദ്യോതിപ്പിക്കാൻ താരതമ്യേന അപര്യാപ്തമാണ്. പക്ഷെ ; മഹിമയുറ്റ പ്രതിഭകൾ ഈ നിശ്ചലതയ്ക്കകത്ത് ചലനാത്മകതയുടെ ധ്വനി സാദ്ധ്യതകളെ നിറയ്ക്കുന്നു. അങ്ങനെ ബാഹ്യമായ നിശ്ചേതനത്വത്തിനകത്തും ആന്തരമായ ചടുലദീപ്തി കൈവരിക്കാൻ അവർക്കാകുന്നു.(1) ലോകത്തിലെ ഏതു മികച്ച ചിത്രവും ഈ വസ്തുതയെ സാധൂകരിക്കുന്നുണ്ട്. ദ്വിമാനരൂപിയായ ചിത്രത്തിൽ നിന്നും ത്രിമാന രൂപിയായ ശില്പത്തിലേക്ക് എത്തുമ്പോൾ ഈ നിശ്ചേതനത്വത്തിന് സാന്ദ്രതയേറുന്നതായി കാണാം. അവിടെ ചലനാത്മകത്വം അനുഭവപ്പെടുത്തുക കൂടുതൽ ദുഷ്കരമായിത്തീരുകയും ചെയ്യുന്നു. എങ്കിലും ഒരു നടരാജ വിഗ്രഹത്തിൽ നാം ഈ ചലനാത്മകത്വത്തിന്റെ ചടുല സാന്നിദ്ധ്യം തീവ്രമായി അനുഭവിക്കുന്നുണ്ട്.

പ്രാപഞ്ചികതയ്ക്കുള്ളിലുള്ള കാലത്തിന്റെ സ്വതാവിഷ്കാരം ആയി ആനന്ദകുമാര സ്വാമി നടരാജ നൃത്തത്തെ തിരിച്ചറിയുന്നത് അതുകൊണ്ടാണ്.(2)



ഒരു സാഹിത്യ കൃതിയിൽ കാലം പ്രാതിഭാസികമായൊരനുഭവമാണ്. ശാസ്ത്ര സമ്മതമായ കാലത്തിന്റെ സുനിശ്ചിതത്വം അല്ല അവിടെയുള്ളത്. ആസ്വാദകന്റെ സവിശേഷാനുഭവമായി അവന്റെ വൈയക്തിക തലത്തിലേക്ക് പ്രക്ഷേപിക്കപ്പെടുന്ന കാലത്തിന് പ്രാതിഭാസികമാനമാണുള്ളത്. മൂന്നോ നാലോ മണിക്കൂറുകൾ കൊണ്ട് നാം വായിച്ചു തീർക്കുന്ന ഒരു കൃതിയ്ക്ക് മുപ്പതോ നാല്പതോ വർഷങ്ങൾ നമ്മെ അനുഭവിപ്പിക്കാൻ കഴിയുന്നത് അപ്രകാരമാണ്. ചിത്രശില്പത്തിലും നൃത്ത–സംഗീതത്തിലും പ്രത്യക്ഷമാവുന്ന കാലത്തിന്റെ നിശ്ചലതയോ, പ്രവാഹരൂപമോ അതേ രൂപത്തിൽ ആവിഷ്കൃതമാവുന്ന മേഖലയല്ല സാഹിത്യത്തിന്റേത്.

സംഗീതം (നൃത്തവും) കാലത്തിന്റെ സ്വാഭാവിക പ്രവാഹനീയതയിൽ ഊന്നി നിൽക്കുകയാണ് ചെയ്യുന്നത്. കാലത്തിന്റെ ഒരു നിശ്ചിത ഖണ്ഡത്തെ ആവിഷ്കരിക്കുകയല്ല; മറിച്ച് കാലത്തിന്റെ ഏത് നിശ്ചിത ഖണ്ഡത്തിനകത്തും ആവിഷ്കൃതമാകാവുന്ന (ഏത് ചരിത്രഘട്ടത്തിനുള്ളിലും സാക്ഷാത്കരിക്കാൻ കഴിയുന്ന) അമൂർത്തതയായാണ് സംഗീതത്തിൽ (നൃത്തത്തിലും) കാലം കുടികൊള്ളുന്നത്. സംഗീതത്തിന്റെ ഈ സവിശേഷതയാണ് സനാതനവും വിശുദ്ധവും ആയ ദൈവിക കലയായി അതിനെ പരിഗണിക്കാൻ ശുദ്ധാത്മക്കളായ സംഗീത പണ്ഡിതൻമാരെയും സംഗീതാസ്വാദകരേയും പ്രേരിപ്പിക്കുന്നത്. പക്ഷെ; യഥാർത്ഥത്തിൽ ചരിത്ര ബാഹ്യമായ ഒരമൂർത്തതയായല്ല സംഗീതം പ്രയോഗിക്കപ്പെടുന്നത്. സംഗീതത്തിൽ കാലഘട്ടത്തിനുള്ള അമൂർത്തത, സംഗീതത്തെ അപ്പാടെ ഒരമൂർത്ത വസ്തുതയാക്കി മാറ്റുന്നില്ല. കേവലവും അമൂർത്തവുമായ ഒരു സനാതന വികാരത്തിന്റെ ആവിഷ്കരണമല്ല സംഗീതം. ഗായകന്റെയും ആസ്വാദകന്റെയും പരസ്പര വിനിമയ ക്രമങ്ങളുടെ നിർണ്ണയത്തിൽ ചരിത്രത്തിന്റെ ഇടപെടലുകൾ നിരന്തരമായി നടക്കുന്നുണ്ട്. ഓരോ ചരിത്രഘട്ടവും അതിന്റെ മൂല്യങ്ങളെ സൃഷ്ടിക്കുന്നതുകൊണ്ട് സംഗീതത്തിന്റെ മൂല്യമണ്ഡലത്തിലും നിരന്തരമായ പരിണാമം സംഭവിക്കുന്നുണ്ട്. ചുരുക്കത്തിൽ ചരിത്ര–ബാഹ്യമായ ഒരു അമൂർത്ത വികാരത്തിന്റെ ദൈവീകമായ വെളിപ്പെടലല്ല; മറിച്ച് ചരിത്ര യഥാർത്ഥ്യങ്ങൾക്കകത്തുള്ള ജീവിതാവിഷ്കാരത്തിന്റെ സവിശേഷ പ്രയോഗമായാണ് സംഗീതത്തിന്റെ അസ്തിത്വം അംഗീകരിയ്ക്കേണ്ടത്.

## സംഗീതവും സമൂഹവും

ഒരു ജനതയുടെ സംഗീതബോധത്തിനും, സംഗീതാനുഭവത്തിന്റെ സൂക്ഷ്മ ആസ്വാദനത്തിനും കാരണമായി സാമ്പത്തിക ഘടകങ്ങൾ വരെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഒരു പ്രത്യേക ചരിത്രഘട്ടത്തിൽ വിയന്നയിൽ സംഗീതവും, ഗണിതവും, ചെസ്സും വികസിക്കാനിടവന്നതിന് ഓസ്ട്രിയായുടെ സമ്പദ് വ്യവസ്ഥയും ജർമ്മനിയോട് അതിനുണ്ടായിരുന്ന വിധേയത്വവും കാരണങ്ങളാണെന്ന് അഡോർണോ വിശദീകരിക്കുന്നു. (3) ഒരു സവിശേഷമായ പരിവർത്തന ഘട്ടത്തിലാണ് ഓസ്ട്രിയായിൽ സംഗീതവും, ചെസ്സും, ഗണിത ശാസ്ത്രവും ലോജിക്കൽ പോസിറ്റിവിസവും വികസിച്ചു വന്നത്. ഉയർന്ന മുതലാളിത്തത്തിന് അനുസൃതമായ ബൗദ്ധികവികാസം കൈവരിച്ച ഉല്പാദനശക്തികൾക്ക്, പിന്നോക്കാവസ്ഥയിലായിരുന്നു ഭൗതിക സാഹചര്യങ്ങളിൽ സ്വന്തം കഴിവുകളുടെ പ്രായോഗികമായ ആവിഷ്കാരം സാദ്ധ്യമായിരുന്നില്ല. യഥാർത്ഥ ജീവിതത്തിൽ ഉപയോഗ്യത കൈവരിക്കാത്ത ബൗദ്ധികമായ കഴിവുള്ള അമൂർത്തമായ മാനസിക വ്യാപാരങ്ങളിലേക്കവർ തിരിച്ചു വിട്ടു. (4) പാശ്ചാത്യ സംഗീതത്തിൽ പ്രത്യക്ഷപ്പെട്ട ഗണിതശാസ്ത്രപരമായ സങ്കീർണ്ണ പരീക്ഷണങ്ങളുടെ ഭൗതികമായ അടിത്തറ ഇപ്രകാരമാണ് ഉരുത്തിരിഞ്ഞു വന്നത്.

കഥകളി സംഗീതത്തിലെ കേരളീയ രാഗങ്ങളെ വ്യാഖ്യാനിക്കാനുള്ള പരിശ്രമത്തിലും സംഗീതത്തിന്റെ സാമൂഹ്യാടിത്തറ വെളിപ്പെട്ടുവരുന്നതായി കാണാം. കഥകളിയിലെ പ്രമുഖ രാഗങ്ങളെല്ലാം കർണ്ണാടക സംഗീതത്തിന്റെ പൊതു സ്വത്താണെങ്കിലും ശങ്കരാഭരണം, തോടി, ഭൈരവി, മുഖാരി, പന്തുവരാളി, നീലാംബരി തുടങ്ങി ധാരാളം രാഗങ്ങൾ കഥകളിയിലും കർണ്ണാടക സംഗീതത്തിലും ഒരുപോലെ പ്രയോഗിക്കപ്പെടുന്നുണ്ട്. കഥകളിയിൽ മാത്രം പ്രത്യക്ഷപ്പെടുന്ന പാടി, പുറനിര, ഘണ്ടാരം, നവരസം, ഇന്ദിശ, ഇന്ദളം കാനക്കുറിഞ്ഞി തുടങ്ങിയ അനേകം രാഗങ്ങളുണ്ട്. ഇവയുടെ ഉല്പത്തിയേയും വികാസത്തേയും കുറിച്ച് ദീർഘ വിസ്തൃതമോ അഗാധമോ ആയ പഠനങ്ങൾ നടത്തിയിട്ടില്ലെങ്കിലും പ്രസിദ്ധ സംഗീത പണ്ഡിതനായ ടി. ലക്ഷ്മണൻ പിള്ള ഇതേക്കുറിച്ച് ചില സൂചനകൾ നല്കുന്നുണ്ട്. (5) ആര്യസംഗീതം ദക്ഷിണേന്ത്യയിൽ സ്വാധീനം ചെലുത്തുന്നതിന് മുമ്പ് ഇവിടെ നിലനിന്നിരുന്ന ആദിദ്രാവിഡ രാഗങ്ങളുടെ അവശേഷിപ്പുകളാണ് ഈ കേരളീയ രാഗങ്ങൾ എന്നദ്ദേഹം കരുതുന്നു. പുരാതന ദ്രാവിഡരാഗങ്ങളുടെ സമുച്ചയമായ 'തെൻപാങ്കു ' വുമായി ഈ കഥകളി രാഗങ്ങൾ പേരിലും സ്വരവിന്യാസത്തിലും ബന്ധം പുലർത്തുന്നു. (ഇന്ദിശ = ഇന്നിശൈ, പുറനീര = പുറനീർമൈ, കാനക്കുറിഞ്ഞി =

കാനക്കുറിഞ്ചി) ആര്യാധിനിവേശത്തോടൊപ്പം വന്നെത്തിയ ആര്യസംഗീതം ദക്ഷിണേന്ത്യൻ സംഗീതപദ്ധതിയെ കീഴ്പെടുത്തിയപ്പോഴും തനിമ കാത്തു സൂക്ഷിച്ചുകൊണ്ട്, ആര്യരാഗങ്ങൾക്കിടയിൽതന്നെ നിലനിൽക്കുന്ന ആദിദ്രാവിഡരാഗങ്ങളായിരിക്കാം ഇന്ന് കേരളീയ രാഗങ്ങൾ ആയി വിവക്ഷിക്കപ്പെടുന്നത്. കർണ്ണാടക സംഗീതത്തിൽ അപൂർവ്വരാഗമായി പരിഗണിക്കപ്പെടുന്ന 'ദ്വിജാവന്തി'യിൽ ഒട്ടേറെ കഥകളിപ്പദങ്ങൾ രചിക്കപ്പെട്ടിട്ടുള്ളതിനും ഇത്തരത്തിലുള്ള പ്രാദേശികമായ കാരണങ്ങൾ ഉണ്ടായിരിക്കാം എന്ന് നമ്മുടെ ഒരു സംഗീത പണ്ഡിതൻ അഭിപ്രായപ്പെടുന്നുണ്ട്.(6) ദക്ഷിണേന്ത്യയിൻ സംഗീതപദ്ധതിയിൽ വലിയ സ്ഥാനം ലഭിച്ചിട്ടില്ലാത്ത ഭാവസംഗീത ([illegible])ത്തിന് കഥകളിസംഗീതത്തിൽ പ്രമുഖ സ്ഥാനം ലഭിച്ചതിനു പിന്നിലും, ദാക്ഷിണാത്യമായ താളവ്യവസ്ഥ ഉപയോഗപ്പെടുത്തുമ്പോൾ തന്നെ അവയെ പുതിയ പേരുകൾ കൊണ്ട് സൂചിപ്പിക്കുന്നതിനു പിന്നിലും (ആദിതാളം-ചെമ്പട, രൂപകം - പഞ്ചാരി, അടതാളം - അടന്ത, മിശ്രചാപ്പ്-മുറിയടന്ത) ചരിത്രപരമോ, സാമൂഹികമോ ആയ കാരണങ്ങൾ കണ്ടെത്താൻ കഴിഞ്ഞെന്നുവരാം.

ഒരു പ്രത്യേക സംഗീതപദ്ധതിയുടെ രൂപീകരണത്തിനു പിന്നിലും, ഒരു സംഗീത പദ്ധതിയിലെ രാഗവ്യവസ്ഥയുടെ ക്രമീകരണത്തിനു പിന്നിലും ഇപ്രകാരം സാമ്പത്തിക ജീവിതമുൾപ്പെടെയുള്ള സാമൂഹ്യഘടകങ്ങൾ നിർണ്ണായകമായ പങ്കു വഹിക്കുന്നത് തിരിച്ചറിയുമ്പോൾ സംഗീതത്തിന്റെ കേവലതവും ചരിത്രബാഹ്യതയും തീർത്തും അന്തഃസാരശൂന്യമായ വാദഗതികളാണെന്ന് മനസ്സിലാക്കാൻ കഴിയും. വിപ്ലവാത്മകമായ മുതലാളിത്തത്തിന്റെ കലാപ വാസനകളെയും വീരനായകത്വത്തെയും ഉൾക്കൊണ്ട വ്യക്തി ബോധത്തിന്റെ സംഗീതമായിരുന്നു ബിഥോവന്റേത്. അതോടൊപ്പം തന്റെ വ്യക്തിജീവിതത്തിലെ തീവ്രവ്യഥകളും, ഏകാകിതയും, സാമൂഹ്യമായ അടിച്ചമർത്തലുകളും അദ്ദേഹം അതിൽ ഉൾച്ചേർക്കുകയും ചെയ്തു. പതിനെട്ടാം നൂറ്റാണ്ടിന്റെ ഒടുവിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി ജീവിച്ച ബിഥോവൻ (1770-1827) ആ അന്തരാള ഘട്ടത്തിന്റെ സമസ്ത സങ്കീർണ്ണതകളേയും തന്റെ സംഗീതത്തിലൂടെ ആവിഷ്ക്കരിച്ചു. കടലിരമ്പങ്ങളും, കൊടുങ്കാറ്റും, പൂനിലാവിന്റെ പുഞ്ചിരിയും നിറഞ്ഞുനില്ക്കുന്ന ആ സിംഫണികൾ ഒരു ചരിത്രഘട്ടത്തിന്റെ സ്വരവിന്യാസങ്ങളാണ്. ബിഥോവൻ മരിച്ച് ഏറെക്കാലം ജീവിക്കുകയും കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകൃതമാവുന്നതിന്റെ തലേവർഷം (1847) അന്തരിക്കുകയും ചെയ്ത ഭാരത സംഗീതചക്രവർത്തിയായ ത്യാഗരാജന്റെ കൃതികളിൽ നിറഞ്ഞു നിൽക്കുന്ന ഈശ്വരാന്വേഷണത്തിന്റേയും ഭക്തിയുടേയും പാരമ്യം യഥാർത്ഥത്തിൽ നാടുവാഴിത്ത ജീവിതക്രമത്തിന്റെ രാഗവിസ്താരങ്ങൾ കൂടിയാണ്. വ്യവസായവിപ്ലവത്തിന്റേയും മുതലാളിത്ത വത്കരണത്തിന്റേയും ദുഷ്ഫലങ്ങളെ പേറിനിന്ന ഒരു നൂറ്റാണ്ടിന്റെ സംഗീതമായിരുന്നു ബിഥോവിന്റേത്. അതിനാൽ അത് കലഹിക്കുകയും വിലപിക്കുകയും ചെയ്യുന്ന, പാരമ്പര്യത്തിന്റെ ശീലങ്ങളിൽ നിന്നും അടർന്നുമാറിയ വിപ്ലവാത്മകമായ സംഗീതമായിത്തീർന്നു. ബിഥോവനുശേഷവും ജീവിച്ച ത്യാഗരാജനാവട്ടെ താരതമ്യേന നിശ്ചലാവസ്ഥയിലാണ്ട് കഴിഞ്ഞിരുന്ന ഒരു സമൂഹത്തിൽ, പരമ്പരാഗതമായ ജീവിത(സംഗീത)മൂല്യങ്ങളെ പുനരുല്പാദിപ്പിക്കുന്ന വ്യവസ്ഥാസംവിധാനത്തിലാണ് ജീവിതം നയിച്ചത്. അതിനാൽ ബിഥോവന്റെ സംഗീതത്തിൽ നാം കാണുന്ന പ്രക്ഷുബ്ധതയും കൊടുങ്കാറ്റും നമുക്ക് ത്യാഗരാജസംഗീതത്തിലെ ത്രിമൂർത്തികളുടെ സംഗീതത്തിനും കാണാൻ കഴിയാതെ വരുന്നു. രാജാധിപത്യത്തേയും പള്ളിയേയും ഒരുപോലെ സേവിച്ച റിച്ചാർഡ് ബാക്കി (1685-1750) ന്റേതുപോലുള്ള സ്വച്ഛതനിറഞ്ഞ കാലമായിരുന്നില്ല, ബിഥോവിന്റേത്. വ്യവസായ വിപ്ലവാനന്തരമുള്ള അന്യവൽക്കരണത്തിന്റെ ഭീഷണിയെ ബാക്കിനും മൊസാർട്ടിനും അഭിമുഖീകരിക്കേണ്ടിയിരുന്നില്ല. കലാസംഗീതവും (Art or Classical music) നാടോടി സംഗീതവും (Folk music) ആണ് പരസ്പരബന്ധിതമായിരുന്നു അന്ന്. പള്ളിയിലെ സംഗീതം (Church music) നാടോടിഗാനങ്ങളെ ധാരാളമായി ഉപയോഗപ്പെടുത്തി. (7) അദ്ധ്വാനത്തിന്റെ ശകലീകരണം സംഭവിക്കാത്ത ആ ഉത്പാദനവ്യവസ്ഥകൾക്കകത്ത് അദ്ധ്വാനം ഏറെയൊന്നും അന്യവത്കൃതമായിരുന്നില്ല. ശാരീരിക അദ്ധ്വാനവുമായി ഗാഢബന്ധം നേടിയ നാടോടിസംഗീതത്തിന് യഥാർത്ഥത്തിൽ സാംസ്കാരികമായ അടിത്തറയും പാരമ്പര്യവും ഉണ്ടായിരുന്നു എന്നു പറയാം. വ്യവസായവൽക്കരണം വ്യവസായ തൊഴിലാളിക്ക് ജന്മം നൽകി. തൊഴിൽവിഭജനം നടപ്പിൽ വരുകയും ഉല്പാദനപ്രക്രിയയിൽ നിന്നുള്ള തൊഴിലാളിയുടെ അന്യവത്കരണം ആരംഭിക്കുകയും ചെയ്തു. ഒരേ സമയം വിനാശകരവും നിർമ്മാണാത്മകവുമായ ഈ ചരിത്രാനുഭവത്തിന്റെ മുഴക്കങ്ങളാണ് ബിഥോവിനിൽ നാം കേൾക്കുന്നത്. വ്യവസായവത്കൃതമായ മുതലാളിത്ത നാഗരികത സംഗീതജ്ഞനേയും കമ്പോളത്തിലെത്തിച്ചു. ഹൈഡനും മറ്റും നാടുവാഴിത്തത്തിന് കീഴ്പെട്ട്, അപമാനിതമായി



കഴിഞ്ഞിരുന്ന അവസ്ഥകളിൽനിന്നും ആധുനികയുഗം സംഗീതജ്ഞനെ മോചിപ്പിച്ചു. അതോടൊപ്പംതന്നെ കമ്പോളത്തിന്റെ ക്രൂരമായ വിപണനവ്യവസ്ഥകളിലേക്ക് അത് അവനെ ആനയിക്കുകയും ചെയ്തു. നാടുവാഴിത്തം സമ്മാനിച്ചത് അടിമത്തമാണെങ്കിൽ ആധുനിക മുതലാളിത്തം പട്ടിണിയും, സങ്കീർണ്ണമായ ജീവിതസമസ്യകളും, മഹായുദ്ധങ്ങളും മറ്റുമാണ് ആധുനികമനുഷ്യന് സമ്മാനിച്ചത്. ജീവിതത്തിന്റെ സങ്കീർണ്ണത സംഗീതത്തിന്റെ സങ്കീർണ്ണതയായി വെളിപ്പെടാൻ തുടങ്ങി. സ്ലോൺ ബർഗ്ഗിന്റെയും, സ്ട്രാവിൻസ്കിയുടേയും സംഗീതങ്ങളും ദുരൂഹതയിലേക്ക് നീങ്ങുന്നതും സംവേദനം സങ്കീർണ്ണസമസ്യയായിത്തീരുന്നതും ഈ ജീവിതസന്ധിയിലാണ്. ബിഥോവിന്റെ കാലത്തുണ്ടായിരുന്ന സാമൂഹ്യമായ നിഷേധാത്മകപ്രവണതകളുടെ വിദൂര ധ്വനികൾക്ക് മുഴക്കമേറുന്നതും അവ ഏറെ സമീപസ്ഥമാവുന്നതും സ്ട്രാവിൻസ്കിയുടേയും സ്ലോൺ ബർഗ്ഗിന്റെയും സംഗീതത്തിലാണ്.

താരതമ്യേന പരിവർത്തന രഹിതവും യാഥാസ്ഥിതികവും ആയി നിലനിന്ന കർണ്ണാടകസംഗീതത്തിലും ഇതുപോലുള്ള ചരിത്രാനുസാരിയായ പരിവർത്തനങ്ങൾ ഏറെ കാണാം. പശ്ചാത്യസംഗീതത്തിന്റെ ഗതി പരിണാമങ്ങളിലുള്ള സാമൂഹ്യ സ്വാധീനം പോലെ അത്രയേറെ പ്രത്യക്ഷമല്ല അത്. 'ഉദാത്തം' 'അനുദാത്തം' എന്നീ രണ്ടു സ്വരങ്ങൾ മാത്രമുള്ള അവസ്ഥയിൽനിന്ന് വളർന്ന്, 'സ്വരിതം' കൂടി ഉൾപ്പെട്ട് വികസിച്ച്, 'ഋഗ്വേദ കാലഘട്ടം', 'സാമഗാനകാലഘട്ടം', ' ഉപനിഷത്കാലഘട്ടം' എന്നീ ഘട്ടങ്ങളെല്ലാം പിന്നിട്ട്, മേളകർത്താ പദ്ധതിയിലൂടെ നമ്മുടെ കാലത്തോളം വന്നെത്തി നിൽക്കുന്ന



കർണ്ണാടകസംഗീതത്തിന് ആ നിലയിൽതന്നെ ചരിത്രവുമായുള്ള ഗാഢബന്ധം സ്പഷ്ടമാണ്. മാർഗ്ഗസംഗീതമെന്നും ദേശീയസംഗീതമെന്നും ഉള്ള വിഭജനം ഈ സാമൂഹ്യസ്വാധീനത്തിന്റെ പ്രബല സാന്നിദ്ധ്യം വെളിപ്പെടുത്തുന്നുണ്ട്. ഋഷി പ്രോക്തമായ മാഗ്ഗസംഗീതം കാലദേശസ്വാധീനങ്ങൾക്ക് വഴിപ്പെട്ട് സൃഷ്ടിക്കപ്പെട്ട വൈവിദ്ധ്യവും വൈചിത്ര്യവും നിറഞ്ഞ ദേശീയ സംഗീതമാണ് ഹിന്ദുസ്ഥാനിയും കർണ്ണാടകസംഗീതവും.(8)

കർണ്ണാടകസംഗീതത്തിലെ രാഗവ്യവസ്ഥകളുടെ പരിണാമവും, രാഗവിഭജനവും ചരിത്രത്തിന്റെ ധ്വനികളെ പേറി നിൽക്കുന്നുണ്ട്. ഗ്രാമം, മൂർച്ഛന, ജാതി എന്നീ കൽപ്പനകൾക്കും അവയുടെ ആവിഷ്ക്കാരങ്ങൾക്കും ചരിത്രപരമായ ഉള്ളടക്കമാണുള്ളത്. രാഗവ്യവസ്ഥകൾക്കും വർണ്ണങ്ങൾക്കും താനങ്ങൾക്കും ആസ്പദമായ ശുദ്ധവികൃതസ്വരങ്ങളുടെ സമൂഹമാണ് ഗ്രാമം. (9) പ്രാചീന സംഗീതത്തിൽ ഷഡ്ജഗ്രാമം, മദ്ധ്യമഗ്രാമം, ഗാന്ധാരഗ്രാമം എന്നീ മൂന്ന് ഗ്രാമങ്ങൾ നിലനിന്നിരുന്നു. എന്നാൽ ഇന്നത്തെ കർണ്ണാടകസംഗീതപദ്ധതിയിൽ ഷഡ്ജഗ്രാമം മാത്രമാണ് നിലനിൽക്കുന്നത്. ദേശീയസംഗീതത്തിന് അടിത്തറയായി മാറിയത് ഷഡ്ജഗ്രാമമാണ്. ഉത്തരേന്ത്യയിൽ നിലനിന്നിരുന്നതും, ആര്യൻമാർക്കിടയിൽ പ്രചാരം നേടിയതുമാണ് ഷഡ്ജഗ്രാമം. ദക്ഷിണേന്ത്യയിലെ ദ്രാവിഡർക്കിടയിൽ പ്രചാരം നേടിയത് മദ്ധ്യമഗ്രാമം ആയിരുന്നു.(10) ഇന്ത്യയിലെ ആര്യവൽക്കരണം പൂർത്തിയാവുകയും ബ്രാഹ്മണമേധാവിത്വത്തിൽ അധിഷ്ഠിതമായ നാടുവാഴിത്തം നിലവിൽ വരുകയും ചെയ്തതോടെയാണ് ഷഡ്ജഗ്രാമം ദക്ഷിണേന്ത്യൻ സംഗീതത്തിന്റെ ആധാരശിലയായി മാറിയത്. ദക്ഷിണേന്ത്യൻ സംഗീതത്തിലെ രാഗവ്യവസ്ഥകളുടെ രൂപീകരണം ഇപ്രകാരം പ്രബലമായ രാഷ്ട്രീയ മൂല്യങ്ങളെ ഉൾക്കൊണ്ടിട്ടുണ്ട്. മൂർച്ഛനകളെന്നും, ജാതികളെന്നും ആദ്യകാലത്ത് വിളിക്കപ്പെട്ട രാഗങ്ങൾ ആ പേരിൽ (രാഗം എന്ന പേരിൽ) അറിയപ്പെട്ടത് പിൽക്കാലത്താണ്. ഭരതമുനിയുടെ നാട്യശാസ്ത്രം രാഗങ്ങളെ ജാതികളായാണ് പരിഗണിക്കുന്നത്. വ്യത്യസ്ത സ്വരങ്ങളുടെ അടിസ്ഥാനത്തിലാണ് അന്ന് രാഗങ്ങളെ വെവ്വേറെ ജാതികളായി തിരിച്ചിരുന്നത്.(11) അടിസ്ഥാനരാഗങ്ങളായി പതിനെട്ട് രാഗമൂലജാതികളാണ് ഉണ്ടായിരുന്നത്.(12) രാഗങ്ങൾക്കുതമ്മിലുള്ള സാമ്യതകളെ അടിസ്ഥാനപ്പെടുത്തി ഗ്രാമരാഗങ്ങൾ, ഉപരാഗങ്ങൾ, ശുദ്ധരാഗങ്ങൾ, ഭാഷാരാഗങ്ങൾ, അന്തരഭാഷാരാഗങ്ങൾ എന്നിങ്ങനെ പല മാർഗ്ഗങ്ങളായി അവ വിഭജിക്കപ്പെട്ടു. കാലക്രമത്തിൽ ഈ രാഗവിഭജനപദ്ധതികൾ ഇല്ലാതായി. ജനക-ജന്യ അടിസ്ഥാനത്തിലുള്ള ആധുനികമായ രാഗവിഭജന സമ്പ്രദായം പിൽക്കാലത്ത് നിലവിൽ വരുകയും ചെയ്തു. പതിനെട്ടാം നൂറ്റാണ്ടിൽ 72 മേള കർത്താ പദ്ധതി നടപ്പിൽ വന്നതോടെയാണ് മേളകളുടെ ആരോഹണാവരോഹണങ്ങൾ ക്രമസമ്പൂർണ്ണങ്ങളാകണമെന്നും, ആരോഹണാവരോഹണങ്ങളിൽ ഒരേ വിധത്തിലുള്ള സ്വരങ്ങൾ വേണമെന്നും മറ്റുമുള്ള ക്ലിപ്തമായ നിയമങ്ങൾ നിലവിൽ വന്നത്.

## ഫലശ്രുതി

സാമൂഹികജീവിതത്തിന്റെ ഗതിക്രമങ്ങൾക്കൊത്ത്, അതേ അനുപാതത്തിൽ പരിണമിക്കുന്ന ഒന്നാണ് സംഗീതം എന്നല്ല ഈ പറഞ്ഞതിന്റെ പൊരുൾ. അത്തരമൊരു വിലയിരുത്തൽ യാന്ത്രികവും, കലയുടേയും ജീവിതത്തിന്റേയും സർഗ്ഗാത്മകതയുടെ നിഷേധവും ആയിരിക്കും. പക്ഷേ, കലയുടെ ആപേക്ഷിക സ്വാച്ഛന്ദ്യവും, സർഗ്ഗവൈഭവത്തിന്റെ ഏകാന്ത വിസ്മയങ്ങളും ഏറ്റവുമധികം നിറഞ്ഞു നിൽക്കുന്ന സംഗീതം എന്ന കലയും ചരിത്രത്തിന്റെ ഗംഭീരപ്രവാഹത്തെ ഉൾക്കൊള്ളുന്നുണ്ട് എന്ന് നാം തിരിച്ചറിയുകതന്നെ വേണം. ചരിത്രപ്രവാഹത്തിന്റെ ഏകാന്തതീരങ്ങളിൽ നിലകൊള്ളുന്ന കേവലവും സനാതനവുമായ വിശുദ്ധസാന്നിദ്ധ്യമല്ല സംഗീതം.

മാനവകുലത്തിന്റെ ഉദാത്തവും ഗംഭീരവും ആയ പദവിന്യാസങ്ങൾക്കൊപ്പം അതും ചുവടുവയ്ക്കുന്നു, കാലത്തിന്റെ മറുകരയിലേക്ക് ഒടുങ്ങാത്ത ഇച്ഛയുടെ നാദം കൊണ്ട് ലോകത്തെ പുതുക്കിപ്പണിയുന്നു. കെട്ടുപോയ സ്വപ്നങ്ങൾക്ക് തീ കൊളുത്തുന്നു. അപ്പോൾ മനുഷ്യാത്മാവിൽ വസന്തം വിടരുന്നു.


1. സൗന്ദര്യനിരീക്ഷണം - പ്രൊഫ. എം. പി. പോൾ
2. The Dance of Siva - Ananda Kumara Swamy
3. Philosophy of modern music - T. W. Adorn
4. സോഷ്യലിസ്റ്റ് കഥകൾ (അവതാരിക) - T. K. രാമചന്ദ്രൻ
5. Travancore Music and Musicians - T. Lakshmanan Pillai
6. കേരള സംഗീതം - എ.കെ. രവീന്ദ്രനാഥ്
7. Labour movement and Music - Hanns E isler
8. ദക്ഷിണേന്ത്യൻ സംഗീതം - എ.കെ. രവീന്ദ്രനാഥ്
9. സംഗീതചന്ദ്രിക - ആറ്റൂർ കൃഷ്ണപിഷാരടി
10. Studies in Indian Music - T. V. Subba Rao
11. ദക്ഷിണേന്ത്യൻ സംഗീതം - എ.കെ.രവീന്ദ്രനാഥ്
12. സംഗീതചന്ദ്രിക - ആറ്റൂർ.

# DIPLOMA IN COMPUTER STUDIES



University of Cambridge

Local Examinations Syndicate

INFORMATICS

COMPUTER INSTITUTE

# ബാക്കി പത്രം

ഇതെല്ലാം അമ്മക്ക്
എന്റെ
വിയർപ്പു പറ്റിയ ഉടുപ്പുകൾ
എന്നെയോർത്തുകരയുമ്പോൾ
നെഞ്ചോടു ചേർക്കാൻ
ഇതാ
ഇതച്ഛന്
ചിലവിന്റെയും വരവിന്റെയും
കളങ്ങൾക്കപ്പുറം മണ്ടിനടക്കാൻ
അനിയന് ചിത്രപുസ്തകം
വെറുതെ മറിച്ചുനോക്കാൻ
അനിയത്തിക്കായി വളപ്പൊട്ടുകൾ
എന്റെ തലയിണ നിനക്കുതന്നെ
ചെപ്പിലെ നാണയമവന്
ചിതകൊളുത്തുന്നതിന് കൂലി
ദാ - യിത് കൂട്ടുകാർക്ക്
കട്ടിയുള്ള, വിലയുള്ള പുസ്തകം
എട്ടനെന്റെ കുട
ഇതു നിനക്ക്
എന്റെ മനസ്സ്
പഴയ കത്തുകളുടെ ചാരം
ചിത്രപ്പണിയുള്ള തുണി.



മഞ്ജു . ബി. നായർ
രണ്ടാം വർഷ ജന്തുശാസ്ത്രം

# മഴത്തുള്ളികൾ

മഴ തോർന്നിട്ട് ഏറെയായിട്ടില്ല എന്ന് തോന്നുന്നു. ഇടവഴിക്കരികിൽ ഇടതൂർന്നു നില്ക്കുന്ന ഇല്ലിക്കാടുകളിൽ നിന്ന് മഴത്തുള്ളികൾ വീഴുന്നത് കേൾക്കാം. അയഥാർത്ഥമായൊരു താളാത്മകത ആ തുള്ളികളിൽ തുടിച്ച് നിൽക്കുന്നതായി അയാൾക്ക് തോന്നി. വളർച്ചയുടെ പടവുകളിൽ മരണത്തെ മുഖാമുഖം കണ്ടപ്പോഴും മഴയുടെ സാന്നിധ്യം ഒരു സാന്ത്വനം പോലെ തനിക്കൊപ്പം നിന്നിരുന്നല്ലോ. പൊക്കിൾക്കൊടിയറ്റതിലുള്ള ദുഃഖം ഒരു പൊട്ടിക്കരച്ചിലായി മഴയുടെ ഇരമ്പലിൽ അലിഞ്ഞില്ലാതായത് ഓർത്തുപോയി.

ഇരുട്ടും ഈർപ്പവും ഇഴുകി നിന്ന ഇടവഴിയിലൂടെ അടിതെറ്റാതെ പോകുക ഉദ്ദേശിച്ച യത്ര ക്ലേശകരമായിരുന്നില്ല. ഏതോ അദൃശ്യശക്തി മുന്നോട്ട് തള്ളുന്നതായി അയാൾക്ക് തോന്നി. ആദ്യമൊക്കെ ചുമലിലെ ഭാരത്തിന് ഒരു തുവലിന്റെ ഭാരമേ തോന്നിയുള്ളു. ഓരോ അടി വയ്ക്കുമ്പോഴും ചുമലിലെ ഭാരം ഏറി വരുന്നതായി അയാൾക്ക് തോന്നി. അതോ തന്റെ തോന്നലാണോ? കോടിയിൽ പൊതിഞ്ഞ ഈ ഭാരം മലഞ്ചെരുവിലൂടെ ഊർന്നിറങ്ങുന്ന ഹിമ പർവ്വതത്തെപ്പോലെ വലുതാകുകയാണോ? മുളങ്കോണിയുടെ മറ്റു മൂന്നറ്റങ്ങൾ ചുമക്കുന്നവർക്കും ഈ ഭാരക്കൂടുതൽ അനുഭവപ്പെടുന്നുണ്ടാവുമോ? ചുമലിലെ ഭാരത്തിൽ നിന്ന് ശ്രദ്ധ തിരിക്കാൻ അയാൾ വഴിയരികിൽ തിങ്ങിനിൽക്കുന്ന മുളങ്കൂട്ടങ്ങളെക്കുറിച്ചോർത്തു. ആകാശം മേഘാവൃതമായിരിക്കുന്നു. ഒരു പകുതി ചന്ദ്രന്റെ വിളർന്ന മുഖം കാറ്റിലോടുന്ന മേഘങ്ങൾക്കിടയിൽ ഒളിഞ്ഞും തെളിഞ്ഞും കാണാം.

എത്ര നേരം കാത്തിരുന്നുവെന്നറിഞ്ഞുകൂടാ. കാത്തിരുന്ന് കണ്ണ് കഴച്ചപ്പോൾ മയങ്ങിയെന്ന് തോന്നുന്നു. ഉണർന്നപ്പോൾ അകലെ വെള്ള പൊട്ടിയിരുന്നു. മഴക്കാറൊഴിഞ്ഞ ആകാശത്തിൽ നക്ഷത്രങ്ങൾ തിളങ്ങുന്നു. ഇടവഴി ഇനിയും അവസാനിക്കുന്നില്ല. ചുമലിലെ ഭാരം കൂടുക തന്നെയാണ്. ഭാരം ചുമക്കുന്ന മറ്റ് മൂന്നു പേർ മൗനമാണ്. അവർക്കെന്തെങ്കിലും സംസാരിക്കാമായിരുന്നു. ഇടവഴിയുടെ ഓരങ്ങളിൽ തട്ടി അവരുടെ കാലൊച്ചയുടെ പ്രതിധ്വനി കേൾക്കാം. അതോ തന്റെ തന്നെ ചുവടുവയ്പുകൾക്കാണോ മാറ്റൊലിയുണ്ടാവുന്നത്?

ഇല്ലിക്കൂട്ടത്തിൽ കാറ്റിളകിയെന്ന് തോന്നുന്നു. മഴത്തുള്ളികൾ തുരുതുരെ വീണു. അദൃശ്യമായ ഏതോ കൈകൾ ഒരു പിടി ചരൽ വാരയെറിഞ്ഞതുപോലെ.

കോടിക്കച്ച നനഞ്ഞ മണമുയർന്നു.

പച്ച മുളയുടെയും, കോടിയുടെയും, മഴയുടെയും കൂടിക്കലർന്ന മണം....ജീർണ്ണതയുടെ....... മൃതിയുടെ....... ഭാരം വീണ്ടും ഇരട്ടിച്ചുവോ ? ഇരുളിന്റെ സാന്ദ്രത, നേർത്ത വെളിച്ചത്തിന്റെ ഒരു വൃത്തമായകലെ കാണാം.

ചുമലൊന്ന് മാറ്റാതെ വയ്യെന്നായി.

മുക്തിയുടെ കവാടം ഇനിയും അകലെ.

പെയ്തു കല്ലിൽ വാരിയൊലിച്ചുണ്ടായ വെള്ളത്തിൽ ഇളം ചൂട്.

ആ ഊഷ്മളത നുകർന്ന് കൊണ്ട് തവളകളുടെ സംഘഗാനം.

തൊട്ടടുത്ത് ചുമലൊപ്പിച്ച് നടന്നിരുന്ന ആൾ തവളകളുടെ വഴുപ്പുള്ള മുതുകിൽ ചവിട്ടി താഴെ വീണുവെന്ന് തോന്നുന്നു. അല്ലെങ്കിൽ മഞ്ചത്തിന്റെ ഭാരം വീണ്ടും ഇരട്ടിച്ചതാവാം. ഇല്ലിമുളകളുടെ സൂചിയിലകൾക്കിടയിലൂടെ ആകാശത്തിന്റെ നുറുങ്ങുകൾ കാണാം.

കാൽ വഴുതിയപ്പോൾ ഇടവഴിയുടെ ചുമരിൽ കൈപിടിച്ചു. പൂപ്പലിന്റെ മാർദ്ദവം വിരൽത്തലപ്പിൽ. ഏതോ ശൈശവ സ്മൃതിയുടെ ഓർമ്മകൾ പിറകോട്ട്. അപ്പോഴും കാലുകൾ ഇടറിയിടറി മുന്നോട്ടു തന്നെ. പിന്നിലുണ്ടായിരുന്ന രണ്ടു പേരും വഴുതി വീണിരിക്കണം. ഇപ്പോൾ ഭാരമത്രയും തന്റെ ചുമലിൽ തന്നെ. ക്ഷീണിച്ച മനസ്സിൽ ചികിചികഞ്ഞു നോക്കി. ആരായിരുന്നു കൂടെയുണ്ടായിരുന്നുത് ?.

ഒരു മുഖഛായ പോലും ഓർമ്മിക്കാനാവുന്നില്ല. കാറ്റും വെളിച്ചവും മേഘരഹിതമായ ആകാശവും ഇനിയും ദൂരെ ?.

കൈകാലുകൾ തളരുന്നു.

ചുമലിലെ ഭാരം വർദ്ധിക്കുന്നു.

പെട്ടന്നോർമ്മിക്കാൻ ശ്രമിച്ചു. ആരുടെ ജഢമാണ് താൻ ചുമക്കുന്നത് ?

കത്തിച്ച നിലവിളക്കിന്റെ പ്രകാശവൃത്തം മുഖത്തിനു ചുറ്റും പരിവേഷമണച്ചിരുന്നു. ആ തിളക്കത്തിൽ മുഖഛായ മനസ്സിൽ തെളിഞ്ഞില്ല.

ഈ ഇടവഴിയിലെ ഇഴുകുന്ന ഇരുട്ടിൽ ആ മുഖം കാണണമെന്ന് തോന്നി. പതുക്കെ ഭാരം താഴെയിറക്കി.

മഴത്തുള്ളികൾ വീണ് നനഞ്ഞിരുന്ന കോടി മാറ്റി. സൂചിയിഴകളിലൂടെ പെട്ടെന്ന് ഊർന്ന് വീണ വെളിച്ചത്തിന്റെ ധൂളികളിൽ ആ മുഖം എനിക്ക് വ്യക്തമായി കാണാം.

അതേ എന്റെ മുഖം.


എലിയാസ്. കെ. എം.
II BA Economics

## പകിട കളിക്കുന്ന
# പരിഷ്ക്കാരങ്ങൾ

പ്രൊഫ. ജോയ് ജോബ് കുളവേലിൽ



ഇവിടെ ദുശ്ശാസനവേഷങ്ങൾ ആടിത്തിമിർക്കുകയാണ്.
ഇല്ലാത്തവന്റെ മേൽ താണ്ഡവം തുടരുകയാണ്
വിദ്യാഭ്യാസരംഗത്ത് അതിന്റെ അടിസ്ഥാന മൂല്യങ്ങൾ പോലും തകർത്തെറിയപ്പെടുന്നു.
വിദ്യാഭ്യാസരംഗത്തെ സമീപകാലത്തെ ചില നടപടികളെ സംബന്ധിച്ച്
വിദ്യാഭ്യാസതല്പരനായ എം.ജി.യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പറായിരുന്ന
ലേഖകൻ നിയമദൃഷ്ടിയിൽ ഒരു വിചിന്തനം നടത്തുകയാണിവിടെ.

അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, ആന്ധ്ര മുഖ്യമന്ത്രിമാർക്ക് 1992-ൽ രാജിവയ്ക്കേണ്ടിവന്ന സാഹചര്യം നമ്മിൽ പലരും മറന്നിരിക്കും. മെഡിക്കൽ, എഞ്ചിനിയറിംഗ്, ഡെന്റൽ, ബി.എഡ്. എന്നിങ്ങലെ ബന്ധുമിത്രാദികൾക്കും സുഹൃത്തുക്കൾക്കും കോളേജുകൾ അനുവദിച്ചത് സുപ്രീംകോടതി നിയമവിരുദ്ധമായി കാണുകയും റദ്ദാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലായിരുന്നു രാജി. 1987-ൽ പാർലമെന്റ് പാസ്സാക്കിയ ആക്ട് പ്രകാരം മുൻകൂർ അനുവാദം (prior permission) വാങ്ങിയായിരിക്കണം പ്രഫഷണൽ കോളേജുകൾ ആരംഭിക്കേണ്ടത്. ഉദാഹരണത്തിന് സാങ്കേതിക വിദ്യാഭ്യാസമേഖലയിൽ ആൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെ മുൻകൂർ അംഗീകാരമില്ലാതെ (AICIE) എഞ്ചിനിയറിംഗ് കോളേജുകൾ കോഴ്സുകൾ ആരംഭിക്കരുതെന്ന് വ്യക്തമായ നിയമമുണ്ട്. മെഡിക്കൽ കോളേജ് തുടങ്ങണമെങ്കിൽ ഓൾ ഇന്ത്യാ കൗൺസിൽ ഫോർ അഗ്രിക്കൾച്ചർ റിസർച്ചിന്റേയും മുൻകൂർ അനുവാദം ആവശ്യമുണ്ട്. ഈ നിയമങ്ങൾ ഫലിക്കാതെ വന്നപ്പോൾ കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും, മുഖ്യമന്ത്രിമാർക്ക് രാജിവെച്ച് പുറത്തുപോകേണ്ടിവരുകയും ചെയ്തു.

1993-ൽ കേരള സർക്കാരും, എം.ജി.സർവ്വകലാശാലയും ഇതേ നിയമങ്ങളെ കാറ്റിൽ പറത്തി. കർണ്ണാടക ആന്ധ്ര മോഡൽ ഉണ്ടായിരുന്നിട്ടും ഇത് കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടില്ല എന്നത് നിർഭാഗ്യകരമാണ്. നമ്മൾ ഒരു ആലസ്യത്തിലാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ആവശ്യമായ സമയത്ത് പ്രതികരിക്കാതിരുന്നതിനു കൊടുക്കേണ്ടിവരുന്ന വിലയാണ് 71 അൺ എയ്ഡഡ് കോളേജുകൾ.

1993-ൽ സർക്കാർ ആരംഭിച്ച ചെങ്ങന്നൂർ, കാസർകോട് സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകളും, എം.ജി. വാഴ്സിറ്റിയുടെ സെന്ററുകളും സാധിച്ചെടുത്തതിന്റെ അഹന്ത കൊണ്ടാണ് 1994-ൽ സകല നിയമങ്ങളും അവഗണിച്ച് വിദ്യാഭ്യാസത്തെ വാണിജ്യവൽക്കരിക്കുന്നത്. ഇത് ഈ സംസ്ഥാനത്തിന്റെ ദീർഘകാലതാല്പര്യങ്ങൾക്ക് അനുസൃതമല്ലെന്ന് വിവരമുള്ളവരെല്ലാം പറയുന്നുണ്ടെങ്കിലും അവയെല്ലാം ബധിരകർണ്ണങ്ങളിലാണ് പതിയുന്നത്.

ആവശ്യമായ സമയത്ത് പ്രതികരിക്കാതിരുന്നതിനു കൊടുക്കേണ്ടിവരുന്ന വിലയാണ് 71 അൺ എയ്ഡഡ് കോളേജുകൾ.

ഇവിടെ സ്ഥാപിക്കേണ്ട ഒരു പ്രധാന കാര്യം ഭരണാധികാരികൾ നിയമത്തിന് അധീതരല്ലെന്നും, അജ്ഞത നടിച്ച് നിയമങ്ങളെ തെറ്റായി വ്യാഖ്യാനിച്ച് തങ്ങളുടെ ഇഷ്ടംപോലെ ചെയ്യാമെന്നുള്ള ധാർഷ്ട്യം നടപ്പില്ലെന്നുമാണ്. ഭരണക്കാരുടെ നിയമനിഷേധത്തിന്റെ ചുരുൾ നിവർത്തിയാൽ വളരെ എളിയ തുടക്കമായിരുന്നു എന്ന് കാണാം. നിലവിലുള്ള കേരള-കോഴിക്കോട് സിൻഡിക്കേറ്റുകൾ നാലുകൊല്ലം കാലാവധി പൂർത്തിയാക്കിയപ്പോൾ 1992-ൽ പിരിച്ചുവിട്ട് ഓർഡിനൻസിലൂടെ ഇടക്കാല സംവിധാനങ്ങൾ ഉണ്ടാക്കാമായിരുന്നിട്ട് അത് ചെയ്തില്ല. അതേ സമിതികൾ ഇന്നും തുടരുന്നു. സർവ്വകലാശാല നിയമങ്ങളോടും ജനാധിപത്യസംവിധാനങ്ങളോടും ഇരുത്തം വന്ന ഒരു ഭരണാധികാരിയുടെ സമീപനമാണ് വിദ്യാഭ്യാസമന്ത്രി സ്വീകരിച്ചതെന്ന് കരുതിയ ധാരാളം വിദ്യാഭ്യാസപ്രവർത്തകരുണ്ട്. സമൂഹത്തിന്റെ ഗുഡവിൽ ഇതുവഴി നേടി എന്നു പറഞ്ഞവരുമുണ്ട്. ഏതായാലും അദ്ദേഹം സ്കോർ ചെയ്തു എന്നു പറഞ്ഞതു 1992-ലെ കഥയാണ്".

ഇന്ന് സംഗതികൾ തകിടം മറിഞ്ഞിരിക്കുന്നു. ഇന്നദ്ദേഹം സർവ്വകലാശാലാ നിയമങ്ങളോടും, കീഴ്വഴക്കങ്ങളോടും എടുക്കുന്ന സമീപനം എത്രയോ വ്യത്യാസമാണ്. തുടക്കത്തിൽ നല്ല പിള്ള ചമഞ്ഞ് അദ്ദേഹത്തിന് ഒരു ലക്ഷ്യം നേടാനുണ്ടായിരുന്നു എന്നതുകൊണ്ടാണ്. അതാണ് "ദി കേരള യൂണിവേഴ്സിറ്റീസ് ബില്ല് 1993". അദ്ദേഹം ഈ ഏകീകൃത നിയമത്തെ വളരെ അവധാനതയോടെയാണ് സമീപിച്ചത്. സമന്വയത്തിന്റെ വഴികളാണ് സ്വീകരിച്ചത്. ഒപ്പം അനാവശ്യമായ തിടുക്കവും, ആവേശവും എല്ലാം ഒഴിവാക്കി. വിശ്വാസ്യത നഷ്ടപ്പെട്ട പരീക്ഷാസംവിധാനങ്ങൾ, വൈകുന്ന പരീക്ഷാഫലങ്ങൾ, കാലഹരണപ്പെട്ട കോഴ്സുകൾ, പാഠ്യപദ്ധതികൾ, ഇങ്ങനെ ഒട്ടുവളരെ കാര്യങ്ങൾ അദ്ദേഹത്തിന്റെ ബില്ലിനു സഹായകമായി ഉണ്ടായിരുന്നു. നേടിയെടുക്കാനുള്ള ഒരു പുതിയ സ്വർഗ്ഗം അദ്ദേഹത്തിന്റെ ബില്ലിന്റെ കൂട്ടിച്ചേർക്കപ്പെട്ട ആകർഷണമായി. തുല്യതയും സാമൂഹ്യനീതിയും, പ്രതിഭാകേന്ദ്രങ്ങളും പ്രതിഭാപ്രോത്സാഹനവും, സർവ്വകലാശാലാ വ്യവസായബന്ധങ്ങൾ, സഹിഷ്ണുതയും ധാരണയും,തുടങ്ങി

ആരേയും മോഹിപ്പിക്കുന്ന വാഴ്സിറ്റി ലക്ഷ്യങ്ങൾ അദ്ദേഹം വരച്ചുകാണിച്ചു. കൂടാതെ പ്രോചാൻസലർ മന്ത്രിക്ക് അമിതാധികാരം കൂട്ടിച്ചേർക്കാനും അദ്ദേഹം മറന്നില്ല.

ശ്രദ്ധാപൂർവ്വം കാര്യങ്ങൾ നീക്കിയ മന്ത്രി ആക്ടിന്റെ 14-ാം അദ്ധ്യായത്തിൽ പലവകയായി (Miscellaneous) ഒരു ക്ലോസ് ചേർത്തിരിക്കുന്നു. അതാണ് റിസോഴ്സ് ജനറേഷൻ. വാഴ്സിറ്റികൾക്കും കോളേജുകൾക്കും വിഭവസമാഹരണത്തിന്റെ പുത്തൻ ടെക്നോളജി ഓതിക്കൊടുക്കുന്ന മന്ത്രമാണിത്. സ്വാശ്രയത്തിന് പുതിയ നിർവ്വചനം കൊടുത്തിരിക്കുന്നത് ഇതിലൂടെയാണ്. സ്വാശ്രയം എന്ന ക്ലോസ് പിന്നാമ്പുറങ്ങളിൽ ചേർത്തതിന്റെ കാരണം ഉപേക്ഷിക്കപ്പെട്ട കല്ല് മൂലക്കല്ലാകുമെന്നുള്ള അറിവ് വിദ്യാഭ്യാസമന്ത്രിക്ക് ഉള്ളതുകൊണ്ടാണ്. ഈ ഉപേക്ഷിക്കപ്പെട്ട കല്ലുകൊണ്ടാണ് മന്ത്രിയും, വി.സി.മാരും സാധാരണക്കാർക്ക് അപ്രാപ്യമായ വിദ്യാഭ്യാസ സംവിധാനങ്ങൾ കെട്ടിപ്പൊക്കുന്നത്. ഈ ഉപേക്ഷിക്കപ്പെട്ട കല്ല് കൂട്ടിച്ചേർത്ത് ഏകീകൃത നിയമം അംഗീകരിച്ചെടുപ്പിക്കാൻ നടത്തിയ ശ്രമങ്ങൾ വിജയിച്ചില്ല. വ്യാപകമായ എതിർപ്പുകളെ നേരിടേണ്ടിവന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിയമം മരവിപ്പിച്ചിരിക്കുകയാണ്. വാഴ്സിറ്റി സമിതികളിലേക്ക് തെരഞ്ഞെടുപ്പ് നടത്താനുള്ള ജനാധിപത്യവൽക്കരിക്കപ്പെട്ട സ്വയംഭരണത്തിനു വഴി ഒരുക്കുമെന്ന് പ്രതീക്ഷിക്കുന്നെങ്കിൽ തെറ്റുപറ്റി. ഏകീകൃതമാരണം തൽക്കാലം ഒഴിഞ്ഞുപോയി എന്ന് ആശ്വസിക്കുന്നവർക്കും പറ്റിയത് തെറ്റുതന്നെ. ഏകീകൃത നിയമസംരംഭം മരവിപ്പിച്ചെങ്കിലും ഇതുവഴി എന്താണോ ഉദ്ദേശിച്ചത് അത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ് വിദ്യാഭ്യാസമന്ത്രി. സ്വാശ്രയം എന്ന വാക്ക് അദ്ദേഹത്തിന് പ്രിയങ്കരമാണ്. ഈ വാക്കിനു പുതിയ അർത്ഥതലങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്.

തന്ത്രപരമായും, നിശബ്ദമായും നടത്തിയ ഈ പരീക്ഷണത്തിൽ സാധുവായി കരുതപ്പെട്ടയാൾ സാഹസികനാകുകയായിരുന്നു. സർക്കാർ ഉടമയിൽ ചെങ്ങന്നൂരും കാസർക്കോടും അദ്ദേഹം ആരംഭിച്ച സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഇന്നിപ്പോൾ വളാഞ്ചേരിയിൽ എം.ഇ.എസ്സ്. ഉടമയിലുള്ള എഞ്ചിനീയറിംഗ് കോളേജായി വളർത്തിയ കഥ മറ്റൊരു വിദ്യാഭ്യാസമന്ത്രിയുടെ ക്രെഡിറ്റിലും കാണില്ല. ഈ നൂതനപരീക്ഷണങ്ങളിലൂടെ അദ്ദേഹം ചില ഉൾക്കാഴ്ചകൾ ഉന്നതവിദ്യാഭ്യാസമേഖലക്ക് നൽകി. ഇതിൽ ഏറ്റവും പ്രധാനം വാഴ്സിറ്റികൾക്ക് പിൻബലമില്ലാതെ സെൽഫ് ഫൈനാൻസിംഗ് എന്ന സ്വാശ്രയസംവിധാനം വികസിപ്പിച്ചെടുക്കുന്നതിനുള്ള പുരസ്കാരം ഏതെങ്കിലും പുതുലോകക്രമ ഏജൻസികൾ (new world order) നമ്മുടെ വിദ്യാഭ്യാസമന്ത്രിക്ക് നൽകാതിരിക്കില്ല. വളയം ഇല്ലാതെയുള്ള മന്ത്രിയുടെ ചാട്ടം മാതൃകയായി എടുത്ത് കുതിച്ചു ചാടുന്ന വി.സി.മാർ നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസ സംവിധാനത്തെ വരേണ്യവൽക്കരിക്കാൻ കൂട്ടുനിൽക്കുന്നു. സർവ്വകലാശാലാ ആക്ട്, സ്റ്റാറ്റ്യൂട്ട്, റെഗുലേഷൻസ്, റൂൾസ്, ബൈ-ലോസ് തുടങ്ങിയ നിയമങ്ങൾ പാലിക്കുകയും അതിന്റെ കസ്റ്റോഡിയൻമാരായി വർത്തിക്കുകയും ചെയ്യേണ്ടതാണ് വി.സി.മാർ. നിയമപരമായും, ധാർമ്മികമായും ഇതിനുള്ള ഉത്തരവാദിത്വം ഇവർക്കുണ്ട്. പക്ഷെ സർക്കാർ നിയമം ഭേദിക്കുന്നത് പച്ചക്കൊടിയായി കരുതാൻ മാത്രമേ ഈ ഹ്രസ്വദൃഷ്ടികൾക്ക് കഴിയുന്നുള്ളൂ. ഇതിന്റെ ഫലമായി സർവ്വകലാശാലകളിൽ നിയമലംഘന പരമ്പര തന്നെ നടക്കുന്നു.

വിദ്യാഭ്യാസമന്ത്രിയും വി.സി.മാരും ചില കാര്യങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്. വാഴ്സിറ്റി നിയമങ്ങളുടെ നിർമ്മാതാക്കൾ ജനങ്ങളാണ്. അവരാണ് സർവ്വകലാശാലകൾക്ക് സാമൂഹ്യനിയന്ത്രണം ഏർപ്പെടുത്തിയതും, വിദ്യാഭ്യാസത്തിൽ ജനാധിപത്യം നടപ്പാക്കിയതും. ഇങ്ങനെ ഉണ്ടായ നിയമങ്ങൾ ഒക്കെ രൂപപ്പെട്ടുവന്നത് വളരെക്കാലത്തെ ചിട്ടപ്പെടുത്തലുകൾ നടത്തിയിട്ടാണ്. ഇതിന് കനത്ത വില നൽകുകയും ധാരാളം ത്യാഗങ്ങൾ സഹിക്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണമായി കുട്ടികളുടെ പ്രവേശനവുമായി ബന്ധപ്പെട്ട് നിലനില്ക്കുന്ന ചില മാതൃകകൾ ഉണ്ട്. മെറിറ്റ്, കമ്മ്യൂണിറ്റി ക്വോട്ട, മാനേജുമെന്റ് ക്വോട്ട, റിസർവേഷൻ എന്നിങ്ങനെ സ്വകാര്യസ്ഥാപനങ്ങളിലും പ്രവേശന നിയമങ്ങൾ ഉണ്ട്. സർക്കാരും സർവ്വകലാശാലകളും കൂടി ഈ ബാലൻസ് തകർത്തു. ഇവരുടെ സ്വാശ്രയ ഇടപാടിൽ മെറിറ്റ് എന്നൊരു ഇടപാടില്ല. മറിച്ച് 90 ശതമാനം പേയ്മെന്റ് സീറ്റും 10 ശതമാനം റിസർവേഷനുമാണ്. ഇങ്ങനെ 90 ശതമാനം വില്ക്കുന്നു എന്ന അറിവ് സാധാരണജനങ്ങൾക്കില്ല. വളരെ ഗോപ്യമായി നടത്തിവരുന്ന ഒരു ജനദ്രോഹ നടപടി ആണിത്.

സ്വാശ്രയത്തിൽ മാത്രമാണ് നിയമം നിഷേധിക്കപ്പെടുന്നതെന്ന് കരുതരുത്. പുത്തൻ സ്ഥാപനങ്ങൾക്കൊപ്പം തന്നെ നടത്തിവരുന്ന പരീക്ഷാ പരിഷ്ക്കാരങ്ങൾ, സിലബസ്സുമാറ്റം, പുസ്തകങ്ങളുടെ ശുപാർശകൾ, ഫീ വർദ്ധന, കോഴ്സുകളുടെ നിയമപരമായ സൃഷ്ടി എന്നിങ്ങനെയുള്ള കാര്യങ്ങൾ ബോർഡ് ഓഫ് സ്റ്റഡീസും,

ഫാക്കൽറ്റികളും, അക്കാഡമിക് കൗൺസിലുകളും ഒന്നും അറിയാതെ വളഞ്ഞ വഴിക്ക് ഭരണഘടനാതീത ശക്തികൾ കൈകാര്യം ചെയ്യുന്നു. എവിടെയോ എന്തോ പിശകുണ്ടെന്നതു മാറ്റി ഇവിടെ എല്ലാം പിശകാണെന്നു തിരുത്താൻ പഠിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്തു നടത്താൻ ശ്രമിച്ച വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾക്ക് ജനങ്ങൾ നൽകിയ മറുപടിയെക്കാൾ എത്രയോ ശക്തമായ തിരിച്ചടി പുത്തൻ നയങ്ങൾ നൽകുമെന്ന് അറിവില്ലാഞ്ഞിട്ടല്ല. മറിച്ച്, ഈ വംശം ഇനി ഒരിക്കലും നാടു ഭരിക്കില്ലെന്നുള്ള അറിവാണ് ഇപ്രകാരം ചെയ്യാനുള്ള കാരണം. സർവ്വനാശം വിതച്ചു കടന്നു പോകുകയാണിവർ.

എൻ. ധന്യയെന്ന സാധാരണ പെൺകുട്ടിയും അവളുടെ അച്ഛൻ നാരായണൻ ആചാരിയും ചേർന്ന് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ധനാർ"ജ്ജിത മോഹത്തിന് കടിഞ്ഞാൺ ഇട്ട കഥ വിദ്യാഭ്യാസതല്പരരെ കുറച്ചൊന്നുമല്ല ആഹ്ലാദചിത്തരാക്കുന്നത്. ഈ വിദ്യാർത്ഥിനിക്ക് സർവ്വകലാശാലയുടെ സ്വയം ധനാർജ്ജിത മെഡിക്കൽ സ്ക്കൂളിൽ ഒരു സീറ്റ് ഫ്രീ ആയി നൽകുവാനും, അമിതമായുള്ള ഫീ ഇവരിൽ നിന്ന് ഈടാക്കരുതെന്നും ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധി പ്രസ്താവിച്ചത് ഇക്കഴിഞ്ഞ ദിവസമാണ്.

ധന്യ സർവ്വകലാശാലയുടെ സെൽഫ് ഫൈനാൻസിംഗ് മെഡിക്കൽ സ്കൂളിൽ ബി.എസ്സി നേഴ്സിംഗിനു അപേക്ഷകയായിരുന്നു. സ്കൂൾ നടത്തിയ എൻട്രൻസ് ടെസ്റ്റിൽ ഒ.ബി.സി. വിഭാഗത്തിൽ ഒന്നാം റാങ്ക് കിട്ടിയ കുട്ടിയാണിവൾ. റാങ്ക് കിട്ടിയെങ്കിലും പ്രവേശനം നിഷേധിക്കപ്പെട്ടു. കാരണം 50,000 രൂപ്പിക ഡിപ്പോസിറ്റ് ചെയ്യാൻ ഇവർക്ക് കഴിയുമായിരുന്നില്ല. കൂടാതെ ഓരോ സെമിസ്റ്ററിലും (ആറുമാസം) 8,000 രൂപ്പിക ട്യൂഷൻ ഫീ നൽകണം. ആകെ എട്ട് സെമിസ്റ്ററുകളാണുള്ളത്. അങ്ങനെ ട്യൂഷൻ ഇനത്തിൽ 64,000 രൂപ്പിക നൽകണം. ഇവരുടെ വാർഷിക വരുമാനം 10,000 രൂപ്പികയിൽ താഴെമാത്രമാണ്. ജസ്റ്റീസ് ശ്രീ കൃഷ്ണമൂർത്തി മുൻപാകെ ഇവർ അന്യായം ഫയൽ ചെയ്തു. കേസിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ കേസ് ഡിവിഷൻ ബെഞ്ചിനു റഫർ ചെയ്യുകയുണ്ടായി. ഡിവിഷൻ ബെഞ്ച് ഈ സാധു കുട്ടിയുടെ രക്ഷക്കെത്തുകയാണുണ്ടായത്.

ഈ വിധിക്ക് ആധാരമായ മറ്റൊരു സുപ്രീം കോടതി വിധിയുണ്ട്. 1993 ലാണ് ഈ സംഭവം നടന്നത്. ഉണ്ണി കൃഷ്ണൻ എന്നൊരാളും ആന്ധ്ര സംസ്ഥാനവും തമ്മിൽ പ്രൊഫഷണൽ കോളേജ് പ്രവേശനത്തിലുണ്ടായതാണീവിധി. കാപ്പറ്റേഷൻ സംരക്ഷകർക്കും വിദ്യാഭ്യാസ കച്ചവടക്കാർക്കും ഈ വിധി ഒരു തിരിച്ചടിയായി കണക്കാക്കപ്പെടുന്നു. ഇതനുസരിച്ച് 50 ശതമാനം സീറ്റ് മെറിറ്റ് അടിസ്ഥാനത്തിൽ ഫ്രീ സീറ്റാണ്. (കോഴ കൊടുക്കണ്ട). ഇതിൽ റിസർവേഷൻ സീറ്റുകളും പെടും. ബാക്കി 50 ശതമാനം പേയ്മെന്റ് സീറ്റുകളാണ്. ഈ രണ്ടുതരം സീറ്റുകളിലും പ്രവേശനം നടത്തേണ്ടത് എൻട്രൻസ് ടെസ്റ്റ് നടത്തി തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നായിരിക്കണം. പേയ്മെന്റ് സീറ്റെന്നു പറഞ്ഞാൽ വിദ്യാഭ്യാസത്തിനുള്ള ചിലവ് കുട്ടികൾ വഹിക്കണം. സർക്കാർ സബ്സിഡി ഇല്ല എന്നർത്ഥം. പക്ഷെ പൈസ കൊടുക്കുന്നവർക്കെല്ലാം ഈ സീറ്റ് വാങ്ങാൻ കഴിയില്ല. മണിപവർ കൊണ്ടു പണ്ടൊക്കെ പ്രഫഷണൽ രംഗത്ത് യോഗ്യത ഇല്ലാത്തവർ എത്തിച്ചേർന്നിരുന്നു. എങ്കിൽ ഈ വിധിയോടെ മെറിറ്റുകൂടി ഉള്ളവർക്കുമാത്രം നേടാവുന്ന ഒന്നായി ഈ രംഗം. ഈ വിധി ഗുണപരമായ ഒരു മാറ്റത്തിനു വഴിമരുന്നിട്ടു. പേയ്മെന്റ് സീറ്റിൽ ഫീ എത്രയായിരിക്കണമെന്ന് ബന്ധപ്പെട്ടവർ തീരുമാനിക്കണം. ഇതനുസരിച്ച് മെഡിക്കൽ രംഗത്ത് മെഡിക്കൽ കൗൺസിലും, നേഴ്സിംഗിനും നേഴ്സിംഗ് കൗൺസിലും ഫാർമസിക്ക് ഫാർമസി കൗൺസിലും, എഞ്ചിനീയറിംഗിന് ഓൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷനും തുടങ്ങിയ ഓൾ ഇന്ത്യാ സമതികൾ ചിലവുകൾ തിട്ടപ്പെടുത്തി ഫീ നിശ്ചയിക്കും. പേയ്മെന്റ് സീറ്റിൽ കൂടി നടത്തേണ്ട വിഭവസമാഹരണം ഫ്രീ സീറ്റിന്റെ ചിലവുകൾ കൂടി പരിഗണിച്ച് വേണം. മിടുക്കൻമാരായ സാധാരണ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസചിലവുകൾ കൂടി ഭാഗികമായി വഹിക്കുന്ന ഒരു സംവിധാനമാണ് സുപ്രീം കോടതി വിഭാവനം ചെയ്തത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ധനികരിൽ നിന്ന് ഒരു വിദ്യാഭ്യാസ സെസ്സ് പിരിക്കുകയും അതുപയോഗിച്ച് സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന പ്രതിഭാശാലികളെ ഉയർത്തുകയും ചെയ്യുക എന്നതായിരുന്നു സുപ്രീം കോടതിയുടെ പരിപ്രേക്ഷ്യം.

നിർഭാഗ്യകരമെന്നു പറയട്ടെ കേരള സർക്കാരും സർവ്വകലാശാലകളും സുപ്രീം കോടതി വിധി അംഗീകരിച്ചില്ല. അതിന് അവർക്ക് പലതൊടു ന്യായങ്ങളും ഉണ്ടായിരുന്നു. ഈ വിധി സർവ്വകലാശാലകൾക്ക് ബാധകമല്ലെന്നാണ് ധന്യക്കേസിൽ വാഴ്സിറ്റി അഭിഭാഷകർ വാദിച്ചത്. ഹൈക്കോടതി ഈ വാദം തള്ളിക്കളയുകയാണുണ്ടായത്. ഈ നിലപാടിന്റെ ചുവടുപിടിച്ചാണ് കഴിഞ്ഞ അധ്യയന വർഷം എയ്ഡഡ് ആയ ന്യൂന

പക്ഷ പ്രൊഫഷണൽ കോളേജുകൾ 50 ശതമാനം വരെ കമ്മ്യൂണിറ്റി സീറ്റ് വർദ്ധിപ്പിച്ചതും മറ്റും മറക്കാറായിട്ടില്ല.ഡയറക്ട് പെയ്മെന്റ് എഗ്രിമെന്റ് അനുസരിച്ച് 20 ശതമാനം മാനേജ്മെന്റ് ക്വോട്ടക്ക് മാത്രം അർഹതയുണ്ടായിരുന്ന കോളേജുകൾ യഥേഷ്ടം പ്രവേശനം നടത്തുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ വഷളാക്കിയത് ഭരണകർത്താക്കളാണ്. അവരുടെ ഒത്താശകൾ ഇല്ലാതെ ഈ മാതിരി നിയമ ലംഘനങ്ങൾ നടത്താൻ ഒരു സ്ഥാപനത്തിനും കഴിയില്ല.

സംസ്ഥാന സർക്കാരും, സർവ്വകലാശാലകളും സ്വകാര്യ വിദ്യാഭ്യാസ ഏജൻസികളെ അനുകരിക്കയല്ല ചെയ്തത്. മറിച്ച് അമ്പരിപ്പിക്കുകയായിരുന്നു. കാരണം സുപ്രീം കോടതി വിധി മാനിച്ച് സ്വകാര്യ പ്രൊഫഷണൽ ഏജൻസികൾ 50 ശതമാനം മെറിറ്റിൽ പ്രവേശനം നൽകിയപ്പോൾ സർക്കാരും, വാഴ്സിറ്റികളും 90 ശതമാനം സീറ്റുകൾ വിറ്റു. 10 ശതമാനം'' പിന്നോക്ക റിസർവേഷൻ നൽകി. ഒരൊറ്റ സീറ്റു പോലും മെരിറ്റിൽ നൽകിയില്ല. സുപ്രീം കോടതി വിധിയിൽ സർക്കാർ, വാഴ്സിറ്റി എന്നിങ്ങനെ പ്രത്യേകം പരാമർശിക്കാത്തതു കൊണ്ട് മുഴുവൻ സീറ്റും വിറ്റതെന്നു ഭരണാധികാരികൾ. കാപ്പിറ്റേഷൻ മേഖലയിൽ സ്വകാര്യക്കാർ കണ്ടെത്താത്ത തലങ്ങൾ കണ്ടവരാണ് വിദ്യാഭ്യാസ മന്ത്രിയും വൈസ് ചാൻസലർമാരും. ഇവിടെ ഇവർക്ക് നഷ്ടപ്പെട്ടത് അടിസ്ഥാന സത്യസന്ധതയും ജനങ്ങളോടുള്ള പ്രതിബദ്ധയുമാണ്. ഇവർക്ക് ഇനി ഒന്നേ ചെയ്യാനുള്ളു. രാജിവെച്ച് ജനങ്ങളോട് മാപ്പ് പറയുക. പക്ഷെ അതിനും വേണമല്ലോ ചില ഗുണവിശേഷങ്ങൾ : ഇവർക്ക് സ്വകാര്യക്കാരെ നിയന്ത്രിക്കാനും 50 ശതമാനം സീറ്റും മെറിറ്റിൽ നൽകണമെന്നും പറയാനുള്ള ധാർമ്മിക അവകാശം ഉണ്ടോ?. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഉണ്ടായിരുന്നു സാമൂഹ്യ നിയന്ത്രണച്ചരടുകൾ പൊട്ടിച്ചവരെന്ന് കാലം ഇവർക്ക് ലേബൽ നൽകും.

കഴിഞ്ഞവർഷം കൊച്ചിൻ വാഴ്സിറ്റിയിൽ നടന്ന നാടകങ്ങൾ മറക്കാറായിട്ടില്ല.

> ചെങ്ങന്നൂരില്ല സർക്കാർ സെൽഫ് ഫൈനാൻസിംഗ് എഞ്ചിനീറിംഗ് കോളേജിന്റെ അംഗീകാരവും വിദ്യാർത്ഥി പ്രവേശനവും സംബന്ധിച്ചുണ്ടായ വിവാദങ്ങൾ. നിയമലംഘനങ്ങൾ, മാഫിയ പ്രവർത്തനങ്ങൾ ഒക്കെ സമീപകാല സംഭവങ്ങളാണ്.

ഇതാണ് കൊച്ചിൻ സർവ്വകലാശാല വൈസ്ചാൻസലറായിരുന്നു ഡോക്ടർ എ.എൻ. മഹേശ്വരിയുടെ രാജിയിൽ കലാശിച്ചതു. കൊച്ചിൻ വാഴ്സിറ്റി ആക്ട്, സ്റ്റാറ്റ്യൂട്ട്, റഗുലേഷൻ എന്നിവയുടെ സ്പിരിറ്റ് ആണ് തകർത്തു കളഞ്ഞത്. ഈ അക്കാദമിക് മാഫിയ സംഘം ഇന്നു തുടങ്ങിയ നിയമലംഘനം ഇന്നിപ്പോൾ ഒരു നീരാളിപ്പിടിത്തം പോലെ ഉന്നത വിദ്യാഭ്യാസ മേഖലയെ നശിപ്പിക്കുന്നു.

കൊച്ചിയിൽ പുതിയ വി.സി.ചാർജെടുക്കുകയും, ഇനി ഒരിക്കലും ഒരു സ്ഥാപനവും കൊച്ചിൻ സർവ്വകലാശാല അംഗീകരിക്കുകയില്ലെന്ന് നയ പ്രഖ്യാപനം നടത്തി മണിക്കൂർ കഴിഞ്ഞപ്പോൾ തിരുത്തേണ്ടി വന്നു. അടൂരിൽ ഐ.എച്ച്.ആർ.ഡി. (Institute for Human Resource developement) യുടെ കീഴിൽ ആരംഭിക്കുന്ന പുതിയ സെൽഫ് ഫൈനാൻസിംഗ് എഞ്ചിനീയിറിംഗ് കോളേജിന് പ്രൊവിഷനൽ /കണ്ടീഷൻ അംഗീകാരം കൊടുക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു. മറ്റൊരു വി.സി. ലേറ്റ് ഫീ ഒട്ടിച്ച് പുതിയ കോളേജ് അഫിലിയേഷൻ നടത്താമെന്നു പറയുന്നു. ഇനിയും വേറൊരാൾ ചാൻസലർ ആയ ഗവർണർ നോട്ടിഫിക്കേഷൻ നടത്തിയാൽ മാത്രമേ വൈകിയ അഫിലേഷൻ അപേക്ഷകൾ സ്വീകരിക്കാനും മേൽ നടപടികൾ കൈക്കൊള്ളാനും കഴിയുകയുള്ളു എന്ന് പറയുന്നു. സാധാരണക്കാർക്ക് ഈ നൂലാമാലകൾ ഒന്നും അറിയല്ലെങ്കിലും വി.സി.യുടെ ഓഫീസിന്റെ ഔന്നത്യം ഇന്നിവിടെ കാത്ത് സൂക്ഷിക്കപ്പെടുന്നില്ല എന്ന് വളരെ വ്യക്തമായി അറിയാം. പണ്ടൊരു മുഖ്യമന്ത്രി (ഇ.എം.എസ്.) ഒരു വി.സി.യെ (ഡോക്ടർ ജോൺ മത്തായി) ഓഫീസിൽ ചെന്നു കണ്ട നാട്ടിലാണ് മന്ത്രിയുടെ ഇച്ഛാനുസരണം ഉന്നത വിദ്യാഭ്യാസ കീഴ്വഴക്കങ്ങളും നിയമങ്ങളും വി.സി.മാർ ലംഘിക്കുന്നതെന്നത് അപമാനകരമാണ്.

മറ്റൊരു നിയമലംഘന കഥ കൂടുതൽ രസകരമാണ്. ഇവിടെ കുതിരക്കു മുന്നിലാണ് വണ്ടി കെട്ടിയിരിക്കുന്നത്. വിഷയം ഒന്നാം വർഷ പ്രീഡിഗ്രി പരീക്ഷ സർവ്വകലാശാല നിർത്തലാക്കുന്നതാണ്. മൂന്നു വി.സി.മാർ ചേർന്ന് ഒന്നാം വർഷ പരീക്ഷ വേണ്ടെന്നു വച്ചു. കുറച്ചു കൂടി വ്യക്തമായി പറഞ്ഞാൽ സർവ്വകലാശാല പരീക്ഷയിൽ ഉൾപ്പെടാതെ ഓടിക്കളഞ്ഞു. പകരം പരീക്ഷ ഇൻറേണലായി നടത്താൻ കോളേജുകളെ ഏൽപ്പിക്കുകയും, 30 മുതൽ 35 ശതമാനം വരെ മാർക്ക് ലഭിക്കുന്നവരെ പ്രൊമോട്ട് ചെയ്യാനുമാണ കല്പന. പ്രൈവറ്റ് വിദ്യാർത്ഥികളുടെ കാര്യം പിന്നാലെ കറസ്പോണ്ടൻസായോ, വിദൂരസ്ഥമായോ നടത്താം. ഒന്നും രണ്ടും വർഷങ്ങൾ തമ്മിൽ യാതൊരു ബന്ധവും ഇല്ല, എന്നിങ്ങനെ ധാരാളം വിമർശനങ്ങൾ

നടത്താം. പക്ഷെ അതല്ല ഇവിടെ പ്രശ്നം. പരീക്ഷ ആദ്യം നിശ്ചയിച്ചു. പിന്നീട് ഈ പരീക്ഷയ്ക്കു പറ്റിയ പാഠ്യക്രമം നിശ്ചയിച്ചു. ഇതു രണ്ടും ചെയ്യേണ്ടവരാണോ ഇതൊക്കെ ചെയ്തതു എന്ന് ചോദിച്ചാൽ അല്ലെന്നാണ് മറുപടി.

ഇതൊന്നും ഇവിടെ ആരും കാര്യമാക്കുന്നില്ല. പരീക്ഷ പരിഷ്ക്കരിക്കുന്നതും സിലബസ്സ് നിശ്ചയിക്കുന്നതും പുസ്തകങ്ങൾ ശുപാർശ ചെയ്യുന്നതും ഒക്കെ ഒരു അക്കാദമിക്ക് എക്സർസൈസായിട്ടാണ് അംഗീകരിച്ചു പോന്നിരുന്നത്. ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റി, അക്കാദമിക്ക് കൗൺസിൽ എന്നീ സർവ്വകലാശാലാ സമതികൾ വ്യവസ്ഥാപിതമായി ചെയ്യേണ്ട കാര്യങ്ങൾ എം.ജി. സർവ്വകലാശാലയിൽ മറ്റാരോ ചെയ്യുകയായിരുന്നു. ബോർഡ് ഓഫ് സ്റ്റഡീസ് അറിഞ്ഞില്ലെന്നു പറഞ്ഞാൽ പൂർണ്ണമായും ശരിയല്ല. ബോർഡ് ചെയർമാൻമാരെ സർവ്വകലാശാല ആസ്ഥാനത്ത് വിളിച്ചു വരുത്തി പരിഷ്ക്കരിച്ച സിലബസ് (CBSE) കാണിച്ചു കൊടുത്തു. ബോർഡ് കൂടാതെ ഇത് അംഗീകരിക്കാൻ ആവില്ല എന്ന് പറഞ്ഞ് വിയോജനക്കുറിപ്പ് എഴുതിയ ബോർഡ് ചെയർമാൻമാർ ഉണ്ട്. സർവ്വകലാശാല നിയമങ്ങളും, കീഴ്വഴക്കങ്ങളും വി.സി.മാർ കാത്തു സൂക്ഷിക്കുന്നതിന്റെ ഒരു മാതൃകയാണിത്. ഇപ്പോൾ ഒന്നാം വർഷ പ്രീഡിഗ്രിക്കാർ പഠിക്കുന്ന സിലബസ്സ് നിയമാനുസൃതമുള്ളതല്ല എന്നു ചുരുക്കം. (എം.ജി. വാഴ്സിറ്റി)

കേരളത്തിൽ 1964-ൽ ആണ് ജൂനിയർ കോളേജുകൾ വ്യാപകമായി സ്ഥാപിക്കപ്പെട്ടത്. അന്നു പൊതുവിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവായിരുന്നു എന്നു പറയാം. എങ്കിലും ഈ സംരംഭം കേരളത്തിലെ ഉന്നത വിദ്യാഭ്യാസ നിലവാരം തകർക്കുകയാണുണ്ടായതെന്ന് പൊതുവിൽ കരുതപ്പെടുന്നുണ്ട്. കുറെക്കൂടി അവധാനതയോടെ ആണ് ഈ പ്രശ്നത്തെ സമീപിച്ചിരുന്നെങ്കിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യസത്തിന്റെ നില ഇന്നുള്ളതിലും എത്രയോ ഉയർന്നു നിൽക്കുമായിരുന്നു. ഇന്ന് 30 കൊല്ലങ്ങൾക്കുശേഷം ചരിത്രം ആവർത്തിക്കുകമാത്രമല്ല കുറെക്കൂടി മോശമായ ഒരു തലത്തിലേക്കു താഴ്ത്തുകയാണ്. കേരളത്തിൽ ഇന്ന് ഇരുന്നൂറിലധികം വരുന്ന കോളേജുകൾ ഉണ്ട്. ഇടുക്കി, വയനാട് തുടങ്ങിയ വിദ്യാഭ്യസപരമായി പിന്നോക്കം നില്ക്കുന്ന പ്രദേശങ്ങളിൽ കോളേജുകൾ ആകാം. മറിച്ച് 10 കിലോമീറ്റർ ചുറ്റളവിൽ 5 കോളേജുകൾ ഉള്ള ഇടങ്ങളിൽ ഇനിയും കോളേജുകൾ ഈ സംസ്ഥാനത്തിന് ആപത്താണ്. സംസ്ഥാനത്തിന്റെ താല്പര്യത്തിന് അനുസൃതമല്ലെങ്കിലും ജാതി-മത താല്പര്യങ്ങൾക്ക് അനുസൃതമാണ്. അതുകൊണ്ട് ഈ അടിസ്ഥാനത്തിൽ 71 കോളേജുകൾ ഓക്ഷനു വച്ചിരിക്കുന്നത്. ഇവിടെ നിഷേധിക്കപ്പെടുന്നത് മൂന്നുതരത്തിലുള്ള നിയമങ്ങളും ശുപാർശകളുമാണ്.

1. യു.ജി.സി. മെംബറായിരുന്നു ഡോക്ടർ എസ്സ്.വി. സിൻഹ കോളേജിയറ്റ് വിദ്യാഭ്യാസത്തെപ്പറ്റി പഠിച്ചു നൽകിയ ശുപാർശകൾ യു.ജി.സി. അംഗീകരിക്കുകയും സംസംസ്ഥാനങ്ങൾക്ക് നൽകുകയും ചെയ്തു. പുതിയ സ്ഥാപനങ്ങൾ നിരുത്സാഹപ്പെടുത്തണമെന്നും, മറ്റു മാർഗ്ഗങ്ങൾ ഇല്ലെങ്കിൽ ഈവനിംഗ് കോളേജുകൾ പോലുള്ള സംവിധാനങ്ങൾ ആരംഭിക്കണമെന്നുമാണ് നിർദ്ദേശം. കാരണം ഇനിയും പുതിയ കോളേജുകൾ അക്കാദമീയവും സാമ്പത്തികവുമായ ബദ്ധപ്പാടുകൾ സൃഷ്ടിക്കും. അതുകൊണ്ട് വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ കോളേജുകൾ അനുവദിക്കാവൂ എന്ന് സിൻഹ കമ്മീഷൻ അടിവരയിട്ടു പറയുന്നത് നാം അവഗണിക്കുന്നു.

2. സംസ്ഥാന പ്ളാനിംഗ് ബോർഡ് പറയുന്നത്, ഇനിയും കോളേജുകൾ വേണ്ട എന്നാണ്. 1970,1980 കളിൽ സ്കൂളുകൾ തലങ്ങും വിലങ്ങും അനുവദിച്ചപ്പോഴും പ്ളാനിംഗ് ബോർഡ് എതിർത്തിരുന്നു. ഇന്നിപ്പോൾ സ്കൂളുകൾ പൂട്ടുന്നു. ഉദാഹരണമായി പുതിയ ബി.എഡ്ഡ്. കോളേജുകൾ, സർവ്വകലാശാല ബി.എഡ്ഡ്. സെന്ററുകൾ എന്നിവ പുറത്തുവിടുന്ന പതിനായിരക്കണക്കിനു ബി.എഡ്ഡുകാർ എന്തു ചെയ്യും. കൂടാതെ സ്ക്കൂൾ മേഖലയിൽ ജോലി ഉള്ളവരുടെ പണി നഷ്ടപ്പെടുന്നതല്ലാതെ പുതിയ ഒഴിവുകൾ ഉണ്ടാകുന്നില്ല. കുട്ടികളുടെ സംഖ്യ ക്ളാസുകളിൽ കുറഞ്ഞു വരുന്നു (കുടുംബ ക്ഷേമം). ഇതിന്റെ ഫലമായി ബി.എഡ്ഡ്. സ്ഥാ

പനങ്ങൾ പൂട്ടപ്പെടും. പ്ളാനിംഗ് ഇല്ലാത്തത് വിദ്യാഭ്യാസ വികസനം അരാജകത്വത്തിൽ എത്തിച്ചേരും എന്നതിന് ഇതിൽ കൂടുതൽ തെളിവു വേണ്ട.

3.പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സ്റ്റാറ്റ്യൂട്ടിൽ ഉണ്ട്. അതനുസരിച്ച് ഒക്ടോബർ 31-നകം അപേക്ഷകൾ സർവ്വകലാശാലക്ക് നൽകണം. മേയ് 31-നകം വാഴ്സിറ്റികൾ ശുപാർശകൾ സർക്കാറിനു നൽകണം. വരുന്ന അദ്ധ്യായന വർഷത്തേക്ക് അപേക്ഷിക്കേണ്ട സമയം ആണിത്. അവസാന തീയതി കഴിഞ്ഞ് 11 മാസം കഴിഞ്ഞപ്പോൾ വൈകിയ അപേക്ഷകൾ സ്വീകരിക്കാൻ വളഞ്ഞവഴികൾ നോക്കുകയാണ് കേരള സർക്കാർ. കോളേജുകൾ കൊടുക്കുന്നു എന്ന് പത്രത്തിൽ വാർത്ത കണ്ടു തലസ്ഥാനത്തെത്തി ഒരെണ്ണം തരപ്പെടുത്താൻ ധനികരായ വ്യക്തികളും ട്രസ്റ്റികളും (വ്യാജൻമാരും) വേണ്ടപ്പെട്ടവരെ കാണുന്ന തരത്തിലേക്ക് ഉന്നത വിദ്യാഭ്യാസത്തെ തരം താഴ്ത്തിയ വിദ്യാഭ്യാസത്തിന്റെ മാനേജർമാരെ ഭാവികേരളം തിരിച്ചറിയാതിരിക്കില്ല. ചിലയിടങ്ങളിൽ പ്രഖ്യാപനം വരും മുമ്പ് കോളേജിന്റെ ഉൽഘാടനം നടത്തിയതെങ്ങനെയാണെന്ന് വിശദീകരിക്കുമോ ? (മുഖ്യമന്ത്രി ഉൽഘാടകൻ)

ഇനിയും എത്രയോ നിയമനിഷേധങ്ങൾ പറയാനുണ്ട്. സർവ്വകലാശാലയ്ക്ക് ഫീസ് ഏർപ്പെടുത്തുന്നത് ഓർഡിനൻസിലൂടെയാണ്. എം.ജി സർവ്വകലാശാലക്ക ഓർഡിനൻസേയില്ല. ഈ അടുത്ത കാലത്ത് സർവ്വകലാശാല നടത്തിയ ഫീസ് വർദ്ധനയൊന്നും നിയമാനുസൃതമല്ല.തീരുമാനം എടുക്കാൻ അർഹതയില്ലാത്ത സമിതികൾ തീരുമാനങ്ങൾ കൈകൊള്ളുന്നു. നമ്മുടെ അജ്ഞത കൊണ്ട് ഇതെല്ലാം ചുമലേറ്റി നടക്കുന്നു. സ്റ്റേറ്റ്, സർവ്വകലാശാല ഇൻസ്ട്രമെന്റുകൾ ഉപയോഗിച്ച് സാധാരണ രീതിയിൽ നടത്താൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ ഒഴിച്ച് ചെയ്യുന്നതെല്ലാം ചില അഡ്ഹോക്ക് ഇടപാടുകളാണ്. ''ഇതിനൊന്നും നിയമത്തിന്റെ പിൻബലമില്ല. കോഴ്സുകൾ തുടങ്ങണമെങ്കിൽ ഓർഡിനൻസ് വഴി പ്രിൻസ്ക്രൈബ് ചെയ്യണമെന്നാണ് വ്യവസ്ഥ. ഈ അടുത്ത കാലത്ത് ആരംഭിച്ച സെൽഫ് ഫൈനാൻസിംഗ് കോഴ്സുകൾ ഒന്നും അപ്രകാരം സ്ഥാപിക്കപ്പെട്ടതല്ല.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ മന്ത്രിയും വി.സി.മാരും ചേർന്ന് നടത്തുന്ന സെൽഫ് ഫൈനാൻസിംഗ്, അൺഎയ്ഡഡ് പരിഷ്കാരങ്ങൾ കേരളത്തിൽ ദൂരവ്യാപകങ്ങളായ പ്രത്യാഘാതങ്ങൾ ഉണ്ടാകും. ഈ ലക്ഷ്യ സാദ്ധ്യത്തിന് തടസ്സമായി നിൽക്കുന്ന നിയമങ്ങളേയും, കീഴ്വഴക്കങ്ങളേയും പുച്ഛിച്ചു തള്ളുന്നു. അതുവഴി ഉന്നത വിദ്യാഭ്യാസത്തിൽ പതിറ്റാണ്ടു നിലനിന്നിരുന്ന ജനാധിപത്യ സംവിധാനങ്ങൾ നിലം പൊത്തുന്നു. ഇതിന്റെ സാമൂഹ്യ പ്രത്യാഘാതങ്ങൾ അറിയാൻ ഇരിക്കുന്നതേയുള്ളു. വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യ മാറ്റം എന്ന് പിന്നീട് കരുതിയെങ്കിലും ഇനി അങ്ങനെ ഒരു സംഭവം കേരളത്തിൽ ഉണ്ടായിക്കൂടാ എന്ന് ഭരണക്കാർക്ക് നിർബന്ധമുണ്ട്. അതുകൊണ്ട് കേരള സർക്കാർ ഉന്നത വിദ്യാഭ്യാസം സമ്പന്നരായ റസിഡന്റ് (RI & NRI) ഇൻഡ്യക്കാർക്ക് മാത്രമായി റിസർവ്വ് ചെയ്യുന്നത്. 15 ശതമാനം വരുന്ന വാങ്ങൽ ശേഷിയുള്ളവർക്ക് മാത്രമായി ഉന്നതവിദ്യാഭ്യാസം ചുരുങ്ങും. ഇതിനായി നിലവിലുള്ള വിദ്യാഭ്യാസ സംവിധാനങ്ങളെ പൊളിക്കുകയാണ്, പുതിയത് പണിയാൻ. ധന്യയെന്ന പെൺകുട്ടിയും ഹൈക്കോടതിയും ചേർന്ന് ഈ പുത്തൻ സംവിധാനത്തിന് ഒരു ചെറിയ കടിഞ്ഞാൺ ഇട്ടതിന്റെ ഫലമായി ഇതിന്റെ കുതിപ്പൊന്ന് കുറഞ്ഞിട്ടുണ്ട്. അതിവിടെ പൂർണ്ണമായും തടയപ്പെടേണ്ടതുണ്ട്. ഈ നാട്ടിൽ വിദ്യാഭ്യാസത്തെ സ്നേഹിക്കുന്ന മുഴുവൻ ആളുകളും ഏറ്റെടുക്കേണ്ട ഒരു ദൗത്യമാകണമത്. ഈ മാറ്റങ്ങൾ ഒക്കെ ഏതെങ്കിലും പഠനമോ, ചർച്ചയോ നടത്തിയ ശേഷം രൂപപ്പെട്ടതല്ല. ചിലരുടെ തലയിൽ ഉദിച്ച നിലാവാണത്. ഒരു വശത്ത് വിദ്യാഭ്യാസ പുനഃസംഘടനയെപ്പറ്റി വിശദമായ പഠനങ്ങൾ (കേരള പഠന കോൺഗ്രസ്സ്) മറുവശത്ത് യാതൊരു ആലോചനയും ഇല്ലാതെ ഉന്നത വിദ്യാഭ്യാസ ചട്ടക്കൂട് മന്ത്രിയും വി.സി. മാരും ചേർന്ന് ധൃതിയിൽ പൊളിക്കുന്നു. ഇത് തടയണമെങ്കിൽ ഹൈക്കോടതി മാത്രം പോര ജനങ്ങളുടെ കോടതിതന്നെ വേണ്ടിവരും.

*With Best Compliments From :*

## SREE SAKTHI PAPER MILLS LIMITED

(Manufacturers of MG Kraft Paper )

Reg. Offic
" Sree Kailas"
39/272 - A, Paliam Road
Cochin - 682 016
Phone: 369658
Grams:PACKKING
Fax : 370395

Factory
Edayar Developement Are
Muppathadam P O
Alwaye - 683 102
85 - 5835

*Compliments from :*

## CREATIVE COMPUTER SERVICES

Imparting decades of our practical experience in software developement for various types of organisations such as banks, hospitals, public and private sector companies through our various job orinted computer course under,

DOS, WINDOWS, LAN, UNIX and CARD

*CREATIVE COMPUTER SERVICES*
*M.C. ROAD, PERUMBAVOOR - 683 542*
*PHONE : (04859) - 3495*

കാരിരുമ്പിന്റെ കരുത്താണ്
കറുത്തവന്റെ കവിത
നിറങ്ങളുടെ നെറികേടിൽ
നേരിന്റെ തീവരമ്പിലായിരുന്നു
കറുത്തവന്റെ ജീവൻ
വിമോചന സ്വപ്നങ്ങളെ
കഴുമരത്തിന്റെ നിഴൽ വിഴുങ്ങിയിരുന്നു
ചരിത്രത്തിന്റെ ശുഭാപ്തിവിശ്വാസം
സഫലമായി; എങ്കിലും
ഈ കവിതകൾ, സമരതീഷ്ണമായ
ആഫ്രിക്കൻ അറിവുകളാണ്.
ഭാവിക്ക് പീഢനകാലത്തിന്റെ
തിരുശേഷിപ്പ്.

# More messages

Kofi Awoonor

I can go placing faggots on those fires
fanning the innerwards: I can sneak
along like the crawling beetles
Seeking through dust and dirt
the lonely miracle of redemption
I will sit by the roadside, breaking
the palm kernel, eating of the white
with the visiting mice
throwing the chaff to the easternly wind
But will they let me go?
to nowhere where I can see
the sunlight fall on the green waters
and the ferrymen hurrying home
across with their heavy cargoes
of man flesh, child flesh and woman flesh
To sit where I can gather my thoughts
and ask what I have done so long
why could I not eat with elders
though my hands are washed clean in the salt river,

where they leave the paddles in the boat
to be carried by children of strangers.
Coming to that land that day
where sand strip covers childhood
and youth's memory: there was no storm
that did not speak to us
divining the end of our journey
promising that our palms shall prosper
and we shall not die nby thirst
in the same land; where our fathers
lingered, ate from land and sea
drank the sweet waters of the ancient palms.
Will they let me go
and pick the curing herbs behind fallen huts
to make our cure, their cure?
is the guile of the forest animal
the lingering desire of every marksman
returning from futile hunt
beaten by desert rain and thistles
on his shoulder the limpid hare
and empty guns?
to hoe my own fields, plant my own corn
to wait for rain to come?



The sacrifice of years awaiting
unlit fires, who to knowledge
prepare the feast of the resurrection
On many rivers'shores moved
the be[illegible]volent band, awaiting
that season
The dawn second cock
split by the ears of rumour,
time to wash the new corn
ready for the grinders
light the family fire of flimsy twigs, prepare
the broom to sweep unto dunghills
Crimes that my fathers atoned for
Some day, by some rivers!
We sang that song before
in the thousand seasons of good harvest
and full fish following out fathers' footprints
on the long shores

They heard the thunder from the great river's waves
as the road crossing snakes brood on rotten eggs
that our feet should move to make room
for an empty empty vallely.
What happened with cries hear under trees —
that many households are empty?
The powder house is fallen
So we cannot make war
For when the bulls are alive
could the cows perform weed.

# Procession I - Hanging day

Wole Soyinka

Hanging day. A hollow earth
Echoes footsteps of the grave procession
Walls in sunspots
Lean to shadow of the shortening morn

Behind, an eyepath lushly blue.
The wall of prayer has taken refuge
In a peace of blindness, closed
Its grey recessive deeps. Fretful limbs

And glances that would sometimes
Conjure up a drawbridge
Raised but never lowered between
Their gathering and my sway

Withdraw, as all the living world
Belie their absence in a feel of eyes
Barred and secret in the empty home
Of shuttered windows. I know the heart
Has journeyed far from present

Tread. Drop. Dread Drop. Dead.

What may I tell you? What reveal?
I who before them peered unseen
Who stood one-legged on the untrodden
Verge - lest I should not return.

That I received them? That I
Wheeled above and flew beneath them
And brought them on their way
And came to mine, even to the edge
Of the unspeakable encirclement?
What may I tell you of the five
Bell-ringers on the ropes to chimes
Of silence?
What tell you of rigours of the law?
From watchtowers on stunted walls,
Raised to stay a siege of darkness
What whisper to their football thunders
Vanishing to shrouds of sunlight?

Let no man speak of justice, guilt.
Far away, blood-stained in their
Tens of thousands, hands that damned
These wretches to the pit triumph
But here, alone the solitary deed.



# After exile (4 selections)

Dennis Brutus

(1)
I am the tree
creaking in the wind
outside in the night
twisted and stubborn:

I am the sheet
of the twisted tin shack
greeting in the wind
in a shrill sad protest:

I am the voice
crying in the night
that cries endlessly
and will not be consoled.

(2)
I must conjure from my past
the dim and unavowed spectre of a slave,
of a bound woman whose bound figure pleads
silently,
and whose blood I must acknowledge in my own:

Fanciful wraith? imagining?
Yet how else can I reconcile
my rebel blood and protest
but by acknowledgement
of that spectre's mute rebellious blood.

(3)
"Bury the great duke,"
I piped from the floor
among my cotton reels:

"Yes? "he turned in surprise
and "Go on" he prompted gently
towelling the lather from a half-shaved cheek

"Bury the Great Duke
with a noise of lamentation."
But I faltered while he waited
and until he turned away.

And what failures over ages
kept him turning half-away?

(4)
Today in prison
by tacit agreement
they will sing just one song:
Nkosy Sikekela:
slowly and solemnly
with suppressed passion
and pent up feeling:
the voices strong and steady
but with tears close and sharp
behind the eyes
and the mind ranging
wildly as a strayed bird
seeking some names to settle on
and deeds being done
and those who will do the much
that still needs to be done





# The wizard's pride

Yao Egblewogbe

When the story shall be told,
No matter whose death it shall report,
Then shall we, bold ones in
Black companionship,
Clothe ourselves in white;
The rising tomb
Shall be our lazy chair;
The place for brave men is the wilderness.

Death is everywhere;
So let ours come in ripe season.
One by one the fruits shall desert
The mother tree,
And the fruit tree turn firewood.
So when the story shall be told,
No matter whose death it shall report,
Then shall we, bold ones in
Black companionship,
Clothe us in white;
The rising tomb
Shall be our lazy chair;
The place for brave men is the wilderness
Then, when at last Death finds me out
The sun will now show;
The heavy clouds will sustain their tears
And the hushed village shall lie
Under a canopy of ugly vultures.

Oh, do not weep; only
Send my body to the unhallowed ground
There leave me and weep not
Lest you give too much in tears
To one who had so often drawn hot tears
From your sad faces.

Your tears are well preserved;
You shall need them soon;
For when the story shall be told,
No matter whose death it shall report;
Other men shall be dressed in white
And rest their proud heads on rising tombs
Till death
Rends them cut. Then they shall come
Here, where only bold ones
In black companionship
Can have a restful bed.

Send me tô barren spot;
I go alone that had killed so many;
I had lived and died a man,
So stripe my hollow face
With white chalk
And let dry leaves be my bed.
Let drummer move the priestess to madness
Whose god shall claim
Honour by my death.
Only do not weep
But leave me there in solitary pride.
Lay me in with no mournful groan;
Rather signs of relief should stir the
neighbouring grass.
The spirit-world grudges not
My well-won victory.
The souls of my victims shall bow
Before the mighty dread
That pushed them untimely
Into eternity.
Now leave me in this barren place
Alone.
My bold spirit shall know no fear.
Let no stony cross
Curse this black cemetery; instead, let
The mouldering leaves of neglected shrubs
Hide my proud bones
From the ridiculous eyes of a world
I never really loved.

പ്രസാദ്കുമാർ ടി.ബി.
ഒന്നാംവർഷ പ്രീഡിഗ്രി
III ഗ്രൂപ്പ്

# വിസ്താരം

തുറക്കപ്പെട്ട കവാടത്തിലൂടെ 'അത്' നുഴഞ്ഞുകയറി ലിംഗഭേദമോ രൂപമോ ഇല്ലാത്ത അതിനെ എന്താണ് വിളിയ്ക്കേണ്ടത് ? വീഞ്ഞിന്റെ ഗന്ധവും മാംസത്തിന്റെ ദാഹവും വിട്ടുപോകും മുമ്പ് അത് അവളായിരുന്നു : സഞ്ചാരക്ഷീണവും വികാരസംഭ്രമവും ആഴാശങ്കയുമില്ലാത്ത അത് മുന്നിൽ തുറന്നുകിടന്ന കവലയിലേക്ക്, അനന്ത്യ വിധിയിലേക്ക് അടുക്കുകയാണ്. എവിടെനിന്നോ ചോദ്യങ്ങൾ അതിലേക്ക് ഇരച്ചുകയറി. ഓർമ്മകൾ മരുത്തിനൊപ്പം ചുമന്നതെരുവിലെ ഏതോ വന്ധ്യതയുടെ ഉടൽതേടി പാഞ്ഞു.

"കി മി ..........."

"ഇല്ല ഇവിടെയാർക്കും വ്യക്തിത്വമില്ല......പ്രഭാവം മാത്രം...."

അപരാധത്തെ പിറുപിറുക്കുന്ന ന്യായധിപന്റെ സ്വരം എങ്ങോ ആണ്ടുപോയി. പ്രാകി മറന്ന അമ്മയുടെ മുഖവും, സ്നേഹിച്ച പുരുഷന്റെ മുമ്പിൽ വഞ്ചിക്കപ്പെട്ട കാമുകിയും. വിഷാദച്ചിരിയോടെ പലർക്കും നിശാമെത്തയൊരുക്കുന്ന കിമിയും എല്ലാം മിന്നിയറിഞ്ഞ അവൾ ഞെട്ടിയുണർന്നു.

കണ്ടും കൊടുത്തും ശീലിച്ച ശരീരവും കണ്ണീരും, അസക്തിയും എല്ലാം കടവാതിലുകളേപോലെ ചിറകടിച്ച് ചേക്കേറി. ബാഹ്യലോകത്തെ ജഡ്ജിയുടെ വിസ്താര മൈതാനത്ത് അവളുടെ ഓർമ്മകൾ കളഞ്ഞുപോയിരുന്നു. അടരുന്ന കണ്ണുനീർത്തുള്ളിയിൽ അവൾ ശരീരത്തിന്റെ ഓരോ ഇഞ്ചും അറിയ്ക്കുകയായിരുന്നു. കീഴ്ച്ചുണ്ടിലെ മുറിവിലൂടെ ഇന്നലത്തെ ന്യായധിപന്റെ പുഴു ശയിച്ച ദന്തപാളികൾ ഉയർന്നുവന്നു. കീഴ്വയറിലെ സ്പന്ദനം നിലയ്ക്കാനായി അവൾ പ്രതിക്കൂടിനോട് ചേർന്നുനിന്നു.

ശേഷം അയാളുടെ കുറ്റപ്പെടുത്തുന്ന ചോദ്യങ്ങളില്ലായിരുന്നു! സാഹചര്യതെളിവുകളില്ലായിരുന്നു ! എല്ലാം പരിതസ്ഥതിയുടെ പ്രകടനമായിരുന്നു. പ്രഭാവം തിരയേണ്ടവർ വ്യക്തിയിലേക്ക് തിരിഞ്ഞു. പക്ഷെ, ശിരസ്സിൽ അവശേഷിച്ച വയസ്സന്റെ വായിലെ ദുഷിച്ച ഗന്ധം വ്യക്തിയെ തിരയുന്ന പ്രഭാവമായി അലറിക്കരഞ്ഞു.

അവൾ വിസ്താര മൈതാനത്തുനിന്ന് പുറത്താക്കപ്പെട്ടു ......!

**PSYCHIC STUDY CENTRE-**

**7-ാം വർഷത്തിലേക്ക്.**

Psychological guidence through correspondence course, counselling etc.

PSYCHIC STUDY CENTRE
HIGH ROAD,
ALUVA - 683 101.

N.B. : ഞങ്ങൾക്ക് മറ്റ് സ്ഥാപനങ്ങളുമായി ബന്ധമില്ല.

PHONE : 25987

**BALLOONS**

TOYS - SPORTS - GIFTS - PRESENTATIONS

POOMKAVANAM CIRCLE
BYE-PASS, ALUVA.

# മനുഷ്യർ ദൈവങ്ങളാകുമ്പോൾ

And man would come back,
man, without his temporary gods,
would come back
order in this soul's eternity
and the soul would come back
to live in the body it created.

Neruda

SAJAN. N. P.
II M. A. History

കഴിഞ്ഞ കാലങ്ങളിൽ ദൈവങ്ങൾ മനുഷ്യാവതാരമെടുത്ത കഥകൾ നമ്മൾ ഏറെ വായിച്ചിട്ടുണ്ട്. പക്ഷേ, ഈ കലികാല ചിത്രപടത്തിൽ തെളിയുന്നത് ദൈവങ്ങളായി തീർന്ന മനുഷ്യരാണ്. ദൈവമെന്ന് സ്വയം പ്രഖ്യാപിച്ചവർ, മറ്റുള്ളവർ ദൈവമായി അവരോധിച്ചവർ, ഇങ്ങനെ വർത്തമാനത്തിന്റെ വഴിയരികിൽ കൽത്തൂണുകൾ നമ്മൾ തിരിച്ചറിയുന്നുണ്ട്. സ്വയം ദൈവമായി പ്രഖ്യാപിച്ചവരെ നമുക്ക് മാറ്റിനിർത്താം കാരണം അതിനെക്കുറിച്ച് ചിന്തിക്കുന്നതും പറയുന്നതു ഒരു പക്ഷേ വിശ്വാസികളെ വ്രണപ്പെടുത്തും. ചുരുങ്ങിയത് വേദനിപ്പിക്കുകയെങ്കിലും ചെയ്യും. അതിനാൽ വേദനിപ്പിക്കാൻ ഇഷ്ടപ്പെടാത്ത നമുക്ക് അവരെ മാറ്റിനിർത്താം.

കഴിഞ്ഞകാലത്തെ നന്മകൾ ചെയ്തവരും ദുഷ്ടതകൾ ചെയ്തവരിൽ പലരും ഈ കാലത്ത് ദൈവങ്ങളായി തീർന്നത് നമ്മൾ കാണുന്നുണ്ട്. ആദ്യം നമുക്ക് നന്മയുടെ മൂർത്തികളെക്കുറിച്ച് ചിന്തിക്കാം.

പച്ചയായ ഒരു ജീവിതം ജീവിച്ച കോപതാപസന്താപങ്ങളുടെയും ത്യാഗസുരഭില സന്തോഷങ്ങളുടെയും ആകെത്തുകയായ പച്ച ജീവിതം അങ്ങനെയുള്ള മനുഷ്യർ ജനനം മുതൽ മരണം വരെയുള്ള അവരുടെ ജീവിതത്തെ ഏതോ അത്ഭുത സമസ്യകളാക്കി മാറ്റി. ഇന്നത്തെ മനുഷ്യരിൽ ചിലർ അവരുടെ ദൈവത്വം പൂർണ്ണമാക്കുന്നു.

പച്ച മനുഷ്യനെ ദൈവമാക്കുന്നത് എന്തിന്? പൂർണ്ണമായും സ്വന്തം ജീവിതം ജീവിച്ച് തീർത്തും ജീവിതം തന്നെ സന്ദേശമാക്കിയ അവരെ നിർലജ്ജം അനുസരിക്കാതിരിക്കുക.

എന്റെ ജീവിതമാണ് എന്റെ സന്ദേശം. ഈ വാക്കുകൾ ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും സ്വാധീനശക്തിയുണ്ടായിരുന്ന ഒരു രാഷ്ട്രീയക്കാരന്റേതാണ് ഗാന്ധിജിയുടെ. ഇന്ത്യയുടെ വിദൂരമായ കോണുകളിലുള്ള സാധാരണക്കാരായ മനുഷ്യരെപ്പോലും സ്വാതന്ത്ര്യസമരത്തിന്റെ സന്ദേശങ്ങളാൽ വിറകൊള്ളിച്ച മഹാത്മജി. വെള്ളക്കാരന്റെ ബൂട്ടിനടിയിലെ ഇരുമ്പുലാടം തറഞ്ഞ് പല്ല് നഷ്ടപ്പെട്ട് നിഷ്കളങ്കമായി ചിരിച്ച മഹാത്മാവ്. സ്വാതന്ത്ര്യസമരത്തിന്റെ മുഖ്യധാരയിലേക്ക് പൊതുജനം കടന്നുവരികയും സ്വന്തം തീരുമാനങ്ങളിലും ശൈലികളിലും ബ്രിട്ടീഷുകാരുടെ നേരെ ആഞ്ഞടിച്ചപ്പോഴും സമരം നിറുത്തി സാമൂഹ്യസേവനരംഗത്തിറങ്ങിയ ഗാന്ധിജി എന്ന രാഷ്ട്രീയക്കാരൻ കബന്ധങ്ങൾ ചിതറിവീണ വർഗ്ഗവിദ്വേഷത്തിന്റെ മുകളിലൂടെ ഈശ്വർ അള്ളാ തേരേ നാം പാടി കടന്നുപോയ സാന്ത്വനത്തിന്റെ കാറ്റ്.

ഗാന്ധിജിയെ പഠിക്കുന്നവർ നിരവധി വർണ്ണക്കൂട്ടുകളുള്ള ഈ ചിത്രങ്ങളിലൂടെ കടന്നുപോകുന്നു. ശരിക്കും ഒരു ജീവിതം പൂർണ്ണമാക്കിയ ഗാന്ധിജിയെ അറിഞ്ഞവർ നാലാളറിയാതെ ഗാന്ധിയന്മാരായി നമ്മുടെ ഗ്രാമങ്ങളിൽ ജീവിക്കുന്നുണ്ട്. പക്ഷേ, അവർ ഗാന്ധിജിയെ ഒരു പച്ച മനുഷ്യനായികണ്ട് അദ്ദേഹത്തിന് പറ്റിയ പിശകുകളെ മനസ്സിലാക്കിത്തന്നെ ഗാന്ധിയെ മനസ്സിൽ കുടിയിരുത്തുന്നു. ഇനി മറ്റൊരു വശം. തെറ്റുകൾ പറ്റാത്ത ദിവ്യമായത് മാത്രം ചെയ്ത ഒരു അത്ഭുതപ്രവർത്തകനായിരുന്നു ഗാന്ധിയെന്നും അദ്ദേഹം പറഞ്ഞുപോയതിനാൽ ആ സ്മരണ നിലനിർത്തുവാൻ വഴിയരികിൽ ഗാന്ധിപ്രതിമകൾ സ്ഥാപിച്ച് നിലവിളക്ക് കത്തിച്ച് സാഷ്ടാംഗ പ്രണാമം നടത്തുന്ന ആളുകളും നമ്മുടെ നാട്ടിലുണ്ട്. ഗാന്ധിയെ വിമർശിക്കുന്നത് അവർക്ക് സഹിക്കില്ല. വിമർശനത്തിനുപോലും അപ്രാപ്യമായ സ്വർഗ്ഗീയ സിംഹാസനത്തിലാണ് അവർ ഗാന്ധിയെ ആണിയടിച്ച് തറച്ചിരിക്കുന്നത്. ഗാന്ധിയുടെ ഗാന്ധി എന്ന പേരും ഖദറും ഇല്ലെങ്കിൽ ഈ പില്ക്കാല പാവനസ്മരണയ്ക്ക് അധികാരം ഒരു പുളിയുള്ള മുന്തിരിയായി മാറും. അതിനാൽ ചില്ലുകൂടുകളിൽ കല്ലായിരിക്കുവാൻ ഗാന്ധിജിയെ അവർക്ക് വേണം.

കായംകുളം കൊച്ചുണ്ണിയുടെ ശിഷ്യരാകാൻപോലും യോഗ്യതയില്ലാത്ത ഈ നെറിവ്കെട്ട കള്ളന്മാർ ഓരോ തവണ ഗാന്ധിജിയെ മുൻനിർത്തി ആണയിടുമ്പോഴും നാഥുറാം വിനായക് ഗോഡ്സെയുടെ ബുള്ളറ്റിനോടുപോലും പോരാം എന്നു പ്രതികരിച്ച ഗാന്ധിജി നിസ്സഹായനായി നിശ്ചലനായി കൽത്തൂണായി......

ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്. കേരളീയരുടെ നവോത്ഥാനത്തിന്റെ അടിസ്ഥാനശിലയിട്ട ഈ മന്ത്രങ്ങളുരുവിട്ട് താണവരുടെയും വ്യഥിതരുടെയും രംഗത്ത് അടിയുറച്ച് നിന്ന് നമ്മുടെ ദ്രാവിഡ പാരമ്പര്യത്തിന്റെ നട്ടെല്ലിൽ ഉയർന്ന് നിന്ന ശ്രീനാരായണഗുരുവിന്റെ ആധുനിക കാലത്തെ അവസ്ഥ ഗാന്ധിയുടേതിൽ നിന്നും വ്യത്യസ്ഥമല്ല.

പൗരോഹിത്യ മേധാവിത്വം പുലർത്തുന്ന യജ്ഞശാലകളിൽ നിന്ന് വിട്ട് ആചാരങ്ങളുടെയും ആരാധനയുടെ പുറം പകിട്ടുകളെയും എതിർത്ത് ലാളിത്യത്തിന്റെ സന്ദേശമുയർത്തിയ ഗുരു സ്ഥാപിച്ച ക്ഷേത്രങ്ങളിൽ ഇന്ന് നടക്കുന്നത് എന്താണ്? ബ്രാഹ്മണ പൗരോഹിത്യ മേധാവിത്വത്തിന്റെ സപ്താഹയജ്ഞങ്ങളുടെ പുക ഉയരുന്നത് ഗുരുദേവ ദർശനത്തിന്റെ ചിതകളിൽ നിന്നാണ്.

ഗുരുവും ഇന്ന് ജാതിപ്പേര് വഹിക്കുവാൻ വിധിക്കപ്പെട്ട ദൈവമായി മാറിക്കഴിഞ്ഞു. ഗുരുവിന്റെ സങ്കല്പങ്ങൾ ഗുരു സൃഷ്ടിച്ച യോഗങ്ങൾ അധികാരകേന്ദ്രങ്ങളിലെ കേവലമായ സമ്മർദ്ദശക്തിയായി മാറിക്കഴിഞ്ഞു.

ഗുരുവിന്റെ പ്രതിമയെവിടെ? ഗുരുവിന്റെ ദർശനമെവിടെ? ഗാന്ധി പ്രതിമയെവിടെ? ഗാന്ധി ദർശനമെവിടെ? ഈ ദുശ്ശാസനന്മാർ അവരെ വിറ്റ് കാശാക്കി ആ പച്ച മനുഷ്യനെ ദൈവങ്ങളാക്കി ചില്ലുക്കൂട്ടിലടച്ച് വഴിയരികിലെ പ്രദർശനവസ്തുവാക്കി. സ്വന്തം വലിപ്പത്തിന്റെ അടയാളങ്ങളുമാക്കി. ദൈവമേ ഇവർ ചെയ്യുന്നത് എന്താണെന്ന് ഇവർ അറിയുന്നില്ല. ഇവരോട് ക്ഷമിക്കണമേ.

# Federal Bank's Education Trust Fund






Your children. The greatest gift you can give them is education. And Education has expenses. Federal Bank understands this and has drawn up apt schemes.

As your children progress from school to college our schemes make sure they get atleast Rs. 300/ per month continuously for 7 years. You can select the best schemes with your child's age in mind.

Come to us for further details:

THE
**FEDERAL BANK**
LIMITED
Regd. Office : Alwaye 683 101

ARIES

# അഗ്നിയിൽ നിന്നൊരു ഗീതം



കട്ടിയുള്ളിരുമ്പു ചങ്ങലയാലെന്നെ,കാഷ്ടി-
മിക്കരമ്പാറക്കെട്ടിൽ തളച്ചിട്ടിരിക്കുന്നു
അഗ്നിയാണെൻ ചുറ്റിലും! ഇഷ്ടമുണ്ടായിട്ടല്ല;
പഞ്ചവഹ്നിമദ്ധ്യത്തിൽ തപസ്സു തുടരുന്നു.
എന്നിലെയെന്നെത്തിരിച്ചറിയാനാണീ തപം,
കഴിഞ്ഞില്ലിതേവരെ ലക്ഷ്യത്തിലെത്തിച്ചേരാൻ.
ക്രൂരമാമിതേവിധി നിനക്കും കിട്ടീ; പക്ഷേ-
നീ വിലങ്ങുകൾ തകർത്തെറിഞ്ഞുകളഞ്ഞെന്നോ?
തളച്ചനേരം മുതൾ കരയുന്നതാണു ഞാൻ;
എന്റെ കണ്ണീരിത്തീയിന്നിന്ധനമായീ! കഷ്ടം!
ഏറെ, യത്ഭുതം! അമ്മു, നിന്റെയീ മിഴിത്തുമ്പിൽ
ഒരിക്കൽപോലും പൊടിഞ്ഞില്ലൊരു രസത്തുള്ളി!
തണുത്തു കുളിരാർന്നതാണു നിൻ വിരലുകൾ
ഇച്ചൂടിനൊന്നും നിന്നെ പൊള്ളിക്കാനായില്ലെന്നോ?
നനുത്ത വിരലാൽ നീ തൊടുമ്പോഴെല്ലാമേറെ-
യസ്വാസ്ഥ്യമാണെൻ കുട്ടീ; ഉരുകുമെനിക്കിന്നീ-
തണുപ്പു ദുസ്സഹമാം; പിന്നെ നിൻ കൈ മാറുമ്പോൾ
പൊള്ളിപോളകൾ തീർക്കും നിൻ വിരൽ തൊടും ഭാഗം!
എത്രയോ നോവിക്കുന്ന മുറിപ്പാടുണ്ടെന്നുള്ളിൽ
മുറി കൂട്ടാനാവാതെ, നിനക്കും കാലത്തിന്നും!
നീയറിയുമോ അമ്മൂ, ദഹിപ്പിക്കുകയില്ലീ-
യഗ്നിയെൻ ശരീരത്തെ- മുടിനാരിനെപ്പോലും!
ഇതിനേക്കാളും ചൂടിൽ വേവുകയാണെൻമനം;
ആളുകയാണെൻ ചങ്കിൽ സ്നേഹശൂന്യതാവഹ്നി!
ഒത്തിരി മുഖങ്ങടെയുടമസ്ഥരിത്തീയിൽ
ഭസ്മമായ്ക്കഴിഞ്ഞു; നീ ഞെട്ടുന്നുണ്ടാവാമിപ്പോൾ!
നമ്മളെത്തിയ വഴിത്തിരിവൊന്നാണെങ്കിലും
പാതകൾ രണ്ടാണമ്മൂ-സ്നേഹവും വിദ്വേഷവും!
ഒറ്റനോട്ടത്തിൽച്ചൊല്ലാം- നന്നായിതെല്ലാം അമ്മൂ,
അഗ്നിയിൽ വളർന്നതു വാടുമോ വെയിലേറ്റാൽ?
ശീതമോ സമശീതോഷ്ണങ്ങളോ വേണ്ടെൻ ഹൃത്തി-
ന്നേറെയിഷ്ടമീയുഷ്ണജീവിത,മിപ്പോൾ കുട്ടീ.
'നാളെ ' വന്നിടാം, ഋതു മാറിടാം നിന്നെ വസ-
ന്തോത്സവം കളിയാടുമുദ്യാനം ക്ഷണിച്ചിടാം.
ഇച്ചൂടിൻ സ്മരണകൾ ഒരു ദുഃസ്വപ്നം പോലെ
നീ മറന്നുപോം അമ്മൂ; എന്നെയോർക്കമെന്നാലും!
അപ്പോഴും ഞാൻ തേടുമീ പഞ്ചാഗ്നി തൻ മധ്യഭൂ-
വിപ്പൊഴുമൊരു തപ്തജീവിതൻ ചെറുമോഹം!
അന്നു ഞാൻ ഉഷ്ണം മാത്രമുള്ള ഭൂമിയിലാകാം;
നാളെ നാമിരുവരും കണ്ടുമുട്ടിടാതാകാം!

*മെഴ്സി കെ.വി.*
മൂന്നാം വർഷ മലയാളം



ചക്രം തിരിയുമുണ്ണി
അന്നുനിൻ
ശുക്രൻ തെളിയുമുണ്ണി



പടവുകൾ നിഴൽ മൂടുന്നുവെങ്കിലും ..........
വർണ്ണങ്ങളൊക്കെയും നുരയുന്നുവെങ്കിലും ........
കാണണമെനിക്കെന്റെ
ജീവിതമൊപാതിച്ചോർ.

(ഫോട്ടോഗ്രാഫി IIIrd UNIFEST)
ഫോട്ടോ: ബിനിൽ കോശി

LIBRARY, UNION CHRISTIAN COLLEGE
ALWAYE-2, KERALA

# ഊഞ്ഞാൽ.



കലണ്ടറിൽ മാസങ്ങൾക്ക് നടുവിൽ
തൂങ്ങുന്ന കുരിശ്
ഹൃദയത്തിനു നേർക്ക് ആരോ എയ്ത
കടുത്ത വേനലായിരുന്നു.

വേനലിൽ ഉണർന്നു കത്തിയ
പെരുവഴിയിലെ ഉണങ്ങിയ മരം
ചില്ല തിരഞ്ഞ ബലിക്കാക്ക ഇരകിട്ടാതെ
ചാരം തിന്ന് വിശപ്പടക്കിയത് പുതുപുരാണം.

കടവിലെ പെരുമഴയിൽ മുങ്ങിയ പടവുകൾക്കിടയിൽ
ഞണ്ടുകൾ ശ്വാസം മുട്ടി മരിച്ചിട്ടുണ്ടാവും
പക്ഷേ ഇറുക്കുകാലുകൾ പരുക്കേല്ക്കാതെ
പ്ര ളയത്തോളം നിലനില്ക്കും.

ഗ്രീഷ്മത്തിൽ തപിച്ചു നീറിയ
വിരഹത്തിന്റെ സ്വപ്നങ്ങളിൽ
കടുവകളി കാണാനിരുന്ന കുട്ടി
വിറച്ചു മരിച്ചു.

ഇനി ഈ മഞ്ഞയും കറുപ്പും വരകളിൽ
ബലിക്കാക്കയുടെ നിഴലിനേക്കാൾ കടുത്ത കറുപ്പിൽ
ചുടുനിശ്വാസങ്ങളുടെ തീ തണുക്കും ചൂടിൽ
നിനക്കായി ഒരു ഊഞ്ഞാൽ ഒരുക്കിയിരിക്കുന്നു.

**ജോർജ്ജ് ഉമ്മൻ**


സഹകരണ സംഘ സംഗീതമായ് മുന്നോട്ട്
THE STAR OF THE CO-OPERATIVE MOVEMENT
എറണാകുളം ജില്ലാ സഹകരണ ബാങ്ക് സഹകരണത്തിന്റെ മധുരവുമായ്
വിവിധ വായ്പാ പദ്ധതികൾ
അംഗ സംഘങ്ങൾ മുഖേന
ഹ്രസ്വകാല, മധ്യകാല, ദീർഘകാല കാർഷിക വായ്പകൾ (കൃഷിക്ക്), സാധാരണ വായ്പ, ഓവർഡ്രാഫ്റ്റ്, ഭവന നിർമ്മാണത്തിനും, വീട് പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും, ഓല മാറ്റി ഓട് മേയുന്നതിനും സുരക്ഷിത കക്കൂസ് നിർമ്മാണത്തിനും, സ്വയം തൊഴിൽ കണ്ടെത്തുന്നതിനും, വ്യവസായത്തിനും, ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വായ്പകൾ വിതരണം ചെയ്യുന്നു. (വായ്പകൾ ജില്ലാ ബാങ്കുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സംഘങ്ങളിലൂടെ വിതരണം ചെയ്യുന്നു.)
ജില്ലാ ബാങ്ക് നേരിട്ട് വിതരണം ചെയ്യുന്ന വായ്പകൾ
സാധാരണ വായ്പ 50,000/- രൂപ, ഗൃഹോപകരണ വായ്പ 30,000/- രൂപ, ഓവർ ഡ്രാഫ്റ്റ് 50,000/- രൂപ, ഭവന നിർമ്മാണ വായ്പ 1 ലക്ഷം രൂപ, ചെറുകിട വ്യവസായ വായ്പ 50,000/- രൂപ, ക്യാഷ് ക്രെഡിറ്റ് 5 ലക്ഷം രൂപ, വാഹന വായ്പ 5 ലക്ഷം രൂപ വരെ, വ്യവസായ വായ്പ 10 ലക്ഷം രൂപ, സ്വർണ്ണ പണയ വായ്പ 40,000/- രൂപ വരെ എന്നീ വായ്പകൾ ജില്ലാ ബാങ്കിന്റെ 31 ബ്രാഞ്ചുകളിലൂടെയും വിതരണം ചെയ്യുന്നു.
THE ERNAKULAM DIST.
CO-OPERATIVE BANK LTD.
Bank of the people
Chittoor Road, Cochin - 682 016.
Phones: 366711,366826,364036.
Co-operate with Co-operative Bank.
Directors:
Sri. Babu Paul, Sri. V.P. Saseendran,
Sri. P. Muraleedhara Menon
Sri. S.A. Backer, Sri. Varkey Mathai, Sri. K.P. Baby,
Sri. V.K. Dharman, Sri. K.N. Vijayan,
Sri. P.M. Babu P.Jachavadu, Sri. Malippuram Bhaskaran,
Sri. K.V. Kunappan, & Smt. Annie Joy
President: Adv. M.M. Monaye.
General Manager: P.K. Vasu.



## സ്വപ്നാടകൻ

ബിനിൽകോശി II BSc Zoology

സ്വപ്നം ശകലവും കയ്യിലില്ലേ
ദുഃഖം പലകുറി വാറ്റിയെന്നോ
ചെമ്പൻ കണ്ണിമലർ കവിളിലെന്നും
കണ്ണീരു വീണു നനഞ്ഞിരിപ്പോ

പടിയുമ്പോൾ ഞായർ പിടഞ്ഞിരുന്നോ?
എത്താമരക്കൊമ്പിൽ ബലിക്കാക്കയുണ്ടോ?
അന്നം ബലിച്ചോറായി മാറിയല്ലേ?
കുതികാലിൽ വെട്ടി അവർ ചിരിച്ചോ?

മുക്കുറ്റി കണ്ടു കരഞ്ഞുവെന്നോ
വാകകൾ പൂത്തതു ഹൃത്തിലെന്നോ
പാവം പഴങ്കഥ പാട്ടുകാരൻ
മെലാഞ്ചി കൈകൾ മറന്നിരുന്നോ

വാക്കു വഴിയിൽ വിതറിയല്ലേ
വിയർപ്പിൻ മണിമാല തൊങ്ങലിട്ടും
ഉയിരിൻ കൊടുങ്കാറ്റ താമിട്ടും
പ്രകമ്പനം നിന്നിൽ വിളഞ്ഞിരുന്നു.

അക്കാല ചതികൾ പതിച്ചെടുക്കാം
അക്കാല നോവുകൾ ഇറുത്തെടുക്കാം
ഇക്കാലമത്രയും കല്ലായിരൊന്നരാ
സ്വപ്നാടകന് വഴിയൊരുക്കാം

ഉറയുരിഞ്ഞിന്ന് നീ പുതുമോടിയിൽ
അറിവിൻ നടുക്കം കരളിലേന്തി
പറയാത്ത കഥകൾ മനസ്സുരുക്കി
സ്വപ്നാടകനായ് നടന്നു പോകൂ....
സ്വപ്നാടകനായ് നടന്നു പോകൂ....



കെ.കെ. രാമൻ

# സൈന്ധവലിപിയുടെ

സൈന്ധവലിപിയുടെ

# അകംപൊരുൾ

അകംപൊരുൾ

നമ്മുടെ സഞ്ചിതവിശ്വാസപ്രമാണങ്ങളേയും ഭാഷാശാസ്ത്രത്തേയും തകിടം മറിക്കുന്ന ഒരു കണ്ടെത്തലാണ് കെ.-കെ.-രാമൻ ആവിഷ്കരിക്കുന്ന സിദ്ധാന്തം. ഒരു പ്രഹേളികയായി അവശേഷിച്ചിരുന്ന സൈന്ധവലിപികളുടെ പൊരുൾ കണ്ടെത്തി എന്നതു മാത്രമല്ല അതിന്റെ പ്രസക്തി. ഒരു പുരുഷായുസ്സു നീണ്ട തന്റെ അന്വേഷണത്തിലൂടെ ഭാരതീയ സംസ്കാരത്തിന്റെ സാമൂഹിക സ്രോതസ്സുകളിലാണ് അദ്ദേഹം വിരൽ വച്ചിരിക്കുന്നത്. അതുവഴി പലതരം ധാരണകളേയും അദ്ദേഹം തിരുത്തിക്കുറിക്കുന്നു. അവയുടെ സ്ഥാനത്ത് തികച്ചും യുക്തിഭദ്രമായ നിഗമനങ്ങളിൽ അദ്ദേഹം എത്തിച്ചേരുകയും ചെയ്യുന്നു.

These Harappan seals can't be deciphered ; such is there mystery.

മനുഷ്യസംസ്കാരത്തിന്റെ വേരുകൾ തേടിപ്പോയ ഗവേഷക സാമ്രാട്ട് വാൾട്ടർ എ.ഫെയർ സർവ്വീസ് അദ്ദേഹത്തിന്റെ വിശ്രുത ഗ്രന്ഥമായ 'ദി റൂട്ട്സ് ഓഫ് എൻഷ്യന്റ് ഇന്ത്യ'യിൽ കുറിച്ച വരികളാണിത്. ഏതാണ്ട് 70 വർഷം മുമ്പ് ഹാരപ്പ-മോഹൻജെദാരോ പ്രദേശത്ത് നടന്ന പുരാവസ്തു ഗവേഷണത്തിന്റെയും ഉദ്ഖനനത്തിന്റെയും ഫലമായി വീണു കിട്ടിയ ഒരു മഹാ സംസ്കൃതിയുടെ അവശിഷ്ടങ്ങൾ കണ്ടിട്ട്.

ഏഴുന്നൂറോളം വരുന്ന ഹാരപ്പൻ മുദ്രകളെ തിരിച്ചും മറിച്ചും നോക്കിയ ഫെയർ സർവീസിന്റെ പാശ്ചാത്യ മനസ്സിന് 'ഓ ഇതെന്ത് കുറെ കാളരൂപങ്ങൾ' എന്നു പരിഹസിക്കാനേ കഴിഞ്ഞുള്ളൂ. ആദിമ മാനവ സംസ്കാരത്തിന്റെ ഗൂഢാക്ഷരികളായ 'മറൈയ്ക്കുറി'-കളാണിതെന്നും അക്ഷരപ്പൊരുളിന്റെ ഒരു മായികപ്പെട്ടകമാണിതെന്നും മനസ്സിലാക്കാനാവാതെ ആസ്ഥാന പണ്ഡിതർ കാട്ടിയ ഈ ബാലിശത ഇന്നും ആവർത്തിച്ചു കൊണ്ടിരിക്കെ ഹാരപ്പൻ മുദ്രകൾ, ഫെയർ സർവീസിന്റെ ഭാഷയിൽ പറഞ്ഞാൽ, '.... Continue to frustrate us with their mysterious writings'.

ഫെയർ സർവീസിന്റെ ഈ അസ്വസ്ഥത പുരാവസ്തു ഗവേഷകരുടെയെല്ലാം ഉള്ളം കുത്തുന്ന നീറ്റലായിരുന്നു. സർ അലക്സാണ്ടർ കണ്ണിംഗാം, മോർട്ടിമർ വീലർ, ജോൺ മാർഷൽ, ഫ്ളിന്റേഴ്സ് പെട്രി, ജി.-ആർ.-ഹണ്ടർ തുടങ്ങി സ്വാമി വിവേകാനന്ദൻ വരെയുള്ള മഹാരഥന്മാരൊക്കെ പയറ്റിത്തോറ്റ രംഗം. ആരും ഈ മുദ്രകൾ വായിക്കില്ല എന്നു പണ്ഡിതലോകം ആവർത്തിച്ചു കൊണ്ടിരിക്കെ ഒരു മലയാളി വൃദ്ധൻ മുന്നോട്ടു വരുന്നു: സൈന്ധവ ലിപികളുടെ താക്കോലുമായി.

പത്തനംതിട്ട ജില്ലയിലെ ഇലവുതിട്ട ഗ്രാമത്തിൽ നിന്നു ശ്രീ. കെ. കെ. രാമൻ ഹാരപ്പൻ മുദ്രകളുടെ ചിഹ്നങ്ങൾ ചികഞ്ഞെടുത്ത് അവ വായിക്കുന്നതിനൊരു രൂപരേഖയുണ്ടാക്കിയ ഈ മനുഷ്യൻ ഭാഷാചരിത്രത്തെയും ഭാരതീയ തത്വചിന്തയേയും കുറിച്ച വ്യവസ്ഥാപിത ധാരണകൾ തിരുത്തിക്കുറിക്കാനുള്ള പുറപ്പാടിലാണെന്നറിഞ്ഞപ്പോൾ ആദ്യം വിശ്വസിക്കാനായില്ല. രൂഢസ്ഥമായ ധാരണകളുടെ ഔദ്ധത്യം ഒരു തടസ്സമായി. എന്നാൽ ഒരു പിടി കടലാസും ഒരു കഷ്ണം പെൻസിലും രാജസ്സുറ്റ ധിഷണയുമായെത്തിയ ആ 81 കാരൻ ധാരണകളത്രയും പിഴുതെറിഞ്ഞു.

ഒരു പുരുഷായുസ്സു നീണ്ട രാമന്റെ ഗവേഷണത്തെക്കുറിച്ച് എന്താണെഴുതുക. എവിടെയാണു തുടങ്ങുക? അത്തരമൊരു സന്ദിഗ്ദ്ധതയിൽ നിന്നാണ് ഈ കുറിപ്പ് ആരംഭിക്കുന്നത്. സൈന്ധവ മുദ്രകൾക്കു സമാനമായ ഒരു സന്ദിഗ്ദ്ധത.

## കവ ഇന്ദിരം എന്ന ഇന്ത്യ

ആര്യന്മാരുടെ വരവിനെച്ചൊല്ലി ഇന്നും വാഗ്വാദങ്ങൾ സജീവമായുണ്ടല്ലോ. മധ്യേഷ്യയിൽ നിന്നു വന്ന അഭിജാത വർഗ്ഗമാണ് ആര്യനെന്ന സായ്പിന്റെ വാദവും അതല്ല: 'ശ്രേഷ്ഠൻ' എന്ന അർത്ഥം മാത്രമാണതിനുള്ളതെന്നു ഹിന്ദു പണ്ഡിതരുടെ വാദവും പരസ്പരവൈരിയാണെങ്കിലും ആര്യനും ദ്രാവിഡനുമെന്നുള്ള ചേരിതിരിവിനെ ഈ രണ്ടുകൂട്ടരും അംഗീകരിക്കുന്നുണ്ട്. എന്നാൽ ഈ രണ്ടു വാദങ്ങളുടെയും കടയ്ക്കൽതന്നെ കത്തിവച്ചുകൊണ്ടാണ് രാമൻ തന്റെ 40 വർഷത്തെ ഗവേഷണ സഞ്ചി തുറക്കുക:

'-ആര്യൻ എന്നൊരു പ്രത്യേക വിഭാഗമേയില്ല. ദ്രാവിഡ ജനതയിൽ നിന്നു ഭിന്നമായൊരു സം

സ്കാരം ഇന്ത്യയിൽ ഒരു കാലത്തും ഉണ്ടായിരുന്നിട്ടില്ല. എന്നു തന്നെയല്ല ഇൻഡസ് വാലിയിൽ മാത്രമൊതുങ്ങുന്ന സംസ്കാരമാണ് ദ്രാവിഡസംസ്കാരമെന്ന പരമ്പരാഗതവാദവും ശുദ്ധ അസംബന്ധമാണ്.

ഇവിടെ അനാവരണം ചെയ്യപ്പെടുന്നത് പണ്ഡിതമതമല്ല. എന്തെങ്കിലും സ്ഥാപിത താല്പര്യത്തോടെയുള്ള ഒരു പുത്തൻ വാദോപാധിയുമല്ല. നേരെ മറിച്ച്. വംശം എന്ന സങ്കല്പത്തെത്തന്നെ പുനർനിർവചിച്ചുകൊണ്ടുള്ള ഒരു പുതിയ കണ്ടെത്തലാണ്. നമ്മുടെ രൂഢമൂലമായ ധാരണകളെക്കുറിച്ച ഒരു വീണ്ടുവിചാരം.

ഒരു പ്രത്യേക സംഘമെന്നു തിരിച്ചറിയാനുതകുന്ന. പരമ്പരാഗതവും മതിയാവണ്ണം സുസ്ഥിരവുമായ ചര്യകളുമുള്ള ജനവിഭാഗമാണ് വംശം. അങ്ങനെ നോക്കുമ്പോൾ മോഹൻജൊദാരോവിലെ തെരുവുകളും കുളങ്ങളും പണിത വംശക്കാരിൽനിന്ന് ഒരു തരത്തിലും ഭിന്നരല്ല ആര്യ വംശജർ. ഏറെക്കുറെ സമാനഭാഷ ഇന്ത്യ മുഴുവൻ വ്യാപിച്ചിരുന്നു. ഇന്നത്തെ ഇന്ത്യ മാത്രമല്ല. ഇന്ത്യയുടെ വടക്കു--പടിഞ്ഞാറൻ അതിരനപ്പുറവും ഈ സംസ്കൃതിയുടെ വേരുകൾ ആണ്ടിരുന്നു. ഈ നിഗമനത്തിനു സാക്ഷിപത്രമായി രാമൻ മുന്നോട്ടുവയ്ക്കുന്നത് ഇൻഡസ് വാലിയിൽ പ്രചരിച്ചിരുന്ന നാട്ടുഭാഷയെത്തന്നെയാണ്--മൂലദ്രാവിഡത്തെ.

ഇൻഡസ് വാലി എന്നാൽ ദ്രാവിഡ മുദ്രകളുടെ ഭാഷയിൽ കവ ഇന്ദിരമാണ്. കേന്ദ്രം എന്നർത്ഥം. രാമൻ തന്റെ ജ്ഞാനാക്ഷരി ഉരുക്കഴിച്ചു തുടങ്ങുകയായി. ഒരു പുരുഷായസ്സു നീണ്ട അന്വേഷണ തപസ്യയുടെ ഫലാക്ഷരി-

"...കവഇന്ദിരം ഭാഷാന്തരീകരണത്തിലൂടെ കോ--ഇന്ദിരമായി. കോ എന്നാൽ വിശുദ്ധമെന്നർത്ഥം. പിന്നീട് കോ. ലോപിച്ച് വെറും 'ഇന്ദിര'വും. ഇന്ദ്രിയവുമായി. ഇന്ദ്രിയത്തിൻ നിന്നാണ് ഇന്ത്യ എന്ന പദം ജനിക്കുന്നത്.

അതൊരു ആകർഷകമായ തുടക്കമായിരുന്നു. മൗലികതയുടെ ആകർഷത്വം. ഇന്ത്യ എന്ന പദത്തിന്റെ ഉൽപത്തിയെപ്പറ്റി ഇന്നോളം കേട്ട ന്യായന്യായങ്ങളത്രയും ഒറ്റയടിക്കു നിരാകരിക്കുകയും അതേ സമയം യുക്തിസഹമായ ഒരു പുതിയ നിർവ്വചനം അവതരിപ്പിക്കുകയുമായിരുന്നു. രാമൻ. അറിയാതെ ചോദ്യങ്ങൾ നാവിൻ തുമ്പിലെത്തി.

അപ്പോൾ ഇന്ദ്രപ്രസ്ഥമോ?

മറുപടി ഉടൻ എത്തി. "പാർത്തം എന്നത് പാർതലം എന്ന ദ്രാവിഡ പദത്തിന്റെ ചുരുക്കെഴുത്താണ്. പാർതലമെന്നാൽ പ്രപഞ്ചം. ഇന്ദ്രപ്രസ്ഥം സംസ്കൃത പദമാണ്. ഇന്ദിരപാർതലം എന്ന മൂലദ്രാവിഡ പദത്തിൽ നിന്നാണതിന്റെ ഉൽഭവം. പ്രപഞ്ചത്തിന്റെ കേന്ദ്രം എന്നാണർത്ഥം." മോഹൻജൊദാരെയോ?

"-സിന്ധുതീരത്തെ ഒരു തുറമുഖമായിരുന്ന മാവഞ്ചിതുറൈയാണ് മോഹൻജൊദാരോ ആയത്. തുറൈ എന്നാൽ തുറമുഖം."

കൗതുകം ജിജ്ഞാസയായ. അക്ഷരങ്ങളുടെ പൊരുൾ തേടിയ ഒരു മുത്തച്ഛൻ മുന്നിലാണിരിക്കുന്നതെന്ന് ആദ്യമൊന്നും വിശ്വസിക്കാനായില്ല. ഇതൊക്കെ നേരുതന്നെയോ എന്നു നാവും മനവും മന്ത്രിക്കും പോലെ. ഉള്ളിലെങ്ങോ തഴമ്പിച്ചുപോയ ആദ്യക്ഷരങ്ങളുടെ ദുർവാശി അഥവാ യാഥാസ്ഥികതയോതുന്നു. ഈ ആമന്ത്രണങ്ങളെ കരുത്തറ്റ പുച്ഛം കലർന്നൊരു ചിരിയോടെ "ഭേദിച്ചു. രാമൻ. ഒരു പുതിയ വിദ്യാരംഭത്തിലേക്കു നയിച്ച അർത്ഥവത്തായ ചിരി.

ദ്രാവിഡസംസ്കാരം സിന്ധുനദീതടത്തിൽ മാത്രമൊതുങ്ങുന്നതായിരുന്നില്ല. ഇന്ത്യാ ഉപഭൂഖണ്ഡം മുഴുവൻ അതിന്റെ വിളനിലമായിരുന്നു. മൂലദ്രാവിഡത്തിന്റെ ശാഖോപശാഖകൾ പേറിയിരുന്ന വ്യത്യസ്ത ജനവിഭാഗങ്ങൾ ഇന്നാട്ടിൽ പാർത്തു. ഭൂമിശാസ്ത്രപരമായി ഈ ജനതതിയെ മൂന്നു യൂണിറ്റുകളായി തരംതിരിക്കാം. ഓരോന്നിനും അതാതിന്റെ കുലപതിയുമുണ്ട്.

ചിത്രം– ഒന്ന്



(a) (b) (c)

ചിത്രം – രണ്ട്



(a) (b) (c)

## പ്രധാന മുദ്രകൾ

ചിത്രം മൂന്നിൽ കാണുന്ന മൂന്നു രൂപങ്ങൾ മോഹൻജൊദാരോവിൽ നിന്നു ലഭിച്ച പ്രധാനപ്പെട്ട മൂന്നു മുദ്രകളിൽ അടയാളപ്പെടുത്തിയിരിക്കുന്ന കുലപതി രൂപങ്ങളാണ്. എന്നുവച്ചാൽ അന്നുണ്ടായിരുന്ന മൂന്നു പ്രധാന ജനവിഭാഗങ്ങളുടെ കുലപതികൾ. ഈ രൂപങ്ങൾ വാസ്തവത്തിൽ മൂന്നു ചിഹ്നങ്ങളുടെ വികസിത മുദ്രണങ്ങൾ മാത്രമാണ്. ആ മൂന്ന് അടിസ്ഥാന ചിഹ്നങ്ങളാണ് ചിത്രം രണ്ടിൽ കാണിച്ചിരിക്കുന്നത്. മുദ്രകളിൽ നിന്നു കണ്ടെത്തിയ ഈ അടിസ്ഥാന ചിഹ്നങ്ങളും അവയുടെ വിന്യാസവുമാണ് ദ്രാവിഡ ലിപിയിലുടനീളം കാണുന്നതെന്ന് രാമൻ സ്ഥാപിക്കുന്നു.

ആദ്യത്തെ മൂന്നു ചിത്രങ്ങളും ഒരു മുദ്രയുടെ (സീൽ) മുഖ്യ ഭാഗങ്ങളും രണ്ടാമത്തെ ചിത്രങ്ങൾ അതിന്റെ വശത്തുള്ള ലിപിയുടെ ഘടകങ്ങളുമാകുന്നു. ആദ്യചിത്രങ്ങളുടെ ശിരോരൂപങ്ങൾ മാത്രമെടുത്താൽ രണ്ടാം ചിത്രത്തിൽ കാണുന്ന മൂന്നു ഐഡിയോ ഗ്രാഫുകൾ ലഭിക്കുന്നു. ഇവയെ യഥാക്രമം കലാപതി, ചൈലപതി, ചിരുംഗപതി എന്നിങ്ങനെയാണ് രാമൻ വേർതിരിക്കുന്നത്.

ഓക്സ്ഫഡിലെ ജി.-ആർ.-ഹണ്ടർ an anthropomorphoid figure, wearing a water buffalo head-dress എന്നും ഫെയർ സർവീസ് "a figure which suggests something out of the upper palaeolithic or neolithic of Europe rather than something from an early civilisation" എന്നും പുച്ഛിച്ചു തള്ളിയ രൂപങ്ങളെയാണ് ഒരു മലയാളി ഇവ്വിധം ഘടനാപരമായി അപഗ്രഥിച്ച് അക്ഷരപ്പൊരുൾ കണ്ടെത്തുന്നതെന്നോർക്കണം. ഫെയർ സർവീസിന്റെ മറ്റ് പാശ്ചാത്യ ഭാഷാശാസ്ത്രവിശാരദരുടെയും ഉച്ഛിഷ്ടം ഭുജിച്ചു ശീലിച്ച നമ്മുടെ സർവ്വകലാശാല കേസരികൾക്കു പക്ഷെ, രാമൻ ഈ അപഗ്രഥനം ആദ്യമാദ്യം പിടിച്ചില്ല. രാമന്റെ പുതിയ നിഗമനങ്ങളുടെ പൊരുൾ പരിശോധിക്കാൻ കേരള ഗവൺമെന്റു ചുമതലപ്പെടുത്തിയ പുരാവസ്തു വകുപ്പുകാർക്കും ഇതേ ദഹനക്കേട്. എന്നാൽ ലിംഗ്വിസ്റ്റിക്സ് വിദഗ്ദ്ധർ പലരും ഇപ്പോൾ രാമനെത്തേടി ചെല്ലുന്നുണ്ട്. സ്വയം പഠിക്കാൻ.

പക്ഷേ, പുസ്തകപ്പുഴുക്കളേ ഒരുപാടു കണ്ട രാമനതൊന്നും പ്രശ്നമല്ല.

കുഴപ്പം അവരുടേതല്ല. പാശ്ചാത്യ പണ്ഡിതരെ കണ്ണുമടച്ചു വിശ്വസിച്ച്, അവരെഴുതുന്നതു വേദവാക്യമാക്കുന്നതുകൊണ്ടുള്ള കുഴപ്പമാണ്. പാശ്ചാത്യ പണ്ഡിതർ അടിസ്ഥാനപരമായ രണ്ടു വീഴ്ച

കൾ വരുത്തി. അതിലവരെ കുറ്റപ്പെടുത്താനുമാവില്ല. ഒരു മുദ്രാരൂപമോ ചിഹ്നമോ കണ്ടാൽ അതിന്റെ രൂപത്തിലും പൊതുഭാവത്തിലുമാണ് അവർ ആകൃഷ്ടരാവുക. ചിഹ്നത്തെ അവിഭാജ്യമായ ഒരു യൂണിറ്റായിട്ടാണവരു കാണുന്നത്. ഇതാണവരുടെ ആദ്യ പരാജയം.

ഏതോ അജ്ഞാത ഭാഷയുടെ ചിഹ്നങ്ങളാണ് മുദ്രയിലുള്ളതെന്നു വിശ്വസിക്കുന്നതാണ് അവരുടെ രണ്ടാമത്തെ അബദ്ധം. എന്റെ സമീപനം നേരെ മറിച്ചായിരുന്നു. അന്യം നിന്നുപോയ ഒരു ഭാഷയുടെ ചിത്രങ്ങളാണിവയെന്നു ഞാൻ ആദ്യമേ നിരൂപിച്ചു. ഈ പൂർവ്വിക ഭാഷയുടെ ചിത്രങ്ങളാണിവയെന്നു ഞാൻ ആദ്യമേ നിരൂപിച്ചു. ഈ പൂർവ്വിക ഭാഷയുടെ സ്വാധീനം ആധുനിക ഭാഷകളിലെല്ലാം ഉണ്ടായിരിക്കണമെന്നും ഊഹിച്ചു. വിവിധ ഭാഷകളിലുള്ള എന്റെ സാമാന്യജ്ഞാനം ഇക്കാര്യത്തിൽ എനിക്കു രക്ഷയായിബവിച്ചു.

മുദ്രകളുടെ ഉള്ളടക്കം തേടി പതിറ്റാണ്ടുകൾ നീണ്ട തപസ്യ. ഒടുവിൽ രാമനിലെ അന്വേഷകന് ഒരു കാര്യം ബോധ്യമായി-ഈ മുദ്രകൾ അവിഭാജ്യങ്ങളല്ല. ഉദാഹരണമായി ചിത്രം മൂന്നിൽ കാണിച്ചിട്ടുള്ള മുദ്ര നോക്കുക.

ചിത്രം - [redacted] മൂന്ന്



ഈ മുദ്ര നാല് ആശയങ്ങൾ ധ്വനിപ്പിക്കുന്നു. നാലിനും നാലു വ്യത്യസ്ത അർത്ഥാപേക്ഷയാണുള്ളത്. അതേ സമയം ഇവ നാലും ചേർത്തു വച്ചാൽ ഇപ്പറഞ്ഞ നാലുമല്ലാത്ത മറ്റൊരർത്ഥം കൈവരിക്കുകയും ചെയ്യും. എങ്ങനെയെന്നല്ലേ? രാമൻ തന്നെ വിശദമാക്കട്ടെ.

"-ഞാനാദ്യം വായിക്കാനിടയായ ഐഡിയോഗ്രം 'കലപതി'-യുടേതായിരുന്നു. അതിൽ രണ്ടു ചന്ദ്രക്കലയും ഒരു തലമറിച്ചിട്ട 'V' ചിഹ്നവുമാണുള്ളത്. ചന്ദ്രക്കലയെ 'കല' എന്നാണ് വായിക്കേണ്ടത്. 'കല' യാണതിന്റെ സിലബിക്--വാല്യൂ. അതിന്റെ ലോഗോഗ്രാഫിക് മീനിംഗ് കൊമ്പ് (horn), കല (art)- എന്നൊക്കെയാണല്ലോ.

ഇനി മൂലദ്രാവിഡ ഭാഷയ്ക്ക് മൂന്നു വചനങ്ങളുണ്ടെന്ന വസ്തുതയോർക്കുക - ഏകവചനം, ദ്വിവചനം, ബഹുവചനം. ഇതിൽ. ചിഹ്നങ്ങളുടെ രൂപീകരണത്തിൽ രണ്ടു 'ചന്ദ്രക്കലകൾ ചേർന്നാൽ 'കൈലം' എന്നാണു വായിക്കേണ്ടത്. ഒരു ചിഹ്നം 'കല' അത് ഏകവചനം, അതിന്റെ ദ്വിവചനമാണു കൈലം.

കൈലം എന്നതിന് ഒരു ജോഡി കൊമ്പ് എന്നുമാത്രമല്ല. ഹിമാലയത്തിന്റെ കൊടുമുടികൾ എന്നുകൂടിയാണ് അർത്ഥം.

എങ്ങനെ?.

"-വുഡ്സ് (woods) എന്നതിന് രണ്ടു കഷണം തടി എന്നുമാത്രമല്ലല്ലോ? അർത്ഥം കാട് എന്നുകൂടിയില്ലേ?. വാട്ടേഴ്സ് എന്നതിന് രണ്ടു യൂണിറ്റു വെള്ളം എന്നല്ലല്ലോ അർത്ഥം ?."

രാമന്റെ നർമ്മംകലർന്ന മറുകുറി.

ചരിഞ്ഞ ഒരു വരയുടെ സിലബിക് വാല്യൂ 'കല' എന്നാണ്. ചെറിയ വടി, ഒരുകാല് എന്നൊക്കെയാണിതിന്റെ വാഗ്യാർത്ഥം. ഇതിന്റെ ദ്വിവചനമുണ്ടാക്കാൻ മറ്റൊരു വരകൂടി വരയ്ക്കണം-- മേലറ്റത്തുമുട്ടത്തക്കവിധം. അങ്ങനെ നമുക്ക് ^ ചിഹ്നം ലഭി

ക്കുന്നു. ഇതിന്റെ സിലബിക് വാല്യൂ '-കവൈ' ആണ്. എന്നു വെച്ചാൽ..മേൽക്കൂര അഥവാ പരമാധികാരവസ്ഥ (-പ്രതി).

ഇനി നേരത്തെ പറഞ്ഞ 'കൈലം ചിഹ്നത്തെ 'പതി' ചിഹ്നം കൊണ്ട് സമന്വയിപ്പിക്കുക ചിത്രത്തിലേപ്പോലെ.



(-കൈലം+-പതി=-കൈലപതി)

കൈലപതി എന്നാൽ ഹിമാലയത്തിന്റെ അധിപതി എന്നർത്ഥം.

ഇത്. ഒരു പുതിയ ജ്ഞാനോദയത്തിന്റെ ധന്യമുഹൂർത്തമായിരുന്നു. തലമുറകൾ തലമുറകൾ യത്നിച്ചു പരാജയമടയുകയോ അപൂർണ്ണമാക്കി പിൻതിരിയുകയോ ചെയ്ത അർത്ഥാന്വേഷണത്തിന്റ ആദ്യ സാഫല്യം. കൈലപതി മുദ്ര വായിച്ചതോട മറ്റു മുദ്രകളുടെ രഹസ്യങ്ങളിലേക്കുള്ള വഴി എറെ എളുപ്പമായെന്ന് രാമൻ പറയുന്നു. "പിന്നെ ഒരു ഒഴുക്കായിരുന്നു."

രണ്ടാമത്തെ വായിച്ചെടുത്ത മുദ്ര ശൈലപതിയുടേതാണ്.(-ചൈലപതി) മൂന്നു മുനയുള്ള ഒരു ഫോർക്കിന്റെ രൂപമായ ചൈലം അഥവാ ശൂലമാണ് ഇതിന്റെ സിലബിക് വാല്യൂ. ഈ ത്രിശൂലത്തിന് ലിംഗം. പാറ. നാവ് എന്നൊക്കെ വാഗ്വർത്ഥമുണ്ട്. ശൂലത്തിന്റെ ദ്വിവചനമാണ് ചൈലം(-ചൈലം) വിന്ധ്യന്റെ രണ്ടു കൊടുമുടികളിലൊന്നാണ് ഇതിന്റെ ലോഗോഗ്രാഫിക് അർത്ഥം. ഈ രണ്ടു മുടികളെ പഴയ മട്ടിൽ V ചിഹ്നം കൊണ്ട് അതായത് 'പതി' ചിഹ്നം കൊണ്ട് സയോജിപ്പിക്കുമ്പോൾ ചൈലപതിയുട രൂപമായി.

ചിത്രം - അഞ്ച്



ചൈലം+പതി=ചൈലപതി

മൂന്നാമത്തെ മുദ്രയിലേക്ക് വരാം ഇംഗ്ലീഷിലെ എഫ്--ചിഹ്ന(F)ന് മൂലദ്രാവിഡത്തിൽ അർത്ഥം ചിറൈ എന്നാണ്. വാക്യാർത്ഥം പറഞ്ഞാൽ തലയോട്ടി അല്ലെങ്കിൽ തല. ഇതിന്റെ ദ്വിവചനമാണ് ചിരുംഗം (രണ്ട് എഫ്.) ചിരുംഗം എന്നാൽ ഒരു ജോഡി കൊമ്പ് എന്നും പശ്ചിമഘട്ടത്തിലെ രണ്ടു കൊടുമുടികൾ എന്നും അർത്ഥമുണ്ട്.

ചിത്രം - ആറ്



ചിരുംഗം+പതി=ചിരുംഗപതി

അപ്പോൾ കൈലപതി. ചൈലപതി. ചിരുംഗപതി എന്നീ ത്രീമൂർത്തികളായി ഇവർ യഥാക്രമം കലിംഗം. ചാലൂക്യം. ചേരം എന്നീ ദേശങ്ങളുടെ അധിപരായിരുന്നു എന്ന് 'രാമൻ നിരൂപിക്കുന്നു. പുരാതനേന്ത്യയിലെ പ്രധാനമെന്നു പറയാവുന്ന മൂന്നു വിശാല പ്രവിശ്യകളായിരുന്നു ഈ മൂന്നു രാജ്യങ്ങളുമെന്നതിന് ചരിത്രത്തിൽത്തന്നെ തെളിവുള്ള സ്ഥിതിക്ക് ഈ വാദത്തിൽ കഴമ്പുണ്ട്.

ഈ മൂന്നു മുദ്രകളെ ആധാരമാക്കിയുള്ള ഗവേഷണമാണ് മൂലദ്രാവിഡഭാഷയേയും ഭാഷാമൂലം എന്ന നിലയിൽ ആ ഭാഷയ്ക്കുള്ള പ്രസക്തിയെയും പറ്റി

യുള്ള വിസ്മയാവഹവും ഒപ്പം വിവാദവിഷയവുമായ അറിവുകളിലേക്ക് രാമനെ നയിച്ചത്.

തന്റെ ആധാരശിലകളായ മൂന്നു മുദ്രകളെപ്പറ്റി രാമൻ പറയുന്നു:

"ഇവയാണ് യഥാർത്ഥ ബ്രഹ്മസൂത്രങ്ങൾ. ആലങ്കാരികമായിപ്പറയുന്നതല്ല. മൂല ദ്രാവിഡത്തിലെ 'പിരമ തോട്ടിര'-മാണ് സംസ്കൃതവത്കരിച്ച്-ബ്രഹ്മസൂത്രമായത്. സംസ്കാരത്തിന്റെ അടിസ്ഥാന തത്വങ്ങളാണവ. മനുഷ്യനേട്ടത്തിന്റെ നാഴികക്കല്ലുകൾ. സർവ ഭാഷകളുടെയും ആകെത്തുക."

ഇടത്തുനിന്ന് വലത്തോട്ടെഴുതപ്പെടുന്ന സർവ ഭാഷകളുടെയും പ്രഭവസ്ഥാനം കൈലപതി മുദ്രയാണെന്ന് രാമൻ സ്ഥാപിക്കുന്നുണ്ട്. ഈ മുദ്രകൾ അക്ഷരമാലകളുടെ സംക്ഷിപ്ത രൂപങ്ങളാണെന്നും അവയുടെ ചിഹ്നങ്ങൾ ശബ്ദരൂപങ്ങളുടെ സൂചകങ്ങളാണെന്നും.

## അക്ഷരത്തിന്റെ ഉറവിടം

"ഈ മുദ്രകൾ സൂക്ഷ്മമായി പഠിച്ചാൽ മൂന്ന് അടിസ്ഥാന ചിഹ്നങ്ങൾ ഇവയിലുണ്ടെന്നു കാണാം. ഒരു ജോഡി കൊമ്പുകളും അവയെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു V ചിഹ്നവും ഒരു ത്രികോണവും പിന്നെ ഒരു റിവേഴ്സ്- എഫും. ഹാരപ്പൻ മുദ്രകളുടെ ദുരൂഹതകളിലേക്കു തുറക്കുന്ന താക്കോലാണിവ." രാമൻ തന്റെ വഴി തുറക്കുന്നു.

എഴുന്നൂറോളം വരുന്ന ഹാരപ്പൻ മുദ്രകളിലെല്ലാം ആവർത്തിച്ചുവരുന്ന ഈ അടിസ്ഥാന ചിഹ്നങ്ങളാണ്. വാസ്തവത്തിൽ നദീതടസംസ്കൃതിയുടെയും അവിടത്തെ ഭാഷയുടെയും മതവിശ്വാസങ്ങളുടെയുമെല്ലാം അളവുകോൽ. രണ്ടാം ചിത്രത്തിൽ കാണിച്ചിരിക്കുന്ന മൂന്നു ചിഹ്നങ്ങൾ ഇന്ത്യയിലെ മൂന്നു പ്രധാന മലനിരകളെ ദ്യോതിപ്പിക്കുന്നു--ഹിമാലയം, വിന്ധ്യൻ, പശ്ചിമഘട്ടം. അതേപോലെതന്നെ പ്രാപഞ്ചിക മൂർത്തികളായ ശബ്ദം, ചിഹ്നം, സ്വരം എന്നിവയുടെ സൂചകങ്ങളും ഇവതന്നെ. അക്കാലത്തെ മതം ശൈവമായിരുന്നല്ലോ. അതിന്റെ പ്രതീകങ്ങളായ ത്രിശൂലം, ശിവലിംഗം, ആത്മൻ എന്നിവയുടെയും ദൃശ്യരൂപണമാണീ ചിഹ്നങ്ങൾ. അക്കാലത്തുള്ളവർ പുനർജന്മ വിശ്വാസികളായിരുന്നു എന്നതിന്റെ തെളിവാണ് ഈ ചിഹ്നങ്ങൾ സവിശേഷ പ്രാധാന്യത്തോടെ നിലകൊള്ളുന്ന ഗുണനചിഹ്നം (x). ഇടവും വലവും അടച്ചുള്ള ഈ ചിഹ്നം യോനിയെ സൂചിപ്പിക്കുന്നു. ശിവൻ കൈയിലേന്തുന്ന ഉടുക്കിന്റെ ഘടനയും ഇതേ ഗുണനചിഹ്നമാണല്ലോ. ജനിയുടെയും പ്രോജനിയുടെയും ആരൂഢമായ സ്ത്രീയോനിയെ വിശുദ്ധ വസ്തുവായിക്കണ്ടിരുന്നു. ആദിദ്രാവിഡർ എന്നു സാരം.

ഇനി ചിഹ്നത്തിന്റെ വിശദാംശങ്ങളിലേക്കു വരാം. കാളക്കൊമ്പുരൂപത്തെ രണ്ട് ഐഡിയോഗ്രാഫുകളായിട്ടാണു രാമൻ മുറിക്കുന്നത്. ചിത്രം നോക്കുക:



ഒന്നാമത്തെ പിരിവാണ് ഇരേവതാരം. രണ്ടാമത്തേത് ഇരേവം. പ്രാചീന ബ്രഹ്മി ലിപിയിലെ ഈ ഇരേവ ചിഹ്നമാണ് പിന്നീടു മലയാളം, ഗ്രീക്ക്, ഹിന്ദി, ലാറ്റിൻ തുടങ്ങിയ ഭാഷകളുടെ അക്ഷരങ്ങൾ സൃഷ്ടിച്ചത്. ഉദാഹരണം നോക്കുക:



അതേപോലെ ചിഹ്നത്തിന്റെ ആദ്യഘടകമായ ഇരേവതാരത്തിൽ നിന്നുളവായ അക്ഷരങ്ങൾ കാണുക:




മൂല ദ്രാവിഡത്തിന്റെ ഇരേവശബ്ദം ഒരു വാക്കിന്റെ തുടക്കത്തിൽ ഒരിക്കലും ഉപയോഗിച്ചിരുന്നില്ല. എന്നാൽ ഇരേവതരശബ്ദം തുടക്കത്തിലും ഒടുക്കത്തിലുമൊക്കെ പ്രയോഗിച്ചിരുന്നു. ഈ രണ്ടു വിഭാഗം ശബ്ദചിഹ്നങ്ങളിലേക്കാണ് ഇന്നത്തെ ഏതു ഭാഷയുടെയും പേരുകൾ നീളുന്നതെന്ന് രാമൻ സ്ഥാപിക്കുന്നു. ഇതിനുവേണ്ടി അദ്ദേഹം കുറേ ഭാഷകളുടെ ലിപി നിരത്തും. ഉദാഹരണത്തിന് ഇരേവം ചിഹ്നങ്ങളുടെ ബ്രഹ്മിലിപിയും മലയാള ലിപിയും നോക്കുക.

ചിത്രം - ഏഴ്







ഇനി ഇരേവതര ചിഹ്നങ്ങളുടെ രസകരമായ സാദൃശ്യം കാണുക:




ചിത്രം എട്ടിൽ നിന്നു വ്യക്തമാവുന്ന ഒരു വലിത സത്യമുണ്ട്. ബ്രഹ്മന്റെ ചിഹ്നമായ പശു. പതീ ചിഹ്നത്തിൽ നിന്നാണ് ഹകാരമുണ്ടാവുന്നത്. അതുകൊണ്ടാണ് ഹകാരത്തെ ജീവസന്ധാരണത്തിന്റെ പ്രതീകമായ പ്രണവശബ്ദമായി കണക്കാക്കിവരുന്നത്. മന്ത്രോച്ചാരണത്തിൽ വിസർഗത്തിന്റെ വേഷത്തിൽ ഇതേ വികാരമാണ് മർമ്മപ്രധാനമായ ഒരു കർമ്മം നിർവഹിക്കുന്നതെന്നോർക്കുക. ഹകാരം വിസർഗമായതു കാണണ്ടേ? ചുരുക്കി പറഞ്ഞാൽ 'ഹ'യും സംസ്കൃതത്തിലെ വിസരഗവും പശുപതിയുടെ തൽഭവങ്ങളാണെന്നു വരുന്നു. ഇതേ ശാഖയുടെ വികസിത രൂപങ്ങൾക്ക് ക.-ഗ.-ച.-യ.-ഐ.എ എന്നീ അക്ഷരങ്ങൾ.



അതേപോലെ ഈ ചിഹ്നത്തിന്റെ ആദ്യഭാഗമായ രൂപാന്തരം ഭവിച്ചതാണ്. താഴെപ്പറയുന്ന അക്ഷരങ്ങൾ:




ഇനി ഗ്രീക്കുഭാഷ നോക്കാം. പശുപതിയെന്നാൽ പശുവിന്റെ ഭർത്താവ് എന്നാണല്ലോ വാഗർത്ഥം എന്നുവച്ചാൽ കാള (OX) പശുപതി ബ്രഹ്മം കൂടിയാണ്- താത്വികമായി. അതിനാൽ കാള, ഓംകാരത്തിന്റെ ജീവിക്കുന്ന സ്വരൂപമാണ്. കാരണം, ബ്രഹ്മം ഓംകാരരൂപമാണ്. ഈ ഓംകാരത്തിൽ നിന്നാണ് ഗ്രീക്കുഭാഷയ്ക്ക് ഒമേഗ എന്ന ആദ്യക്ഷരം ലഭിച്ചത്.



ലോകസംസ്കാരങ്ങളുടെ അംഗീകൃത മാതൃത്വത്തെയാണ് താൻ ചോദ്യം ചെയ്യുന്നതെന്നിൽ രാമനു തെല്ലും കൂസലില്ല. തിരിച്ചറിവിന്റെ പ്രകാശം ലഭിച്ച സിദ്ധന്റെ ഉറപ്പോടെ അദ്ദേഹം പറയുന്നു: 'ഇന്നല്ലെങ്കിൽ നാളെ ലോകം എന്റെ വഴിക്കു വരുമെന്നും അവരുടെ ധാരണകൾ തെറ്റായിരുന്നുവെന്നു കണ്ട് തിരുത്തുമെന്നും എനിക്കുറപ്പുണ്ട്...'

'...വായിക്കപ്പെടാനാവാത്തതും ദുരൂഹവുമായ ഈ ഹാരപ്പൻ ലിപികൾ.....' എന്നു കൂസലില്ലാതെ കുറിച്ചുവച്ച വാൾട്ടർ ഫെയർ സർവീസിന്റെയും കൂട്ടരുടെയും അപക്വമായ നിശ്ചയങ്ങൾ

ലോകസംസ്കാരങ്ങളുടെ അംഗീകൃത മാതൃത്വത്തെയാണ് താൻ ചോദ്യം ചെയ്യുന്നതെന്നിൽ രാമനു തെല്ലും കൂസലില്ല. തിരിച്ചറിവിന്റെ പ്രകാശം ലഭിച്ച സിദ്ധന്റെ ഉറപ്പോടെ അദ്ദേഹം പറയുന്നു: 'ഇന്നല്ലെങ്കിൽ നാളെ ലോകം എന്റെ വഴിക്കു വരുമെന്നും അവരുടെ ധാരണകൾ തെറ്റായിരുന്നുവെന്നു കണ്ട് തിരുത്തുമെന്നും എനിക്കുറപ്പുണ്ട്...'

കൊണ്ടെത്തിച്ച വഴിമുട്ടലുകളിൽ നിന്നാണ് ഒരു മുൻ പട്ടാളക്കാരൻ കേവലം മൂന്നു ഹാരപ്പൻ മുദ്രകളുടെ പിൻബലത്തിൽ ഈ പ്രഖ്യാപനം നടത്തുന്നതെന്നറിയുക.

ആഗോളസാധുതയുള്ള അതിബൃഹത്തും കരുത്തുറ്റതുമായ ഒരു എപ്പിഗ്രാഫിക് ചട്ടക്കൂടിനെയാണ് രാമൻ എന്ന മലയാളി എതിർക്കുന്നത്. അതും ഒറ്റയ്ക്ക്. ഭാഷാപരമായ ഒരു തത്വസംഹിതയെ മാത്രമല്ല ഈ വൃദ്ധപണ്ഡിതൻ തിരുത്തിക്കുറിക്കുന്നത്. മനുഷ്യന്റെ ഇന്നോളമുള്ള സാംസ്കാരിക ചരിത്രവും സമ്പൂർണ്ണമെന്നവകാശപ്പെടുന്ന ഭാരതീയമീമാംസയും നമ്മുടെ പൗരാണിക സങ്കല്പനങ്ങളും സർവ്വോപരി അതിന്മേലെല്ലാം കാലൂറപ്പിച്ചു നില്ക്കുന്ന അതിവിശാലമായൊരു വിശ്വാസ പരിവട്ടത്തെയുമാണ്. ചുരുക്കത്തിൽ രാമന്റെ ഏകാംഗപ്പോര് യുഗപ്രഭാവമുള്ള ധൈഷണിക പ്രാമാണിത്തത്തോടും ജനകീയ വിശ്വാസത്തോടും പണ്ഡിത മതങ്ങളോടുമാണ്.

മൗലികമായ നിഷേധത്തിന്റെ വ്യാപ്തി അപാരമാണ്. അതു സ്പർശിക്കാത്ത ഇടമില്ല. അക്ഷരസ്പർശം എവിടെയൊക്കെയുണ്ടോ അവിടെല്ലാം രാമന്റെ തിരുത്തെഴുത്തു കടന്നെത്തുന്നു. ഒരു മെതഡോളജിക്കൽ സമീപനം ഏറെക്കുറെ അസാധ്യമാക്കുന്ന ആ സമഗ്രതയിൽ നിന്ന് ഒരുപിടി രസാവഹങ്ങളായ ഉദാഹരണങ്ങൾ ഇവിടെ നിരത്തട്ടെ. മൂലദ്രാവിഡത്തിന്റെ പ്രാമാണിത്തത്തെയും രാമന്റെ സവിശേഷമായ അർത്ഥപാരായണത്തെയും പ്രതിഫലിപ്പിക്കുന്ന ഘടകങ്ങൾക്കാണ് ഇവിടെ ഊന്നൽ നല്കുന്നത്.

ആത്മൻ എന്ന ആശയത്തിന്റെ മൂർത്തരൂപമാണ് പശുപതി. ഈ രൂപത്തിൽ തന്നെയാണ് നാദബ്രഹ്മവും കുടികൊള്ളുന്നത്. കാരണം, ബ്രഹ്മനിൽത്തന്നെ നാദവുമടങ്ങിയിരിക്കുന്നു. ശ്വാസനാളത്തിലുള്ള ശബ്ദപേടക (Larynx)-ത്തിലാണല്ലോ നാദതന്തുക്കളുടെ(Vocal-cords) ഇരിപ്പിടം. ഭാഷയ്ക്കാവശ്യമായ ആ സംസ്കൃത ശബ്ദം ഉല്പാദിപ്പിക്കുന്ന ഈ അവയവത്തെയാണ് ആദി ദ്രാവിഡർ നാദബ്രഹ്മമെന്നു വിശേഷിപ്പിച്ചത്. ബ്രഹ്മം എന്നതിന് സ്രഷ്ടാവ് എന്നാണവർ അർത്ഥമാക്കിയത്. ഭാഷയ്ക്കാവശ്യമായ നാദത്തെ സൃഷ്ടിക്കുന്ന അവയവം എന്നാണ്

പാദബ്രഹ്മം എന്നതു കൊണ്ടുദ്ദേ- ശിച്ചിരുന്നത്. ഈ ആശയത്തിന്റെ പ്രതിരൂപ ചിഹ്നമാണ്: X

അങ്ങനെ ബ്രഹ്മത്തിൽത്തന്നെ നാദവുമടങ്ങിയിരിക്കുന്നു എന്ന സത്യം തിരിച്ചറിഞ്ഞാൽ. പശുപതിയുടെ തത്വരഹസ്യത്തിലേക്കു കടക്കാം. പശുപതി ശിവൻ തന്നെയാണെന്ന് രാമൻ സ്ഥാപിക്കുന്നു. അതുകൊണ്ടാണ് ശിവൻ താണ്ഡവമാടിയപ്പോൾ(-കവയാട്ടം=-മൈഥുനം=-സൃഷ്ടി)-യോന്യാകാരത്തിലുള്ള ഉടുക്കിൽത്തട്ടി ശബ്ദമുണ്ടാക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നത്. ഉടുക്കിന്റെ നാദധ്വനികളായ ആ.-ഇ.-ഉ.-ണ്.-ഋ.-ന.ക്. ആദി: എന്നിവയിൽ നിന്നാണ് ഭാഷയ്ക്കാവശ്യമായ ശബ്ദങ്ങൾ രൂപപ്പെട്ടതെന്ന് സാരം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ശിവന്റെ(-പശുപതിയുടെ അഥവാ കൈലപതിയുടെ) പ്രതിരൂപത്തിൽ നിന്നാണ് ഭാഷയ്ക്കാവശ്യമായ നിയുക്ത ശബ്ദങ്ങളും അവയുടെ പ്രതിരൂപ ചിഹ്നങ്ങളും(-ലിപി) ആദ്യമായി ഉണ്ടായത്. ഈ തത്വത്തിൻ മേലാണ് ഹാരപ്പൻ ജനത ആത്മനും ഭാഷയ്ക്കും തുല്യ പ്രാധാന്യം കല്പിച്ചത്.

ചിത്രം - എ




ചിത്രം - ബി



ആത്മന്റെ പ്രതിരൂപമാണ് ലിംഗം. ഭാഷയുടെ പ്രതിരൂപം നാവും (ജിഹ്വ) നാവിനും പുരാതന ദ്രാവിഡത്തിൽ ലിംഗം എന്നു തന്നെയാണല്ലോ പേര്. ഗ്രീക്കു ഭാഷയിൽ ഇപ്പോഴും നാവിന് ലിംഗ്വ (lingua)

എന്നാണ് പേരെന്ന വസ്തുത ഇവിടെ സ്മരണീയമാണ്. പുരുഷന്റെ ലിംഗം ആത്മന്റെയും സ്ത്രീയുടെ നാവ് (വാണീദേവി) ഭാഷയുടെയും പ്രതിരൂപങ്ങളായാണ് കല്പന. അമ്മയിൽ നിന്നല്ലോ കുഞ്ഞുങ്ങൾ ആദ്യമായി ഭാഷാ ദുഗ്ദ്ധം നുകരുന്നതും. അതുകൊണ്ടാണ് ഭാഷാജ്ഞാനത്തിന്റെ പ്രതിരൂപമായി വാണീദേവിയായ സരസ്വതിയെ സങ്കല്പിച്ചിട്ടുള്ളത്. രാമൻ ഈ പോയിന്റ് വാച്യാർത്ഥത്തിൽ തന്നെ ഇനിയും വ്യക്തമാക്കുന്നുണ്ട്.

ഭാഷ കൈകാര്യം ചെയ്യുന്നതിന് ഏറ്റവും ആവശ്യമായ അവയവങ്ങളിൽ ഒന്നാണ് ചവ അഥവാ മേൽത്താടിയും കീഴ്ത്താടിയും. ചവ എന്ന പദം തിരിച്ചു വായിച്ചാൽ വച എന്നാകും. വചനം ചവയുടെ പ്രവർത്തന--പ്രതി പ്രവർത്തനം കൊണ്ടാണല്ലോ സംഭവിക്കുന്നത്. ചവാപതി എന്ന ആശയം തന്നെയല്ലേ ഇതേ സഭാപതി എന്ന ഉച്ചരിക്കപ്പെട്ടത്. അതേ എന്നു തന്നെയല്ല ഇതേ സഭാപതി തന്നെയാണ് വാചസ്പതിയായത് എന്നാണ് രാമന്റെ നിഗമനം. വെറും നിഗമനമല്ല. ചിഹ്നങ്ങൾ നിരത്തിയുള്ള കണ്ടെത്തൽ.



(മേൽത്താടി) (കീഴ്ത്താടി) ചവ/വച.
([redacted])

ഈ ആശയത്തോടുകൂടി പതി എന്ന ആശയത്തിന്റെ ചിഹ്നം കൂട്ടിച്ചേർത്താൽ വാചസ്പതി (സഭാപതി) എന്ന വചനം ലഭിക്കുക

യായി.



അങ്ങനെ ആത്മൻ (പശുപതി) തന്നെ നാദബ്രഹ്മവും വാചസ്പതിയും സഭാ പതിയുമൊക്കെയായ ഈ ന്യായത്തിലാണ് ശിവതാണ്ഡവത്തെ 'കനകസഭാതിരുനടനം' എന്നു വിശേഷിപ്പിച്ചിട്ടുള്ളതെന്നു ചിന്തിക്കുമ്പോഴാണ് രാമന്റെ നിഗമനത്തിന് ഒരു ലോജിക്കൽ അടിസ്ഥാനം സ്വയമേ കൈവരുന്നത്.

### ഭാഷയുടെ അമ്മ

പച്ചമനുഷ്യൻ നാഗരികനായപ്പോൾ അവൻ സ്വന്തം ഭാഷയേയും നാഗരികമാക്കി. സംസ്കൃതമെന്നാൽ നാഗരമെന്നർത്ഥം. 'നാഗം ഇരി അകം' എന്നാണ് നാഗരിക ത്തിന്റെ വിഗ്രഹാർത്ഥം. അതായത് നാഗത്തിന്മേൽ (നദീതീരത്ത്) കുടികൊള്ളുന്ന നിവാസ ഭൂമി എന്നർത്ഥം.

നാഗം എന്ന വാക്കിന് സ്വർഗ്ഗമെന്നും നദീതീരമെന്നുമാണ് അർത്ഥകല്പന. സുര ന്മാരാൽ (പുരേഹിതന്മാർ) സ്ഥാപിതമായ ആവാസഭൂമിയാണു സ്വർഗ്ഗം. ലോക രഹസ്യങ്ങളെക്കുറിച്ചുള്ള അറിവ് അഥവാ കലാജ്ഞാനം സിദ്ധിച്ചവരാണ് പുരോഹി തന്മാർ. ഈ കലയുടെ മൂർത്തികരണമായാണു കാളരൂപം കല്പിക്കപ്പെട്ടത്. കലാ പതിയുടെ വംശജരെ പുരോഹിതർ എന്നു പറയാം. കുറേക്കൂടി വിശദമാക്കിയാൽ ഹാരപ്പൻ സംസ്കൃതിയിൽ വിജ്ഞാനം എന്നു പറഞ്ഞാൽ ഭാഷാപരമായും ആത്മീയ മായുമുള്ള സമഗ്രമായ അറിവ് എന്നായിരുന്നു അർത്ഥം.

സിന്ധു നാഗരികതയുടെ പ്രാരംഭഘട്ടത്തിൽത്തന്നെ വിജ്ഞാനത്തിന്റെ ഈ സാക്ഷാത്കാരം നേടിയെടുത്തിട്ടുണ്ടാവണം. അന്നത്തെ പുരോഹിതന്മാർ സൈന്ധവ മുദ്രകൾ രൂപികരിക്കപ്പെട്ട കാലത്തു തന്നെയാണ് സംസ്കൃതഭാഷയും അങ്കുരിക്കുന്നത്. കാരണം സംസ്കാരത്തിന്റെ ഭാഷയാണ് സംസ്കൃതം. പച്ച ദ്രാവിഡം സംസ്കരിച്ചെടുത്ത മെച്ചപ്പെട്ട ഭാഷ. പ്രാചീന പുരോഹിതവർഗ്ഗം രൂപകല്പന ചെയ്ത പരിഷ്കൃത ഭാഷ. സംസ്കൃതമെന്ന പദത്തിന്റെ അർത്ഥം തന്നെ സംസ്കരിച്ചെടുത്ത ഭാഷ എന്നാണല്ലോ. ഭാഷാപരമായി അക്കാലത്തുള്ളവർ ആർജ്ജിച്ച നേട്ടങ്ങളുടെയെല്ലാം മൂർത്തീ കരണമാണ് നന്തിയെന്ന പേരുള്ള കാള. നേട്ടങ്ങളുടെ പ്രതിരൂപം എന്ന നിലയിലാണ് പശുപതി(-കാളക്കൊമ്പ് തലയിൽ വച്ച പുരോഹിതൻ) എന്ന സാങ്കല്പിക സൃഷ്ടിയുടെ ദൃശ്യരൂപം നിലവിൽ വരുന്നത്.

പശുപതിയെ തന്നെയാണ് നാദബ്രഹ്മമായി വിശേഷിപ്പിച്ചിട്ടുള്ളത്. ഈ രൂപത്തിൽ നിന്നുൽഭവിച്ച ശബ്ദങ്ങളുടെ പ്രതിരൂപങ്ങളെയാണ് ബ്രാഹ്മി ലിപികൾ എന്നു വിളിച്ചു പോരുന്നത്. ബ്രഹ്മം എന്നാൽ സ്രഷ്ടാവ്. നാദങ്ങളെ അഥവാ ഭാഷയ്ക്കാവശ്യമായ ശബ്ദങ്ങളെ സൃഷ്ടിച്ചത് എന്നാണ് നാദബ്രഹ്മം എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. അ,ഇ.-ഉ.-എ.-ഒ.-യ.-വ.ഹ ക(-ഗ).-ങ.-ച(-ജ).-ഞ.-ട(-ഡ)-ണ.-ത(-ദ)ന. പ(-ബ)-മ.-റ.-ര.-റ്റ.-ല.- ള.-ഴ.ന- ഇത്രയുമാണ് ബ്രാഹ്മി ലിപി. ഈ ശബ്ദങ്ങളെ ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയാണ് മൂല ദ്രാവിഡഭാഷ തയ്യാറാക്കിയത്.

ഈ ബ്രാഹ്മി ലിപികളെ സംസ്കരിച്ചാണ് സംസ്കൃത ലിപി രൂപപ്പെടുത്തിയത്. ബ്രാഹ്മിയിലെ ഖരങ്ങളോടും മൃദുക്കളോടും 'ഹ' കാരം ചേർത്ത ഘോഷവത്തുക്കൾ എന്ന രണ്ട് പ്രത്യേക വർഗ്ഗങ്ങൾ സൃഷ്ടിച്ചു.

ക+-ഹ=ഖ

ഗ+-ഹ=ഘ

ട+-ഹ=ഠ

ഡ+-ഹ=ഢ

ത+-ഹ=ഥ

ദ+-ഹ=ധ

പ+-ഹ=ഫ

ബ+-ഹ=ഭ

എന്നിങ്ങനെ.

| ദ്രാവിഡം | സംസ്കൃതം |
|---|---|
| കുടം | ഘടം |
| കുടുക്ക | ഘടിക |
| കുടുക്കാരം | ഘടികാരം |
| തേതി | തിഥി |

ഇതിനു പുറമെ 'ക' കാരത്തിനു ഷകാരം പരോക്ഷമായി സമാന്തരശബ്ദമാക്കി- ത+-ത=ത്ത, ട+-ട=ട്ട, ച+-ച=ച്ച, ക+-ക=ക്ക എന്നിങ്ങനെ ഒത്തക്ഷരങ്ങൾ വരുമ്പോൾ, അവയെ വേർപ്പെടുത്തി ഏതെങ്കിലും ഒരു പാതി ശീൽക്കാരം കൊണ്ടു പൂരിപ്പിക്കുന്ന സമ്പ്രദായവും നടപ്പിലാക്കി.

ഉദാ: ത്ത--ത+-സ=സ്ത

പുത്തകം--പുസ്തകം

പിന്നീട് പ=-വ=ഭ എന്ന മുറയ്ക്ക് സമാന്തരങ്ങൾ ഉപയോഗിക്കാമെന്നു നിയമമുണ്ടാക്കി.. പശു=-വസു എട്ടു പശു=-അഷ്ടവസു പശുപതി(-പുല്ലിംഗം)--വസുമതി(-സ്ത്രീലിംഗം)

നാവി=-നാഭി(-വ=ഭ)

വീമൻ=-ഭീമൻ(-വ=ഭ)

പുരികക്കൊടി=(-ഭ്രുകുടി)

തിരുപ്പതി=-തൃപ്തി

ചേക്കാത്തിരിയൻ=-ക്ഷത്രിയൻ

ശീൽക്കാരശബ്ദവും അതിന്റെ സമാന്തരവും സംയോജിക്കുന്നിടത്ത് രേഫവും കൂടി കൂട്ടിച്ചേർത്തുച്ചരിക്കുന്ന സമ്പ്രദായവും സംസ്കൃതത്തിലുണ്ട്. എന്നാൽ മൂല ദ്രാവിഡത്തിൽ രേഫ ശബ്ദം വാക്കിന്റെ തുടക്കത്തിൽ ഉപയോഗിക്കില്ല. സംസ്കൃതമാകട്ടെ, ഈ നിയമം മറികടന്ന് രേഫാശബ്ദത്തിന്റെ മുൻവരുന്ന സ്വരശബ്ദത്തെ തള്ളിക്കളഞ്ഞ് ഉച്ചരിക്കുന്നു.

ഉദാ: ഇലക്കണം--ലക്ഷണം

ഇരവി--രവി

ഇരാമൻ--രാമൻ

ഇയക്കി--യക്ഷി

സ്വരങ്ങളോടും വ്യഞ്ജനങ്ങളോടും 'ഹ' കാരം ചേർത്തുച്ചരിക്കുകയുമാവാം. അ+-ഹ=-ഹ,-ഇ+-ഹ=-ഹി,-ഉ+-ഹ=-ഹു,-ക+-ഹ=ഖ എന്നിങ്ങനെ. ഈ സൗകര്യം സംസ്കൃതഭാഷ ഉപയോഗപ്പെടുത്തുന്നു.

ഉദാ: പിങ്ങം--സിംഹം--ഇമയം--ഹിമം--മകാ-,മഹാ-ചങ്ങപ്പു-,-ശംഖു. മൂലദ്രാവിഡ ശബ്ദങ്ങളെ സംസ്കരിച്ച് സംസ്കൃത ഭാഷയുടെ അടത്തറയുണ്ടാക്കിയതിന് രാമൻ നല്കുന്ന ദൃഷ്ടാന്തങ്ങളിൽ ചിലതു മാത്രമാണ്. ഇതേ തത്വമുപയോഗിച്ച് ഏതൊരു സംസ്കൃത പദത്തെയും തിരിച്ചു മൂലദ്രാവിഡ മാക്കാക്കാമെന്നു കൂടി സ്ഥാപിക്കുമ്പോഴാണ് രാമന്റെ തിയറിക്ക് ഒരു സമാന്യ സാദ്ധ്യതയും വിശ്വാസ്യതയും കൈവരുന്നത്.

മൂലദ്രാവിഡം സംസ്കൃതത്തിന്റെ അടിത്തറയാണെന്നു നിരൂപിക്കപ്പെട്ടാൽ പിന്നെ മറ്റു ഭാഷയുടെയും മാതൃസ്ഥാനം അതിനു സ്വയമേ കൈവരുമല്ലോ. എങ്കിലും അങ്ങനെയൊരു ലോജിക്കൽ സമാധാനത്തെ ആശ്രയിക്കാതെ വിവിധ ഭാഷാപദങ്ങളും മൂലദ്രാവിഡവും തമ്മിലുള്ള ബാന്ധവത്തെ വിശദമാക്കാൻ രാമൻ ആവോളം ഉദാഹരണങ്ങൾ നിരത്തുന്നു. പ്രവേശനദ്വാരം എന്ന അർത്ഥം വരുന്ന തുറ എന്ന മൂലദ്രാവിഡ പദത്തിന്റെ കഥ മാത്രം ഇവിടെ ഉദ്ധരിക്കട്ടെ.

മലയാളത്തിൽ തുറ തന്നെ ഉപയോഗിക്കപ്പെടുമ്പോൾ തമിഴിൽ അത് തുറൈയ് ആകുന്നു. സംസ്കൃതത്തിൽ ദ്വാരമാകും. പാലിയിൽ തോറാന, ഇംഗ്ലീഷിൽ

ഡോർ, ജർമ്മനിയിൽ തൂർ, ഹിന്ദിയിൽ ദ്വാർ, സിന്ധിയിൽ ദറോ, പേർഷ്യനിൽ ദർവാസ്, എന്നിങ്ങനെയാണ് തുറയുടെ വളർച്ച.

ശബ്ദത്തിൽ മാത്രമല്ല ലിപിവിന്യാസത്തിലും മൂലദ്രാവിഡമാണ് സംസ്കൃതത്തിന്റെ മാതാവെന്ന് രാമൻ വാദിക്കുന്നു.





സംസ്കൃതഭാഷയുടെ പിറവി ഭാഷാത്തനിമ നഷ്ടപ്പെടുത്തി എന്ന അഭിപ്രായമാണ് രാമന്. സംസ്കരണം കൊണ്ട് കാഴ്ചയ്ക്കു ഭംഗി ജനിക്കുമെങ്കിലും തനിമ നഷ്ടപ്പെടുമെന്നു മാത്രമല്ല പൊരുളെന്തെന്നു മനസ്സിലാക്കാൻ പ്രയാസമാവുകയും ചെയ്യുന്നു. അതുകൊണ്ടാണ് അർത്ഥത്തിൽ വിസ്മയം ജനിപ്പിച്ച് ഇല്ലാത്തതിനെ ഉണ്ടെന്ന് ധരിപ്പിക്കുന്ന ദുരൂഹത ഉണ്ടാവുന്നത്. അമാനുഷികത്തിലും അതിഭൗതികത്തിലും മനുഷ്യനു വിശ്വാസമുണ്ടായതിന്റെ കാരണമിതാവുമെന്നു പറയുന്ന രാമൻ ഒരു പടി കൂടി കടന്ന് സത്യമല്ലാത്ത കാര്യങ്ങൾ കേൾക്കുന്നതിനും കേട്ടപടി മുഖവിലയ്ക്കു വിശ്വസിക്കുന്നതിനും മനുഷ്യരെ പ്രേരിപ്പിച്ചതു സംസ്കൃതമാണെന്നു കുറ്റപ്പെടുത്തുക കൂടി ചെയ്യുന്നുണ്ട്.

ഇതു കേവലം linguistic Sophistry യുടെ സ്വാഭാവിക പ്രശ്നമല്ലേ എന്ന ചോദ്യത്തെ അദ്ദേഹം ഒട്ടാകെ ക്രുദ്ധനായി തന്നെയാണ് നേരിടുക.

'ഉള്ളതു ഉള്ളതു പോലെ പറയാനാണ് ഭാഷ. അസത്യങ്ങൾ പൊലിപ്പിക്കാനും സത്യം മൂടിവയ്ക്കാനുമുള്ളതല്ല. ദേവലോകം പോലെ സാങ്കല്പിക ലോകങ്ങൾ സൃഷ്ടിക്കപ്പെട്ടത് വാസ്തവത്തിൽ സംസ്കൃതഭാഷയുടെ വരവോടെയല്ലേ? അങ്ങനെയല്ലേ സംസ്കൃതം ദേവഭാഷയായതും?'

രാമന്റെ ചോദ്യങ്ങൾക്കു ഏതു കാലത്തു പ്രസക്തിയുണ്ട്. കാരണം പുരാതന ദ്രാവിഡ പുരോഹിതരാണല്ലോ സ്വർഗ്ഗം എന്ന ഉട്ടോപ്പിയ തുടങ്ങിവച്ചത്. അതുകൊണ്ട് തന്നെ ഈ സങ്കല്പലോകത്തിൽ യുക്തമായ ഒരു ഭരണവൃന്ദത്തേയും ഭരിക്കപ്പെടാനുള്ള പൗരാവലിയേയും പടുക്കേണ്ട ദൗത്യവും പുരോഹിതന്മാരുടേതായി.

സൃഷ്ടിയുടെ ഉപാധികൾ ലിംഗവും യോനിയുമാണല്ലോ. ആദിയോനിയേയും(-മാതാവ്) ആദിലിംഗത്തേയും(-പിതാവ്) യഥാവിധി ഉപയോഗപ്പെടുത്തി ആവശ്യാനുസരണം ദേവീദേവന്മാരെ സൃഷ്ടിക്കാനും പുരോഹിതർക്കു സാധിച്ചു എന്നു കരുതുന്നതിൽ സാംഗത്യമുണ്ട്. ഈ നിഗമനത്തിന് അടിവരയിടുന്നതാണ് ദേവഗണങ്ങളുടെ സംജ്ഞകൾ സംബന്ധിച്ച് രാമൻ നല്കുന്ന വിശദീകരണം പട്ടിക ശ്രദ്ധിക്കുക.

യഥാർത്ഥ ലോകത്തെ, ഇത്തരം മിഥ്യാ ലോകത്തിന്റെ ഛായ്മയിലാക്കിയത് പുരോഹിതവർഗ്ഗത്തിന്റെ നിലനില്പിന്റെ പ്രശ്നമായിരുന്നിരിക്കണം. സംസ്കാരത്തെ സംബന്ധിച്ച് ഇത്തരം തിരിച്ചറിവുകളിലൂടെ മാത്രമാണല്ലോ ഭാഷയുടെ പരിണാമത്തെ കുറിച്ചുള്ള സത്യവും വ്യക്തമാവാറ്. രാമന്റെ കണ്ടെത്തലുകളുടെ സാമൂഹിക പ്രസക്തി ഇവിടെയാണ്.

മൂലദ്രാവിഡമാണ് ഭാഷകളുടെ ആദിമാതാവെന്ന രാമന്റെ വാദം അംഗീകരിക്കപ്പെട്ടാൽ നിലം പൊത്തുന്നത് നാമിതേവരെ പടുത്തുയർത്തിയ ഭാഷാശാസ്ത്ര ധാരണകളും ചരിത്രവും മാത്രമല്ല. അവയ്ക്കുമേൽ സുരക്ഷിതമായി

ഉറപ്പിച്ചിരുന്ന മനുഷ്യന്റെ ഉട്ടോപ്പിയകൾ കൂടിയാവും 'പ്രാകൃതി'-യിൽ നിന്ന് സംസ്കൃതവും. സംസ്കൃതത്തിൽ നിന്ന് ഇൻഡോ ആരിയൻ, ഇൻഡോ യൂറോപ്പ്യൻ ഭാഷകളും പിന്നീട് അവയുടെ വകപിരിവുകളും ഉൽഭവിച്ചുവെന്നുള്ള വ്യവസ്ഥാപിത ഭാഷാശാസ്ത്ര നിയമം ഈ മനുഷ്യൻ തിരുത്തിക്കുറിക്കുകയല്ലേ ? അക്കാദമിക പണ്ഡിതർ ഈ യത്നം അംഗീകരിക്കാൻ വൈമനസ്യം കാട്ടുമ്പോഴും രാമന്റെ ദൃഷ്ടാന്തകഥനം ധാരമുറിയാതെ മനസ്സിൽ തെളിയുന്നു.

പലം എന്ന വാക്ക്. പലം = (palam = plough = pull). 'പ' ശബ്ദം 'ബ' ശബ്ദമായി മാറുമെന്ന നിയമപ്രകാരം പലം ബലമാകുന്നു. Balam=Bull (കാള) ആകുന്നു. ചുരുക്കത്തിൽ കാള, കലപ്പ, കൈ, ശക്തി, പുലി മുതലായ ആശയങ്ങൾ അഥവാ അർത്ഥകല്പനകൾ പലം എന്ന ഒരൊറ്റ മൂലത്തിൽ നിന്നുരുത്തിരിഞ്ഞതാണെന്നു കരുതാം. പുലിമാൻ (പൈൽമാൻ) ശക്തിമാൻ (-ശാസ്താ) തുടങ്ങിയ പ്രയോഗങ്ങൾ ഈ വസ്തുതയുടെ പ്രയോഗ യാഥാർത്ഥ്യം വ്യക്തമാക്കുന്നുണ്ട്.



പുലിമാൻ
(ശാസ്താ)

ഇവ്വിധം ഏതു ഭാഷയിലുള്ള വാക്കിന്റെയും മൂലാധാരം മൂലദ്രാവിഡമാണെന്ന് ഗണിതകണിശതയോടെ രാമൻ വ്യക്തമാക്കുമ്പോൾ ഈ കണ്ടെത്തലിന്റെ അപാരതയ്ക്കു മുന്നിൽ-ആദരം കലർന്നൊരു വിസ്മയത്തോടെ നാം സ്തബ്ദരാവും.

പക്ഷേ രാമന് സ്തബ്ധതയോ, സന്ദിഗ്ധയോ ലവലേശമില്ല. കണ്ടെത്തലിന്റെ നിർവൃതി പകരുന്ന ഓജസ്സോടെ ആ വൃദ്ധപണ്ഡിതൻ അടുത്ത ചോദ്യം വരട്ടെ എന്ന ഭാവത്തിൽ മുഖത്തേക്കുറ്റുനോക്കുന്നു.

## ദേവലോകത്തേക്ക്

പ്രാചീനഭാഷയിൽ പുരോഹിതന് തേവൻ എന്നായിരുന്നു പദം. തിവം എന്നാൽ തീയ്, വെളിച്ചം, വെയിൽ, പുരോഹിതൻ നടത്തിയിരുന്ന മാന്ത്രിക വിദ്യയുടെ മുഖ്യ മാധ്യമമാണല്ലോ തീയ്. തീ കൈകാര്യം ചെയ്യുന്നോൻ തേവൻ.--അങ്ങനെയെങ്കിൽ തെയ്യമോ? '-അയ്യം എന്നതിന്റെ പാഠാന്തരമാണ് തെയ്യം. അയ്യം+-ആൻ=-അയ്യൻ (പുരോഹിതൻ) ഈ പദത്തിന്റെ സംസ്കൃതോച്ചാരണമാണ് ആര്യൻ. --ആര്യൻ ഒരു വർഗ്ഗത്തിന്റെ പേരല്ലേ? അങ്ങനെയാണെങ്കിൽ ആ പുരോഹിതവർഗ്ഗത്തിന്റെ പേരാണ്. മറ്റൊരു ന്യായീകരണവും വർഗ്ഗസംബന്ധമായി ആര്യനു നല്കാൻ ഭാഷാപരമായി സാധിക്കില്ല. ഋഗ്വേദത്തിൽ 37 തവണ ആര്യശബ്ദം കടന്നു വരുന്നുണ്ടെങ്കിലും ഒരിടത്തും അതൊരു വർഗ്ഗനാമമായി കാണുന്നില്ല. ശ്രേഷ്ഠൻ എന്ന അർത്ഥമേ കല്പിക്കാനാവൂ. രാമന്റെ അർത്ഥനിഗമനം ഇത്തരുണത്തിൽ കൂടുതൽ ചിന്തനീയമാകുന്നു. എങ്ങനെയെന്നല്ലേ?

ദിവംകരോതി ഇതിദേവ എന്ന ന്യായത്തിൻ മേൽ ദേവൻ എന്ന പദത്തിന് സൂര്യൻ എന്നും അർത്ഥമുണ്ട്. അതുകൊണ്ടു തന്നെ പുരോഹിതന്മാരെല്ലാം സൂര്യവംശജരാണെന്ന ന്യായവാദം ക്രമേണ സ്ഥിരീകരിക്കപ്പെട്ടിരിക്കാം. ബുദ്ധിയും ശക്തിയുമുള്ളവരായിരുന്നല്ലോ അക്കാലത്തെ പുരോഹിതവർഗ്ഗം. പ്രകൃതി രഹസ്യങ്ങളെക്കുറിച്ച് പ്രത്യേകിച്ചും ഗണിതം, വാനനിരീക്ഷണം, തുടങ്ങിയ ശാസ്ത്രങ്ങളെപ്പറ്റി പഠനം നടത്തിയത് ഈ വർഗ്ഗമാണ്. ആകാശത്തു നടക്കുന്ന ഗ്ര

ഹ്നങ്ങൾ ഭൂമിയിലിരുന്നു കണ്ണക്കുക്കൂട്ടി പറയാൻ പുരോഹിതന്മാർക്കു കഴിഞ്ഞതോടെ സ്വർഗ്ഗവാസികളുടെ പ്രതിപുരുഷൻമാരാണ് ഈ വർഗ്ഗമെന്നു സാധാരണ ജനങ്ങൾ വിശ്വസിച്ചു തുടങ്ങി. അറിവ് എന്നും അജ്ഞതയെ ഭരിക്കുമല്ലോ.

ഇന്ന് നമ്മുടെ സങ്കല്പങ്ങളിലുള്ള ദൈവങ്ങളെല്ലാം ഈ ദേവന്മാരുടെ സൃഷ്ടികളാണെന്ന് രാമൻ സ്ഥാപിക്കുന്നു. ഈ സൃഷ്ടികർമ്മത്തിന്റെ സാങ്കേതിക ജ്ഞാനം ഉരുത്തിരിഞ്ഞത് ഹാരപ്പൻ സംസ്കൃതിയിലാണെന്നും. ഈ പോയിന്റിന് ഉപോദ്ബലകമായി രാമൻ ആശ്രയിക്കുന്നതും സൈന്ധവമുദ്രകളെതന്നയാണ്. മുദ്രകളിലുള്ള വിസ്മയ ചിഹ്നങ്ങളും പ്രതിരൂപങ്ങളും ആശയചിഹ്നങ്ങളും സൂക്ഷ്മതയോടെ അപഗ്രഥിച്ചാൽ ഈ വാദഗതിയിൽ ഒട്ടൊക്കെ യുക്തിസഹമായി കാമ്പ് കണ്ടെത്താം.

### സൈന്ധവചിഹ്നങ്ങൾ

സൈന്ധവ മുദ്രകളെ പൊതുവായി മൂന്നായി തിരിക്കാം. വിസ്മയ ചിഹ്നങ്ങൾ (mystic symbols), ആശയചിഹ്നങ്ങൾ (ideographic), പ്രതിരൂപാത്മക ചിത്രങ്ങൾ (Symbolic pictures).

മനുഷ്യശരീരത്തിലെ ഭൗതികേതര പ്രതിഭാസങ്ങളെ ദൃശ്യാവയവങ്ങളിൽ ദ്യോതിപ്പിക്കുന്ന രീതിയാണു വിസ്മയചിഹ്നങ്ങളിൽ കാണുക. ഈ ചിഹ്നങ്ങളുടെ ബാഹ്യാർത്ഥത്തിനു പുറമേ മറ്റൊരു വ്യംഗാർത്ഥം കൂടിയുണ്ടാവുമെന്ന് സാരം. ഇവിടെ ആത്മനെ അഭൗതികപ്രതിഭ എന്നു വിശേഷിപ്പിക്കാമെങ്കിലും ഭൗതികതയുടെ പക്വാവസ്ഥയിലുണ്ടാവുന്ന സവിശേഷ സ്ഥിതി എന്നേ വ്യക്തമായി പറയാനാവൂ. ശരീരത്തിലുള്ള നിരവധി പ്രതിഭകളുടെ സംയുക്ത പ്രവർത്തനത്തിൽ നിന്നു തന്നെയാണ് ആത്മൻ എന്ന പ്രതിഭാസവും രൂപംകൊള്ളുന്നതെന്നാണ് ഹാരപ്പൻമാർ കരുതിയിരുന്നത്. ശക്തി, വിജ്ഞാനം, വിശപ്പ്, പാണ്ഡിത്യം തുടങ്ങിയ മറ്റു അഭൗതിക പ്രതിഭകളും ആത്മന്റെ ഗുണങ്ങളായി അവർ കണ്ടു. ഇവ്വിധം ദുരൂഹങ്ങളായ തത്വങ്ങളെ ലിപിവശാൽ ആവിഷ്കരിക്കുന്നതിനാണ് അവർ വിസ്മയ ചിഹ്നങ്ങൾ ഉപയോഗിച്ചത്. ഈ ഉദാഹരണം നോക്കുക:



ഈ വിസ്മയ ചിഹ്നങ്ങൾ വ്യക്തമാക്കുന്നത് ഭൗതികമെന്നും ആത്മീയമെന്നും വേർതിരിച്ചുള്ള വാദമുഖങ്ങളുടെ ആവശ്യമില്ലായ്മയല്ലേ? ഭൗതികമില്ലാത്ത ആത്മീയവും ആത്മീയമില്ലാത്ത ഭൗതികവുമില്ലെന്ന് ഹാരപ്പൻ തത്വചിന്തയുടെ കാതലാണ് രാമൻ ഇവിടെ രണ്ടു നാലു വരകളുടെ ചെലവിൽ വെളിവാക്കുന്നത്.

പ്രധാനപ്പെട്ട ചില വിസ്മയ ചിഹ്നങ്ങളിൽ അവയുടെ പൊരുളും പട്ടികയിൽ ചേർക്കുന്നു.

### പ്രതിരൂപ ചിഹ്നങ്ങൾ

മൂലദ്രാവിഡത്തിൽ മൂന്നു വചനങ്ങളുണ്ടെന്ന് സൂചിപ്പിച്ചുവല്ലോ. ജോഡിയായിരിക്കുന്നതെല്ലാം ഈ പ്രാചീന ഭാഷയിൽ ദ്വിവചനങ്ങളാണ്. മൂകവചനത്തിലുള്ള അർത്ഥം തന്നെ ദ്വിവചനങ്ങളാണ്. മാകവചനത്തിലുള്ള അർത്ഥം തന്നെ ദ്വിവചനത്തിലും കിട്ടികൊള്ളണമെന്ന വ്യവസ്ഥ മൂലദ്രാവിഡത്തിനില്ല - (ഈ രീതി പരോക്ഷമായി ഇംഗ്ലീഷുഭാഷയിലുള്ള കാര്യമോർക്കുക.) പ്രതിരൂപാത്മക ചിഹ്നങ്ങളുടെ സൃഷ്ടിയിൽ ദ്വിവചനം നിർണ്ണായക പങ്കു വഹിക്കുന്നു. ചില ഉദാഹരണങ്ങൾ നോക്കുക.

രണ്ടു സമാന്തരങ്ങൾ കൂട്ടി മുട്ടുന്നതിനെ ഇടത്തെ മൂക്ക് എന്നു പറയുന്നു. ഇതിന്റെ ദ്വിവചനം മൂക്ക് ആണ്. മൂക്കിന്റെ ആകൃതി തന്നെയാണല്ലോ മൂക്കിനും. ഇതോടൊപ്പം മൂല എന്ന വാക്കിന്റെ അർത്ഥം കൂടിയെടുക്കുക. തുമ്പ് എന്ന അർത്ഥമാണു '-മൂല'യ്ക്ക്. മൂക്കിന് ശ്വാസവും ജലവും വാർന്നുപോകാനുള്ള ഇരട്ട ദ്വാരമുണ്ട്. അതുകൊണ്ട് തുമ്പ് എന്നും മൂലദ്രാവിഡർ 'മൂക്കി'നെ വിളിച്ചിരുന്നു. തുമ്പ് എന്ന നാട്ടുപകരണത്തിനുമുണ്ടല്ലോ ജലം വാർന്നുപോകാൻ രണ്ടു ദ്വാരങ്ങൾ. ഈ സമാനതയിൽ നിന്നാണു തുമ്മുക എന്ന പദം ജനിച്ചത്. അതുപോലെ 'തുമ്പിക്കൈ'യുടെയും (തുമ്പും (മൂക്കും) കൈയും ഒന്നുച്ചുള്ള അവയവം) പിറവി.

പ്രതിരൂപ ചിഹ്നങ്ങൾ--ഉദാഹരണം

| ഏകവചനം | ദ്വിവചനം |
|---|---|
| (-കല) | (കൈലം) |
| (-ശൂലം) | (ശൈലം) |
| (-കാവ്) | (കവ) |
| (-പാമ്പ്) | (പച്ച) |

പ്രാചീന ദ്രാവിഡത്തിൽ. പുരുഷലിംഗത്തിന് 'കണ' എന്നാണു പറഞ്ഞിരുന്നത്. ലിംഗത്തിന്റെ അധിപൻ എന്ന അർത്ഥത്തിൽ കണപതി എന്നു പ്രയോഗിച്ചിരുന്നു. പരുഷലിംഗത്തിന് കൊമ്പനാനയുടെ മുഖത്തോടു സാദൃശ്യമുണ്ട്. ഈ രൂപസാമ്യത്തെ അധികരിച്ചാണ് ഗണപതിയുടെ സൃഷ്ടി. ഇതിനൊരു കൊറോളറി കൂടിയുണ്ട്. ആനയ്ക്കു മഹാലിംഗം എന്ന പേരുണ്ടായത് പുരുഷലിംഗത്തിന്റെ ഛായയുള്ളതിനാലാണല്ലോ. പുരുഷലിംഗത്തിനു മൂന്നു മുഖങ്ങളുള്ളതിനാൽ അതിനു 'തിരുക്കണ' എന്നു പേരും കിട്ടി. (തിരു) (മുരു) എന്നാൽ മൂന്ന് എന്നാണ് മൂലാർത്ഥം) ഇത് പരമശിവന്റെ മൂത്തപുത്രനായ ഗണപതിയുടെ പിന്നാമ്പുറം. ഇനി സുബ്രഹ്മണ്യന്റെ കഥ കേൾക്കുക.

മൂലദ്രാവിഡത്തിൽ കേയം എന്നാൽ പ്രായപൂർത്തിയാവുമ്പോൾ സ്ത്രീയോനിക്കു ചുറ്റും കാണപ്പെടുന്ന കറുത്ത രോമം എന്നാണർത്ഥം. കറുത്ത ലൂയിനി എന്ന ആശയത്തിന്റെ സംസ്കൃതവൽകരിച്ച പദമാണ് കാർത്യായനി. യുവതി, കന്യക, കുമാരി എന്നൊക്കെ അർത്ഥം.

ശൂലം ആത്മത്തിന്റെയും ലിംഗത്തിന്റെയും പ്രതിരൂപമെന്നതുപോലെ യോനിയുടെയും ശക്തിയുടെയും ചിഹ്നമാണു 'വേൽ'. വേൽ (യോനി) ഉള്ളവൾ വല്ലി (വള്ളി). വള്ളിയുടെ പുരുഷൻ (കണവൻ) വേലൻ (ചിത്രം നോക്കുക.)


(വേൽ + ആൻ = വേലൻ)

വേൽ കൈയിലേന്തിയവനാണു വേലായുധൻ. യോനിക്കു ചുറ്റുമുള്ള രോമാവലിയിലൂടെ ദൃശ്യമാകുന്ന സ്കന്ദത്തിന്റെ ഛായയാണു മയിലിനുള്ളത്. ഇക്കാരണത്താൽ മയിലിന് 'കേയ'-മെന്നു പേരുണ്ടായി. ഇതേ കാരണത്താൽത്തന്നെയാണ് കാർത്തികേയൻ മയിൽ വാഹനനായതും. മയിൽ ദേവാലയ പക്ഷിയായതും. മാത്രമല്ല. കാർത്തികേയനോടൊപ്പമുള്ള മയിൽ നിൽക്കുന്നത് പാമ്പിൻപുറത്താണ്. നദീതടസംസ്കാരകാലത്താണ് ഈ ചിഹ്നത്തിന്റെ ജനി എന്നതിനു ഇതിൽപ്പരമൊരു സൂചന ആവശ്യമില്ലല്ലോ.

പ്രാചീന ദ്രാവിഡത്തിൽ സന്താനോല്പാദനത്തിനു പ്രായം തികഞ്ഞ പുരുഷലിംഗത്തിനു '-മാരം' എന്നാണു പേര് പറഞ്ഞിരുന്നത്. ഇതിന്റെ മൂർത്തീകരണമാണ് മാരൻ (-മരം+-ആൻ=-മാരൻ). മദനോ മന്മഥോ മാര: കാമ പഞ്ചസര സ്മര എന്ന വാക്യമോർക്കുക.

# പട്ടിക.

| മൂലദ്രാവിഡം | സംസ്കൃതം |
|---|---|
| പാരിൻപതി | പാർവതി (ആദിമാതാ) |
| പാരിൻപതി | പശുപതി (പരമശിവൻ) |
| കലാവാൻ (കളവാൻ) | കലാപതി |
| കറുത്ത മേഖിനി | കാർത്യായിനി |
| പണ്ണുമുക്കൻ(പുരുഷലിംഗം) | ഷൺമുഖൻ |
| പാരിതവൻ | പാർത്ഥിവൻ (പാർത്ഥൻ) |
| കവമാരൻ | കുമാരൻ(കൊമരൻ) |
| യാമപതി | യമധർമ്മൻ |
| കന്തുമരിപ്പൻ | കന്ദർപ്പൻ (ഗന്ധർവ്വൻ) |
| അക്കിനി | അഗ്നി |
| അക്കിനിത്തിരി | അഗ്നിഹോത്രി |
| കോതമ്മൻ | ഗൗതമൻ |

| ചിഹ്നം | ദൃശ്യാർത്ഥം | വ്യംഗ്യാർത്ഥം |
|---|---|---|
| ശൂലം | പുരുഷലിംഗം | ആത്മാവ് |
| വേൽ | യോനി | ശക്തി |
| ഉടുക്ക് | ത്രികോണദ്വയം | പുനർജ്ജന്മം |
| സ്വസ്തിക് | സഹസ്രദളം | കർമ്മബലം |
| ചങ്ങം(ശംഖ്) | ചന്ദി(സന്ധി) | ദൈവീകബലം |
| കാവടി | മൈഥുനം | സൃഷ്ടി |
| ഇന്ദിരപാർത്ഥം (ഇന്ദ്രപഥം) | മധ്യബിന്ദു | സംസ്കാരകേന്ദ്രം |
| നരസിംഹം | മനുഷ്യനും മൃഗത്തിനും ഇടയിലുള്ള സൃഷ്ടി | ശക്തിദ്വയം |
| വാമനൻ | വാനരൻ | പൈതൃകം |
| നരൻ | നരയുള്ളവൻ | ബുദ്ധിവികാസം |
| | പൂർണ്ണ മനുഷ്യൻ | |
| അമ്മയുണവം (അമ്മിഞ്ഞ) | മുലപ്പാല് | മുലയൂട്ട് |
| പൂരം | യോനി | ലൈംഗിക മൂർദ്ധന്യം |

കലാകൗമുദിയിൽ നിന്ന്,
വിജു വി [illegible] നായർ

ലൈംഗികതയെക്കുറിച്ച് ഈ നിഗമനത്തിൽനിന്നാണ് രസകരമായ മറ്റൊരു സങ്കല്പത്തിന്റെ ഉയിർപ്പ്--യക്ഷി. സൈന്ധവകാലത്ത് സ്വന്തമായ ദുർന്നടത്ത കൊണ്ടോ സാമൂഹികമര്യാദ ലംഘിച്ചതുകൊണ്ടോ കുടുംബജീവിതം നിഷേധിക്കപ്പെട്ട യുവതികൾ 'ഇയക്കി' എന്ന പേരിലാണറിയപ്പെട്ടിരുന്നത്. സമുദായത്തിന്റെ ക്രമങ്ങൾ ലംഘിച്ചിരുന്ന ഇക്കൂട്ടർ. യുവാക്കന്മാര പ്രലോഭിപ്പിച്ച് വരുതിയിലാക്കാൻ തുനിഞ്ഞിരുന്നിരിക്കണം. ഇയക്കികളെ സമൂഹം വെറുക്കുകയും ഭയപ്പെടുകയും ചെയ്തു. ഈ '-ഇയക്കി'-യാണ് സംസ്കൃതവൽക്കരിക്കപ്പെട്ട് 'യക്ഷി'-യായത്.

രാമന്റെ ഗവേഷണ സഞ്ചിക നിറയെ ഇത്തരം രസാവഹങ്ങളും ഒപ്പം മർമ്മഭേദിയുമായ കഥകളാണ്. വിസ്താരഭയത്താൽ അവയൊന്നും ഇവിടെ നിരത്താനാവില്ലതന്നെ. എങ്കിലും, വാക്കിന്റെ ഉണ്മതേടിയുള്ള ഈ ജീവിതയാത്രയുടെ അന്തിമ ഫലങ്ങളെല്ലാം വിരൽ ചൂണ്ടുന്നത് അതീവ ശ്രദ്ധേയമായ ഒരു ബിന്ദുവിലേക്കാണ്. നമ്മുടെ പുരാണങ്ങളുടെയും മതങ്ങളുടെയും ഐതിഹ്യങ്ങളുടെയുമെല്ലാം ഭൂമിക ഒന്നേ ഒന്നു മാത്രമാണ്--തികച്ചും വൈയക്തികമായ ലൈംഗികത. രാമന്റെ തിയറി അംഗീകരിക്കപ്പെട്ടാൽ ഓരോ വാക്കും പിറന്നിരിക്കുന്നത് ലൈംഗികതയോടു ബന്ധപ്പെട്ടാണെന്ന് സമ്മതിക്കേണ്ടിവരും. നമ്മുടെ ആത്മീയതാ സങ്കല്പനമത്രയും ഇതേ നാഭിയിലാണുയിർകൊണ്ടതെന്നു തിരിച്ചറിയേണ്ടിവരും.

അത്തരമൊരു തിരിച്ചറിവ്. നമ്മുടെ സഞ്ചിതമായ വിശ്വാസപ്രമാണങ്ങളെയും ഭാഷാശാസ്ത്രത്തെയും അപ്പാടെ തകിടംമറിച്ചെന്നു വരാം. ഒരുപക്ഷെ ഈ ഭയമാവാം രാമന്റെ നിഗമനങ്ങൾക്കു നേരെ അക്കാദമിക് പണ്ഡിതൻ മനഃപൂർവ്വമായ ഒരു നിഷേധബുദ്ധി പ്രകടിപ്പിക്കാൻ കാരണം. പഠിച്ച പല്ലവി തിരുത്തിക്കുറിക്കാനുള്ള മനസ്സില്ലായ്മ. വ്യവസ്ഥാപിത പദ്ധതികളുടെ ചില്ലുമേടയിൽ നിന്നു പുറത്തിറങ്ങാനുള്ള മടി. ഈ പോയിന്റിൽ വച്ചുതന്നെയാണ് രാമന്റെ വാക്കുകൾക്കു ജീവിതത്തിനു സാംഗത്യമാവുന്നത്.

'-എന്റെ കണ്ടെത്തൽ ഒരു പുതിയ ചിന്താപദ്ധതിക്കു തുടക്കമാകുമെന്നും ആ മനുഷ്യസാഹോദര്യത്തിനും മതേതരബോധത്തിനും അന്ധതകളിൽനിന്നുള്ള മോചനത്തിനും ഉതകുന്ന പരിതഃസ്ഥിതി സൃഷ്ടിക്കുമെന്നും എനിക്കുറപ്പുണ്ട്. എന്റെ യത്നം ഏതെങ്കിലും വിശ്വാസങ്ങൾക്ക്. എതിരല്ല. എന്നാൽ എല്ലാ അന്ധവിശ്വാസങ്ങൾക്കും എതിരാണുതാനും.'

അംഗീകൃത ചിന്താപദ്ധതികളെ അപ്പാടെ പിഴുതെറിയുന്ന ഈ പുതിയ നിഗമനസഞ്ചയത്തിന് അംഗീകാരം ലഭിക്കാം. ലഭിക്കാതിരിക്കാം. എന്നാൽ ഒരു പുരുഷായുസ്സു നീണ്ട ഈ അന്വേഷണതപസ്സുയർത്തുന്ന കാതലായ ഒരു ചോദ്യമുണ്ട്.

സൈന്ധവ മുദ്രകളുടെ അർത്ഥനിഗമനത്തിൽ രാമനു പിഴച്ചുവെങ്കിൽ, എന്താണ് പിന്നെ ശരിയായ അർത്ഥം ? ഈ നിഗമനങ്ങളെ എതിർക്കുന്നവർ അതു കണ്ടെത്താൻ ബാധ്യസ്ഥരാണ്. അല്ലാതെ ഫെയർ സർവീസിനെപ്പോലെ വെള്ളത്തിൽ തല്ലുകയും ഓളത്തിൽ പൂട്ടുകയും ചെയ്യുന്നത് അറിയാനുള്ള മനുഷ്യാവകാശത്തോടുള്ള നിഷേധാത്മക നിലപാടാണ്. അതിലുപരി ഒരു പുരുഷായുസ്സു നീണ്ട അന്വേഷണതപസ്യയോടു കാട്ടുന്ന അനീതിയാവും.

കാരണം. കൊടുങ്ങല്ലൂർക്കാരൻ രാമന് കേവലം കേമനാവാൻവേണ്ടി മാത്രമായിരുന്നെങ്കിൽ എന്തെല്ലാം മാർഗ്ഗങ്ങളുണ്ടായിരുന്നു. മനുഷ്യവംശത്തിന്റെ വേരുകൾ തേടി ഒരു ജീവിതം 'പഴാ'-ക്കേണ്ടിയിരുന്നില്ലല്ലോ.

അക്ഷരപ്പൊരുൾ തേടി ജന്മം ഹവിസ്സാക്കിയ ഈ മുത്തച്ഛൻ ഇന്നു ഖിന്നനാണ്. ചോര നീരാക്കി താൻ കടഞ്ഞെടുത്ത അറിവ് പകർന്നു വാങ്ങാൻ ആരാനും വരുമോ എന്ന ആത്മനൊമ്പരം.

ഉള്ളറിവിന്റെ മന്ത്രദീക്ഷ ഏറ്റുവാങ്ങാൻ ആളില്ലാതെ ഈ ജ്ഞാനവൃദ്ധൻ സ്വയമൊരു ഭിക്ഷാംദേഹിയായി നമുക്ക മുന്നിൽ നില്ക്കുന്നു. ഭിക്ഷാപാത്രമായ് സ്വയമർപ്പിക്കാൻ ഒരു ശിഷ്യനെപ്പോലും കിട്ടാതെ. ഇതൊരു ട്രാജഡിയാകാതിരുന്നെങ്കിൽ......

## അക്ഷരത്തുണ്ടുകൾ

മഴമേഘങ്ങളുടെ കുളിപ്പുരയിൽ
കാറ്റ് മറന്നിട്ട കിനാവുപോലെ നീ.
ജാലകങ്ങളുടെ വലകൾക്കുമപ്പുറം
കൈയെത്താത്ത കൊമ്പിൽ,
തണുത്തിരിക്കുന്ന രാത്രി നിനക്കാണ്.
പറയാത്ത കഥകളുടെ വരികളും
നിനക്കാണ്.

വിടപറയാനെനിക്കിത്ര മാത്രം.
മഹാഗണികളുടെ ചോട്ടിൽ നീ
വിതറിയിട്ട അക്ഷരത്തുണ്ടുകൾ
ഞാനെടുക്കുന്നു.
ഇല വീണു മൂടിയ വഴിത്താരകളിൽ
ഉറഞ്ഞുപോയ നിന്റെ കാലൊച്ച ഞാനെടുക്കുന്നു.
ശിശിരത്തിലെ പൗർണ്ണമിയിൽ നിന്നെച്ചൂടിച്ച
വാടാമല്ലികളും
ഞാനെടുക്കുന്നു

നിഴലാട്ടമാടിയ കർക്കിടകരാവുകളിൽ
സ്വപ്നങ്ങളുടെ സംഗീതം നീ പാടിയതോർക്കുന്നു.
അന്നു നീ പാടിയ രാഗങ്ങളും ഞാനെടുക്കുന്നു.
സൂര്യരേണുക്കൾ നമുക്കു മഴവില്ലു-
തീർത്തതോർമ്മയില്ലേ; അതിലെ ചുവന്ന നിറം
ഞാനെടുക്കുന്നു.
ഒരിക്കലെന്നോ നാം ശേഖരിച്ച ശംഖുകളിൽ
പീത നിറമുള്ളത് ഞാനെടുക്കുന്നു.
ഒന്നും പറയാതെ ഞാനിറങ്ങിപ്പോയ സായന്തനങ്ങൾ,
ആ നീല വളപ്പൊട്ടുകൾ ഞാനെടുക്കുന്നു.

ആർക്കും കൊടുക്കാതെ നീ സൂക്ഷിച്ച
നിലാവു പോലുള്ള
നിന്റെ ചിരിയും മോഹങ്ങളുടെ മണൽപ്പരപ്പിൽ വച്ച്
ജീവിതസത്യത്തെക്കുറിച്ച് നീ പറഞ്ഞവാക്കും
യാത്രാമൊഴികളുടെ അഗ്നിമധ്യത്തിൽ പൊഴിഞ്ഞ
മിഴിനീരുകളും ഞാനെടുക്കുന്നു.

കാറ്റാടി മരങ്ങൾക്കും കാട്ടുമാവുകൾക്കുമിടയിൽ നാം
താവളം തീർത്ത പകലുകൾ നിനക്കോർമ്മയില്ലേ;
അന്നു നീ ചൊല്ലിയ കവിതയുടെ
അവസാനവരിയും ഞാനെടുക്കുന്നു.

**ജിബി. k. II D.C. Zoology**

## ഉണർവ്വ്

നീതിമാൻ ഇപ്പോഴും
ക്രൂശിൽ തന്നെ.
മേഘമായ് പോയ ജലാശയങ്ങൾ
മാനത്ത് വിതുമ്പി നിൽക്കുന്നു.
ചിറകു തളർന്ന പക്ഷികൾ
ഉണങ്ങിപ്പോയ മരങ്ങളിൽ മരിച്ചിരിക്കുന്നു.
നോക്കൂ,
സൂര്യനന്തി പാർക്കുന്ന കൂടാരങ്ങളിലേക്ക്
ഒളിച്ചിറങ്ങുമ്പോഴും
കഥയറിയാതെ ചിരിക്കുന്നവർ
വ്യഥ ചുറ്റുമ്പോഴും ചിരിക്കുന്നു.
ദുഃഖപുത്രി,
നിന്റെ നായകൻ കഷ്ടതയിൽ നിന്ന്
അനർത്ഥത്തിലേക്ക അനിശ്ചിതത്വത്തിൽ
പുറത്തെറി മരണത്തിൻ ദേവാലയത്തിലേക്ക്
ഉണർന്നു നില്ക്കേ രാത്രി
പിടഞ്ഞു തീർന്നു
നോക്കി നിൽക്കേ കിഴക്ക്
ശിരസ്സു മുറിഞ്ഞു രക്തം ചുരത്തി.
ഒരു പകൽ കരഞ്ഞുണരുന്നു.
തളർന്നു നില്ക്കയാരോ
വാളും വചനവും നല്കുന്നു.
ഉണർന്നു നില്ക്കേ കണ്ണിൽ
ഒരു സൂര്യനുദിക്കുന്നു.
നടന്നു നീങ്ങേ പിന്നിൽ
ഒരാൾക്കൂട്ടം നിറയുന്നു.
വിളിച്ചലറി പിന്നിൽ
ഒരു കൊടുങ്കാറ്റുണർന്നു
ഒരു മഴ പുണരുന്നു.

നിഷാദ് ചാമപ്പറമ്പ്
III BA Eco.

PRINCIPALS Report

## Results of the University Examinations of April/May 1993.

### Group II P.D.C

| Class and Group | Number of students present-ed | Number of students present-ed | Number of students passed | | | | Percentage |
|---|---|---|---|---|---|---|---|
| | | | First Class | Second Class | Third Class | Total | |
| **SECOND YEAR PRE-DEDGREE:** | | | | | | | |
| GroupI | 155 | 154 | 94 | 23 | 15 | 132 | 85.71% |
| GroupII | 151 | 147 | 79 | 25 | 16 | 120 | 81.63% |
| GroupIII | 138 | 136 | 6 | 29 | 56 | 91 | 66.91% |
| TOTAL | 444 | 437 | 179 | 77 | 87 | 343 | 78.49% |

### B.A. Degree

| Subject | No presented | 1st Class | 2nd Class | 3rd Class | percentage |
|---|---|---|---|---|---|
| History | 27 (one 1st Rank) | 2 | 8 | 14 | 88.8% |
| Economics | 56 | 12 | 21 | 14 | 84.0% |
| Psychology | 25 (one 1st Rank) | 13 | 5 | 3 | 84% |
| English | 41 | 7 | 13 | 16 | 87.8% |
| Malayalam | 42 | 6 | 11 | 17 | 81% |

### B.Sc. Degree

| Subject | No presented | 1st Class | 2nd Class | 3rd Class | percentage |
|---|---|---|---|---|---|
| Mathematics | 31 | 22 | 6 | — | 90.3% |
| Physics | 27 | 21 | 4 | 1 | 96.2% |
| Chemistry | 29 | 19 | 3 | 1 | 79.3% |
| Botany | 23 | 18 | 4 | — | 95.6% |
| Zoology | 22 | 14 | 7 | — | 95.4% |

### M.A. Final

| Subject | No. app-eared | I | II | III | Total | % |
|---|---|---|---|---|---|---|
| English | 15 | 2 | 10 | 2 | 14 | |
| History | 13 | - | 6 | 3 | 9 | 69.2% |
| Economics | 10 | 2 | 2 | 4 | 8 | 80% |

**M.Sc. Final**

| | | | | | | |
|---|---|---|---|---|---|---|
| Mathematics | 13 | 7 | 2 | 2 | 11 | 85% |
| Physics | 10 | 5 | 4 | - | 9 | 90% |
| Chemistry | 11 | 6 | 3 | - | 9 | 82% |
| Botany | 10 | 8 | - | - | 8 | 80% |

**Rank holders in the University**

| | | | |
|---|---|---|---|
| B.A. History | 1st Rank | : | Sri. Yeldo Elias Thombra. |
| B.A. Psychology | 1st Rank | : | Miss. Susan George |
| B.A. Psychology | 2nd Rank | : | Miss. Anila Koshy Mathew. |
| M.A. History | 3rd Rank | : | Elizabeth Thomas |
| M.Sc.Physics | 2nd Rank | : | Sreelatha. K. |

**Bereavement :** Rev. K.C.Joseph, formerly the head of the department of English passed away on August 6, 1993 at the age of 78 at Bangalore.

Prof. T.C.Joseph, formerly the head of the department of Botany passed away on August 29, 1993 at the age of 86.

Sri. K.C. Devassy, who was accountant passed away on 14.11.1993 at the age of 57.

Dr. K.Kuruvilla, head of the department of Botany, passed away on August 24, 1993 at the age of 52.

Sri. K.M.Khader, attender, Chemistry Department, passed away on 13.7.1993 at the age of 57.

Sri. N. Vijayan, Peon, passed away on 13.11.1993 at the age of 54.

The college is greatly indebted to them for their dedicated service.

**Retirement:** Prof. C.G. Varghese who was the head of physical Education department retired on March 31, 1993 after 26 years of service.

Prof. N.C.Chacko who was the head of the depatment of Zoology retired on May 31, 1993 after 28 years of service.

Dr. A.M.Chacko, head of the Department of Chemistry and former Principal (1981 - 86) availed of leave prior to retirement with effect from September 15, 1993 after 36 years of service.

The College is immensely grateful to them for their loyal and meritorious service in different capacities.

**Manager:** The Rev. K.C.Mathew, took charge as the Manager of the college from April 1, 1993 for a period of 4 years in place of Prof. C.T.Benjamin. The college is immensely grateful to Prof. C.T.Benjamin for his loyal and meritorious service in different capacities.

**College Staff:** Dr. T.Thomas Philip (Zoology) continues his Post Doctoral research in the University of Guelph, Canada. Sri. John Abraham (Physics) continues his research work for Ph.D. at Imperial College, London. Smt. N.Lakshmikutty (History) jointed the Calicut University for M.Phil Course.

A good number of teachers are doing part-time M.Phil and research in various disciplines.

Many teachers attended Refresher/Orientation Courses for College teachers in different disciplines.

Smt. Elizabeth Eapen (English) did not rejoin duty after her leave.

Sri. C.G.Ramankutty, Smt. Sheelakumari Issac and Sri. Issac Paul have rejoined duty after their studies.

**Degrees Awarded:**

| | | | |
|---|---|---|---|
| Ph.D. | : | Smt. K.E.Leelamma | (Psychology) |
| M.Phil | : | Smt. Elsamma Paulose | (Economics) |
| | : | Sri. C.G.Ramankutty | (Chemistry) |
| | : | Smt. Sheelakumari Issac | (Chemistry) |

**New appointments:**

| | |
|---|---|
| Dr. Thara.K.Simon | (Botany) |
| Dr. P.M.Kuriachen | (Botany) |
| Sri. Anil Thomas Koshy | (Physical Education) |

**Reappointment:**

| | |
|---|---|
| Smt. Shally John | (Chemistry) |

**Superannuation:** Dr. K.V.Paulose, head of the Department of Botany is to retire on April 30, 1994 and Sri. M.P.Oommen, Senior Superintendent is to retire on June 4, 1994.

**International Programmes:** Prof. P.J.Joseph (English) presented a paper on 'Community Development' at the International Training Workshop held at Nottingham University, U.K. He also participated in the National Conference of the National Institute of Adult Continuing Education held at Nottingham in April 1993.

Prof. Abraham Mathew (Mathematics) attended a five months theological course conducted by the World Council of Churches, Geneva from October 1992 to March 1993. He also visited different congregations and religious communities in Germany, France and Austria. Prof. Mathew also attended the Pontifical Council for promoting Christian Unity at Rome for one week.

Prof. P.M.Varkey (History) participated in Advanced Leadership Training Seminar organised by Haggai Institute, Singapore from August 3 to 24, 1993 and presented a paper 'How to present Christ relevantly in India'.

**Representation:** The Principal is a nominated member of

1. Advisory Committee, National Service Scheme, M.G. University.
2. Advisory Committee, Academic Staff College, Calicut University
3. Executive Committee, Principals Council.

**AIACHE and KCCHE programmes:**

In almost all the programmes conducted for the colleges by AIACHE and KCCHE either the Manager or the principal or Staff participated.

**N.C.C.:**

Major Dr.Rajan Varghese expressed his desire to be relieved of from N.C.C. duties.

Sri.Sunny Kuriakose, Lecturer in Mathematics has agreed to take up the charge of Boys Division N.C.C. Unit.

Prof Aleyamma Itty is the care taker of Girls Division N.C.C. Unit.

Our Boys Division is adjudged as the best unit in Ernakulam Group. Kevin Antony DC Couta, class I physics was adjudged as best cadet (Kerala) and third best cadet ( India). He is selected in the youth Exchange Programme to Canada.

**National Service Scheme:**

Prof. Jacob Koshy, Sri.A.Benny Cherian and Sri.Lopez Mathew were the Programme Officers. Our college is selected as one of the units for starting a programme to give awareness on AIDS.

**Sports and Games:**

As in the previous years our College was the venue of different championship competitions including the U.C.College Basket Ball Tournament and Dr.A.K.Baby Memorial Hockey Tournment for men.

Mr.Jacob Koshy, Class III Chemistry, Miss Beena P.V., I M.A. History and Mr.Tenny Varghese, I M.A. Economics were the M.G.University captains in Basket Ball, Hockey and Athletics respectively.

**College Union :**

Sri. Rajesh Peter and Sri Harishara Subramanian were the Union Chairman and Secretary respectively.

Prof James Jayarajan was nominated as Staff Advisor.

Many of our students won prizes in various competitions including University Youth Festival.

With the timely and generous financial assistance given by the P.T.A. our students were able to participate in the University festival and come a very long way in their achievements.

**Computer Centre:**

The Computer Centre of the College functions under the joint supervision of Dr.T.K.Avirah and Dr.Rajan Varghese. The centre conducts courses for the students of the college. We have started the construction of a new building for computer centre.

**U B C H E A Projects:**

1. Counselling Centre - under the leadership of Prof.Mathew Koshy.

2. Wild life Survey - Dr. Rajan Varghese was the Director of the project. He was also the statistical consultant for the conduct of Wild life census of the Kerala State Forest Department.

3. "An Environmental Impact Assessment of Alwaye Industrial Belt" - the project was successfully conducted by the Department of Economics.

4. Historical survey and collection of materials for the study of contemporary History from Ernakulam District - project undertaken by the Department of History.

5. " Ancient Church History with reference to Murals" - successfully completed by the Malayalam Department.

**Alumni Association:**

The office bearers of the Alumini Association are principal (president) Adv.Aṣok Mammen Cherian and Adv.C.V.Joseph (Vice presidents), Mr.N.M.Stephen (Secretary) and Prof.L.I.Paul Sunder (Joint Secretary).

Alumni Day celebrations of the year were held on 13th Nov.

The zoology Department conducted a get - together of its alumini on Feb.27, 1993.

The Chemistry Department organised its alumni meeting on Oct.2, 1993.

The psychology Department conducted V.K.Alexander Memorial lectures and alumni meeting on March 12, 1994.

**Special Programmes:**

The special programmes include the activities of the planning Forum, Nature Action Group, Guidance Bureau and Centre for C.A. Foundation Course.

## Scholarship and Prizes:

| | | |
|---|---|---|
| 1. Prof.T.C.Joseph prize | Miss Vijayalakshmi O B | Class II Botany |
| 2. Dr.O.M.Mathen Endowment prize | " Suja K A | II MSc. Botany |
| 3. Dr.C.Joyce Mathew prize | Mr Thomas Jacob | (MSc.completed) |
| 4. Dr.G.V.Thampi prize | Smt. Bindu Paul | (MSc.completed) |
| 5. C.P.Andrews prize - Best Sports(Men) | Mr.Tony Varghese | M.A.Econs. |
| C.P.Andrews prize - Best Sports(Women) | Miss.Kala.P.Nair | I BA History |
| 6. Prof.T.B.Thomas prize for the Best Basketball player | Mr. Jacob Koshy | III BSc. Chmty. |
| 7. K.Jacob Memorial prize III BA Psygy. | | Smt.Mary Iby P |
| 8. K.Jacob Memorial Scho-larship | Sr. Mary Varghese | III B.Ss. psychology |
| 9. Dr.K.V.Alexander Memorial prize | Smt.Jyothi Krishnan | III BA psychology |
| 10. Prof.P.G.Kesavan Potti Endowment prize | Kumari.K.Sreelatha | MSc. |
| 11. Prof.T.B.Thomas prize | Smt.Laly Kurian | MSc. Final Phy.) |
| 12. Prof.K.G.Menon Endowment Scholarship | 1.Laly Kurian<br>2.Priya N.G. | (MSc.Final phy.) |
| 13. Sunil Memorial prize | Mr. Jogi Geroge (Top Scorer) | Bsc. Physics |
| 14.Dr.A.K.Baby Endowment prize | Smt.Elizabeth Thomas | |
| 15.Dr.A.K.Baby Endowment prize | Mr.K.J.Antony | M.A.Previous His. |
| 16. Dr.T.I.Poonen Memorial prize | Miss.K.N.Kavitha | III BA History |
| 17. Rev.T.K.Elias prize | Miss.Ambily.C.V | Sr PDC Group III A |
| 18. T.R.Anantharaman prize | Smt.Kalpana A.K. | III BSC Chemistry |
| 19. Seshambal Anantharaman prize | Smt.Kavitha.C | III BSC Chemistry |
| 20. Prof.Varghese Ittyariah prize | Smt.Gini.K.S | III BA Malayalam |
| 21. Prof.D.P.Unni prize for Mal.Poetry | Sri Roy.K.Sebastian | III BA Malayalam |
| 22. Prof.Kuttipuzha Endowment scholarship | Smt.Indulekha.M.N. | BA Top Scorer in Mal 23. |
| K. C.Chacko Memorial scholarship | 1.Smt.Anu Mary Idiculla | IIBsc Mathematic |
| | 2.Joby.A.Thomas | II PDC Group I A |
| 24. A.M.Varkey Memorial scholarship | 1.Polly Joseph<br>2.Elby.T.A. | I M A English<br>II Bsc Maths. |
| 25. C.P.Mathew Memorial scholarship | 1.Mr.Prakasan.P<br>2.Smt.Geetha T Thomas | III BA Malayalam<br>MA Final English |
| 26. V.M.Ittyarah Memorial scholarship | Sri.Saju.K.A. | II Msc Botany |
| 27. R.G.Hicks Memorial scholarship | 1.Miss.Somy John<br>2.Jogi Varghese | I PDC Group II A<br>I Bsc Mathematics |
| 28. Lakshmikutty Amma Memorial scholarship | 1.Mr.Sebastian C | I Bsc Physics |
| 29. Sri.M.Thommen Memorial prize | 1.Sini Jose<br>2.Eldo Varghese<br>3.Bindu.K.A | II PDC Group III<br>I PDC Group III<br>I PDC Group III |

| | | |
|---|---|---|
| 30. Boobilee Scholarship | Stephen Poly | I PDC Gr - A. |
| 31. M.M.Gherian Endowment prize | 1.Smt.Mary Chacko (91-93) | M A Economics |
| | 2.Mr.P.O.Saju | I M A Economics |
| 32. Dr.K.V.Kurian Endowment prize | Mr.P.O.Saju | I M A Economics |
| 33. Prof.C.P.Achuthan Pillai Memorial Scholarship | Smt.Jancy Varghese | I Msc Mathematics |
| 34. Prof.T.S.Venkitaraman memorial prize (Chechamma Trust) | Smt. Meena George | II Msc Mathematics |
| 35. Prof.T.S.Venkitaraman Memorial prize | Smt.Radha Balakrishnan | II Msc Mathematics |
| 36. Prof.T.B.Ninan Memorial prize | Smt.Kala.S | III Bsc Physics |
| 37. Prof.T.B.Thomas Prize Mathai | Smt.Saritha Ann | III Bsc. Physics |
| 38. A.L.Saraswathi Amma Scholarship | Miss. Milan Franz | II M A English (92-93) |
| | Miss.Sheena John | I M A English (92-93) |

**Conclusion:** I wish to conclude this report by expressing my gratitude to God Almighty for his wonderful care and guidance during this period. I am grateful to the Manager Rev.K.C.Mathew, the Standing Council, the Governing Body/ the Executive Committee, the Staff Council, the college Fellowship, the staff and students of the college for their helpful co-operation.


With Best Compliments from:-

Kerala's First Computer Centre

CAMS

COMPUTER TRAINING CENTRE

FEATURES

* Exposure to LAN/UNIX environment
* Combine Video-based and live lectures
* Personalized Attention
* Maximum Computer Time
* Live Projects
* Choice of Class Timings

we give Incentives, Placement & on the job Training

COURSES

* Long Term & Short Term Courses with Advanced Modules CLIPPER, MS-WINDOWS, FOXPRO and RDBMS (ORACLE)
* Special Courses in Computerised Accounting and Data Entry and IT & CA for CA/ ICWA/ACS/MBA students.

CAMS COMPUTER TRAINING CENTRE, TELESTAR BUILDING, M.G. ROAD, RAVIPURAM, COCHIN-16. Phone : 354047

EXCELLENCE THROUGH EXPERIENCE

STUDENTS BOOK STALL
ALUVA

*With best compliments from*
STUDENTS BOOK STALL
SUBJAIL ROAD, ALUVA.

CHIC BEAUTY PARLOUR

*With best compliments from*
HERBAL BEAUTY PARLOUR
LADIES TAILORING.

Bouquet, Fancy items & car decoration chic "The Beauty World" "Herbal Beauty Parlour" Malieckal Complex, N.PARAVOOR.

BAFA FLAME GAS AGENCY
KALAMASSERY

*With best compliments from*
BAFA FLAME GAS AGENCY
V13057, FACTORY ROAD,
N.KALAMASSERY.

VARGHESE MEDICALS
ANGAMALY.

*With best compliments from*
VARGHESE MEDICALS, ANKAMALY.
Ph: 52219.

# കോളേജ് യൂണിയൻ റിപ്പോർട്ട് '93 - 94

കഴിഞ്ഞ ഒരു വർഷത്തെ കലാലയ സ്മരണകളെന്ന നിലയിലല്ല കോളേജ് യൂണിയന്റെ റിപ്പോർട്ട്. പക്ഷെ ഒരു വിലയിരുത്തലിന്റെ ഭാവവും യൂണിയൻ റിപ്പോർട്ടിന് ആവശ്യമാണ്. ഓരോ കോളേജ് യൂണിയൻ മെമ്പറേയും അവരുടെ ആത്മാർത്ഥതയുടേയും സത്യസന്ധതയുടേയും വെളിച്ചത്തിൽ നിങ്ങൾ മനസ്സിലാക്കികഴിഞ്ഞിരിക്കുമല്ലോ.

1993 ഒക്ടോബർ 8-ാം തീയതി നടന്ന തെരഞ്ഞെടുപ്പിൽ താഴെപ്പറയുന്നവർ വിവിധ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

| | | |
|---|---|---|
| ചെയർമാൻ | : | രാജേഷ്. വി.പീറ്റർ. III B.Sc Chemistry |
| വൈസ് ചെയർമാൻ | : | ഷീലാമാത്യു III B.A. Economics |
| ജനറൽ സെക്രട്ടറി | : | ഹരിഹരസുബ്രഹ്മണ്യൻ III B.Sc. Maths |
| ആർട്ട്സ് സെക്രട്ടറി | : | ജിജോ മത്തായി III B.Sc. Physics |
| മാഗസിൽ എഡിറ്റർ | : | ഉണ്ണികൃഷ്ണൻ. S. II B.A. History |
| യു.യു.സി. | : | ഡാർവിൻ. സി.വി. III B.A. History |
| | : | അജ്ഞലി ആനന്ദ് III B.Sc. Chemistry |
| വനിതാ പ്രതിനിധികൾ | : | കീർത്തിപൈ II B.A. Psychology |
| | : | സിമി വർഗ്ഗീസ് II B.A. English |

ക്ലാസ് പ്രതിനിധികൾ

| | | |
|---|---|---|
| I.P.D.C | : | ജൂബാബ് റോഷൻ |
| II P.D.C | : | ഡേബി വർഗ്ഗീസ് |
| I. D.C | : | സേതുനാഥ് |
| II. D.C | : | നൈസൻ |
| III. D.C | : | പത്മദാസ് |
| I P.G. | : | ജയൻ |
| II. P.G | : | ശ്രീജിത്ത്. |

കോളേജ് യൂണിയന്റെ ആദ്യയോഗം താഴെപ്പറയുന്നവരെ വിവിധ സ്ഥാനങ്ങളിലേക്ക് നാമനിർദ്ദേശം ചെയ്തു.

| | | |
|---|---|---|
| ഡിബേറ്റിംഗ് ക്ലബ് | - | ദിനേശ്. ടി.കെ. |
| പ്ലാനിംഗ് ഫോറം | - | ഫിലിപ്പ് ജയകുമാർ |
| സിനിക്ലബ് | - | മനോജ് കുമാർ |
| S.S ലീഗ് | - | ജിമ്മി ജോസഫ് |
